# ഞാൻ ചാവറ



വിശുദ്ധ ചാവറ കുര്യാക്കോസ്
ഏലിയാസച്ചന്റെ ജീവചരിത്രം

ഡോ. മാത്യു മാമ്പ്ര

CMI
DRD
CMI DEPT. OF RESEARCH & DOCUMENTATION, KOCHI

# ഞാൻ ചാവറ

## വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവചരിത്രം

ഡോ. മാത്യു മാമ്പ്ര

സോഫിയാ ബുക്സ്
മലാപറമ്പ്, കോഴിക്കോട്, കേരള, 673 009, ഫോൺ: (0495) 2373077, 9995574308
www.sophiabuy.com

**Njan Chavara**
(Malayalam)
Author: Dr. Mathew Mampra
First Edition: October 2014
Publishing and Distribution: Sophia Books, Malaparamba, Kozhikode, Kerala - 673 009.
Printed at: Geethanjali Calicut
Cover Design: Sanz
Layout: Abraham Thomas
Illustration: K. Satish
Price: ₹ 100/-

ISBN - 978-93-81796-87-0

No part of this book may be reproduced or utilized in any form or by any means, electronic or mechanical including photocopying, recording or by any information storage and retrieval system, without permission in writing from the publishers.

© Sophia Printers & Publishers (P) Ltd.

SB-153 | IE 2000 | October 2014

# സമർപ്പണം

എന്റെ കുടുംബത്തിനും
ഗുരുതുല്യനായ തോമസ് മാമ്പ്രയച്ചനും

**ഡോ. മാത്യു മാമ്പ്ര**

ജോസ് മാമ്പ്രയുടെയും സിസിലിയുടെയും മൂത്തമകനായി 1965-ൽ കുട്ടനാട്ടിലെ കൈനകരിയിൽ ജനനം. കൊമേഴ്സിലും മാർക്കറ്റിംഗ് മാനേജ്മെന്റിലും ഒന്നാം റാങ്കോടെ ഹ്യൂമൻ റിസോർസസ് മാനേജ്മെന്റിലും ബിരുദാനന്തരബിരുദം. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും (IIM-B) അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയും (UCLA) സംയുക്തമായി നൽകിയ മാനേജ് മെന്റിലെ അഡ്വാൻസ്ഡ് മാസ്റ്റേഴ്സ്. മാർക്കറ്റിംഗ് മാനേജ്മെന്റിൽ ഡോക്ടറേറ്റ്. ഹ്യൂമൻ റിസോർസസ് മാനേജ്മെന്റിൽ ഗവേഷണം നടത്തുന്നു. ബാംഗ്ലൂരിൽ സ്ഥിരതാമസം.

ഭാര്യ : ഷൈജ

മക്കൾ : സഞ്ജന, സച്ചിൻ, സാം

വിലാസം : അരണ്യഗിരി

സകലവാര പി.ഒ.

ബാംഗ്ലൂർ-560 083

e-mail : [illegible]

CMI DRD
CMI DEPT. OF RESEARCH & DOCUMENTATION, KOCHI

ദുഃഖസമുദ്രത്തിന്റെ അലമാലകൾ ചൂഴ്ന്നുയർന്നപ്പോഴും പ്രശാന്തമനസ്കനായ ഒരു യമിയായി നിലകൊള്ളാൻ ചാവറയച്ചനു കഴിഞ്ഞു. തെറ്റുകളെ ശക്തമായി എതിർക്കുമ്പോൾപോലും തെറ്റു ചെയ്തവനോടുള്ള കാരുണ്യത്തിന് അതിരുണ്ടായിരുന്നില്ല.

**– നിത്യ ചൈതന്യയതി**

## കടപ്പാട്

ഇതെഴുതാൻ തോന്നിപ്പിച്ച ഈശ്വരനോട്,
ഇതിലെ കഥാനായകൻ ചാവറയച്ചനോട്,
എഴുത്തിന്റെയും ഗവേഷണത്തിന്റെയും
കെട്ടിപ്പടുക്കലുകളുടെയും ലോകത്തിലേക്ക്
പരാതികളില്ലാതെ ഇറങ്ങാൻ അനുവദിച്ച
എന്റെ പ്രിയപ്പെട്ട കുടുംബത്തോടും.

* * *

ഇതെഴുതാനുള്ള സമയം കടംതന്ന എന്റെ ഇളയ
മകൻ ഒന്നാം ക്ലാസ്സുകാരന്റെ ബാല്യത്തോട്,
ഈ രചനയ്ക്കുവേണ്ടി വിവരങ്ങൾ പങ്കുവെച്ച
ഗുരുതുല്യരായ മുതിർന്നവരോടും.

* * *

എന്റെ അഭാവത്തിൽ ഔദ്യോഗികകാര്യങ്ങൾ
കൃത്യമായി ചെയ്തവരോട്,
സഹായിച്ച നിരവധി ചരിത്ര-ഗവേഷണ പഠനങ്ങൾക്ക്
പിന്നിൽ പ്രവർത്തിച്ചവരോട്,
അവരുടെ വിലപ്പെട്ട സമയത്തോടും.

* * *

ഈ പുസ്തകം നിങ്ങളുടെ കൈയിൽ എത്തിച്ച
പ്രസാധകരോട്,
ശ്രേഷ്ഠഭാഷ അമ്മമലയാളത്തോടും...

## അനുഗ്രഹമൊഴി



**ധ്യാ**നയോഗവും കർമയോഗവും സമന്വയിപ്പിച്ച് സമൂഹനന്മയ്ക്കുവേണ്ടി പ്രവർത്തിച്ച ആധുനിക കേരളത്തിന്റെ നവോത്ഥാനനായകനും സാമൂഹ്യപരിഷ്ക്കർത്താവും മാർഗദീപവുമായിരുന്ന ചാവറയച്ചനെക്കുറിച്ച് ശ്രീ. മാത്യു മാമ്പ്ര ഒരു പുസ്തകം – 'ഞാൻ ചാവറ' എഴുതി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ചാവറയച്ചന്റെ തന്നെ കുടുംബ തായ്‌വഴിയിലുള്ളവനും അദ്ദേഹത്തിന്റെ ജന്മനാടായ കൈനകരിയിൽ ജനിച്ചു വളർന്നവനുമാണ് ശ്രീ. മാത്യു മാമ്പ്ര.

നമ്മുടെ വിശ്വാസ്പാരമ്പര്യങ്ങളും മൂല്യങ്ങളും രക്തത്തിലേക്ക് ആഴത്തിൽ അലിയിപ്പിക്കുക എന്ന അസാധാരണമായ ദൗത്യം ഒരു സാധാരണകാര്യംപോലെ സാധിച്ചെടുത്ത മഹാനായ യോഗിവര്യനായിരുന്നു കുട്ടനാടിന്റെ നന്മയിൽ ജനിച്ചു വളർന്ന ചാവറയച്ചൻ. കാലംചെയ്ത് നൂറ്റിനാൽപ്പത്തിമൂന്നു വർഷം പിന്നിട്ടിട്ടും അദ്ദേഹത്തിന്റെ ഓർമകൾ രേഖാചിത്രങ്ങളായി മനുഷ്യമനസ്സുകളിൽ നിലനിൽക്കുന്നു. ആധുനികലോകത്തിലെ പ്രശ്നങ്ങളിൽ മാർഗനിർദേശം നൽകാൻ കഴിയുന്ന വ്യക്തിത്വമായി അദ്ദേഹം നിലനിൽക്കുന്നതുകൊണ്ടാണത്. അടുക്കൽ വരുന്നവരോട് സന്ദർഭോചിതമായി തന്റെ ജീവിതകഥ സ്വയം പറഞ്ഞുകൊടുക്കുന്ന ചാവറയച്ചനെയാണ് പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. മതവിശ്വാസപ്രചാരണവേല ചെയ്യുന്ന ഒരു പ്രേഷിതനായിരുന്നപ്പോഴും വിദ്യ കൊണ്ടു മാത്രമേ ശാശ്വതമായ നവോത്ഥാനം സമൂഹത്തിലുണ്ടാവൂ എന്ന് അടിയുറച്ചു വിശ്വസിച്ച് 'ഓരോ പള്ളിക്കൊപ്പവും ഒരു പള്ളിക്കൂടം' എന്ന ദീർഘവീക്ഷണം അന്നത്തെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബർണർദീനോസ് ബച്ചനെല്ലി മെത്രാപ്പോലീത്തായോടൊപ്പം പ്രാവർത്തികമാക്കുകയും ആ പള്ളിക്കൂടങ്ങളിൽ നാനാജാതി മതസ്ഥ

രായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുകയും ചെയ്ത ഒരു ദീർഘദർശി കൂടിയായിരുന്നു അദ്ദേഹം.

നാട്ടുകാരനായതു കൊണ്ടുതന്നെ സ്ഥലസാഹചര്യങ്ങളും അവിടെ പ്രത്യക്ഷപ്പെടുന്ന വ്യക്തികളെയും മനസ്സിൽ ഒപ്പിയെടുക്കത്തക്കവിധം കഥാതന്തുക്കൾ മെനയാൻ ഗ്രന്ഥകർത്താവിനു സാധിച്ചു. ചാവറപ്പിതാവിന്റെ ജീവിതത്തെ സാധാരണക്കാർക്കു മനസ്സിലാകത്തക്ക രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം ആദ്ധ്യാത്മിക ജീവിതവഴിയിൽ ഒരു മുതൽക്കൂട്ടാണ്. ഈ പുസ്തകത്തിനും ഗ്രന്ഥകർത്താവ് ഡോ.മാത്യു മാമ്പ്രയ്ക്കും എല്ലാവിധ ആശംസകളും നേരുന്നു. സാമൂഹ്യനന്മയ്ക്കും വിശ്വാസദാർഢ്യത്തിനും ഈ ഗ്രന്ഥം ഉപകാരപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

+ G. Alencherry

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

അവതാരിക

# വ്യത്യസ്തമായ ഒരു ഗ്രന്ഥം



ഒരേ ആശ്രമത്തിൽ ഒന്നിച്ചു താമസിച്ചിരുന്ന രണ്ട് സന്യാസികളെപ്പറ്റി ഒരു കഥയുണ്ട്. ഒന്നാമത്തെ സന്യാസി എപ്പോഴും ദൈവത്തിന്റെ മഹത്വം, സ്വർഗം എന്നിവയെപ്പറ്റിയാണ് ചിന്തിക്കുന്നതും ധ്യാനിക്കുന്നതും. ഇങ്ങനെ ഉന്നതത്തിലുള്ള കാര്യങ്ങളെപ്പറ്റി ധ്യാനിച്ച് ധ്യാനിച്ച് അദ്ദേഹം എപ്പോഴും മുകളിലേക്ക് നോക്കി നടക്കുന്ന സ്വഭാവത്തിന് ഉടമയായി. രണ്ടാമത്തെ സന്യാസി മനുഷ്യന്റെ ബലഹീനത, പാപം എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റിയാണ് എപ്പോഴും ചിന്തിക്കുന്നതും ധ്യാനിക്കുന്നതും. നിരന്തരമായ ഈ വിധ ചിന്തകളും ധ്യാനവും വഴി അദ്ദേഹത്തിന്റെ തല കുനിഞ്ഞുപോയി. അദ്ദേഹം എപ്പോഴും താഴേക്ക് നോക്കിയാണ് നടക്കുക. ഈ രണ്ട് സന്യാസിമാർക്കും രോഗശാന്തിവരമുണ്ട്. രണ്ടുപേരും പ്രാർത്ഥിച്ചാൽ രോഗശാന്തി ഉണ്ടാകും. പക്ഷേ, ഒരു പ്രത്യേകത ഉണ്ട്. മുകളിലേക്ക് നോക്കി നടക്കുന്ന സന്യാസി പ്രാർത്ഥിച്ചാൽ അരയ്ക്ക് മുകളിലേക്കുള്ള രോഗങ്ങളേ മാറൂ. താഴേക്ക് നോക്കിനടക്കുന്ന സന്യാസി പ്രാർത്ഥിച്ചാൽ അരഭാഗത്തിന് താഴെയുള്ള രോഗങ്ങളേ മാറുകയുള്ളൂ. അതിനാൽ, രോഗികളെ കൊണ്ടുവരുന്നവർ രണ്ട് സന്യാസികളെക്കൊണ്ടും പ്രാർത്ഥിപ്പിക്കും. എങ്കിൽ മാത്രമേ രോഗിക്ക് സമ്പൂർണസൗഖ്യം കിട്ടുകയുള്ളൂ.

ഒരിക്കൽ ഒരു അമ്മ പ്രായത്തിനൊത്ത ശാരീരികവളർച്ച ഇല്ലാതിരുന്ന തന്റെ കുഞ്ഞിനെയും കൊണ്ട് ഈ ആശ്രമത്തിൽവന്നു. അന്ന് താഴേക്ക് നോക്കിനടക്കുന്ന സന്യാസി അവിടെ ഇല്ലായിരുന്നു. സ്ഥലത്ത് ഉണ്ടായിരുന്ന മുകളിലേക്ക് നോക്കി നടക്കുന്ന സന്യാസി കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു. അവർ തിരിച്ചുപോയി. സാവകാശം കുഞ്ഞിന്റെ

അരഭാഗത്തിന് മുകളിലേക്കുള്ള ഭാഗം വളരാൻ തുടങ്ങി. അരയ്ക്ക് കീഴോട്ട് വളർച്ചയുണ്ടായില്ല. പിന്നീട് ഒരിക്കൽ ആ അമ്മ കുഞ്ഞിനെയുംകൊണ്ട് വീണ്ടും ആശ്രമത്തിൽവന്നു. ഇത്തവണ താഴേക്ക് നോക്കി നടക്കുന്ന സന്യാസി അവിടെയുണ്ടായിരുന്നു. അദ്ദേഹം കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു. അതോടെ കുഞ്ഞിന്റെ ശരീരത്തിന്റെ പൂർണമായ വളർച്ച ആരംഭിച്ചു.

ഈ രണ്ട് സന്യാസിമാരും വിശുദ്ധരാണ്. രണ്ടുപേർക്കും രോഗശാന്തിവരം ഉണ്ട്. പക്ഷെ, രണ്ടുപേർക്കും ഓരോ കുറവും ഉണ്ട്. ഇവരിൽ ആര് പ്രാർത്ഥിച്ചാലും സമ്പൂർണസൗഖ്യം ലഭിക്കുകയില്ല. ഈ രണ്ട് സന്യാസിമാരും ഒരേസമയം ദൈവത്തെപ്പറ്റിയും മനുഷ്യന്റെ പരിമിതികളെപ്പറ്റിയും ചിന്തിക്കുന്നവർ ആയിരുന്നെങ്കിൽ അവരുടെ ജീവിതത്തിന് കുറേക്കൂടി പൂർണത കൈവന്നേനെ. രണ്ടുപേരിൽ ആര് പ്രാർത്ഥിച്ചാലും പൂർണമായ സൗഖ്യം ലഭിക്കുകയും ചെയ്യുമായിരുന്നു.

ഈ രണ്ട് സന്യാസിമാരും രണ്ട് വിപരീതജീവിതദർശനങ്ങളുടെ പ്രതിനിധികളാണ്. ഒരു കൂട്ടം മനുഷ്യർ ദൈവികകാര്യങ്ങളെപ്പറ്റി മാത്രം ചിന്തിച്ച് ജീവിക്കുന്നു. മറ്റൊരു കൂട്ടം ഭൗതികകാര്യങ്ങൾ മാത്രവും ചിന്തിക്കുന്നു.

ഒരുപാട് പരിമിതികളോടെയാണ് നാം ഈ ലോകത്തിൽ ജീവിക്കുന്നത്. നമ്മളിൽ കുറേപ്പേർ തികച്ചും ആത്മീയമനുഷ്യരായി ജീവിക്കുന്നു. മറ്റ് കുറച്ചുപേരാകട്ടെ തികച്ചും ലൗകികരായും ജീവിക്കുന്നു. നമ്മുടെ ജീവിതം ഒന്നു ബാലൻസ് ചെയ്യേണ്ടതാവശ്യമാണ്. ആധ്യാത്മികതയും ഭൗതികതയും സമന്വയിക്കുന്നതാവണം ജീവിതം. പഠനം, ജോലി, കുടുംബം എന്നിങ്ങനെ വിവിധതലങ്ങളിൽ വ്യാപരിക്കുമ്പോഴും ദൈവത്തെക്കുറിച്ചും മരണം, വിധി, സ്വർഗം, നരകം, മരണാനന്തരജീവിതം എന്നിവയെപ്പറ്റിയും ചിന്തിക്കണം. ഭൗതികജീവിതമെന്നപോലെ ആത്മീയജീവിതവും പ്രധാനമാണ്. ഇവയിൽ ഒന്നിനെ മാത്രം ആശ്ലേഷിക്കുന്നവരാകരുത് നാം. ലൗകികവ്യഗ്രതകളിൽ മുഴുകുമ്പോഴും മരണാനന്തരജീവിതത്തിൽ ഒരു കണ്ണ് വേണം.

ആധ്യാത്മികതയും ഭൗതികതയും എങ്ങനെ മനോഹരമായി സമന്വയിപ്പിക്കാം എന്നതിന്റെ നല്ലൊരു ഉദാഹരണമാണ് വിശുദ്ധ ചാവറയച്ചന്റെ ജീവിതം. മാമ്മോദീസയിൽ ലഭിച്ച വരപ്രസാദം മരണംവരെ നിലനിർത്തി അദ്ദേഹം വിശുദ്ധിയുടെ തീരമണഞ്ഞു. ദൈവാത്മാവിന്റെ സ്വരമന്ത്രണങ്ങൾക്ക് കാതോർത്തുള്ള സജീവമായപ്രാർത്ഥന, അനുഭവവേദ്യമായ ആത്മീയശുശ്രൂഷകൾ, ഈടുറ്റ ഗ്രന്ഥങ്ങളുടെ രചന എന്നിവയെല്ലാം അദ്ദേഹം ജീവിതത്തിന്റെ ഭാഗമായി ചേർത്തുനിർത്തി. വിദ്യാഭ്യാസപ്രവർത്തനങ്ങൾ, പ്രസിന്റെ സ്ഥാപനം, കൊവേന്തകളുടെ സ്ഥാ

പനം, സിഎംഐ, സിഎംസി സന്യാസസഭകളുടെ സ്ഥാപനം എന്നിവ യെല്ലാം ചാവറയച്ചന്റെ ദീർഘവീക്ഷണത്തോടെയുള്ള കഠിനാദ്ധ്വാന ത്തിന്റെ ഫലങ്ങളായിരുന്നു. മൂല്യങ്ങൾക്കും ദർശനങ്ങൾക്കും ഉടവുത ട്ടാതെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ ധാരാളം ഭൗതിക നൻമകൾ നമ്മുടെ നാടിനു കൈവന്നു.

ആധ്യാത്മികതയും ഭൗതികതയും എങ്ങനെ ഒന്നിച്ചുകൊണ്ടുപോ കാമെന്ന് ചാവറപ്പിതാവ് സ്വന്തം ജീവിതത്തിലൂടെ പഠിപ്പിക്കുന്നു. ചെറുതും വലുതുമായ കാരണങ്ങൾ നിരത്തി ആത്മീയജീവിതത്തെ അവ ഗണിക്കുന്നവർക്ക് അദ്ദേഹം ഒരു മറുപടിയും മാതൃകയുമാണ്.

ചാവറപിതാവിനെപ്പറ്റി നിരവധി പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. പല പുസ്തകങ്ങളും പണിപ്പുരയിലുമാണ്. ഇവയിൽനിന്നെല്ലാം വ്യത്യസ്ത മായ ഒന്നാണ് ഡോ. മാത്യു മാമ്പ്ര എഴുതിയ 'ഞാൻ ചാവറ' എന്ന ഈ പുസ്തകം. ഈ വ്യത്യസ്തതയ്ക്ക് പല കാരണങ്ങൾ ഉണ്ട്. ഒന്നാമത്, ഇത് ഒരു ആത്മകഥയുടെ രൂപത്തിലാണ്. ചാവറയച്ചൻ സ്വന്തം കഥ ഒ രാളോട് പങ്കുവെക്കുന്നതുപോലെയാണിതിന്റെ അവതരണം. ഭാഷ ലളി തമാണ്. അതുകൊണ്ടുതന്നെ വായന സുഗമമാകുന്നു. ഗ്രന്ഥകർത്താവ് ചാവറയച്ചന്റെ നാട്ടുകാരനും ആ വംശാവലിയുടെ കണ്ണിയുമാണ്.

നീണ്ട വായനയുടെയും പഠനത്തിന്റെയും ധ്യാനത്തിന്റെയും സംവാ ദങ്ങളുടെയും വെളിച്ചത്തിൽ ലഭ്യമായ അറിവുകളിലൂന്നിയാണ് ഇത് എഴു തിയിരിക്കുന്നത്. ചാറവയച്ചന്റെ ജീവിതം ചുരുക്കമായി മനസ്സിലാക്കാൻ ഈ ഗ്രന്ഥം ഉപകാരപ്പെടും. ഗ്രന്ഥത്തിന് ധാരാളം വായനക്കാർ ഉണ്ടാ കട്ടെ. വായിക്കുന്നവർക്ക് ചാവറയച്ചനെ മനസ്സിലാക്കാൻ ഇതു സഹായ കമാകട്ടെ. അതിലുപരി, ആധ്യാത്മികതയും ലൗകികഉത്തരവാദി ത്തങ്ങളും ഒന്നിച്ചുകൊണ്ടുപോകാനുള്ള വലിയ ഉൾപ്രേരണ വായന ക്കാർക്ക് കൂടുതലായി ലഭിക്കട്ടെ. അതിനായി വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചൻ ചാവറയുടെ മധ്യസ്ഥത ദൈവസന്നിധിയിൽ ഉണ്ടാകട്ടെ!

**ഫാ. ജോസഫ് വയലിൽ സി.എം.ഐ**
പ്രൊവിൻഷ്യാൾ
സി.എം.ഐ സെന്റ് തോമസ് പ്രൊവിൻസ്
കോഴിക്കോട്.

## ആസ്വാദനക്കുറിപ്പ്

# നന്മയുടെയും അനുഗ്രഹത്തിന്റെയും പുസ്തകം



മനുഷ്യഹൃദയങ്ങളിൽ അത്ഭുതാദരങ്ങൾ വളർത്തുന്ന വിശുദ്ധസാന്നിധ്യമാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രത്യക്ഷമായ കേരളീയനവോത്ഥാനത്തിന്റെ സ്രഷ്ടാക്കളിൽ പ്രഥമ ഗണനീയൻ; ജീവിതം മനുഷ്യസേവനത്തിനുള്ള ഉപകരണമാക്കി രൂപാന്തരപ്പെടുത്തിയ ധന്യാത്മാവ്. ഒരു കുട്ടനാടൻ ഗ്രാമത്തിൽ ജനിച്ചുവളർന്ന് കാലദേശങ്ങൾക്ക് അതീതമായ പ്രതിഭാപൂർണിമ അനുഭവവേദ്യമാക്കിയ സൂര്യതേജസ്.

ഈ മഹാത്മാവിനെക്കുറിച്ച് അറിയാനും ആഴത്തിൽ പഠിക്കാനും അവസരമുണ്ടായിട്ടുണ്ട്. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ പഠിക്കുമ്പോൾ മോൺ. ഫ്രാൻസിസ് കാളാശേരി പ്രിൻസിപ്പൽ, ഫാ. ഫിലിപ്പ് ചാവറ ഹോസ്റ്റൽ വാർഡൻ. ഈ സ്നേഹസമ്പർക്കത്തിനിടയിൽ എനിക്ക് വെളിപ്പെട്ട വിശിഷ്ടവ്യക്തിത്വമായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കൈനകരിയിലും മാന്നാനത്തുമൊക്കെ പലവട്ടം തീർത്ഥാടനം നടത്തിയ കാലഘട്ടം. പിന്നീട് കുറച്ചുകാലം കോട്ടയത്ത് ദീപിക ദിനപത്രത്തിൽ സഹപത്രാധിപരായി പ്രവർത്തിക്കാൻ നിയോഗം. ചാവറയച്ചന്റെ ദിവ്യപ്രഭ വിതറുന്ന ചരിത്രത്തിനുമുമ്പിൽ നിർന്നിമേഷനായി എത്രനേരമാണ് ഞാൻ നിലകൊണ്ടിട്ടുള്ളത്.

കാലത്തിനുമുൻപേ സഞ്ചരിച്ച കർമയോഗിയായിരുന്നു ചാവറയച്ചൻ. ആധ്യാത്മിക, വിദ്യാഭ്യാസ, സാംസ്കാരികരംഗങ്ങളിൽ ഈ സമർപ്പിത ജീവിതം ഉദയരശ്മി ചൊരിഞ്ഞു. ഒരു സന്യാസവൈദികൻ എന്ന നിലയ്ക്ക് ധ്യാനവഴികളിലൂടെയുള്ള യാത്രകൾ, സ്വർഗത്തിലേക്ക് തുറന്നുവെച്ച ഹൃദയവാതിൽ. ഏറ്റവും ശ്രദ്ധേയമായത് പള്ളിയോടനുബന്ധിച്ച് രൂപപ്പെടുത്തിയ 'പള്ളിക്കൂട'ങ്ങളാണ്. 'ഓരോ പള്ളിക്കും ഓരോ പള്ളിക്കൂടം' എന്ന

തത്വം പ്രായോഗികമാക്കി. തികച്ചും വിപ്ലവകരമായിരുന്നു ആ കാഴ്ചപ്പാട്. കേരളത്തിലെങ്ങും വിദ്യാലയങ്ങൾക്ക് 'പള്ളിക്കൂടം' എന്ന സംജ്ഞ ഉറച്ചത് ചാവറയച്ചന്റെ ചിന്താപദ്ധതിക്കുലഭിച്ച അംഗീകാരം. വിദ്യാഭ്യാസം സാർവജനീനമാക്കാൻ സാധിച്ചത് അതു നിമിത്തമാണ്.

കേരളം സമ്പൂർണസാക്ഷരത കൈവരിച്ച് ചരിത്രത്തിൽ ഇടംനേടുമ്പോൾ അത്യാദരപൂർവം ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ഓർമിക്കേണ്ടതാണ്. സാമാന്യജനതയ്ക്ക് വിദ്യാഭ്യാസം നിഷിദ്ധമായി കരുതപ്പെട്ടിരുന്ന കാലത്ത് തന്റെ പള്ളിക്കൂടങ്ങളിൽ ചേർന്നുപഠിക്കാൻ അവിടുന്ന് അവർക്ക് അവസരം നൽകി. വിദ്യാഭ്യാസത്തിൽ താൽപ്പര്യമുണർത്താൻ സാധുകുട്ടികൾക്ക് ഉച്ചഭക്ഷണവും വസ്ത്രങ്ങളും പുസ്തകങ്ങളും സൗജന്യമായി വിതരണം ചെയ്തു. അത്തരം ചെലവുകൾ നിർവഹിക്കുന്നതിന് ഇടവകകളിൽ പിടിയരി, ഉൽപ്പന്നപിരിവുകൾ നിർബന്ധിതമാക്കി. സംസ്ഥാനത്ത് പിന്നീട് നടപ്പിൽവരുത്തിയ വിവിധപദ്ധതികൾക്ക് മാർഗദർശിയായിത്തീർന്നത് ക്രാന്തദർശിയായ ആ ശ്രേഷ്ഠപുരോഹിതനാണ്. ജനസേവനത്തിനുള്ള മാർഗമായിരുന്നു അദ്ദേഹത്തിന് പൗരോഹിത്യം. ദൈവസമ്പാദനത്തിന് അത് അവിടുത്തെ പ്രാപ്തനാക്കി.

അച്ചടിയുടെ ആവിർഭാവം നമ്മുടെ സംസ്കാരചരിത്രത്തിലെ സമ്പൂർണ അധ്യായമാണ്. കോട്ടയത്ത് പ്രവർത്തിച്ചിരുന്ന സി.എം.എസ് പ്രസ് ചില വിഭാഗീയതയുടെ പരിമിതവൃത്തത്തിൽ ഒതുങ്ങിനിന്നു. ആ അതിർത്തികൾ ഭേദിച്ച് എല്ലാവർക്കും അഭികാമ്യമായ ഒരു മുദ്രണശാല മാന്നാനം കേന്ദ്രമാക്കി സമാരംഭിച്ചത് ചാവറയച്ചനാണ്. അദ്ദേഹംതന്നെ രചിച്ച ഒരു സദുപദേശപത്രം അവിടെ ആദ്യമായി പ്രസാധനം നടത്തി. 'ജ്ഞാനപീയൂഷം' എന്ന പ്രാർത്ഥനാപുസ്തകമാണ് പ്രകാശിതമായ പ്രഥമഗ്രന്ഥം. പിൽക്കാലത്ത് 'നസ്രാണിദീപിക' മാന്നാനത്ത് നിന്നു പ്രസിദ്ധീകരിച്ചുകൊണ്ട് പത്രമാധ്യമസംസ്കാരത്തിനും തുടക്കമിട്ടു.

കേരളത്തിൽ പല മഹാപ്രസ്ഥാനങ്ങൾക്കും മാർഗദർശിയായിത്തീർന്ന ആ മഹാത്മാവിന്റെ സഞ്ചാരവഴികൾ പിന്തുടരാനും പുതുതലമുറയ്ക്ക് പരിചയപ്പെടുത്താനുമുള്ള ഉദ്യമം തീർച്ചയായും ശ്ലാഘനീയമാണ്. ചാവറയച്ചന്റെ കുടുംബ തായ്വഴിയിൽപ്പെട്ട ശ്രീ മാത്യു മാമ്പ്ര ഇവിടെ കേവലം ഒരു പുസ്തകം രചിക്കുകയല്ല, ശരിക്കും 'ചാവറമാർഗ'ത്തിലൂടെ വിനയാന്വിതനായി സഞ്ചരിക്കുകയാണ്. കൈനകരി ഗ്രാമത്തിന്റെ മനോഹാരിതയുടെ അടയാളങ്ങൾ ശ്രദ്ധാപൂർവം കണ്ടെത്തുന്നു. അവിടെ പിന്നിട്ട ബാല്യത്തിന്റെ ഓർമകൾ ആകർഷകമായി വരഞ്ഞിടുന്നു. തന്റെ യാത്രാപഥങ്ങളിലെങ്ങും ഇത്ര വശ്യമായ ഗ്രാമഭംഗികൾ കണ്ടെത്താനായിട്ടില്ലെന്ന് അഭിമാനപൂർവം രേഖപ്പെടുത്തുന്നു.

ഈ ഗ്രാമപശ്ചാത്തലത്തിൽ കുര്യാക്കോസ് ഏലിയാസച്ചനെ മാത്യു

പുനർദർശിക്കുകയാണ്. ചാവറയച്ചന്റെ ആകർഷകവ്യക്തിത്വത്തിലേക്ക് വായനക്കാരെ അണച്ചുചേർക്കാൻ ശക്തമായ വശ്യശൈലിയിലാണ് ആ ജീവിതകഥ ആവിഷ്കരിക്കുന്നത്. സ്വപ്നസദൃശ്യമായ അനുഭവങ്ങൾ. മാത്യുവിന്റെ രചനാശൈലി കുട്ടനാട്ടിലെ കായൽതരംഗങ്ങൾപോലെ കാവ്യാത്മകമായി രൂപാന്തരപ്പെടുന്നു.

ചിട്ടയായി ആ മഹാജീവിതത്തിലെ സംഭവഗതികൾ പകർത്തുകയല്ല, തികച്ചും നാടകീയമായി ഓരോ രംഗവും അവതരിപ്പിക്കുകയാണ്. അതിനിടയിൽ ഈ സഞ്ചാരപഥത്തിലെ നാഴികക്കല്ലുകളിൽ ഒന്നുപോലും അവഗണിക്കാതിരിക്കാൻ ജാഗ്രത പുലർത്തുന്നുമുണ്ട്.

പുരോഗമനത്തിന്റെ പ്രഭാതനക്ഷത്രങ്ങളായി നാം ആദരിക്കുന്ന പല മഹത്തുക്കളും ചരിത്രത്തിൽ ഇടംനേടിയിട്ടുണ്ട്. അവർക്ക് മുൻപേ കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക മണ്ഡലത്തിൽ ഉദിച്ചുയർന്ന മാനവികതയുടെ മഹനീയനക്ഷത്രമായിരുന്നു ചാവറയച്ചൻ. ശ്രീനാരായണഗുരുദേവനും ചട്ടമ്പിസ്വാമി തിരുവടികൾക്കും മഹാത്മാ അയ്യൻകാളിക്കും മുൻപ് യുഗാചാര്യനായി അദ്ദേഹം പ്രത്യക്ഷനായി. സ്ത്രീകളുടെ വിദ്യാഭ്യാസം, ശക്തീകരണം, സാധുജനസേവനം, നിരക്ഷരത നിർമാർജനം, അയിത്തോച്ചാടനം എന്നിങ്ങനെ വിവിധ കർമക്ഷേത്രങ്ങളിൽ പുരോഗതിയുടെ ശംഖൊലി മുഴക്കി. ദൈവികചൈതന്യമാർന്ന പ്രവൃത്തിപഥങ്ങളിലൂടെ മനുഷ്യപുരോഗതിക്ക് സ്വയം സമർപ്പിതനായ ആ യുഗപുരുഷനെ എത്ര ഹൃദയംഗമമായിട്ടാണ് ശ്രീ മാത്യു മാമ്പ്ര അവതരിപ്പിക്കുന്നത്. ഇപ്പോൾ വിശുദ്ധ പദവിയിലേക്കുയരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സകലമനുഷ്യർക്കും പ്രത്യാശയുടെ നിറകതിരാണെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

ഇത് ഒരു ദൈവനിയോഗം തന്നെയാണ്. വിശുദ്ധ ചാവറയച്ചന്റെ അനുഗ്രഹസ്പർശം കൊണ്ടാണ് ഈ ജീവിതകഥ ഹൃദയംഗമമായി എഴുതിത്തീർക്കാൻ സാധിച്ചത്. എഴുത്തുകാരൻ തന്നെ കഥാപുരുഷനെ കണ്ടെത്തുന്നതും അവിടുന്ന് സ്വന്തം കഥ വെളിപ്പെടുത്തുന്നതുമായ രചനാതന്ത്രം ഹൃദ്യമായിരിക്കുന്നു. അപൂർവസുന്ദരമായ എഴുത്തുവഴി. ജീവിതത്തിന്റെ വേറിട്ട കർമരംഗങ്ങളിൽ മധുരസാന്നിധ്യമായ പ്രിയപ്പെട്ട മാത്യു മാമ്പ്ര സാഹിത്യത്തിന്റെ സുരഭിലവഴികളിലൂടെ സഞ്ചരിക്കുകയാണ്. നിറഞ്ഞ സന്തോഷത്തോടെ, ഹൃദയബന്ധുവിന്റെ അഭിമാനത്തോടെ ഗ്രന്ഥകാരന് ഞാൻ നന്മകൾ നേരുന്നു. ഇത് നന്മയുടെയും അനുഗ്രഹത്തിന്റെയും പുസ്തകം. ഒരിക്കൽകൂടി ആശംസകൾ.

**ഡോ. ജോർജ് ഓണക്കൂർ**

## ആമുഖം

**ചാ**വറയച്ചനെന്ന വിശുദ്ധൻ ജനിച്ച മണ്ണിൽ ആ വംശാവലിയുടെ കണ്ണിയിലൊന്നായി ജനിക്കുക, അദ്ദേഹം നടന്ന മണ്ണിലൂടെ നടക്കാൻ കഴിയുക, ശ്വസിച്ച വായു ശ്വസിക്കാൻ സാധിക്കുക, കുളിച്ച നദിയിൽ കുളിച്ചു ശുദ്ധനാവുക, ജീവിച്ച ചുറ്റുപാടുകളിൽ വളരാൻ കഴിയുക എന്നൊക്കെയുള്ള, ഒരുപിടി അപൂർവമായ ഭാഗ്യങ്ങൾക്ക് ഉടമയാകാൻ കഴിഞ്ഞ ഒരു സാധാരണക്കാരനാണ് ഞാൻ.

അദ്ദേഹം വളർന്ന മണ്ണിൽ തന്നെ എനിക്കും പിന്നീട് പിച്ചവെച്ച് വളരാനായി. നന്മ ചെയ്തു കടന്നുപോയ ആ കർമയോഗിയെക്കുറിച്ചോർത്ത് ഇന്നു സഭയും കേരളസമൂഹവും വളരെ ആനന്ദത്തിലാണ്. നമ്മുടെ ചാവറയച്ചൻ ഇപ്പോൾ വിശുദ്ധനായിരിക്കുന്നു.

കേരളമണ്ണിന്റെ നവോത്ഥാനത്തിന്റെയും സഭയുടെയും ചരിത്രം പഠിക്കുന്നവർക്ക് ചാവറയച്ചനെ മാറ്റിനിർത്തി ഒരു ചരിത്രപഠനവും സാദ്ധ്യമല്ല. സാമൂഹ്യപരിഷ്കർത്താവെന്ന നിലയിൽ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, നാടിനും കേരള സഭയ്ക്കും നൽകിയ സംഭാവനകൾ വളരെ വലുതാണ്. സമൂഹത്തിലെ ഉച്ചനീചത്വങ്ങളുടെ നേർക്ക് കൈചൂണ്ടിയ അദ്ദേഹം വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം എന്നീ മൂർച്ചയേറിയ ആയുധങ്ങൾ ഉപയോഗിച്ച് പരിവർത്തനവിപ്ലവങ്ങൾ നടപ്പിലാക്കി. ചാവറയെന്ന കർമയോഗിയുടെ പ്രവർത്തനങ്ങൾ, പത്തൊമ്പതാം നൂറ്റാണ്ടിലും അതിനുശേഷവും അദ്ദേഹത്തിനു പിമ്പേ വന്ന മറ്റു സാമൂഹ്യ പരിഷ്കർത്താക്കൾക്ക് ഒരു ചൂണ്ടുപലകയായിരുന്നു. ഈ യാഥാർത്ഥ്യം പറയാതിരുന്നാൽ, അതൊരു ഒരു വലിയ നന്ദികേടാവും.

ചാവറയച്ചൻ കേരളസഭയ്ക്ക് നൽകിയ ഏറ്റവും വലിയ സംഭാവന വിശുദ്ധമായ വിശ്വാസപാരമ്പര്യങ്ങളാണ്. കത്തോലിക്കാസഭയുടെ, പ്രത്യേകിച്ച് കേരളസഭയുടെ വലിയ സമ്പത്തും പാരമ്പര്യവും എന്ന് നാം അഭിമാനത്തോടെ പറയുന്ന കുടുംബപ്രാർത്ഥന, ജപമാലഭക്തി,

വണക്കമാസം, ദിവ്യകാരുണ്യഭക്തി, തിരുക്കുടുംബഭക്തി, തുടങ്ങി നിരവധിയായ വിശ്വാസപാരമ്പര്യങ്ങൾ നമ്മുടെ രക്തത്തിലേക്ക് ആഴത്തിൽ അലിയിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു. അസാധാരണമായ ഈ ദൗത്യം തന്റെ വിശുദ്ധ സന്യാസജീവിതം വഴി, ഒരു സാധാരണ കാര്യം പോലെ സാധിച്ചെടുത്ത മഹാനായ യോഗിവര്യനായിരുന്നു ചാവറ.

തന്റെ ജീവിതം ഒരു പ്രേഷിതമാതൃകയാക്കി മുന്നോട്ടുപോകുമ്പോൾ തന്നെ, വിദ്യകൊണ്ടു മാത്രമേ ശാശ്വതമായ ഉത്ഥാനം സമൂഹത്തിലുണ്ടാവൂ എന്ന് ഈ വൈദികൻ വിശ്വസിച്ചു. സാമൂഹ്യ ഉച്ചനീചത്വങ്ങൾ വകവെക്കാതെ എല്ലാ മതസ്ഥർക്കുമായി 'ഓരോ പള്ളിക്കൊപ്പവും ഒരു പള്ളിക്കൂടം' എന്ന ദീർഘവീക്ഷണമുള്ള ആശയം, എല്ലാ എതിർപ്പുകളെയും തരണം ചെയ്ത് അദ്ദേഹം പ്രാവർത്തികമാക്കി. സമൂഹത്തിൽ നിന്നും ഉയർന്ന വെല്ലുവിളികളെ അതിജീവിച്ചു മുന്നേറിയ ബഹുമുഖപ്രതിഭയായ എന്റെ ആ കൈനകരി നാട്ടുകാരനെക്കുറിച്ച് ഞാനല്ലെങ്കിൽ മറ്റാരാണ് എഴുതുക എന്ന ചിന്തയാണ് ഈ പുസ്തകരചനയുടെ പിന്നിൽ.

കേരളത്തിൽ ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, അയ്യങ്കാളി, വക്കം അബ്ദുൾ ഖാദർ മൗലവി തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കൾക്ക് ചരിത്രത്തിൽ കിട്ടിയ പ്രാധാന്യം അവർക്കു വളരെ മുമ്പേ നടന്ന, ഒരു പക്ഷേ അവർക്കൊക്കെ തന്റെ പ്രവർത്തനങ്ങളിലൂടെ വഴികാട്ടിയായിരുന്ന ചാവറയച്ചൻ എന്ന നവോത്ഥാനനായകനും അദ്ദേഹത്തിന്റെ മതനിരപേക്ഷമായ പ്രവർത്തനങ്ങൾക്കും ലഭിച്ചിട്ടില്ല എന്നൊരു നോവ് എന്നെ വളരെ നാളായി അലട്ടിക്കൊണ്ടിരുന്നു. ആ നൊമ്പരങ്ങളും ഈ ശ്രമത്തിനു പുറകിലെ ഒരു കാരണമായിരുന്നിരിക്കാം.

ആത്മകഥാ രൂപേണയൊരുക്കിയിരിക്കുന്ന ഈ ജീവചരിത്രം കഴിയുന്നതും ലളിതമായി എഴുതാൻ ശ്രമിച്ചിട്ടുണ്ട്. ഈ പുസ്തകം ആ മഹാന്റെ ജീവിതത്തിലേക്കും സഭാ ചരിത്രത്തിലേക്കും കൊഴിഞ്ഞുവീണ പത്തൊമ്പതാം നൂറ്റാണ്ടിലേക്കുമുള്ള ഒരു വഴികാട്ടിയാവട്ടെ എന്നാഗ്രഹിച്ച് വായനക്കാരുടെ മുന്നിൽ വിനയത്തോടെ സമർപ്പിക്കുന്നു.

ഡോ. മാത്യു മാമ്പ്ര

# ഉള്ളടക്കം


| | |
|---|---|
| കുഞ്ഞോളങ്ങൾ | 25 |
| വെളിപാടുപോലെ | 29 |
| കുട്ടനാടിന്റെ നന്മ | 32 |
| പൂർവാശ്രമമായ കൈനകരി | 36 |
| എന്റെ ജനനം | 38 |
| അമ്മ- ആദ്യഗുരുനാഥ | 43 |
| പ്രാഥമികവിദ്യാഭ്യാസം | 46 |
| ദൈവവിളി വന്നവഴി | 48 |
| വീടുകയറ്റവും ഇടവകകയറ്റവും | 52 |
| പ്രിയപ്പെട്ടവരുടെ വേർപാട് | 54 |
| വൈദികൻ | 57 |
| കർമമേഖലയിൽ | 60 |
| വഴിത്തിരിവുകളുടെ കാലം | 63 |
| മാന്നാനംകുന്നും ഉയർന്ന ഭവനവും | 65 |
| പരീക്ഷണങ്ങളുടെ ഘോഷയാത്ര | 70 |
| മാന്നാനം സെമിനാരിയുടെ തുടക്കം | 73 |
| മകംപിറന്ന മരത്തിൽപ്പണിത പ്രിയോർവള്ളം | 75 |
| കുരിശിന്റെ വഴി | 77 |
| ഗുരുവിന് യാത്രാമൊഴി | 78 |
| അച്ചടിശാല | 80 |
| വിദ്യാഭ്യാസവിപ്ലവത്തിന്റെ തുടക്കം | 84 |
| സി.എം.ഐ സഭയുടെ സ്ഥാപനം | 86 |
| കേരളസഭയ്ക്ക് ഒരു അഗ്നിപരീക്ഷ | 89 |
| മുന്നേറ്റം വിദ്യാഭ്യാസത്തിലൂടെ | 94 |
| ആധ്യാത്മികനേതൃത്വം | 98 |
| കൂനമ്മാവിലേക്ക് | 100 |
| സ്ത്രീകൾക്കായുള്ള സന്യാസഭാസ്ഥാപനം | 102 |
| പെൺകുട്ടികൾക്കുള്ള സ്കൂളും ബോർഡിംഗും | 108 |
| കൂനമ്മാവിലെ പ്രിയോർമാവ് | 110 |
| ഉപവിശാലയും ഒരു നല്ല അപ്പന്റെ ചാവരുളും | 112 |
| വിടപറയൽ | 115 |
| അനുബന്ധം | |



# ഞാൻ ചാവറ

CMI
DRD
CMI DEPT. OF RESEARCH & DOCUMENTATION, KOCHI

# 1

# കുഞ്ഞോളങ്ങൾ

**പ**മ്പാനദി പതിവിലും ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു. കുഞ്ഞോളങ്ങൾ മാത്രം. അസ്തമയസൂര്യന്റെ കിരണങ്ങളേറ്റ് സ്വർണനിറത്തിൽ തുള്ളുന്ന കുഞ്ഞോളങ്ങൾ. ഞാൻ കൊതുമ്പുവള്ളം മെല്ലെ തുഴഞ്ഞു. മുപ്പത്തഞ്ചു വർഷമെങ്കിലുമായിക്കാണും കൊച്ചുവള്ളത്തിൽ കയറി തുഴഞ്ഞിട്ട്. പക്ഷെ, ഒരു വിഷമവും തോന്നിയില്ല. കഴിഞ്ഞകാലങ്ങളൊന്നും എന്നിലെ കുട്ടനാട്ടുകാരനിൽ ഒരു മാറ്റവും വരുത്തിയില്ല എന്നു തിരിച്ചറിഞ്ഞ നിമിഷങ്ങൾ...

കൈനകരി കൊവേന്ത[1] ലക്ഷ്യമാക്കിയാണ് എന്റെ യാത്ര. നാട്ടിൽ വരുമ്പോഴൊക്കെ അവിടെ പോയി ആ കടവത്ത് കുറച്ചുനേരം ഇരിക്കുക പതിവാണ്. ആ വേളകളിൽ ഒരു നല്ലബാല്യത്തിന്റെ ഓർമകൾ എന്നെ തേടിയെത്തും. എല്ലാം മറന്ന് കാലുകൾ വെള്ളത്തിലിട്ട് കുറേനേരം ഒരു ഇരിപ്പ്. കുഞ്ഞുമീനുകൾ കാലിൽ വന്ന് കൊത്തിക്കൊണ്ടേയിരിക്കും. അനുഭവിച്ചാൽ മാത്രം മനസ്സിലാകുന്ന ഒരു സുഖം, ഒരു തഴുകൽപോലെ. ചെറുപ്പത്തിൽ എത്രയോതവണ കൂട്ടുകാരുമൊത്ത് ഇവിടെ സൊറ പറഞ്ഞ് ഇങ്ങനെ ഇരുന്നിട്ടുണ്ട്. അവരൊക്കെ ഇപ്പോൾ എവിടെയായിരിക്കും? ജീവിക്കാനുള്ള പരക്കംപാച്ചിലിൽ ഓരോ ദേശത്താവാനാണ് സാധ്യത. ഒന്നോർത്താൽ ബാല്യമാണ് നല്ലത്. ചുമതലകളില്ലാത്ത ഭാരരഹിതമായ കുട്ടിക്കാലം. എന്തു രസമായിരുന്നു അന്നൊക്കെ.

---

*1. ആശ്രമദൈവാലയം*

ഈ വള്ളം കിട്ടാൻ ബുദ്ധിമുട്ടേണ്ടി വന്നില്ല. താറാവുവളർത്തൽ തൊഴിലാക്കിയ മുട്ടക്കടക്കാരൻ² അവുതച്ചന്റെ മകനെ ഞാൻ സ്വയം പരിചയപ്പെടുത്തി. വള്ളംതരാൻ അവൻ മടി കാണിച്ചില്ല. ഒരു ചോദ്യംമാത്രം.

'നിങ്ങൾ ഒത്തിരി നാളായി ബാംഗ്ലൂരല്ലെ?'– ചുണ്ടിന്റെ ഒരു ഭാഗത്ത് ചിരി നിർത്തിക്കൊണ്ട് അവൻ തുടർന്നു.

"നീന്തൽ ഒക്കെ ഇപ്പൊഴും അറിയാമോ?"

ഞാൻ ഉത്തരം പറഞ്ഞില്ല. ഒന്നു ചിരിക്കുകമാത്രം ചെയ്തു. ആ ചിരിയുടെ അർത്ഥം, താറാവുകളെ ഒരു നോട്ടം കൊണ്ടും ചില ശബ്ദങ്ങൾ കൊണ്ടും നിയന്ത്രിക്കുന്ന അവനു പെട്ടെന്നു മനസ്സിലായതുപോലെ. എങ്കിലും കുറച്ചധികം സമയം ഞാൻ കാണാതെ അവൻ എന്നെ നോക്കി നിൽപ്പുണ്ടായിരുന്നു.

മനസ്സിലൊരു മൂളിപ്പാട്ടോടെ കൊതുമ്പുവള്ളത്തിലെ യാത്ര ആസ്വദിക്കുകയായിരുന്നു ഞാൻ. പാന്റ് സുമിട്ട് കൊച്ചുവള്ളം തുഴയുന്നതുകൊണ്ടാവാം ചിലരൊക്കെ എന്നെ കരയിൽനിന്നു ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

നല്ല ഭംഗിയുള്ള കുട്ടനാടൻ തീരങ്ങൾ. ചെറുപ്പത്തിൽ ഈ സൗന്ദര്യം മനസ്സിലാക്കിയിരുന്നില്ല എന്നതാണ് സത്യം. പണ്ടൊക്കെ ഈ രണ്ടു കരകളിലും മറച്ചുവെച്ച, പകുതി കരയിലും പകുതി വെള്ളത്തിലുമായി കെട്ടിയുണ്ടാക്കിയ ഓലമേഞ്ഞ കുളിപ്പുരകൾ ഉണ്ടായിരുന്നു. വീടുകളിൽ കൂടിവരുന്ന ബാത്റൂമുകൾ ഇവയുടെ 'വംശനാശ'ത്തിന് കാരണമായി. ഇന്നിവിടെ കുളിക്കടവുകൾ തന്നെ കുറവായിരിക്കുന്നു.

തോർത്തുടുത്ത് എണ്ണ തേച്ച് ഈ പമ്പാനദിയിലേക്കു ചാടി നീന്തുക, ഒരുതവണ അക്കരെവരെ നീന്തിവരുക. എന്നിട്ട് സോപ്പും ഇഞ്ചയും ചേർത്തുതേച്ച് ഒന്നുകൂടി അക്കരയ്ക്ക് മത്സരിച്ച് നീന്തി തിരികെയെത്തുക– ചെറുപ്പത്തിൽ ഞങ്ങൾ ആൺകുട്ടികളുടെ കുളിയെന്നു പറയുന്നത് ഇങ്ങനെയായിരുന്നു. പിന്നെ, തോർത്തുന്നത് ഉൾപ്പെടെ ഏതാണ്ട് അരമണിക്കൂർ കൂടി. വെള്ളത്തിൽ താണുനിന്ന് ഉടുത്തിരിക്കുന്ന തോർത്തുകൊണ്ടുതന്നെ തോർത്തും. അതിനുശേഷം വെള്ളത്തിൽ നിന്ന് മെല്ലെ പൊങ്ങുന്നതനുസരിച്ച് താണുവന്ന് നാണം മറയ്ക്കുന്ന തോർത്തിന്റെ ഇന്ദ്രജാലം. ഇതിനിടയിൽ ആ വഴിയെ പോകുന്നവരോടൊക്കെ കുശലം പറച്ചിൽ. ബാല്യകാലഓർമകൾ ഒരു നല്ല നാരങ്ങാമിഠായി നുണയു

*2. പഴയകാലത്തെ കുട്ടനാട്ടിലെ ഒഴുകി നടക്കുന്ന 'സൂപ്പർ മാർക്കറ്റ്'. ഉപ്പുതൊട്ട് കർപ്പൂരം വരെ ഇതിൽ കിട്ടും. പണത്തിന് പകരം താറാവിന്റെയും കോഴിയുടെയും മുട്ടയാണ് സാധാരണ, സ്ത്രീകൾ സാധനങ്ങൾ വാങ്ങിയാൽ കൊടുക്കുക.*

ന്നതുപോലെ സുഖംതരുന്നതു ഞാൻ അറിഞ്ഞു.

പല വിദേശരാജ്യങ്ങളും കണ്ടിട്ടുണ്ടെങ്കിലും ഇപ്പോൾ എന്റെ കൈന കരി ഗ്രാമത്തിന്റെ സൗന്ദര്യം കാണുമ്പോൾ വല്ലാത്തൊരു വശ്യത തോ ന്നുന്നു. ഇത്രയും അഴകുള്ള സ്ഥലം ഞാൻ ഇതുവരെ പോയ ഇടങ്ങളി ലൊന്നും കണ്ടിട്ടില്ല.

അകലെനിന്ന് ഒരു ഹൗസ്ബോട്ട് മെല്ലെ ഒഴുകിവരുന്നുണ്ട്. ഞങ്ങളു ടെ നൗകകൾ തമ്മിൽ 'ആനയും ആടും പോലെ' വലുപ്പവ്യത്യാസമുണ്ട്. എന്നാൽ എതിർദിശയിലായതിനാൽ അതിലെ സഞ്ചാരികൾ വേഗം എ ന്നോടടുക്കുന്നതു പോലെ. ഹൗസ്ബോട്ട് അടുത്തെത്തിയപ്പോൾ ചാരുക സേരയിൽ പുസ്തകം വായിച്ചുകൊണ്ടിരുന്ന മദാമ്മ എന്റെ കൊച്ചുവ ള്ളത്തെ വളരെ കൗതുകത്തോടെ നോക്കി. ഏതാണ്ട് പത്തു പേർക്കെ ങ്കിലും കയറാവുന്ന ഒഴുകുന്ന വലിയ ആ ആഡംബരവീട്ടിൽ ഒരു സാ യിപ്പും മദാമ്മയും മാത്രം. സായിപ്പു വെറുതെ കിടന്നുകൊണ്ട് തീരത്തി ന്റെ സൗന്ദര്യം ആസ്വദിക്കുന്നു. ഇരുവരും വളരെ സന്തോഷത്തോടെ, സമാധാനത്തോടെ, ശാന്തമായ മുഖഭാവത്തോടെ തങ്ങളുടേതായ ലോ കത്ത്.

കുട്ടനാടും പമ്പയെന്ന ഈ പുണ്യനദിയും മനസ്സിനെന്നും ശാന്തത തരുന്ന ഇടമാണ്, ശരിതന്നെ. ക്രയവിക്രയങ്ങളുടെ നാടായ ബാംഗ്ലൂർന ഗരത്തിൽനിന്നും ഇവിടെവന്ന് കുറച്ചുസമയം ചിലവഴിക്കുമ്പോൾ എന്തെ ന്നില്ലാത്ത ഒരാനന്ദമാണ് മനസ്സിന്. ഇരമ്പിപ്പായുന്ന വാഹനങ്ങളും കൂവി പ്പായുന്ന ട്രെയിനുകളും ഇല്ല. തിരക്കിട്ട ജീവിതത്തിൽ നിന്നും ഓടിയൊ ളിക്കാൻ പറ്റിയ ഒരിടം.

കൊതുമ്പുവള്ളം കൈനകരി കൊവേന്തയോടടുത്തു. ഞാൻ എട്ടു വയ സ്സുമുതൽ അൾത്താരബാലനായി കുർബാനയ്ക്കു കൂടിക്കൊണ്ടിരുന്ന പ്രി യപ്പെട്ട കൊവേന്തപ്പള്ളി. മുറ്റത്ത് കായ്ച്ചു കിടക്കുന്ന പ്രിയോർ മാവ്. പ ള്ളിയോടുചേർന്ന് സൺഡേ സ്കൂൾ. വല്ലാത്തൊരു സന്തോഷം. മനസ്സ് നാലു പതിറ്റാണ്ടു പുറകിലേക്ക് പോയതുപോലെ. എത്തിപ്പിടിക്കാൻ പാ കത്തിൽ കിടക്കുന്ന പ്രിയോർ മാങ്ങകൾ അച്ചൻമാരുടെ കണ്ണിൽ പ്പെടാതെ പൊട്ടിച്ചത്... കൂട്ടുകാരോടൊത്ത് മടിക്കുത്തിൽ കരുതിവെച്ചിരിക്കുന്ന ഉ പ്പുംകൂട്ടി ആ മാങ്ങകൾ കഴിച്ചിരുന്നത്... എന്തെല്ലാം നല്ല ഓർമകൾ.

എന്നെ ഞാനാക്കിയ ഇടങ്ങളിൽ ഒന്ന്.

* * *

കൊവേന്തപ്പള്ളിയിൽനിന്നും വൃദ്ധനായ ഒരു വൈദികൻ ആറ്റുതീര ത്തുകൂടി നടന്നുപോകുന്നു. വെളുത്ത കുപ്പായം. അദ്ദേഹത്തിന്റെ പുഞ്ചി രിക്കുന്ന ശാന്തമായ മുഖം ദൂരെനിന്ന് വ്യക്തമല്ലെങ്കിലും കാണാൻ

കഴിയുന്നുണ്ട്. കഷണ്ടി കയറിയിരിക്കുന്നു. ഉള്ള മുടി പഞ്ഞിക്കെട്ടു പോലെ നരച്ചിരിക്കുന്നു. അദ്ദേഹം നടക്കുന്നത് ഞാൻ വള്ളം തുഴയുന്ന ദിക്കിലേക്കുതന്നെ. അച്ചന്മാരുടെകൂടെ ചെറുപ്പത്തിൽ അൾത്താരബാല നായി സഹായിച്ചിട്ടുള്ളതുകൊണ്ട് അവരിലാരെങ്കിലും ആയിരിക്കും എന്നു ഞാൻ ഓർത്തു. പഴയ ആൾക്കാരെ കാണുന്നതു സന്തോഷം തരുന്ന കാര്യമാണല്ലോ. പ്രത്യേകിച്ചു നാട്ടിൽ വരുമ്പോൾ.

'ഒന്നു കണ്ടുകളയാം' -ഞാൻ ഓർത്തു.

അദ്ദേഹത്തോടൊപ്പം എത്താനായി ഞാൻ ആഞ്ഞുതുഴഞ്ഞ് മായിത്ര ക്കടവിൽ വള്ളം അടുപ്പിച്ചു. മായിത്രക്കാർ ഞങ്ങളുടെ കുടുംബക്കാരാണ്. അതുകൊണ്ട് വള്ളം അവരുടെ തോട്ടിൽകയറ്റി ഇടാം. പക്ഷെ തിരിഞ്ഞു നോക്കിയപ്പോൾ ആ പട്ടക്കാരനെ കാണാനില്ല. എന്റെ കണ്ണുകൾ അവി ടെയെല്ലാം അദ്ദേഹത്തെ തിരഞ്ഞു. ഒന്നു നോക്കിക്കളയാം എന്നു കരുതി വള്ളം അവിടെ കെട്ടിയിട്ട് ബണ്ടുവഴി ഞാൻ കിഴക്കോട്ടു നടന്നു.

ഭംഗിയുള്ള സ്ഥലം. വീതിയുള്ള ബണ്ടിന്റെ ഒരുവശത്ത് നിറയെ കുലച്ചുകിടക്കുന്ന തെങ്ങുകൾ. ഇരുവശത്തും താഴെ പച്ചപ്പരവതാനി വിരി ച്ചതുപോലെ നെൽപ്പാടങ്ങൾ.

ചെറുപ്പത്തിൽ എത്ര തവണ ഈ വഴിയിലൂടെ നടന്നിട്ടുണ്ട്. നെൽ പ്പാടങ്ങളെ തഴുകിവരുന്ന ഒരു പ്രത്യേക മണമുള്ള കാറ്റ്. ബണ്ടിലെ വാഴ കളിലെ ഇലകളെല്ലാം കീറിയിരിക്കുന്നു. കാറ്റിന് ഇടയ്ക്ക് ശക്തികൂടാ റുണ്ടെന്ന സൂചനയാണത്.

ഗ്രാമത്തിലെ കാഴ്ചകൾ പിന്നിടുമ്പോഴും എന്റെ കണ്ണുകൾ വൃദ്ധനായ ആ വൈദികനെ തിരയുകയായിരുന്നു. അദ്ദേഹം വളരെ ദൂരം പോയിരിക്കുമോ എന്നോർത്ത് ഞാൻ നടത്തം കൂടുതൽ വേഗതയിലാക്കി. പെട്ടെന്ന് ഞാൻ അറിഞ്ഞു, ചുമലിലൊരു നനുത്ത സ്പർശം. ഞാൻ തിരിഞ്ഞുനോക്കി.

ഇതാ ഞാൻ അന്വേഷിച്ച ആൾ.

ഒരു ഞെട്ടലോടെ അദ്ദേഹത്തെ ഞാൻ തിരിച്ചറിഞ്ഞു.

'ചാവറയച്ചൻ'

ഞാനറിയാതെ പറഞ്ഞുപോയി.

*പിഴയ്ക്കാത്ത മനുഷ്യരില്ല,*
*പൊറുക്കാത്ത ദൈവവുമില്ല.*
**- ചാവറയച്ചൻ**

# 2

# വെളിപാടുപോലെ

**അ**ദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് എന്നെ നോക്കി ചോദിച്ചു.

"നീ എല്ലാ വർഷവും നിന്റെ കുടുംബത്തെയും കൂട്ടിയാണല്ലോ വന്നിരുന്നത്. എന്തേ ഇപ്പോൾ ഒറ്റയ്ക്ക്?"

ഞാൻ വീണ്ടും ഞെട്ടി.

"ഞങ്ങൾ വരുന്നതൊക്കെ അറിയുന്നുണ്ടായിരുന്നോ? അങ്ങു കാണുന്നുണ്ടായിരുന്നോ?"

ഞാൻ അൽപ്പം വിറയലോടെ ചോദിച്ചു. മുഴുമിപ്പിക്കുന്നതിനു മുമ്പ് അദ്ദേഹം ചിരിച്ചു.

"നിന്നെ ഞാൻ ചെറുപ്പം മുതലേ കാണുന്നതല്ലേ. നീ എന്റെ മുറിയിൽക്കിടന്ന് എത്രയോ തവണ ഉറങ്ങിയിരിക്കുന്നു... ഒന്നും ഓർമയില്ലേ?"

സ്വപ്നം കാണുകയാണോ ദൈവമേ? ഞാൻ ഒന്നു കൂടെ ഉറപ്പുവരുത്തി. അല്ല. വർത്തമാനം പറഞ്ഞ്, എന്നോടൊപ്പം നടക്കുന്നത്, ചാവറയച്ചൻ തന്നെ.

"നീ പേടിക്കേണ്ട. നമ്മളൊക്കെ ഒരേ വീട്ടുകാരും നാട്ടുകാരും അല്ലേ, എന്നെപ്പോലെ തന്നെ നീയും നിന്റെ ജീവിതത്തിലെ ആദ്യ പതിമൂന്നു വർഷം ഈ ഗ്രാമത്തിലല്ലേ വളർന്നത്. - നീ വാ, നമുക്ക് എന്തെങ്കിലും മിണ്ടിയും പറഞ്ഞുമിരിക്കാം."

എന്റെ പേടി പമ്പകടന്നു. പുതുമഴ പെയ്ത മണ്ണിന്റെ മണം അവിടമാകെ പരന്നതു ഞാൻ തിരിച്ചറിഞ്ഞു. മറ്റെന്തൊക്കെയോ സമ്മിശ്ര

സുഗന്ധങ്ങളും എനിക്കു ലഭിക്കുന്നതുപോലെ.

എന്തോ ഓർത്തിട്ടെന്നപോലെ ഞാൻ ചോദിച്ചു.

"അങ്ങ് അറിഞ്ഞില്ലേ, അങ്ങയെ വിശുദ്ധനാക്കുന്ന കാര്യം ഫ്രാൻസിസ് പാപ്പ ഇന്നലെ പ്രഖ്യാപിച്ചത്? ഈ വരുന്ന നവംബർ 23നാണ് ചടങ്ങ്. അങ്ങ് റോമിൽവെച്ച്".

ഒരു കുഞ്ഞിനെപ്പോലെ ഒറ്റ ശ്വാസത്തിലാണ് ഞാനതു പറഞ്ഞത്. ഉച്ചത്തിൽ ഒരു ചിരിയായിരുന്നു ഉത്തരം. ചിരി നിർത്താതെ അച്ചൻ പറഞ്ഞു.

"നീ അന്ന് അങ്ങ് റോമിൽ ഉണ്ടാവും എന്നാണല്ലോ ഞാൻ അറിഞ്ഞത്."

ഇപ്പോൾ ഞാൻ ശരിക്കും വാ പൊളിച്ചുപോയി. എന്റെ ചിന്തകൾ പോലും ഈ പുണ്യാത്മാവ് അറിഞ്ഞിരിക്കുന്നു.

"പുണ്യാളന്റെ സ്വന്തം ആളാണെന്ന് വീമ്പിളക്കാനാണോ നീ റോമിൽ പോകുന്നത്?- കൊള്ളാം, കൊള്ളാം."

അദ്ദേഹം ചിരിച്ചുകൊണ്ടേയിരുന്നു.

ഞാൻ ചെറുതായിട്ടൊന്നു ചമ്മുന്നത് അദ്ദേഹം മനസ്സിലാക്കിയെന്ന് തോന്നുന്നു.

"ഞാൻ വെറുതെ പറഞ്ഞതാ, നീ മുമ്പും അവിടെ പോയിട്ടുണ്ടല്ലോ. നീ പൊയ്ക്കോ, ഞാനും വരാൻ നോക്കാം".

"എന്ത്? നോക്കാമെന്നോ? അച്ചനില്ലെങ്കിൽ എങ്ങനെയാ ചടങ്ങു നടക്കുക?"

ഞാൻ അറിയാതെ ചോദിച്ചുപോയി. അദ്ദേഹം വീണ്ടും ചിരിച്ചു. ഞങ്ങൾ ബണ്ടിലൂടെ ചാവറ ചാപ്പൽ വരെയെത്തി. ചാവറയച്ചൻ ജനിച്ചുവളർന്ന മണ്ണ്.

അദ്ദേഹം തന്റെ മുറിയുടെ അരികിലുള്ള തിണ്ണ ചൂണ്ടിക്കാണിച്ച് എന്നോടു പറഞ്ഞു.

"നീ ചെറുപ്പത്തിൽ ഇവിടെയിരുന്നു നിര കളിക്കുമ്പോൾ നിന്നെ ഞാൻ ശ്രദ്ധിച്ചിരുന്നു. എനിക്ക് നിന്നെ ഇഷ്ടമായിരുന്നു."

ഞാൻ ആശ്ചര്യത്തോടെ നോക്കിയപ്പോൾ അദ്ദേഹം തുടർന്നു "നീയും ഒരു വൈദികനാകുമെന്ന് എല്ലാവരും കരുതി. പക്ഷെ ഞാനറിഞ്ഞിരുന്നു നിന്റെ വിളി അതല്ലെന്ന്."

"എന്താ ഞാൻ ശരിയാവില്ലായിരുന്നോ? കോളേജിൽ പോകുന്നതിനുപകരം സെമിനാരിയിൽ പോയിരുന്നെങ്കിൽ ഞാനും ഒരു പ്രിയോര

ച്ചനെങ്കിലും ആയേനെ, ചിലപ്പോൾ മെത്രാനും".

ഞാൻ പരിഭവത്തോടെ വീമ്പിളക്കി.

അദ്ദേഹത്തിന്റെ കൂടെ ഞാനും ചിരിച്ചു. ചിരിയുടെ ശബ്ദം അൽപ്പം ഉയർന്നോ എന്നു സംശയം. തവിട്ടും വെള്ളയും കലർന്ന ഉടുപ്പിട്ട ഒരു കന്യാസ്ത്രീ എന്റെ അടുത്തുവന്ന് എന്നെ ഒന്നു പരുഷമായി നോക്കിയിട്ട് ആരാണെന്ന് ചോദിച്ചു. ഞാൻ എന്റെ വലതുവശത്തേക്ക് നോക്കി. അച്ചൻ എന്നെ കണ്ണിറുക്കി കാണിച്ചു. ഞാൻ എന്നെ പരിചയപ്പെടുത്തി.

'നിങ്ങളുടെ കൂടെ ആരെങ്കിലും വന്നിട്ടുണ്ടോ?'

എനിക്കു മനസ്സിലായി, സിസ്റ്റർ ഞങ്ങളുടെ കളിയൊന്നും കാണുന്നില്ലെന്ന്. അതെനിക്ക് കൗതുകമായി. ശബ്ദം എടുക്കരുതെന്ന് മാന്യമായി താക്കീതു തന്ന് അവർ കൈയിലുള്ള കൊന്ത ജപിച്ചുകൊണ്ട് തിരിച്ചുപോയി. അച്ചൻ എന്നെയും കൂട്ടി വളച്ചുകെട്ടിന്റെ ഉള്ളിലേക്കുകയറി. പൂജ്യമായി സൂക്ഷിച്ചിരുന്ന അച്ചന്റെ മുറിയുടെ[3] പടിയിൽ ഇരുത്തി. ഞാൻ വളരെ കൗതുകത്തോടെ അദ്ദേഹത്തെ നോക്കി. പതിയെ ചോദിച്ചു.

"ജനിച്ചുവളർന്ന വീടല്ലേ, ഇവിടെ നിൽക്കുമ്പോൾ എന്തൊക്കെയാ ചാവറയച്ചന്റെ ഓർമകൾ?"


അച്ചൻ എന്തോ ഓർത്തതുപോലെ, ഒരു നിശബ്ദതയ്ക്കുശേഷം പറഞ്ഞുതുടങ്ങി.

"ഈ തിണ്ണയിലിരുന്നാണ് എന്റെ അമ്മ എന്നെ മുലയൂട്ടിയിരുന്നത്. എന്റെ നാലു ചേച്ചിമാരും ഉണ്ടാവും ചുറ്റിനും."

ഞാൻ വേറെ ഏതോ ലോകത്തേക്ക് പോകുന്നതുപോലെ. ഇതുവരെ അനുഭവിക്കാത്ത ഒരനുഭൂതി. അച്ചൻ മെല്ലെ തുടർന്നു...

---

*3. ഈ മുറി അച്ചന്റെ ജന്മഗൃഹമായ പടിഞ്ഞാറെ ചാവറ വീടിന്റെ ഒരു ഭാഗമായിരുന്നു. 1979-ൽ സി.എം.ഐ. സഭ ഈ വീട് ചാവറയച്ചന്റെ നാലാം തലമുറക്കാരനായ അപ്പച്ചന്റെ കൈയിൽനിന്നും വാങ്ങി. 1984-ൽ അതിനു മാറ്റങ്ങൾ വരുത്തി ഈ മുറിക്കുചുറ്റും ഒരു വളച്ചുകെട്ടും അതിനുള്ളിൽ ഒരു ചാപ്പലും പണിതീർത്തു. ഈ മുറി വളച്ചുകെട്ടിനുള്ളിൽ പൂജ്യമായി നിലനിർത്തിയിരിക്കുന്നു.*



# 3

# കുട്ടനാടിന്റെ നന്മ

**തി**രുവിതാംകൂറിന്റെ മദ്ധ്യഭാഗത്ത് വേമ്പനാട്ടു കായലിനെ തൊട്ടുകിടക്കുന്ന കുട്ടനാട് കേരളത്തിന്റെ നെല്ലറയായിരുന്നതിനാൽ സമ്പൽസമൃദ്ധമായ സ്ഥലമായിരുന്നു. ചരിത്രമുറങ്ങുന്ന ഈ നാടിനെ തലോടി ഒരിക്കലും വറ്റാത്ത പുണ്യപമ്പാ ഉൾപ്പെടെയുള്ള നദികൾ ഒഴുകുന്നു. വഞ്ചിപ്പാട്ടിന്റെയും തേക്കുപാട്ടിന്റെയും ഈരടികൾ കേട്ടുണരുന്ന പുഞ്ചപ്പാടങ്ങളുടെ മദ്ധ്യത്തിൽ അങ്ങിങ്ങായി നിറയെ തെങ്ങുകളുള്ള ചെറുതുരുത്തുകൾ മനോഹരമായ കാഴ്ചയാണ്. കാർഷികസമൃദ്ധിയുടെ സമ്പന്നമായ ഭൂതകാലമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിലെ കുട്ടനാടിന്റേത്. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ഇവിടേക്ക് പെൺകുട്ടികളെ വിവാഹം

കഴിച്ചയയ്ക്കാൻ അക്കാലത്തെ കുടുംബങ്ങൾക്ക് ഏറെ താൽപ്പര്യമായിരുന്നു. തങ്ങളുടെ പെൺമക്കൾ ഒരിക്കലും പട്ടിണിയാവില്ലെന്നതും നല്ല നന്മയും പാരമ്പര്യവുമുള്ള പുരാതന കുടുംബങ്ങൾ ഇവിടെ ഉണ്ടെന്നതുമായിരുന്നു അതിന്റെ കാരണങ്ങൾ.

ഇവിടുത്തെ ജീവിതങ്ങൾ, ആചാരങ്ങൾ, ആഘോഷങ്ങൾ എല്ലാം കൃഷിയെ ചുറ്റിപ്പറ്റിയായിരുന്നു. ഏതാണ്ട് 90 ശതമാനം ആളുകളുടെയും പ്രധാന തൊഴിൽ കൃഷിയായിരുന്നു.

ആലപ്പുഴയുടെ കാർഷികപ്പെരുമക്കു നന്ദി പറയേണ്ടത് ഏകദേശം 500 ചതുരശ്ര കിലോമീറ്റർ ചുറ്റളവിലുള്ള ഈ പ്രദേശത്തോടും ഇവിടത്തെ കഠിനാദ്ധ്വാനികളായ ജനതയോടും ആണ്. അവർ കായലുകളെ നെൽപ്പാടങ്ങളാക്കി അവിടെ തങ്ങളുടെ അദ്ധ്വാനത്തിലൂടെ കനകം വിളയിച്ചു.

കേരളത്തെ മുഴുവൻ ചോറൂട്ടിയ നെല്ലറയിലെ കായൽനിലങ്ങൾ എല്ലാംതന്നെ മനുഷ്യസൃഷ്ടിയെന്നു പറയാം. ഇവിടത്തെ നെഞ്ചുറപ്പുള്ള കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും കഠിനാദ്ധ്വാനത്തിന്റെ ബാക്കിപത്രം. ഇതിനുപുറമേ, ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, പായിപ്പാട്, വൈക്കം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാമായി പതിനായിരങ്ങളാണ് കുട്ടനാട്ടിൽ പണിക്കെത്തിയിരുന്നത്. കൊയ്ത്തുമെതിക്കെത്തുന്ന ആണാളും പെണ്ണാളും മൂന്നുമാസമെങ്കിലും വെപ്പും കുടിയുമായി ഇവിടെത്തന്നെ തങ്ങും. കൂലി കിട്ടുന്ന നെൽച്ചുമടുകളുമായി കൂട്ടത്തോടെയാണ് അവർ മടങ്ങിയിരുന്നത്.

അന്ന് കുട്ടനാട്ടിൽ അദ്ധ്വാനം ഒരു ആഘോഷമായിരുന്നു. 'എല്ലുമുറിയെ പണി ചെയ്താൽ പല്ലുമുറിയെതിന്നാം' എന്നതായിരുന്നു അവരുടെ പ്രമാണം.

അദ്ധ്വാനത്തിന്റെ ആയാസമില്ലാതാക്കാൻ അകമ്പടിയായി പാട്ടുകൾ. രാത്രിയിൽ ചക്രം ചവിട്ടുന്നതിനും പകലു ഞാറുനടുന്നതിനും കൊയ്ത്തിനും മെതിക്കുമെല്ലാം പാട്ട്. പാട്ടുകൾക്കനുസരിച്ച് കൈവേഗം കൂടിയപ്പോൾ ആയാസം ഇല്ലാതെ വേഗം ജോലി തീർക്കാമെന്നായി. കടുപ്പമുള്ളതും ആവർത്തനവിരസവുമായ ജോലികൾ ആയാസരഹിതമാക്കാനുള്ള ഇന്നത്തെ വലിയ മാനേജ്മെന്റ് തന്ത്രങ്ങൾ അന്നത്തെ-കുട്ടനാട്ടുകാരന്റെ ദൈനംദിനജീവിതരീതികൾ മാത്രമായിരുന്നു.

കുട്ടനാട് ഒരു കാലത്ത് കൊടുംകാടായിരുന്നെന്ന് ശാസ്ത്രീയനിരീക്ഷണങ്ങളും ഐതിഹ്യങ്ങളും പറയുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രകൃതിക്ക് സംഭവിച്ച മാറ്റത്തിൽ അറബിക്കടലിന്റെ കുറേ ഭാഗം പിന്നോട്ടു പോകുകയും കായലുകളും ചതുപ്പുകളും രൂപം കൊള്ളുകയും ചെയ്

തത്രേ. സഹ്യപർവതനിരകളിൽ നിന്നുത്ഭവിച്ച പമ്പ, മീനച്ചിൽ, അച്ചൻ കോവിൽ നദികളിലൂടെ ഒഴുകിവന്ന എക്കൽനിക്ഷേപം ഫലപുഷ്ഠമായ കുട്ടനാടിന് രൂപം നൽകി. ഇവിടെ വൃക്ഷങ്ങളും പടർപ്പുകളും വളർന്ന് വനമാകുകയും പിന്നീട് അഗ്നിബാധയിൽ കാടുകത്തി മണ്ണിനോടു ചേരു കയും ചെയ്തു. ഇത് ഗന്ധർവവനം ആയിരുന്നെന്നും പറയപ്പെടുന്നു. കാട്ടുതീ മൂലം ഇതിനു 'ചുട്ടനാട്' എന്നു പേരു വന്നെന്നും പിന്നെ അത് കുട്ടനാട് എന്ന് അറിയപ്പെടുകയും ചെയ്തെന്ന് ഐതിഹ്യം.

കാടു കത്തി മണ്ണോടുചേർന്നതിനുമേലെ വീണ്ടും നദികളിലെ എക്കൽ അടിഞ്ഞുകൊണ്ടിരുന്നു. അതാണിന്നത്തെ കുട്ടനാട്. മണ്ണിനടിയിൽ ഇപ്പൊഴും അടിഞ്ഞുകിടക്കുന്ന കരിഞ്ഞ വൃക്ഷങ്ങൾ ഈ നിഗമനത്തിനു തെളിവാണ്. ഈ ഭാഗത്തുള്ള പല ഗ്രാമങ്ങളുടെയും പേരിന്റെ കൂടെ 'കരി' എന്നുള്ളതും ഇതിനൊരു തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

വഞ്ചിപ്പാട്ടിന്റെയും തേക്കുപാട്ടിന്റെയും അന്നത്തെ ഈരടികളിൽ ഈ നാടിന്റെ നന്മയും അദ്ധ്വാനശീലവും പ്രകീർത്തിക്കുന്ന വരികൾ ധാരാള മായി കാണാൻ കഴിയും.

എ.ഡി. രണ്ടാം ശതകത്തിലെ അവസാനഘട്ടം മുതൽ കേരളത്തിൽ ഭരണം നടത്തിവന്ന ചേരരാജാക്കന്മാരുടെ കാലത്താണ് കുട്ടനാട്ടിൽ സ്ഥ ലനാമങ്ങൾ ഉണ്ടായതെന്ന് ചരിത്രരേഖകളിൽ കാണുന്നു. അന്നു ജാതി വ്യവസ്ഥകൾ കർശനമായിരുന്നില്ല. പറയർ, പാണർ, പുലയർ തുടങ്ങി യവർക്കും ഉന്നത ജാതിക്കാർക്കൊപ്പം മാന്യത നൽകിയിരുന്നു. ബ്രാഹ്മ ണപ്രധാനികളെ രാജാവിന്റെ ഉപദേഷ്ടാക്കളായും പറയ, പുലയ പ്രധാ നികളെ ഇടപ്രഭുക്കന്മാരായും നിയമിച്ചു. പക്ഷെ എട്ടാം നൂറ്റാണ്ടോടെ ജാതിസംബന്ധമായ ഉച്ചനീചത്വങ്ങൾ മറ്റെല്ലായിടത്തുമെന്നതുപോലെ ഇവിടെയും കൊടികുത്തി വാണു.

ക്രൈസ്തവപാരമ്പര്യം ഏറെ അവകാശപ്പെടാനുണ്ട് കുട്ടനാടൻപ്രദേ ശത്തിന്. പുരാതനമായ പല ക്രൈസ്തവകുടുംബങ്ങളും ഈ പ്രദേശത്ത് നൂറ്റാണ്ടുകളായി താമസിച്ചുപോരുന്നു. ചങ്ങനാശ്ശേരി രൂപതയുടെ രണ്ട് ആരംഭകാല മെത്രാൻമാർ എന്റെ കുടുംബവുമായി ബന്ധമുള്ള കാളാ ശ്ശേരിയിൽ നിന്നുള്ളവരും മറ്റൊരാൾ മാതൃഗൃഹമായ കാളാശ്ശേരിയിൽ പിറന്നുവീണ ചമ്പക്കുളംകാരനായ തോമസ് കുര്യാളശ്ശേരി പിതാവും ആയിരുന്നല്ലോ.

മണ്ണിന്റെ മണമുള്ള എന്റെ നാടായ കുട്ടനാട്ടിലെ അദ്ധ്വാനശീലരായ ജനങ്ങളും അവരുടെ ഈശ്വരനുമായി അടുത്ത ജീവിതവും എന്നെ സ്വാ ധീനിച്ചിട്ടുണ്ടെങ്കിൽ, ഈ നാടിന്റെ നന്മയും കർമോത്സുകതയും മുലപ്പാ ലിലൂടെ എന്നിലേക്ക് വന്നിട്ടുണ്ടെങ്കിൽ അതിനു ഞാൻ, എന്നെ ഭൂലോ

കത്തിന്റെ ഈ ഭാഗത്തു ജനിപ്പിച്ചതിന് തമ്പുരാനോട് നന്ദി പറയേണ്ടി യിരിക്കുന്നു. എന്നിലുള്ള മൂല്യങ്ങൾക്ക് ഞാൻ ഈ നാടിനോട് കടപ്പെട്ടി രിക്കുന്നു.

മെല്ലെപ്പോകുന്ന വള്ളങ്ങളിൽ ശാന്തമായി സഞ്ചരിക്കുന്നതുകൊ ണ്ടാവാം ഈ നാട്ടുകാർ നല്ല ക്ഷമയുള്ളവരായിരുന്നു, വളരെയധികം സ്വപ്നങ്ങൾ നെയ്യുന്നവരുമായിരുന്നു. മനസ്സിൽ സ്വപ്നങ്ങളുണ്ടെങ്കിലേ ജീവിതം പ്രതീക്ഷയോടെ മുമ്പോട്ട് പോകുകയുള്ളൂ. ഒന്നും സ്വപ്നം കാണാനില്ലാത്തവൻ ഇരുട്ടിലായിരിക്കും ജീവിക്കുക. എല്ലാവർക്കും സ്വപ്നങ്ങളുണ്ടാകണം. നൂറു മേനി വിളവും അതിനായുള്ള കൊയ്ത്തും സ്വപ്നം കാണുന്നവനേ നിലം ഒരുക്കി വിത്തെറിയാനാകൂ. അടുത്തവട്ടം താൻ ജയിക്കും എന്ന് സ്വപ്നം കാണുന്നവനേ പരാജയത്തെ അതിജീ വിക്കാനാകൂ.

ഈ നാടിന്റെ പൈതൃകം എന്നെ സ്വപ്നം കാണുന്നവനാക്കി. നാളെ യെപ്പറ്റിയുള്ള നല്ല സ്വപ്നങ്ങൾ.



**ചാവറയച്ചൻ ജനിച്ച കൈനകരിയിലെ ഭവനം**
**(1977-ൽ എടുത്ത ചിത്രം)**

*സമ്പത്തിന്റെ പേരിൽ അഹങ്കരിക്കരുത്.*
**- ചാവറയച്ചൻ**

# 4

# പൂർവാശ്രമമായ കൈനകരി

**വ**ഞ്ചിപ്പാട്ടിന്റെ ഈരടികൾ കേട്ടുണരുന്ന, വയലേലകളുടെയും തെളിനീരരുവികളുടെയും ഇടയിലുള്ള മനോഹരമായ ഒരു തുരുത്താണ് കൈനകരി എന്ന എന്റെ സ്വന്തം ഗ്രാമം. ആലപ്പുഴ നിന്നും അഞ്ചുമൈൽ തെക്കുകിഴക്കായി, നെടുമുടിയിൽ നിന്നും രണ്ടര മൈൽ വടക്കുകിഴക്കായി, കുട്ടനാടിന്റെ മുത്തായ സാമാന്യം വലിയ ഈ ഗ്രാമം സ്ഥിതിചെയ്യുന്നു.

വേമ്പനാട്ടുകായലിനോടും പമ്പാനദിയുടെ ചെറുശാഖകളോടും തൊട്ടുരുമ്മി കിടക്കുന്ന ഹരിതസുന്ദരഭൂമിയാണ് എന്റെ നാട്. കേരളത്തിന്റെ തീരപ്രദേശത്തിനടുത്ത് പൂർണമായും പമ്പാനദിയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ചെറുതുരുത്തുകളുടെ ഒരു സംഗമഭൂമിയായും ഇതിനെ കണക്കാക്കാം. 37 ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ള ഈ ഭൂപ്രദേശത്തിന്റെ 60 ശതമാനവും വേമ്പനാട്ടുകായലും പമ്പാനദിയും ചേർന്ന ജലാശയങ്ങളാണ്.

നെൽകൃഷിയുടെ കാലമായാൽ പച്ചപ്പട്ടു വിരിച്ചപോലെയും നെൽക്കതിർ വിളഞ്ഞു കൊയ്ത്താറാവുമ്പോൾ സ്വർണാഭയിൽ തിളങ്ങുകയും ചെയ്യുന്ന എന്റെ ഗ്രാമഭംഗിയെക്കുറിച്ച് എത്ര വർണ്ണിച്ചാലാണ് മതിവരുക.

അടുത്തുള്ള ആലപ്പുഴ ഒരു വാണിജ്യകേന്ദ്രമായിരുന്ന കാലത്ത് കൈനകരി സമൃദ്ധിയിലും സംസ്കാരത്തിലും മുന്നിട്ടു നിന്നിരുന്നു. കൈനകരി ഉൾപ്പെടെ എല്ലാ കരികളും ചെമ്പകശ്ശേരി രാജാവിന്റെ അധീനതയിലുള്ളതായിരുന്നു. ഓരോ കരിയിലും പെടുന്ന പാടങ്ങളിലെ കൃഷിപ്പണികൾക്ക് മേൽനോട്ടം നൽകിയിരുന്ന തലപ്പുലയന്മാരുണ്ടായിരുന്നു. ഞാറ്റുവേലക്കാലത്ത് വിത്ത് വിതയ്ക്കാനും ചക്രം ചവിട്ടി വെള്ളം

വറ്റിക്കാനും കള പറിക്കാനും കൊയ്യാനും മെതിക്കാനുമൊക്കെയുള്ള നിശ്ച യങ്ങളറിയിച്ചിരുന്ന ഈ തലപ്പുലയന്മാരുടെ പേര് ചേർത്ത് പിന്നീട് ഈ കരികൾ അറിയപ്പെട്ടുതുടങ്ങി. അങ്ങനെ അറിയപ്പെട്ട ഒരു കരിയാണ് ഈ കൈനകരിയും. ഈ ദേശത്തെ വയൽപ്പണികൾക്ക് നേതൃത്വംകൊ ടുത്തിരുന്നത് 'കനകൻ' എന്ന ഒരാൾ ആയിരുന്നെന്നും അദ്ദേഹത്തിന്റെ പേരുപറഞ്ഞ് 'കനകന്റെ കരി' എന്നുള്ളത് ലോപിച്ചാണ് 'കൈനകരി' ഉണ്ടായത് എന്നും വിശ്വസിച്ചുപോരുന്നു. ഈ ദേശത്ത് ഇന്നുമുള്ള 'കന കാശ്ശേരി' എന്ന പാടശേഖരം ഇതിന് ഊന്നൽ നൽകുന്നു.

എണ്ണിയാൽ തീരാത്ത ചെറുതോടുകളും ചെറു തടാകങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. കായൽനിലങ്ങളിൽ വിത്തെറിഞ്ഞ് കനകം വിളയിക്കുന്ന ഈ നാട് അദ്ധ്വാനിക്കുന്നവന്റെ വിയർപ്പിന്റെ ഉപ്പ് രുചിക്കുന്ന വളക്കൂറുള്ള മണ്ണാണ്. പുരാതനമായ പുണ്യക്ഷേത്രങ്ങളും വിശുദ്ധ ക്രൈസ്തവ ദൈവാലയങ്ങളും മഹാരഥന്മാരുടെ ജന്മഭൂമിയെന്ന പേരും ഈ ഗ്രാമത്തിന്റെ സംസ്കാരത്തിന് കീർത്തിയുടെ മകുടം അണി യിക്കുന്നു. എല്ലാ വർഷവും ക്ഷേത്രോത്സവങ്ങളിലും പള്ളിപ്പെരുന്നാളു കളിലും ഇവിടുത്തെ ജനത ഒന്നുപോലെ പങ്കുകൊള്ളുന്നത് അവരുടെ ഐക്യബോധത്തിന്റെ മഹനീയതയെ കാണിക്കുന്നു.

*കുടുംബത്തിലെ പ്രധാനസമ്പത്ത്*
*ദൈവഭയവും ഭക്തിയും ആകുന്നു.*
**- ചാവറയച്ചൻ**

# 5

# എന്റെ ജനനം

**പ**മ്പയാറിന്റെ കൈവഴികളുടെ ശാന്തമനോഹാരിതയെയും വേമ്പനാട്ടു കായലിന്റെ തിരയിളക്കങ്ങളെയും ഏറ്റുവാങ്ങി ചരിത്രങ്ങളും മഹാപുരാണങ്ങളും തുടിച്ചുനിൽക്കുന്ന കൈനകരിഗ്രാമം. നാനാ മതസ്ഥരായ നല്ല മനസ്സുകൾ സാഹോദര്യത്തോടെ ഒത്തുചേർന്നു താമസിച്ചിരുന്ന ആ ഗ്രാമത്തിൽ, പടിഞ്ഞാറെ ചാവറ കുടുംബത്തിൽ 1805 ഫെബ്രുവരി 10നു ഞാൻ ജനിച്ചു.

ഇവിടെ തെക്കേ ചാവറയെന്നും വടക്കേ ചാവറയെന്നും പേരുകളുള്ള രണ്ടു പുരാതനഹൈന്ദവ കുടുംബങ്ങൾക്ക് പടിഞ്ഞാറ് താമസിക്കേണ്ടി വന്നതിനാലാണ് മീനപ്പള്ളിയെന്ന ഈ കുടുംബശാഖയ്ക്ക് പടിഞ്ഞാറെ ചാവറ എന്നു പേരു വന്നത്. ഇക്കോയെന്നു വിളിച്ചിരുന്ന ചാവറ കുര്യാക്കോസിന്റെയും വെളിയനാട് തോപ്പിൽ മറിയത്തിന്റെയും ആറുമക്കളിൽ ഏറ്റവും ഇളയപുത്രനായ എന്റെ ജനനം ഈ വീട്ടിൽ തന്നെയായിരുന്നു.


അച്ചൻ, ഇന്നെനിക്ക് തലമുറകളായി കൈമാറ്റം ചെയ്തുകിട്ടിയിട്ടുള്ള മാമ്പ്ര തറവാടിരിക്കുന്ന ഭാഗത്തേയ്ക്ക് നോക്കി എന്നോടായി പറഞ്ഞു: "ഇവിടെ എന്റെ വീട്ടിൽ നിന്നും നോക്കിയാൽ പാടത്തുകൂടെ നിന്റെ വീട് കാണാമായിരുന്നു. ഒന്നുറക്കെ കൂവിയാൽ കേൾക്കുന്ന ദൂരം മാത്രം." -ഞാൻ തലയാട്ടി, തുടർന്നു കേൾക്കാനായി കാതോർത്തു.

വളരെ കോമളനായിരുന്നത്രേ ഞാൻ. അതുകൊണ്ടുകൂടിയാകണം, എന്റെ ജനനം വീട്ടിൽ എല്ലാവർക്കും വളരെ സന്തോഷം നൽകിയത്. എന്റെ നാലു ചേച്ചിമാരും ഒരു ജ്യേഷ്ഠനും സദാ എന്നെ താലോലിക്കു

ന്നതിൽ സന്തോഷം കണ്ടു.

ചാവറക്കുടുംബം കുറവിലങ്ങാട്ടു പകലോമറ്റം കുടുംബത്തിന്റെ ഒരു ശാഖയായിരുന്നു. ആദ്യനൂറ്റാണ്ടിൽ എ.ഡി. 52–ൽ കൊടുങ്ങല്ലൂരിൽ വന്നി റങ്ങുകയും കേരളത്തിലും പുറത്തും സുവിശേഷം പ്രസംഗിക്കുകയും

## വംശാവലി




ചെയ്ത ക്രിസ്തുശിഷ്യനായ മാർത്തോമാ ശ്ലീഹായാൽ ജ്ഞാനസ്നാനം നൽകപ്പെട്ട പാലയൂരിലുള്ള നാലു പുരാതന കുടുംബങ്ങളായ പകലോ മറ്റം, ശങ്കൂരി, കാളി, കാളികാവ് എന്നിവയിൽ പ്രധാനപ്പെട്ടതായിരുന്നു പകലോമറ്റം കുടുംബം. ഇവരിൽ ചിലർ അങ്കമാലി, തെക്കേ പള്ളിപ്പുറം, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ താമസിച്ചുപോന്നു. ഇതിൽ പകലോമറ്റം കുടുംബം അവസാനം കുറവിലങ്ങാട്ട് താമസമാക്കി. എ.ഡി. 337നോട ടുത്തായിരുന്നു ഇത്.

ശക്തമായ ജാതീയ ഉച്ചനീചത്വങ്ങൾ എട്ടാം നൂറ്റാണ്ടു മുതൽക്കേ നാട്ടിൽ നിലനിന്നുപോന്നു. അന്നു കൈനകരിയിലെ ഒരു പുരാതനഹി ന്ദുകുടുംബമായിരുന്നു മുക്കാട്ടുമഠക്കാർ. പരമ്പരാഗത കർഷകരായിരു ന്നതുകൊണ്ടുതന്നെ ഈ കുടുംബത്തെ ആശ്രയിച്ച് ധാരാളം അവർണരും മഠത്തിലെ ജോലികൾക്കായി ആ പരിസരത്തുതന്നെ താമസിക്കുന്നുണ്ടാ

യിരുന്നു. അവർണർ തൊട്ടാൽ അശുദ്ധമാകുമെന്ന സങ്കൽപ്പം നിറഞ്ഞു നിന്ന കാലമായിരുന്നു അത്. ഇങ്ങനെയുണ്ടാകുന്ന അശുദ്ധി ഒരു നസ്രാണി (മാർത്തോമ ക്രിസ്ത്യാനി) തൊട്ടാൽ ശുദ്ധമാകുമെന്ന് അന്ന് ഹൈന്ദവരിലെ ഉന്നത കുലജാതരായവർ വിശ്വസിച്ചിരുന്നു.

മുക്കാട്ടുമഠത്തിലെ കാരണവന്മാരുടെ പ്രേരണയാൽ ചെമ്പകശ്ശേരി രാജാവിന്റെ സേനാനായകനായ കണ്ണാട്ടുപണിക്കരുടെ ക്ഷണപ്രകാരം പകലോമറ്റം തറവാട്ടിലെ അരോഗദൃഢഗാത്രനും കായികാഭ്യാസിയുമായിരുന്ന തൊമ്മൻ കൈനകരിയിൽ ഏതാണ്ട് 1700-ാം ആണ്ടോടുകൂടി വന്നു. ആദ്യം താമസിച്ചത് മാപ്പിളപ്പറമ്പിലായിരുന്നെങ്കിലും സ്ഥിരതാമസമാക്കിയത് മുക്കാട്ടു പുരയിടത്തിലായിരുന്നു. അവർ മുക്കാട്ട് എന്ന കുടുംബപ്പേരു സ്വീകരിച്ചു.

തൊമ്മന്റെ ഏകപുത്രൻ ആയിരുന്ന ചാക്കോയുടെ രണ്ടു പുത്രന്മാരാണ് മീനപ്പള്ളി, കാളാശ്ശേരി എന്നീ കുടുംബങ്ങളുടെ സ്ഥാപകർ. ഇതിൽ മീനപ്പള്ളി ശാഖയിലെ നാലു പുത്രന്മാർ വിവാഹശേഷം മാറി താമസിച്ചപ്പോൾ മാമ്പ്ര, ചാവറ, കളിപ്പറമ്പ്, വള്ളവന്തറ എന്നീ കുടുംബങ്ങൾ ജനനം കൊണ്ടു. താമസിക്കാൻ ചെല്ലുന്ന പറമ്പുമായി ബന്ധപ്പെട്ട പേരുകൾ ഇടുന്നത് ആ കാലത്ത് പതിവായിരുന്നു.

മീനപ്പള്ളിയിലെ രണ്ടു സഹോദരങ്ങൾ കൈനകരി കിഴക്കേക്കരയിൽ അടുത്തടുത്തായി ചാവറ, മാമ്പ്ര എന്നീ പുരയിടങ്ങളിൽ താമസമാക്കിയത് ഏതാണ്ട് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലാണ്. ഞാൻ ജനിച്ച ചാവറ പുരയിടത്തിലേക്ക്, മാമ്പ്ര സഹോദരൻ താമസം മാറ്റിയ സമയത്തുതന്നെ, താമസം മാറ്റിയത് എന്റെ അപ്പന്റെ അപ്പനായിരുന്ന യൗസേപ്പായിരുന്നു.

ഞങ്ങളുടെ വംശാവലിയിലുള്ള കൈനകരി കാളാശ്ശേരി കുടുംബത്തിൽനിന്നുമാണ് ഒരു നൂറ്റാണ്ടിനുശേഷം ഉണ്ടായ വിദ്യാഭ്യാസനായകനായി അറിയപ്പെട്ട ചങ്ങനാശ്ശേരി രൂപതാ മെത്രാൻ മാർ ജെയിംസ് കാളാശ്ശേരിയുടെ ജനനം എന്ന് ഞാൻ മുമ്പ് പറഞ്ഞിരുന്നല്ലോ. അദ്ദേഹത്തിന്റെ പ്രേരണയാലാണ് സഭാസ്ഥാപകപിതാക്കന്മാർ 1933-ൽ ദിവ്യകാരുണ്യ മിഷനറി സഭ (M.C.B.S) മല്ലപ്പള്ളിയിൽ സ്ഥാപിച്ചത്.

"അദ്ദേഹം സർ സി.പിക്കെതിരെ പോരാടിയ കഥയൊക്കെ നിനക്കറിയാവുന്നതല്ലേ?"

ഞാൻ കൗതുകപൂർവം ഒരു ചരിത്ര വിദ്യാർത്ഥിയുടെ താൽപ്പര്യത്തോടെ കേട്ടുകൊണ്ടിരുന്നു.

അങ്ങകലെ എവിടെയോ ക്ഷേത്രത്തിൽനിന്നും ഭജനപ്പാട്ടുകളുടെ താളം കുളിർകാറ്റിനൊപ്പം ഓളങ്ങൾ പോലെ കയറിയിറങ്ങി ഒഴുകി

വന്നുകൊണ്ടിരുന്നു.

അച്ചൻ തുടർന്നു...

"പിന്നെയുമുണ്ട് കാലത്തിന്റെ രസകരമായ വികൃതികൾ. എന്നെ പ്രിയോരച്ചാ എന്നു വിളിച്ചവർ പിൽക്കാലത്ത് എന്റെ വംശാവലിയിൽ ഉള്ള പിന്തുടർച്ചക്കാരൻ മാമ്പ്രയച്ചനെയും[4] അങ്ങനെ വിളിച്ചു."

ഞാൻ ഒന്നും മനസ്സിലാകാതെ മിഴിച്ചു നിന്നു. എന്റെ ശിരസ്സിൽ ചിരിച്ചുകൊണ്ട് ഒരു തട്ടു തന്നുകൊണ്ട് അച്ചൻ തുടർന്നു.

"നിന്റെ പിതൃസഹോദരൻ തോമാച്ചനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്."

വളരെ ഉത്സാഹത്തോടെ ഞാൻ എന്റെ ശരീരം ഒന്നിളക്കി തിടുക്കത്തിൽ ചോദിച്ചു.

'അങ്ങു ജനിച്ചതിനുശേഷമുള്ളതൊന്നും പറഞ്ഞില്ല'

നീ തിടുക്കം കൂട്ടാതെ, അതിനുമുമ്പ് എന്റ അമ്മയുടെ വീട്ടുകാരെപ്പറ്റി പറയാം. എന്റെ അമ്മ മറിയം, വെളിയനാട് തോപ്പിൽ കുടുംബാംഗമായിരുന്നു. തോപ്പിൽ ശരിക്കും പുരാതനവും പ്രശസ്തവുമായ തോട്ടയ്ക്കാട്ട് ചോതിരക്കുന്നേൽ കുടുംബത്തിൽനിന്നും 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കുട്ടനാട്ടിലേക്കു വന്നവരാണ്. ചോതിരക്കുന്നേൽ കുടുംബത്തിന്റെ തുടക്കം കൊടുങ്ങല്ലൂരാണെങ്കിലും അവർ പിന്നെ ചൊവ്വരയിൽ താമസമാക്കി. അതിനുശേഷമാണ് തോട്ടയ്ക്കാട്ടേക്ക് താമസം മാറിയത്. 'ചൊവ്വരക്കുന്നേൽ' ആണ് ലോപിച്ച് ചോതിരക്കുന്നേൽ ആയതെന്നും ഒരു വാദം ഉണ്ട്.

തോപ്പിൽ ഇട്ടിക്കുരുവിള-അന്ന ദമ്പതികളുടെ പത്തു മക്കളിൽ അഞ്ചാമത്തേതായിരുന്നുഎന്റെ അമ്മ. വെളിയനാട് എന്ന കുട്ടനാടൻ ഗ്രാമം കൈനകരിയിൽ നിന്നും ചങ്ങനാശ്ശേരിയിലേക്ക് കിഴക്കോട്ടുള്ള ജലപാതയിൽ ഏതാണ്ട് പത്തു മൈൽ യാത്ര ചെയ്താൽ മണലാടിയുടെയും രാമങ്കരിയുടെയും എതിർ കരയിലുള്ള പച്ചപ്പായ ദേശമാണ്. കത്തോലിക്കർ കൂടുതലുള്ള വെളിയനാടിന് വെറും 19 ചതുരശ്ര കിലോമീറ്റർ വിസ്തീർണമേയുള്ളു. വലുപ്പത്തിൽ കൈനകരിയുടെ പകുതിയേ ഉള്ളുവെങ്കിലും അന്നു ചങ്ങനാശ്ശേരിയിൽ നിന്നും പടിഞ്ഞാറോട്ട് നോക്കിയാൽ കായലിന്റെ നടുക്കെന്നു തോന്നുമാറ് കാടു പിടിച്ചു കിടന്ന ഈ ഭൂപ്രദേശംമാത്രമേ ഉണ്ടായിരുന്നുള്ളൂ. എട്ടു പത്തു നാഴിക ദൂരമുള്ള പ്രദേശമായിരുന്നതിനാൽ ഇതിനെ ഒരു വിദൂരനാടായി ചങ്ങനാശ്ശേരിക്കാർ ക

---

4. *സി.എം.ഐ. സഭയുടെ പ്രിയോർ ജനറാളായിരുന്ന കൈനകരിയിൽ നിന്നുള്ള ഫാ. തോമസ് മാമ്പ്ര*

ണ്ടിരിക്കാം. ചേര രാജാക്കന്മാരുടെ ഭരണകാലത്ത് തമിഴ് ഭാഷയ്ക്ക് പ്രാധാന്യം ഉണ്ടായിരുന്നതുകൊണ്ട് ഇവർ ഇതിനെ 'വെളിനാട്' എന്നു വിളിക്കുകയും അത് ക്രമേണ വെളിയനാടാവുകയും ചെയ്തെന്നാണ് തോപ്പിലെ എന്റെ അമ്മാവന്മാർ പറഞ്ഞു തന്നിട്ടുള്ളത്. പ്രശസ്തമായ അത്തിക്കളം, കുന്നമ്പള്ളി, വേങ്ങശ്ശേരി, നടുവേലി എന്നീ കുടുംബങ്ങൾ അമ്മവീടായ തോപ്പിൽ കുടുംബത്തിന്റെ ശാഖകളാണ്.

ഞാൻ ജനിച്ചതിന്റെ എട്ടാം നാൾ, അതായത് ജനിച്ചദിവസവും കൂട്ടിയുള്ള എട്ടാം നാൾ, 1805 ഫെബ്രുവരി 17-ാം തിയതി ഞങ്ങളുടെ ഇടവകയായ ചേന്നങ്കരി യൗസേപ്പിതാവിന്റെ നാമത്തിലുള്ള പള്ളിയിൽ എന്നെ മാമ്മോദീസ മുക്കി. ഒരു വളവര വള്ളത്തിളാണ് എന്നെ കൊണ്ടുപോയത്. അതിപുരാതനവും പമ്പയാറിന്റെ തീരത്തു സ്ഥിതിചെയ്യുന്നതുമായ ഈ മനോഹരമായ പള്ളി എ.ഡി. 977 ആഗസ്റ്റ് ഒന്നിന് ഏഷ്യാ ഭൂഖണ്ഡത്തിലെ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ആദ്യപള്ളിയായി കൂദാശ ചെയ്യപ്പെട്ടതാണ്. അന്ന് എന്റെ ജന്മനാടായ കൈനകരിയിൽ കപ്പേള പള്ളിയുണ്ടെങ്കിലും അടുത്ത ഗ്രാമമായ ചേന്നങ്കരിയിലുള്ള പള്ളിയായിരുന്നു ഇടവകപ്പള്ളി.

സുറിയാനി പാരമ്പര്യമനുസരിച്ച് രണ്ടാമത്തെ ആൺതരിക്ക് അപ്പന്റെ പേര് തന്നെയായിരുന്നു അക്കാലങ്ങളിൽ മാമ്മോദീസാ പേരായി ഇട്ടിരുന്നത്. അങ്ങനെ എനിക്ക് കുര്യാക്കോസ് എന്ന പേര് ലഭ്യമായി.



# 6

# അമ്മ - ആദ്യ ഗുരുനാഥ

**തി**കഞ്ഞ മാതൃഭക്തയായിരുന്ന അമ്മ എന്നെ മുലയൂട്ടുമ്പോൾ മാതാവിന്റെ സ്തുതിഗീതങ്ങൾ താരാട്ടായി മൂളുമായിരുന്നു. എനിക്ക് ആറുമാസം മാത്രം പ്രായം ഉള്ളപ്പോൾ എന്റെ അപ്പനും അമ്മയും എന്നെ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി ദേവമാതാവിന് അടിമവെച്ചു. ആ ദിവ്യ മാതാവിന്റെ ഉത്തമപുത്രനായി വളർത്താൻ ആവുന്നതെല്ലാം ചെയ്തുകൊള്ളാമെന്ന പ്രതിജ്ഞയുമെടുത്തു. അതുപോലെ തന്നെ അനുഷ്ഠിക്കാനും അവർ ശ്രദ്ധപുലർത്തി.

വിശുദ്ധ മാതാവിന്റെ വണക്കത്തിലേക്കും അതുവഴി ദൈവമഹത്വത്തിലേക്കും എന്നെ നയിച്ചതു മാതാപിതാക്കളായിരുന്നു. സാത്വികരും സദാ ദൈവചിന്തയിൽ കഴിയുന്നവരുമായിരുന്നു എന്റെ മാതാപിതാക്കൾ. സ്നേഹസമ്പന്നരായ മാതാപിതാക്കളുമൊത്തുള്ള ബാല്യകാലം എന്നിൽ ഏറെ സ്വാധീനം ചെലുത്തി. എന്റെ കുഞ്ഞുമനസ്സിൽ ആഴത്തിൽ പതിഞ്ഞ ആദ്യത്തെ ഓർമ്മ അമ്മയുടേതായിരുന്നു.

അമ്മ മുലപ്പാലോടു കൂടി ജപങ്ങളും പ്രാർത്ഥനകളും എന്നിലേക്ക് ഒരു ഊർജമായി പകർന്നുതരുമായിരുന്നു. അമ്മയുടെ കൂടെ കിടന്നുറങ്ങുന്ന ഞാൻ ചില രാത്രികളിൽ അമ്മയെ കാണാതെ വിഷമിച്ചു തിരയു

മായിരുന്നു. അപ്പൊഴെല്ലാം മുട്ടിന്മേൽനിന്നു കരഞ്ഞുപ്രാർത്ഥിക്കുന്ന അമ്മയെയായിരുന്നു എനിക്ക് കാണാൻ കഴിഞ്ഞിരുന്നത്. വളർന്നപ്പോൾ ജപങ്ങളും പ്രാർത്ഥനകളും എന്നെ പഠിപ്പിക്കാൻ അമ്മയ്ക്കോ സഹോദരങ്ങൾക്കോ ബുദ്ധിമുട്ടുവന്നില്ല. കാരണം അതൊക്കെ എവിടെയോ എന്റെ ഉള്ളിൽ തന്നെയുണ്ടായിരുന്നു. ഗർഭാവസ്ഥയിൽ തന്നെ എന്റെ അമ്മയിൽനിന്ന് അതൊക്കെ എനിക്ക് ലഭിച്ചിരുന്നു.

എന്റെ അപ്പനും അമ്മയും എല്ലാവർഷവും സെപ്റ്റംബർ 8-ാം തിയതി വെച്ചൂർ പള്ളിയിൽപോയി നേർച്ച പുതുക്കി അടിമപ്പണം നൽകുമായിരുന്നു. മകനെ മാതാവിന് അടിമവെച്ചതിന്റെ സ്മരണയ്ക്കായി മരണം വരെ അവർ ആ പതിവു തുടർന്നു. 'മാതാവിന്റെ ദാസനാണ് നീ' എന്ന കാര്യം എന്നെ ഇടയ്ക്കിടെ ഓർമിപ്പിക്കാനും അവർ ശ്രദ്ധിച്ചു.

കുടുംബപ്രാർത്ഥനയിൽ എന്റെ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നെ എപ്പോഴും ചേർത്തുനിർത്തി പ്രാർത്ഥിക്കുന്ന അമ്മയുടെ മുഖം മനസ്സിൽ മായാതെനിൽക്കുന്നു.

പിന്നീട്, രാപ്പകൽ വ്യത്യാസമില്ലാതെ മണിക്കൂറുകളോളം പ്രാർത്ഥനയിലും ധ്യാനത്തിലും കഴിയാനും ദൈവചിന്തയുടെ ഉന്നതങ്ങളിലേക്കുയരാനും എനിക്കു സാധിച്ചിരുന്നു. ഇതിനെല്ലാം പ്രചോദനം സ്നേഹവതിയായ എന്റെ അമ്മ തന്നെയായിരുന്നു.


സ്നേഹത്തോടും ശാന്തതയോടുമാണ് എന്റെ അമ്മ ഞങ്ങൾ കുട്ടികളുടെ തെറ്റു തിരുത്തിയിരുന്നത്. അമ്മയുടെ ശിക്ഷണനടപടികൾ ഗൗരവമാർന്നതും വാത്സല്യം നിറഞ്ഞതുമായിരുന്നു. അവരുടെ കണ്ണുരുട്ടിയുള്ള ഒരു നോട്ടം മതിയായിരുന്നു ഞങ്ങളെ നേർവഴിക്കു കൊണ്ടുവരാൻ. ഞങ്ങളുടെ ശാരീരികവും ബൗദ്ധികവുമായ വളർച്ചയിൽ അവർ അതീവശ്രദ്ധ പുലർത്തി. കുടുംബാന്തരീക്ഷം തികഞ്ഞ ശാന്തതയിലുള്ളതാക്കാൻ എന്റെ അമ്മയ്ക്കു സാധിച്ചു. അമ്മയാണെന്റെ പ്രിയപ്പെട്ട ആദ്യ ഗുരുനാഥ. അവരുടെ സാന്നിധ്യം മാത്രം മതിയായിരുന്നു ഞങ്ങൾ കുഞ്ഞുങ്ങളുടെ മനസ്സിൽ അലിവിന്റെയും ആർദ്രതയുടെയും നീരൊഴുക്കുകൾ ഉണ്ടാക്കാൻ.

കഠിനാദ്ധ്വാനിയായിരുന്നു എന്റെ അപ്പൻ. ഞാൻ ഉണരും മുമ്പുതന്നെ കൃഷിപ്പണികളെല്ലാം നോക്കി നടത്താനായി അപ്പൻ പോകും. അപ്പൻ പോയിക്കഴിഞ്ഞാൽ 'അപ്പനെ കാത്തുകൊള്ളേണമേ' എന്ന് അമ്മ പതിവായി പ്രാർത്ഥിക്കുമായിരുന്നു. ഭക്തനായിരുന്ന എന്റെ അപ്പൻ എന്നെ ഇടവകപ്പള്ളിയിൽ സ്ഥിരമായി കൊണ്ടുപോയിരുന്നു. അതുകൊണ്ടുതന്നെ ശൈശവം പിന്നിട്ടപ്പോൾ ജ്വലിക്കുന്ന തീക്ഷ്ണതയോടെ ഞാൻ ഒരു അൾത്താരബാലനായിമാറി.

എന്റെ മാതാപിതാക്കൾ തിരുക്കുടുംബത്തിലെ ഈശോ, മറിയം, യൗസേപ്പ് എന്നിവരെ എന്റെ മനസ്സിൽ ആഴത്തിൽ പതിപ്പിക്കുന്നതിന് എല്ലാവിധത്തിലും പരിശ്രമിച്ചു.

എനിക്ക് ജോസഫ് എന്നു പേരുള്ള ഒരു ജ്യേഷ്ഠ സഹോദരനും നാലു മുതിർന്ന സഹോദരിമാരും ഉണ്ടായിരുന്നു. എന്റെ ഒരു സഹോദരിയെ പിന്നീട് എടത്വ ചെകിടിക്കാട്ട് വല്ലേലിൽ കുടുംബത്തിലേക്കും മറ്റൊരാളെ ചമ്പക്കുളത്ത് ചിറ്റാലിൽ കവലയ്ക്കൽ കുടുംബത്തിലേക്കും മൂന്നാമത്തെ സഹോദരിയെ മുഹമ്മയിലേക്കും ഇനിയൊരാളെ ആലപ്പുഴയിലേക്കും വിവാഹം കഴിച്ചയച്ചു. എന്റെ ജ്യേഷ്ഠനും അദ്ദേഹത്തിന്റെ ഭാര്യ – എന്റെ ഏടത്തിയമ്മ – മറിയത്തിനും മറിയം എന്ന ഒരു മകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ സന്യാസത്തിനു പോയതിനുശേഷം കുടുംബം അന്യം നിന്നു പോകാതിരിക്കാനായി എന്റെ അനന്തരവൾ മറിയത്തെ ചമ്പക്കുളത്ത് തോട്ടാമുറ്റത്ത് അന്തോണിയെക്കൊണ്ട് ദത്ത് കല്യാണം[5] കഴിപ്പിക്കുകയും അവർ ഞങ്ങളുടെ കുടുംബത്തിൽ തന്നെ താമസിക്കുകയും ചെയ്തു. എന്റെ വീടായ പടിഞ്ഞാറെ ചാവറയിൽ ദത്തുനിന്ന തോട്ടാമറ്റത്ത് അന്തോണി – ചാവറ മറിയം ദമ്പതികളുടെ സന്തതിപരമ്പരകളാണ് കൈനകരിയിലും ആർപ്പൂക്കരയിലും മറ്റുമുള്ള ചാവറ കുടുംബക്കാരിൽ അധികവും. എന്റെ ചിറ്റപ്പന്മാരുടെ കുടുംബങ്ങളും അവരുടെ പിൻതലമുറക്കാരുമാണ് മറ്റുള്ളവർ.

5 *വിവാഹശേഷം ഭാര്യ ഭർത്താവിന്റെ വീട്ടിൽ പോയി താമസിക്കുന്നതിനുപകരം അനന്തരാവകാശികളായി ആൺകുട്ടികളില്ലാത്ത ഭാര്യവീട്ടിൽ ഭർത്താവ് വന്നു താമസിക്കുന്ന രീതിയാണ് ദത്ത്.*



# 7

# പ്രാഥമികവിദ്യാഭ്യാസം

**അ**ഞ്ചാമത്തെ വയസ്സിൽ മാതാപിതാക്കൾ എന്നെ പ്രാഥമികവിദ്യാഭ്യാസത്തിനായി 'കളരി'യിൽ ചേർത്തു. ആശാൻകളരിയായിരുന്നു അത്. സംസ്കൃതവും തമിഴും കണക്കും മലയാളവും അത്യാവശ്യമറിയാവുന്ന ആശാന്മാരായിരുന്നു അക്കാലത്തു പ്രചാരത്തിലുണ്ടായിരുന്ന കളരികളുടെ സർവാധികാരികൾ.

ഓരോ കരയിലും ഇങ്ങനെയുള്ള ആശാന്മാരുടെ നേതൃത്വത്തിലാണ് കുട്ടികൾ പഠനം നടത്തിയിരുന്നത്. അതിന് ഒരു നിശ്ചിതപാഠ്യപദ്ധതിയോ ആശാന്മാർക്ക് കൃത്യമായ പ്രതിഫലമോ ഇല്ലായിരുന്നു. പെൺകുട്ടികളെ കളരിപഠനത്തിനുപോലും അയച്ചിരുന്നില്ല. ഞാൻ കളരിയിൽ പോകുമ്പോൾ സങ്കടത്തോടെ മിടുക്കികളായ എന്റെ മുതിർന്ന സഹോദരിമാർ നോക്കിനിൽക്കുന്നത് എനിക്ക് വേദന ഉളവാക്കിയിട്ടുണ്ട്. നിസഹായതയോടെയുള്ള അവരുടെ ആ നിൽപ്പ് കരളലിയിപ്പിക്കുന്നതായിരുന്നു. ഭാവിയിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള എന്റെ പരിശ്രമങ്ങളിൽ സ്വാധീനം ചെലുത്തുന്ന ഒന്നായി ആ കാഴ്ച മാറി.

അഞ്ചുവർഷമായിരുന്നു കളരിയിലെ പഠനം. ഹിന്ദുക്കളായ ആശാന്മാർ ഹൈന്ദവാചാരപ്രകാരമായിരുന്നു കളരിയിൽ വിദ്യാഭ്യാസം നൽകിയിരുന്നത്. അമ്മ അഞ്ചുവയസ്സുവരെ തന്ന വിദ്യാഭ്യാസരീതിയോട് ചേർന്നുപോകുന്നതായിരുന്നില്ല കളരിയിൽ ആശാൻ അഭ്യസിപ്പിച്ചത്. അന്നു കൈനകരിയിലും മറ്റും കളരികൾ മാത്രമേ പഠനത്തിനായി ഉണ്ടായിരുന്നുള്ളൂ.

എന്റെ കളരിപഠനത്തിനുശേഷം 1817ൽ സ്വാതി തിരുനാൾ മഹാരാജാവിന്റെ കാലത്തു രൂപംകൊണ്ട സർക്കാർ വിദ്യാലയങ്ങളുടെ വരവോടെയാണ് ഇതിനു മാറ്റം ഉണ്ടായത്. അതിനുശേഷം വളരെ കാലം കഴിഞ്ഞ് 1914ലാണ് കൈനകരിയിൽ സ്കൂൾ വരുന്നത്. പിന്നീട് മാത്രപ തൊമ്മി ചാക്കോ ആദ്യ ഹെഡ്മാസ്റ്ററായി കൈനകരിയിൽ ഇന്ന് ആറ്റുതീരത്തുള്ള 'സെന്റ് മേരീസ് ബോയ്സ് ഹൈസ്കൂൾ' ആൺകുട്ടികൾക്കായി സ്ഥാപിക്കപ്പെട്ടു.

1924ലാണ് പെൺകുട്ടികൾക്കായുള്ള സ്കൂൾ വരുന്നത്. ഞാൻ തുടങ്ങിയ ഉപവിശാലയിലായിരുന്നു സ്കൂളിന്റെ പ്രവർത്തനം. 12 വിദ്യാർത്ഥിനികളും മത്തായി മാത്രപ എന്ന ഏക അദ്ധ്യാപകനുമായാണ് പ്രവർത്തനം ആരംഭിച്ചത്. 1927ൽ തോമസ് ചാവറയച്ചൻ കൈനകരി പള്ളി വികാരിയായിരിക്കുമ്പോൾ സ്കൂൾ ആറ്റുതീരത്തേക്ക് മാറ്റപ്പെട്ടു. ഇത് ഇന്ന് 'ഹോളി ഫാമിലി ഗേൾസ് ഹൈസ്കൂൾ' എന്നറിയപ്പെടുന്നു.

പ്രധാനമായും മലയാളവും അടിസ്ഥാനഗണിതവും ആണ് കളരിയിൽ പഠിപ്പിക്കുന്നത്. പഠിക്കാൻ താൽപ്പര്യം ഉണ്ടായിരുന്നതുകൊണ്ട് ആശാൻ എന്നെ സംസ്കൃതവും തമിഴും പഠിപ്പിച്ചു. ചുരുക്കം ചിലരൊഴികെ മറ്റുള്ളവരെല്ലാം അന്യമതസ്ഥരായിരുന്നു. കളരിയിലെ അഞ്ചുവർഷങ്ങൾ കുറച്ചു കടുപ്പമായിരുന്നു. എന്നാൽ നല്ലതിനെ സ്വീകരിക്കാനും മറ്റു മതസ്ഥരോടൊത്ത് സഹിഷ്ണുതയോടെ ഇടപഴകാനും ജീവിക്കാനുമുള്ള കഴിവുകൾ ആ വിദ്യാഭ്യാസമാതൃക എനിക്ക് സമ്മാനിച്ചു.

ആശാന് എന്നെ വളരെ ഇഷ്ടമായിരുന്നു. പഠനം പൂർത്തിയായപ്പോൾ ദക്ഷിണ വാങ്ങി തലയിൽ കൈവെച്ച് അനുഗ്രഹിച്ച് അദ്ദേഹം എന്നെ യാത്രയാക്കി.



# 8

# ദൈവവിളി വന്നവഴി

എനിക്ക് പത്തുവയസ്സ് കഴിഞ്ഞു. കളരിയിലെ പഠനവും കഴിഞ്ഞു. പ്രാർത്ഥനയും വാത്സല്യവും നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ മാതാപിതാക്കളെ അവരുടെ ജോലികളിൽ സഹായിച്ചുനിൽക്കുന്ന കാലം. ഇടക്കിടെ എന്റെ വീടിനടുത്തുള്ള ബന്ധുവീടുകളായ മാമ്പ്രായിലും കാളാശ്ശേരിയിലും അവിടുത്തെ കുട്ടികളുമൊത്ത് കളിക്കാൻ പോകും. അങ്ങനെ ഒരു ദിവസം കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വള്ളം കാളാശ്ശേരിക്കടവിൽ വന്നടുത്തു. അതിൽ നിന്നും ദിവ്യനെപ്പോലെ ഒരു വൈദികശ്രേഷ്ഠൻ ഇറങ്ങിവന്നു ഞങ്ങൾ കുട്ടികളെ അഭിവാദ്യം ചെയ്തു. ഞങ്ങൾ ഓരോരുത്തരായി അദ്ദേഹത്തിനു സ്തുതിചൊല്ലി, ഞാൻ ആരാണെന്ന് അദ്ദേഹം തിരക്കി. അദ്ദേഹം എന്നെത്തന്നെ നോക്കുന്നതായി എനിക്കു തോന്നി. കാളാശ്ശേരിയിലെ അമ്മച്ചി ഓടിവന്ന് അച്ചനെ ബഹുമാനത്തോടെ സ്വീകരിച്ചു. അമ്മച്ചി എനിക്ക് അച്ചനെ പരിചയപ്പെടുത്തി- പാലക്കൽ തോമാച്ചനച്ചൻ. അച്ചന്റെ അമ്മ ചമ്പക്കുളം കല്ലൂർക്കാട് ഇടവകയിലെ പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. അച്ചന്റെ അപ്പൻ 1789ൽ വസൂരി വന്നു മരിച്ചു. അമ്മയും അച്ചന് പട്ടം കിട്ടുന്നതിന് ഏതാനും ദിവസങ്ങൾ

ക്കുമുമ്പ് അസുഖബാധിതയായി മരണമടഞ്ഞു. പിന്നീട് കാളാശ്ശേരിയിലുള്ള ഈ ഇളയമ്മ ആ കുടുംബത്തിന് ഒരു വലിയ സഹായമായിരുന്നു. തെക്കേ പള്ളിപ്പുറത്തായിരുന്നു പാലക്കൽ അച്ചന്റെ വീട്.

തെക്ക് കേരളത്തിൽ വസൂരിയുടെ ശല്യം കുറയുകയും അത് വടക്കോട്ട് പടർന്നു പിടിക്കുകയും ചെയ്തു. മൈസൂറിലെ ടിപ്പുസുൽത്താൻ 1790ൽ വടക്കൻ കേരളത്തിൽ പള്ളികൾ ആക്രമിക്കുകയും ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും ചെയ്തു. പീഡനങ്ങൾ ദുസ്സഹമായപ്പോൾ പ്രമാണിയും മാർത്തോമ്മാ ക്രിസ്ത്യാനിനേതാവും കച്ചവടക്കാരനുമായ കുത്തിയതോട്ടെ തച്ചിൽ മാത്തുതരകനും അദ്ദേഹത്തിന്റെ ഇളയസഹോദരൻ എബ്രാഹം മൽപ്പാനും മറ്റു പലരും തെക്കോട്ടു പാലായനം ചെയ്തു. എബ്രാഹം മൽപ്പാൻ തന്റെ വിദ്യാർത്ഥികളെയും കൂടെകൊണ്ടുവന്ന് തെക്കേ പള്ളിപ്പുറത്ത് ഒരു സെമിനാരി തുറന്നു. നാട്ടുകാരനായ തോമസ് പാലക്കൽ അച്ചനും വീട്ടിൽ നിന്നു പോയിവന്ന് സെമിനാരി പഠനം നടത്തി. എനിക്ക് രണ്ടു വയസ്സുള്ളപ്പോൾ 1807ൽ അദ്ദേഹത്തിനു പട്ടം കിട്ടി. 1809 മുതൽ എട്ടുവർഷം വരാപ്പുഴ മെത്രാൻ റെയ്മണ്ട് സൂരിയയുടെ സെക്രട്ടറിയായി അദ്ദേഹം ജോലിയെടുത്തു. തുടർന്ന്, സെമിനാരി അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് 1818ൽ പള്ളിപ്പുറത്തു മൽപ്പാനായി സ്ഥാനമേറ്റ് ഉത്തരവാദിത്തങ്ങൾ നിർവഹിച്ചു തുടങ്ങി. ഇതിനു തൊട്ടുമുമ്പെപ്പോഴോ ആണ് അദ്ദേഹം കൈനകരി കാളാശ്ശേരിയിൽവെച്ച് എന്നെ കാണുന്നത്.

എന്റെ പെരുമാറ്റവും മറ്റും ഇഷ്ടപ്പെട്ടിട്ടാണെന്നു തോന്നുന്നു അദ്ദേഹമെന്നോട് വൈദികപഠനത്തിനായി പള്ളിപ്പുറത്തേക്കു പോരുന്നോ എന്നു ചോദിച്ചു. രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും ഒന്ന് എന്നപോലെ വന്നതിനാൽ ഞാൻ ഉടനെ സമ്മതം മൂളി. എന്നാൽ മാതാപിതാക്കളുടെ അനുവാദം വേണ്ടതിനാൽ തോമസ് പാലക്കൽ അച്ചൻ എന്റെ കൂടെ ഞങ്ങളുടെ വീട്ടിൽ വരുകയും അപ്പനെയും അമ്മയെയും കണ്ട് വിശദമായി സംസാരിക്കുകയും ചെയ്തു. അവരുടെ മകൻ ദൈവത്തോടടുക്കുന്ന ഒരു വൈദികനാകാൻ വിളിക്കപ്പെടുന്നു എന്ന സന്തോഷത്തിൽ അവർ ആദ്യം അഭിമാനത്തോടെ അനുവാദം തന്നെങ്കിലും എന്നെ വിട്ടു പിരിയുന്ന കാര്യമോർത്തപ്പോൾ അവരുടെ ഹൃദയം നുറുങ്ങി. എന്നെ ഒരു നല്ല വൈദികനായി കാണുക എന്നത് അവരുടെ അഭിലാഷമാണ്. അതേസമയം എന്നെ പിരിഞ്ഞിരിക്കുക സഹിക്കാവുന്നതിലപ്പുറവും. അവരും എന്റെ സഹോദരങ്ങളും അയൽപ്പക്കക്കാരുമൊക്കെ എന്നെ വളരെയധികം സ്നേഹിച്ചിരുന്നു...

ആലോചിക്കും തോറും എന്റെ മാതാപിതാക്കൾ കൂടുതൽ പ്രതിസന്ധിയിലായി. ഈ സമയം ദൈവദൂതനെപ്പോലെ എന്റെ അമ്മയുടെ ആ

ങ്ങള വെളിയനാട് തോപ്പിലെ ഗീവർഗീസ് അച്ചന്റെ അപ്പൻ, എന്റെ അമ്മാവൻ തോപ്പിൽ കുര്യൻ ഇടപെടുകയും തുടർന്ന് മാതാപിതാക്കൾ എന്നെ വൈദികപഠനത്തിനയക്കാമെന്ന തീരുമാനത്തിലെത്തി. എന്റെ അമ്മയുടെയും മറ്റുള്ളവരുടെയും വിഷമം മനസ്സിലാക്കി പാലക്കൽ അച്ചൻ തൽക്കാലം എന്നെ ചേന്നങ്കരി ഇടവകപ്പള്ളിയിൽ പഠിപ്പിക്കാം എന്നു തീരുമാനിച്ചു. അങ്ങനെയായാൽ ഇടയ്ക്കൊക്കെ എന്നെ അവർക്കു വന്നു കാണാമല്ലോ. അതോടെ എല്ലാവർക്കും സന്തോഷമായി.

അങ്ങനെ ഞാൻ എന്റെ പതിനൊന്നാം വയസ്സിൽ 1816ൽ ചേന്നങ്കരി ഇടവകപള്ളിയിൽ വികാരിയച്ചന്റെ കീഴിൽ വൈദികവിദ്യാർത്ഥിയായി ചേർന്നു. രണ്ടുവർഷത്തെ സ്വന്തം ഇടവകപ്പള്ളിയിലെ പരിശീലനത്തിനുശേഷം പള്ളിപ്പുറം സെമിനാരിയിലേക്കു പോയി അവിടെ 1818ൽ പാലക്കൽ തോമാ മൽപ്പാന്റെ ശിഷ്യനായി ചേർന്നു പഠനമാരംഭിച്ചു.

മൽപ്പാൻ മെത്രാന്റെ സെക്രട്ടറി പദവിയിൽനിന്നും പള്ളിപ്പുറത്തുവന്നു സ്ഥാനമേറ്റിട്ട് അധികനാളായിരുന്നില്ല. തോമാ മൽപ്പാന് വൈദികവിദ്യാർത്ഥികളെ രൂപപ്പെടുത്തിയെടുക്കുന്നതിനു പ്രത്യേക രീതികൾതന്നെയുണ്ടായിരുന്നു.

മൽപ്പാനേറ്റുകൾ എന്നറിയപ്പെട്ടിരുന്ന സെമിനാരികളിലായിരുന്നു വൈദികപരിശീലനം നടന്നിരുന്നത്. സുറിയാനിഭാഷയിൽ നന്നായി പരിജ്ഞാനം ഉള്ളവരും വിശുദ്ധഗ്രന്ഥങ്ങളിൽ അഗാധമായ അറിവുള്ളവരും ആയിരിക്കണം മൽപ്പാനേറ്റുകളിലെ അദ്ധ്യാപകർ. സുറിയാനിയിൽ മൽപ്പാൻ എന്നാൽ അദ്ധ്യാപകൻ, പ്രൊഫസ്സർ എന്നൊക്കെയാണർത്ഥം. മൽപ്പാന്മാർ വിദ്യാർത്ഥികൾക്ക് നല്ല ജീവിതമാതൃകയും ആകേണ്ടതുണ്ട്. പഠനത്തിനു നിശ്ചിതസമയപരിധി ഇല്ല. ശിഷ്യൻ പഠനം പൂർത്തിയാക്കിയെന്നു മൽപ്പാനു ബോദ്ധ്യമാവുമ്പോൾ മാത്രമാണ് മെത്രാന്റെയടുത്ത് വൈദികപട്ടത്തിന് അപേക്ഷിക്കുക.

ഭാരതീയപാരമ്പര്യത്തിൽ ഗുരുശിഷ്യബന്ധത്തിനു വലിയ പ്രാധാന്യമാണുള്ളത്. ഗുരു പഠിപ്പിക്കുന്നതിനപ്പുറം ഗുരുവിനോടൊപ്പം ജീവിച്ച് ഗുരുവിന്റെ ജീവിതം തന്നെ മാതൃകയാക്കുന്നതായിരുന്നു ഭാരതത്തിൽ നിലനിന്നുപോന്ന ഗുരുകുല വിദ്യാഭ്യാസരീതിയുടെ പ്രത്യേകത. ഏകദേശം ഈ രീതിയോടു സാമ്യമുള്ള പരിശീലനങ്ങളാണ് അന്നും ഇന്നും വൈദിക പരിശീലനരംഗത്ത് നിലനിന്നു പോരുന്നത്.

ഞാനടക്കം 8 പേരായിരുന്നു പള്ളിപ്പുറം സെമിനാരിയിലെ വിദ്യാർത്ഥികൾ. വിട്ടുവീഴ്ചയില്ലാത്ത പഠനരീതികളായിരുന്നു പള്ളിപ്പുറം സെമിനാരിയിൽ നിലനിന്നിരുത്. പള്ളിയുടെ മുകൾനിലയിലെ ഹാളിലായിരുന്നു ക്ലാസ്സ്. നേരം പുലരുന്നതിനുമുമ്പ് ആരംഭിക്കുന്ന പഠനം. ഭക്ഷണ

ത്തിനും പ്രാഥമികാവശ്യങ്ങൾക്കും മാത്രമേ മുറി വിട്ടിറങ്ങാൻ പാടുള്ളൂ. പകൽസമയമെല്ലാം പാലക്കൽ മൽപ്പാനച്ചൻ വിദ്യാർത്ഥികളോടൊപ്പം ഉണ്ടാവും. ഉച്ചയ്ക്കുശേഷം ഒരു ചെറിയ മയക്കത്തിനും പോകും. മയക്കം കഴിഞ്ഞ് തിരിച്ചുവരുമ്പോഴേക്കും വിദ്യാർത്ഥികൾ സുറിയാനിയും മലയാളവും പഠിക്കണം. വൈകുന്നേരങ്ങളിൽ അൽപ്പം വിശ്രമം ആവാം. രാത്രിയിൽ ആത്മീയ പുസ്തകവായനയും പ്രഘോഷണങ്ങളും അതിനെക്കുറിച്ചുള്ള ചർച്ചകളും മൽപ്പാന്റെ നേതൃത്വത്തിൽ. ഇതായിരുന്നു ദിനചര്യ.

സെമിനാരിയിൽ പല പുതിയ നയപരിപാടികളും പാലക്കൽ മൽപ്പാൻ വിജയകരമായി നടപ്പിൽവരുത്തിയിരുന്നു. സുറിയാനി കത്തോലിക്കാ വൈദികരുടെ വേഷങ്ങളിലും അദ്ദേഹം മാറ്റങ്ങൾ വരുത്തി.

അറിവു നേടുന്നതിനു പരന്ന വായന അത്യന്താപേക്ഷിതമാണെന്ന് വായനാതൽപ്പരനായ തോമാ മൽപ്പാൻ വിദ്യാർത്ഥികളെ എപ്പൊഴും ഓർമിപ്പിക്കുമായിരുന്നു. അതിനു നിർബന്ധിക്കുകയും ചെയ്തിരുന്നു.

അച്ചടി കേട്ടുകേൾവി മാത്രമായിരുന്ന ആ കാലത്ത് സെമിനാരിയിൽ പുസ്തകങ്ങൾ വളരെ കുറവായിരുന്നു. യാത്രയിലും മറ്റും ലഭിക്കുന്ന പുസ്തകങ്ങൾ പാലക്കലച്ചൻ കൊണ്ടുവരുകയും തന്റെ വിദ്യാർത്ഥികളെക്കൊണ്ട് ഇതു പകർത്തി എഴുതിച്ച് മറ്റുള്ളവർക്കു വായിക്കാനായി സൂക്ഷിക്കുകയും ചെയ്യുക പതിവായിരുന്നു. എന്റെ സാഹിത്യാഭിരുചിക്കും ഭാഷാസ്നേഹത്തിനും അച്ചടിശാല തുടങ്ങുന്നതിനുള്ള ആന്തരികപ്രേരണയ്ക്കും ഞാൻ പള്ളിപ്പുറം സെമിനാരിയോടും പാലക്കൽ മൽപ്പാനച്ചനോടും കടപ്പെട്ടിരിക്കുന്നു.

രണ്ടുവർഷത്തെ നിഷ്ഠയും വിശുദ്ധിയും ഉള്ള സെമിനാരി പഠനത്തിനുശേഷം എന്റെ പതിനഞ്ചാം വയസ്സിൽ അന്നത്തെ വരാപ്പുഴ മെത്രാൻ പീറ്റർ അൽക്രാന്തസിൽനിന്നും 1820ൽ അസ്തപ്പാടുപട്ടം സ്വീകരിക്കാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചു.

*സർവേശ്വരൻ സൂക്ഷത്തിനായി നിങ്ങളുടെ കൈയിൽ ഏൽപ്പിച്ചിട്ടുള്ള നിക്ഷേപമാകുന്നു നിങ്ങളുടെ മക്കൾ.*
**- ചാവറയച്ചൻ**

# 9

# വീടുകയറ്റവും ഇടവകകയറ്റവും

**സു**റിയാനിക്കാരുടെ ഇടയിൽ നിലവിലിരുന്ന ഒരാചാരമാണ് വീടുകയറ്റവും ഇടവക കയറ്റവും. അസ്തപ്പാടുപട്ടം സ്വീകരിച്ച ശെമ്മാശനെ ഇടവകയോഗവും ജനങ്ങളും ചേർന്ന് സ്വീകരിച്ച് ആഘോഷമായി ഇടവകയിലേക്കും വീട്ടിലേക്കും കൊണ്ടുപോകുന്ന ചടങ്ങായിരുന്നു ഇത്.

സാധാരണ സെമിനാരിയിൽ ചേരുന്ന സമയത്ത് ഇടവക യോഗം സെമിനാരിയിലേക്കുള്ള ദേശക്കുറി കൊടുക്കണം. ഇത് വ്യക്തിക്ക് നൽകുന്ന അംഗീകാരമാണ്. ഇതു ചെയ്യുന്നതുവഴി സാമ്പത്തികമായി മോശമല്ലാത്ത ഇടവകകൾ ശെമ്മാശന്റെ സെമിനാരി പഠനത്തിന്റെ ചെലവ് ഏറ്റെടുക്കും. എന്നാൽ പള്ളിപ്പുറം സെമിനാരി മൽപ്പാനായിരുന്ന പാലക്കൽ തോമാകത്തനാർ നേരിട്ട് ഇടപെട്ട് സെമിനാരിയിൽ ചേർത്തതുകൊണ്ട് തുടക്കത്തിൽ ഇത്തരം നടപടിക്രമങ്ങളൊന്നും നടന്നില്ല. അതുകൊണ്ട് അസ്തപ്പാടുപട്ടം കഴിഞ്ഞ് ശെമ്മാശനായ എന്നെ വീട്ടുകാർ തിരിച്ചുകൊണ്ടുവന്നപ്പോൾ, പാരമ്പര്യങ്ങളും നടപടിക്രമങ്ങളും തെറ്റിച്ചു എന്ന കാരണത്താൽ പള്ളിയോഗത്തിലെ അംഗങ്ങളും ഇടവകയിലെ പ്രമുഖരും സ്വീകരിക്കാൻ വിസമ്മതിച്ചു. മാത്രമല്ല, ചേന്നങ്കരി പള്ളിമുറ്റത്തു പ്രവേശിക്കാൻ അവർ തടസ്സങ്ങളും സൃഷ്ടിച്ചു. വള്ളം കരയ്ക്ക് അടുക്കേണ്ട കടവിൽ, ചെളി കുത്തിയിട്ട്, യാതൊരു വിധത്തിലും വള്ളത്തെ കരയ്ക്കടുപ്പിക്കാനാവാത്ത വിധത്തിൽ തടസ്സങ്ങളുണ്ടാക്കി. തന്നെയുമല്ല വികാരിയച്ചൻ അവിടെനിന്നും മാറിനിന്നതിനാൽ എനിക്കും എന്റെ കുടുംബത്തിനും അഭിമാനക്ഷതമുണ്ടായി. ഇടവകക്കാരുടെ പ്രതികരണത്തിന്റെ കാരണം മനസ്സിലാക്കാതെ ഞങ്ങൾ വിഷമിച്ചു. പള്ളിക്ക

യറ്റം മുടങ്ങിയാൽ ശെമ്മാശന് സെമിനാരിപഠനം തുടരാനാവില്ല. ഞാൻ വീണ്ടും പ്രതിസന്ധിയിലായി; എന്നെയും എന്റെ വീട്ടുകാരെയും അധിക്ഷേപിച്ച നാട്ടിൽ, ഞാൻ പോയിക്കഴിഞ്ഞ് എന്റെ വീട്ടുകാർ എങ്ങനെ ജീവിക്കും? എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഹൃദയം വിങ്ങി. ഞാൻ വള്ളത്തിലിരുന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു. ആലപ്പുഴയ്ക്ക് വിവാഹം കഴിച്ചയച്ച എന്റെ പെങ്ങളുടെ വീട്ടുകാരുവഴി ആലപ്പുഴ മാർശ്ലീവാപ്പള്ളിയിലെ വികാരിയച്ചനെ വിവരമറിയിച്ചു. പാലക്കലച്ചനിൽനിന്നും നിജസ്ഥിതി മനസ്സിലാക്കിയ വികാരിയച്ചൻ സന്തോഷപൂർവം വളരെ വലിയ ഒരു സ്വീകരണംതന്നെ ഏർപ്പാടാക്കി.

*മോഷ്ടിച്ച വസ്തു കത്തിപ്പോകും.*
**- ചാവറയച്ചൻ**

# 10

# പ്രിയപ്പെട്ടവരുടെ വേർപാട്

**ദൈ**വവിളിയിൽ നേരിടേണ്ടിവന്ന ഏറ്റവും വലിയ പരീക്ഷണം എന്റെ മാതാപിതാക്കളുടെയും ജ്യേഷ്ഠസഹോദരൻ ജോസഫിന്റെയും മരണ മായിരുന്നു. കൈനകരിയിൽ കോളറ പടർന്നുപിടിച്ച് അനേകം ആളു കൾ മരിച്ചു. പകർച്ചവ്യാധിയുടെ ഭീകരതമൂലം മറ്റുകരയിലുള്ളവർ കൈന കരിയിലേക്കോ കൈനകരിക്കാർ മറ്റു ദേശത്തേക്കോ പോകരുതെന്ന് സർ ക്കാർ ഉത്തരവിട്ടു. അതിനാൽ മരണവിവരം യഥാസമയം എന്നെ അറി യിക്കാൻ ബന്ധുജനങ്ങൾക്കു സാധിച്ചില്ല. പകർച്ചവ്യാധി ശമിച്ചപ്പോൾ ചിറ്റപ്പന്മാർ പള്ളിപ്പുറത്തുവന്ന് എന്നെക്കണ്ടു വിവരം പറഞ്ഞു. ഞാൻ ഏങ്ങലടിച്ചു കരഞ്ഞു. എന്നെ ജീവനുതുല്യം സ്നേഹിച്ച ആദ്യഗുരു കൂടിയായ അമ്മയെയും സ്നേഹനിധികളായ അപ്പനെയും ചേട്ടനെയും ഇനി കാണാൻ സാധിക്കുകയില്ലെന്ന സത്യത്തിനുമുന്നിൽ ഞാൻ പകച്ചുപോയി. സങ്കടത്താൽ നെഞ്ചുപൊട്ടിയ ഞാൻ മുറിയിൽവന്നു വാവിട്ടു കരഞ്ഞു. മൽപ്പാനച്ചൻ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായി രുന്നു. എന്റെ ബന്ധങ്ങളെല്ലാം അറ്റുപോയല്ലോ, എന്ന് ഞാൻ വിഷമ ത്തോടെ തിരിച്ചറിഞ്ഞു.

ചിറ്റപ്പന്മാരുടെ കൂടെ ഞാൻ കൈനകരിക്കു യാത്രയായി. അമ്മ എനിക്കു ചെറുപ്പത്തിൽ പാലൂട്ടിയ ഈ ചെറിയ തിണ്ണയിലിരുന്നു ഞാൻ മുഖംപൊത്തി ഏങ്ങലടിച്ചു. എനിക്ക് എന്റെ സങ്കടം നിയന്ത്രിക്കാനാ യില്ല. അങ്ങനെയിരുന്നു ഞാൻ തളർന്ന് ഉറങ്ങിപ്പോയി. ആരോ ചിറ്റപ്പാ എന്ന് ചൊല്ലി കുലുക്കി വിളിച്ചപ്പോഴാണ് ഞാൻ ഉണർന്നത്. എന്റെ ജ്യേഷ്ഠന്റെ കുഞ്ഞുമകൾ മറിയം. ഞാൻ അവളെ എടുത്തുപുണർന്നു

കൊണ്ട് വിധവയായ ഏടത്തിയെ കാണാൻ പോയി. ഞങ്ങൾ അന്യോന്യമൊന്നും പറഞ്ഞില്ല. രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി.

അടുത്തദിവസംതന്നെ ചിറ്റപ്പന്മാർ കാര്യം അവതരിപ്പിച്ചു.

"കുടുംബം അന്യംനിന്നു പോകും. അതുകൊണ്ട് നീ തിരിച്ചുവരണം. കുടുംബത്തിന്റെ ചുമതല ഏൽക്കണം".

അതുതന്നെ വീണ്ടുംവീണ്ടും പറഞ്ഞുകൊണ്ടിരുന്ന അവർ പിന്നെ ശബ്ദം ഘനപ്പിച്ചു. എനിക്കതിനു കഴിയില്ലെന്നു പറഞ്ഞപ്പോൾ അവർ എന്നെ മുറിക്കുള്ളിലാക്കി വാതിലടച്ചു. എനിക്കു ഭക്ഷണം ഉള്ളിൽത്തന്നെ തന്നു. അതു ഞാൻ കഴിച്ചില്ല.

"മാതാവിന്റെ ഉദരത്തിൽ വെച്ചുതന്നെ നിന്നെ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു" എന്ന ബൈബിൾവാക്യം എന്നെക്കുറിച്ചും കൂടിയല്ലേ എഴുതപ്പെട്ടിട്ടുള്ളത് എന്നു ഞാനോർത്തു.

ജനലിലൂടെ പുറത്തേക്കുനോക്കി ഞാനിരുന്നു. അതാ കടവിലൊരു വള്ളം അടുക്കുന്നു. എന്റെ അമ്മയുടെ ആങ്ങള തോപ്പിൽ കുര്യൻ അമ്മാവൻ ഒരിക്കൽകൂടി എന്റെ രക്ഷക്കെത്തുന്നതു ഞാൻ അറിഞ്ഞു. കുര്യൻ തോപ്പിൽ എന്റെ ചിറ്റപ്പന്മാരോട് വിശദമായി സംസാരിച്ചു. തോപ്പിലമ്മാവൻ ചിറ്റപ്പന്മാരോടായി പറഞ്ഞു.

"കാര്യങ്ങൾ വിവേചിച്ചറിയാനുള്ള ബുദ്ധിശക്തി കുര്യാക്കോസിനുണ്ട്. അതു മുതിർന്നവരേക്കാൾ കൂടുതലുണ്ടെന്നെനിക്ക് തോന്നുന്നു. പതിനൊന്നു വയസ്സായപ്പോൾ ഇവിടുന്നുപോയ കുര്യാക്കോസല്ലിത്. കത്തനാരാകാനാണ് ദൈവവിളിയെന്ന് അവനു തോന്നുന്നെങ്കിൽ അതിന് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയാണ് വേണ്ടത്. അതിനെ തടയുന്നതാണ് തെറ്റ്".

അമ്മാവന്റെ സംസാരത്തിൽ തീരുമാനിച്ചുറച്ച പോലുള്ള ഒരു ദൃഢതയുണ്ടായിരുന്നു. എന്റെ അടുത്തുവന്ന് എന്റെ ചുമലിൽ തട്ടി പറഞ്ഞു. "കുര്യാക്കോസെ, നീ ദൈവത്തിന്റെ വിളി കേൾക്കൂ. അതുപോലെ ചെയ്യൂ".

തോപ്പിൽ കുര്യൻ അമ്മാവൻ പറഞ്ഞാൽ ചിറ്റപ്പന്മാർ ഒന്നും എതിരു പറയുകയില്ല. ഞാൻ പിറ്റേന്നുതന്നെ എടത്വ ചെകിടിക്കാട്ട് ചെന്ന് അവിടെ വല്ലേലിൽ കുടുംബത്തിൽ കെട്ടിച്ചയച്ച പെങ്ങളെയും അളിയനെയും കൂട്ടി കൈനകരിക്കു വന്നു. ചേട്ടന്റെ വിധവയെയും മകൾ മറിയത്തെയും സ്വത്തുക്കൾ എല്ലാം ഭരമേൽപ്പിച്ചശേഷം പള്ളിപ്പുറം സെമിനാരിയിലേക്കു യാത്ര തിരിച്ചു.

ദൈവത്തിന്റെ പദ്ധതിക്ക് എതിരുനിൽക്കാൻ നാം ആര്? അവന്റെ തീരു

മാനങ്ങൾക്ക് നാം വെറുതെ നിന്നുകൊടുക്കുക. അത്രമാത്രമാണ് ചെയ്യേണ്ടത്. പള്ളിപ്പുറം സെമിനാരിയിലേക്ക് വള്ളത്തിൽ യാത്ര ചെയ്യുമ്പോൾ വേമ്പനാട്ട് കായലിന്റെ തിരകൾക്കൊപ്പം വേണ്ടപ്പെട്ടവരെയോർത്ത് എന്റെ മനസ്സിലും സങ്കടങ്ങളുടെ തിരകളുയർന്നു.



# 11

# വൈദികൻ

**സെ**മിനാരികാലത്തു മനസ്സിൽ മറ്റൊരു ആഘാതമേറ്റു. ലത്തീൻ പഠിക്കാൻ വരാപ്പുഴ സെമിനാരിയിൽ ചെന്നപ്പോൾ 'സുറിയാനിക്കാരൻ' എന്ന കാരണത്താൽ അവിടെ കയറ്റുകപോലും ചെയ്യാതെ അവരെന്നെ തിരിച്ചയച്ചു.

ഞാൻ തളർന്നില്ല. മൽപ്പാന്റെ സമ്മതത്തോടെ തങ്കിപ്പള്ളിയിൽ ചെന്ന് അവിടുത്തെ വികാരിയായിരുന്ന മെയിൻ പാതിരിയുടെ ശിഷ്യത്വം സ്വീകരിച്ചു. അവിടെ എട്ടുമാസം താമസിച്ച് ലത്തീനും അൽപ്പം പോർച്ചുഗീസും പഠിച്ചു. പള്ളിപ്പുറത്തേക്ക് തിരിച്ചുവന്നശേഷം സുറിയാനി പഠനം തുടർന്നു.

വൈദികപഠനം തുടർന്നു. 1828-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്ക ആയ സ്തബിലീനി മെത്രാപ്പോലീത്തയിൽനിന്ന് ഡീക്കൻപട്ടം സ്വീകരിച്ചു.

വൈദികപഠനം തീരാറായി. ദീർഘനാളായി ദാഹിച്ചുമോഹിച്ചിരുന്ന തിരുപ്പട്ടത്തിനുള്ള ദിവസങ്ങളടുത്തു. അപ്പോഴാണ് ലത്തീൻകാരുടെ ഇടയിൽ അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരും തമ്മിൽ തർക്കമുണ്ടായത്. അഞ്ഞൂറ്റിക്കാർ സമുദായത്തിൽ താഴ്ന്നവരായി കണക്കാക്കപ്പെട്ടിരുന്നു. അതിനാൽ അവർക്കു പട്ടം കൊടുക്കരുത് എന്നായിരുന്നു എഴുന്നൂറ്റിക്കാരുടെ പക്ഷം. രണ്ടു കൂട്ടരെയും അനുരഞ്ജിപ്പിക്കാൻ മൗറേലിയൂസ് സ്തബിലീനി മെത്രാൻ നടത്തിയ ശ്രമങ്ങൾ എല്ലാം വൃഥാവിലായി. വഴക്കിൽ മടുത്തിട്ട് അദ്ദേഹം റോമിലേക്ക് തിരിച്ചുപോകാൻ തിടുക്കംകൂട്ടി. പട്ടം കൊടുക്കൽതന്നെ നിർത്തിവെച്ചു.

ഞങ്ങളുടെ നിരന്തര ശ്രമഫലമായി അഞ്ഞൂറ്റിക്കാർ അധികം താമസിക്കുന്ന അർത്തുങ്കൽ പള്ളിയിലേക്ക് മെത്രാന്റെ ആസ്ഥാനം തൽക്കാലത്തേക്ക് മാറ്റുകയും 1829 നവംബർ 29ന് എനിക്ക് സ്തബിലീനി മെത്രാൻ അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് പള്ളിയിൽവെച്ച് പട്ടം നൽകുകയും ചെയ്തു.

എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങളായിരുന്നു അത്. ആ സുദിനം കാണാൻ ഈ ലോകത്ത് ഏറ്റവും കൂടുതൽ ആഗ്രഹിച്ചിരുന്നത് മൂന്നുപേരായിരുന്നു. എന്റെ അമ്മ, അപ്പൻ, ജ്യേഷ്ഠൻ എന്നിവർ. അവർ ഇന്ന് ഈ ലോകത്തില്ല. എന്റെ കണ്ണുനനയുന്നതു ഞാനറിഞ്ഞു. ഞാൻ വൈദികനായ വിവരം സ്വർഗത്തിലെ മാലാഖമാർ അവരെ അറിയിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിച്ചു. ചേന്നങ്കരിപ്പള്ളിയിൽ മാമ്മോദീസ മുക്കിയപ്പോൾ കിട്ടിയ വരപ്രസാദം ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ലെന്നും അവർ അറിഞ്ഞുകാണും. ആ വരപ്രസാദവും വിശുദ്ധിയും ജീവിതകാലം മുഴുവൻ കാത്തുസൂക്ഷിക്കാൻ എനിക്ക് ശക്തിതരണമെന്ന് ഒരുമിച്ച് പ്രാർത്ഥിച്ചിട്ടുണ്ടാവും.

സ്വർഗത്തിന്റെ കിളിവാതിൽ തുറന്ന് അവർ ഈ ദിവസത്തെ നോക്കി സന്തോഷിച്ചിരിക്കും. വെളുത്തച്ചൻ എന്ന് നാട്ടുകാർ വിളിക്കുന്ന അത്ഭുതപ്രവർത്തകനായ വിശുദ്ധ സെബസ്ത്യാനോസിന്റെ അപദാനങ്ങളാൽ നിറഞ്ഞുതുളുമ്പുന്ന അർത്തുങ്കൽ വിശുദ്ധ അന്ത്രയോസിന്റെ പള്ളി. അണിഞ്ഞൊരുങ്ങിയ ദൈവാലയം. സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ മെത്രാപ്പോലീത്തയുടെ മുന്നിൽ അവരുടെ കൈപിടിച്ചു നടന്ന അവരുടെ സ്വന്തം കൊച്ചു കുര്യാക്കോസ്. മുകളിലിരുന്നു കൺകുളിർക്കെ കണ്ട് കണ്ണുതുടയ്ക്കുന്ന എന്റെ മാതാപിതാക്കളെ ഞാൻ ഭാവനയിൽ കണ്ടു.

നദിയുടെ തീരത്തു ജനിച്ചുവളർന്ന ഞാൻ കടലിന്റെ ഇരമ്പൽ കേട്ടു തിരുപ്പട്ടം ഏൽക്കണമെന്നുള്ളത് ദൈവത്തിന്റെ തിരുമനസ്സായിരിക്കണം. അല്ലെങ്കിൽ ശാന്തമായി ഒഴുകുന്ന നദിയിലും ഇരമ്പുന്ന കടലിലും ഉള്ളതു

സാധാരണ വെള്ളംതന്നെയാണെന്നും മാറ്റങ്ങൾ പുറത്തുനിന്നും അടിക്കുന്ന കാറ്റാണെന്നും ദൈവം എന്നെ ഓർമിപ്പിച്ചു. ഇനിയുള്ള എന്റെ ജീവിതം ആ കാറ്റാവാൻവേണ്ടി ദൈവം എന്നെ തയാറാക്കാൻ ചെയ്തതാണ് ഇതെല്ലാമെന്ന് ഞാൻ വിശ്വസിച്ചു.

ഉടനെതന്നെ ഞാൻ എന്റെ ഇടവകപ്പള്ളിയായ ചേന്നങ്കരിപ്പള്ളിയിലേക്കു പുറപ്പെട്ടു. ഒരിക്കൽ സ്വന്തം ഇടവകപ്പള്ളിയിൽ കയറാൻ കഴിയാതെ അവഹേളിതനായി പോകേണ്ടിവന്ന ആ അസ്തപ്പാടുപട്ടക്കാരൻ, ഇത്തവണ വള്ളം കടവിൽ അടുപ്പിച്ചത് എല്ലാവരുടെയും സ്നേഹാദരവുകൾ ഏറ്റുവാങ്ങിയാണ്.

എന്റെ നാട്ടുകാരായ കൈനകരിക്കാർ എന്നെ വളരെ സ്നേഹത്തോടെ നിർബന്ധിച്ചതിനാലാണ് ഞാൻ പട്ടം ഏറ്റതിന്റെ പിറ്റേ ദിവസംതന്നെ ഇടവകപ്പള്ളിയിൽ ആദ്യകുർബാന അർപ്പിച്ചത്. ഞായറാഴ്ച കുർബാന ചൊല്ലുന്നത് കുര്യാക്കോസ് കൊച്ചച്ചനാണെന്നുള്ള വിവരം കാട്ടുതീപോലെ കൈനകരി ഭാഗത്താകെ പരന്നു. കുർബാനക്കെത്തിയവരെക്കൊണ്ട് പള്ളിയും പള്ളിമുറ്റവും നിറഞ്ഞു. ഞാൻ അൾത്താരബാലനായും പിന്നീട് വൈദികവിദ്യാർത്ഥിയായും സേവനം ചെയ്ത ആ പുരാതന ദൈവാലയത്തിന്റെ അൾത്താരയിൽ നവപൂജ അർപ്പിക്കുമ്പോൾ എന്റെ ഹൃദയം നിറഞ്ഞുതുളുമ്പി. എന്നെ സ്നേഹിക്കുന്നവരുടെ നടുവിലാണ് ഞാൻ. ഈ മണ്ണിനെയും മനുഷ്യരെയും അനുഗ്രഹിക്കണമേ എന്ന് ഞാൻ മനസ്സുരുകി പ്രാർത്ഥിച്ചു. തുടർന്നുള്ള എന്റെ ജീവിതത്തെയും പ്രവർത്തനമണ്ഡലങ്ങളെയുമെല്ലാം സമർപ്പിച്ചു പ്രാർത്ഥിച്ചു.

എനിക്കു സമ്മാനമായി കിട്ടിയ വിദേശനിർമിതമായ യൗസേപ്പിതാവിന്റെ പ്രതിമ പള്ളിക്ക് സംഭാവന നൽകിയതു കൂടാതെ, എല്ലാ വർഷവും മാതാവിന്റെ പെരുന്നാളിന് പ്രസംഗം നടത്തിക്കൊള്ളാമെന്നും ഞാൻ എന്റെ പ്രിയപ്പെട്ട ഇടവകക്കാരോട് വാഗ്ദാനം ചെയ്തു.

ആത്മനിർവൃതിയുടെ ദിനമായിരുന്നു എന്നിക്കന്ന്. എന്നെ മാമ്മോദീസ മുക്കിയ എന്റെ ഇടവകപ്പള്ളിയിൽ ഒരു വൈദികനായി ആദ്യകുർബാന അർപ്പണം നടത്തിയ ധന്യദിനം. തമ്പുരാന് എത്ര നന്ദി പറഞ്ഞാലും തീരാത്ത ദിവസം!



# 12

# കർമമേഖലയിൽ

പള്ളിപ്പുറത്തെത്തി മൽപ്പാനച്ചനെക്കണ്ടു കാര്യങ്ങളെല്ലാം ബോധിപ്പിച്ചു. സഹപാഠികളോടൊക്കെ പുത്തൻ കുർബാനയുടെ വിശേഷങ്ങൾ പങ്കുവെച്ചു. കുറച്ചുദിവസം പ്രാർത്ഥനയിൽ അവരോടൊത്തുകൂടി.

ഏതാനും ദിവസങ്ങൾക്കുശേഷം ഞാൻ കൈനകരിയിൽ മടങ്ങിയെത്തി. ഇടവകപ്പള്ളിയായ ചേന്നങ്കരിയിൽ താമസിച്ചുകൊണ്ട് വീടുകൾതോറും സന്ദർശനം നടത്തുകയെന്നതായിരുന്നു പ്രധാനപരിപാടി.

എന്റെ അമ്മാവന്മാരുടെ ഇടവകപ്പള്ളിയായ പുളിങ്കുന്നിൽ വൈദികരോടൊത്ത് താമസിച്ച് വെളിയനാട്ടെയും പുളിങ്കുന്നിലെയും വീടുകൾ സന്ദർശിച്ചു.

കുട്ടനാടിന്റെ ഒരു പ്രത്യേകത, അവിടെ എത്തിയാൽ തിരിച്ചുപോകാൻ തോന്നില്ല എന്നതാണ്. തെളിനീർ തോടുകളും നെൽച്ചെടികൾ പച്ച

പ്പട്ടു വിരിച്ചിരിക്കുന്ന പാടങ്ങളും വെളുത്ത കൊക്കുകൾ കൂട്ടത്തോടെ ഒറ്റക്കാലിൽ തപസ്സിരിക്കുന്ന വരമ്പുകളും. അതിലെല്ലാമുപരി കുട്ടനാടിനു മാത്രമുള്ള സുഖമുള്ള ഒരു മണവും നമ്മെ അവിടെ പിടിച്ചുനിർത്തും. നിറയെ സാധനങ്ങളുമായി വെള്ളത്തിനു മുകളിൽ തുളുമ്പിത്തുളുമ്പി പതിയെ ആലപ്പുഴ ലക്ഷ്യമാക്കി നീങ്ങുന്ന വലിയ കേവുവള്ളങ്ങൾ പമ്പാനദിയിൽ അങ്ങിങ്ങായി കാണാം.

ടിപ്പു സുൽത്താൻ പള്ളികൾക്കു നേരെയും പള്ളിക്കാർക്കു നേരെയും ഉള്ള ഉപദ്രവം കടുപ്പമാക്കിയതുമൂലം വടക്കൻ കേരളത്തിൽനിന്ന് ദേശത്തിന്റെ തെക്കുവന്നു താമസിച്ച പ്രമാണി മാത്തുത്തരകന്റെ കാലം മുതലാണ് ആലപ്പുഴയിലേക്കും അവിടെനിന്നു തിരിച്ചും യാത്ര ചെയ്യുന്ന കേവുവള്ളങ്ങളുടെ എണ്ണം ഇത്രയും വർദ്ധിച്ചത്. ആലപ്പുഴയെ വലിയ തുറമുഖമാക്കുന്നതിനു പങ്കുവഹിക്കുകയും രാജാവിനെ ആപത്ഘട്ടത്തിൽ ഭീമമായ തുക നൽകി സഹായിക്കുകയും ചെയ്ത തരകനോട് എല്ലാക്കാലത്തും ഉണ്ടായിട്ടുള്ളതുപോലെതന്നെ, ചരിത്രം പിന്നീട് നീതികേട് കാട്ടി.

വള്ളങ്ങൾ അതിലെ ജോലിക്കാർക്കു വീടുപോലെ തന്നെയാണ്. വെപ്പും കുടിയും ഒക്കെ ഉണ്ട്. രണ്ടുപേർ വള്ളം ഊന്നുമ്പോൾ ഒരാൾ ചൂണ്ടയിട്ടു മീൻ പിടിക്കുന്നതും അരകല്ലിൽ അരയ്ക്കുന്നതും ഭക്ഷണം പാകം ചെയ്യുന്നതുമെല്ലാം നമുക്കുകാണാം. ഉച്ചയ്ക്കുശേഷം കാറ്റിന്റെ ഗതി അനുകൂലമാകുമ്പോൾ മച്ചുപായ് കെട്ടും. അങ്ങനെ കാറ്റിന്റെ ശക്തി കൊണ്ട് ഇവ നീങ്ങും. ആ സമയം വലിയ പങ്കായം ഉപയോഗിച്ച് ഗതി നിയന്ത്രിച്ചു കൊടുത്താൽ മാത്രംമതി. ഇങ്ങനെയുള്ള ഈ വള്ളങ്ങളുടെ പോക്ക് കൗതുകമുണർത്തും. ഈ വള്ളങ്ങളാണ് റോഡുകളുടെയും ലോറികളുടെയും വരവോടെ യന്ത്രങ്ങൾ പിടിപ്പിച്ച 'ഹൗസ് ബോട്ടു'കളായി രൂപാന്തരപ്പെട്ടിട്ടുള്ളത്.

ജന്മനാടെന്ന ബന്ധമാണോ, കുട്ടനാടിനെ ഇത്രയധികം എന്നെ ഇഷ്ടപ്പെടുത്തുന്നത്? അതോ ഇവിടുത്തെ ജനങ്ങളുടെ ലാളിത്യവും നന്മയുമാണോ? അതോ ഈ നാടിന്റെ കാവ്യാത്മകതയോ? വെള്ളത്താൽ ചുറ്റപ്പെട്ട, മാലിന്യങ്ങൾ തങ്ങി നിൽക്കാതെ എപ്പോഴും ഒഴുകുന്ന നദികളും കായലുകളും തോടുകളുമുള്ള ഈ നല്ല നാട്ടിൽ നിന്നും എനിക്കു മുമ്പും പിമ്പും മഹാരഥന്മാർ ഉണ്ടായിട്ടുണ്ട്. മണ്ണിനോടും വെള്ളത്തോടും പ്രകൃതിയോടും മടവീഴ്ചകളോടും മല്ലിട്ട് വിജയം വരിക്കുന്ന ഈ നാട്ടുകാർ പ്രതിസന്ധിഘട്ടങ്ങളിൽ തളരാത്തവരാണെന്നത് എന്നെ അതിശയിപ്പിക്കുന്നില്ല. പങ്കുവെക്കൽ കണ്ടു വളരുന്ന അവർ ചെല്ലുന്നിടത്തെല്ലാം നന്മയുടെയും കർമ്മോത്സുകതയുടെയും പര്യായങ്ങളായി മാറുന്നതും കാണാം.

വലിയനോമ്പ് തുടങ്ങി. ഞാൻ പുളിങ്കുന്നിലായിരുന്നു. തമ്പുരാൻ തോന്നിച്ചതുപോലെ എന്നിൽ ഒരു ആശയം മുളയെടുത്തു. നോമ്പിന്റെ പുണ്യം എല്ലാവർക്കും കിട്ടുന്നതിനും വ്രതശുദ്ധിയുടെ അനുഭവം പങ്കുവെക്കുന്നതിനുമായി ഒരു ധ്യാനം നടത്തുക എന്നതായിരുന്നു അത്.

പുളിങ്കുന്നു തെക്കേ അങ്ങാടിയറ്റത്തുള്ള കുരിശുപള്ളിയിൽ ധ്യാനത്തിനു സൗകര്യംകിട്ടി. ആദ്യദിവസം ആളുകൾ കുറവായിരുന്നു. വളരെനേരം പ്രാർത്ഥിച്ച് ഒരുങ്ങിയായിരുന്നു ഞാൻ ധ്യാനപ്രസംഗങ്ങൾ നടത്തിയിരുന്നത്. ധ്യാന പ്രസംഗങ്ങൾ കേൾക്കുന്നതിന് ദിവസം ചെല്ലുന്തോറും ആളുകൾ കൂടിക്കൂടി വന്നു. കള്ളിന്റെ മണം കുടുംബങ്ങളിൽ കുറഞ്ഞതിനെയോർത്തു സ്ത്രീകൾ സന്തോഷിച്ചപ്പോൾ കള്ളുഷാപ്പുകാർക്കു വേവലാതിയായി.

ചായക്കടയിലും മാടക്കടയിലും കടത്തുകടവിലും ധ്യാനംതന്നെ സംസാര വിഷയം. ധ്യാനത്തെപ്പറ്റി കുട്ടനാട്ടിലെ മറ്റു പല പ്രദേശങ്ങളിലും അറിഞ്ഞുതുടങ്ങി. അപ്പൊഴാണ് പള്ളിപ്പുറത്തു നിന്നും മൽപ്പാനച്ചൻ ആളെ വിട്ട് എന്നെ വിളിപ്പിച്ചത്. അവിടെ അദ്ദേഹത്തെ സഹായിക്കുന്നതിനുവേണ്ടിയായിരുന്നു എന്നെ വിളിപ്പിച്ചത്. അദ്ദേഹവും എന്റെ ധ്യാനപ്രസംഗങ്ങളെപ്പറ്റി അറിഞ്ഞ് പള്ളിപ്പുറത്തും അടുത്തുള്ള പള്ളികളിലും ധ്യാനങ്ങൾ നടത്താൻ അനുമതി തന്നു.

എന്റെ ധ്യാനപ്രസംഗങ്ങൾ വളരെയധികം ആൾക്കാരെ മാനസാന്തരപ്പെടുത്തുന്നു എന്നതിനെയോർത്ത് ഞാൻ തമ്പുരാന് നന്ദി പറഞ്ഞു. സ്വർഗത്തിലേക്ക് ഞാൻ ഹൃദയവാതിൽ തുറന്നു. മറ്റുള്ളവർക്കു പകർന്നുകൊടുക്കാനായി ഉന്നതമായ ചിന്തകൾ അവിടെ രശ്മികളായി വന്നുപതിക്കട്ടെയെന്നു ഞാൻ ആഗ്രഹിച്ചു.

തമ്പുരാൻ, നിസ്സാരനായ എന്നിലൂടെ ഇറങ്ങി പ്രവർത്തിച്ച് കേരളക്രൈസ്തവരിൽ ആത്മീയമായ ഉണർത്തെഴുന്നേൽക്കലിനു തുടക്കം കുറിക്കുകയായിരുന്നു. ആ തിരിച്ചറിവിലൂടെ ഞാൻ കടന്നുപോയ കാലങ്ങളായിരുന്നു അത്. എന്റെ വിളിയുടെ അർത്ഥം മനസ്സിലാക്കിത്തുടങ്ങിയ കാലം. മൽപ്പാനച്ചനെ സഹായിച്ച് അനുസരണയുള്ളവനായി, അവിടെ ശെമ്മാശന്മാരെ പഠിപ്പിച്ച് ഞാൻ പള്ളിപ്പുറത്തു കഴിഞ്ഞുപോന്നു.

*വായനയിൽ ഇഷ്ടമുണ്ടായാൽ*
*ഏകാന്തതയിൽ സന്തോഷമുണ്ടാകും.*
**- ചാവറയച്ചൻ**

# 13

# വഴിത്തിരിവുകളുടെ കാലം

**നേ**രം ഇരുട്ടാൻ തുടങ്ങിയിരുന്നു. അങ്ങുദൂരെ ചാവറ ഭവന്റെ അകലെ യല്ലാതെ വൈദികർ താമസിക്കുന്ന ഭവനത്തിൽ വൈദ്യുതി വിളക്കുകൾ കത്താൻ തുടങ്ങി. ഞങ്ങൾ ഇരുന്നിരുന്ന വരാന്തയിൽ എങ്ങുനിന്നോ വെളിച്ചം പരന്നിരുന്നു. ഞാൻ ചുറ്റും നോക്കി. അവിടെ വൈദ്യുതി വിള ക്കുകൾ ഒന്നും കത്തിയിരുന്നില്ല. അങ്ങുദൂരെ പച്ചപ്പാടത്തിനു നടുവിലുള്ള ഭവനങ്ങളിൽ നിന്നും മിന്നാമിനുങ്ങുകളുടേതെന്നപോലെ ചുറ്റും വെളിച്ചം പരന്നിരുന്നു. എണ്ണവിളക്കുകൾ മാറി അവിടെയെല്ലാം വൈദ്യുതി എത്തി യിരിക്കുന്നു. ഈ വെളിച്ചം പാടത്തും ജലാശയങ്ങളിലും പ്രസരിക്കു ന്നുണ്ടായിരുന്നു. അത് നല്ല ഭംഗിയുള്ള കാഴ്ചയായിരുന്നു.

"കൈനകരിയിലേക്ക് പിന്നെ വന്നിട്ടേ ഇല്ലേ?"

നിശബ്ദതയെ മുറിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

ചാവറയച്ചൻ തുടർന്നു....

"പിന്നെ എന്റെ ദിനങ്ങൾ വളരെ തിരക്കുപിടിച്ചതായിരുന്നു. അതി ലേക്കു കടക്കുന്നതിനുമുമ്പായി നീ പരിചയപ്പെടേണ്ട രണ്ടു ശ്രേഷ്ഠ വ്യക്തികൾ ഉണ്ട്. പോരൂക്കര തോമാ മൽപ്പാനും യാക്കോബ് കണിയാ ന്തറയും. ആത്മരക്ഷയെപ്രതി 'വനവാസം' സ്വീകരിച്ച് ലോകത്തിൽ നിന്നും ഒളിച്ചോടാൻ ആഗ്രഹിക്കുകയും എന്നാൽ, അതിൽനിന്ന് വിപരീ തമായി ജനങ്ങളോടൊപ്പം ജനങ്ങൾക്കുവേണ്ടി ജീവിക്കുകയും ചെയ്ത സന്യസ്തരാണവർ.

തോമസ് പോരൂക്കര അച്ചൻ കല്ലൂർക്കാട് ഇടവകയിൽ പോരൂക്കര



ഫാ. തോമസ് പോരൂക്കര

കുടുംബത്തിൽ മൂത്തമകനായി 1799-ൽ ജനിച്ചു. അദ്ധ്യാപകരെ വീട്ടിൽ വരുത്തിയായിരുന്നു ചെറുപ്പത്തിൽ പഠനം. വരാപ്പുഴ സെമിനാരിയിൽ ചേർന്ന ഇദ്ദേഹം 1823 സെപ്റ്റംബർ 22-ന് പട്ടമേറ്റു. സ്വന്തം ഇടവകയിൽ തന്നെയായിരുന്നു വൈദികനായി ആദ്യം പ്രവർത്തിച്ചത്. ദൈവാലയശുശ്രൂഷ ഭക്തിപൂർവം നടത്തുന്നതിന് പള്ളിയിൽ അദ്ദേഹം വാദ്യോപകരണങ്ങൾ ഉപയോഗിച്ചു തുടങ്ങി. പിന്നെ തങ്കശ്ശേരി പള്ളിയിലെത്തിയ ഇദ്ദേഹം ഉപദേശങ്ങൾ നൽകിയും പ്രസംഗങ്ങൾ നടത്തിയും ഭവനങ്ങൾ സന്ദർശിച്ചും ജനങ്ങളെ നവീകരണത്തിലേക്ക് നയിച്ചു. മൽപ്പാൻ തോമസ് പാലക്കൽ അച്ചൻ നിർദ്ദേശിച്ചതുപ്രകാരം 1828-ൽ പോരൂക്കരയച്ചനെ മൗറേലിയൂസ് സ്തബിലീനി മെത്രാന്റെ സെക്രട്ടറിയായി നിയമിച്ചു.

കണിയാന്തറ യാക്കോബ് എന്ന അൽമായൻ നാൽപ്പതു വർഷത്തിലേറെ തനിക്കുണ്ടായ വെല്ലുവിളികളെ അതിജീവിച്ചതിനു ശേഷമാണ് 1865-ൽ സന്യാസവ്രതങ്ങൾ സ്വീകരിച്ചത്.

1822-ൽ കൂട്ടുകാരനായിരുന്ന പോരൂക്കര തോമാച്ചനോടൊപ്പം വനവാസത്തെക്കുറിച്ച് ആലോചിച്ചു. 1865-ൽ വ്രതം ചെയ്തതു മുതൽ 1898-ൽ മരണം വരെ സന്യാസ സഹോദരനായി ജീവിച്ച കണിയാന്തറ സി.എം.ഐ. സഭയിലെ ആദ്യത്തെ സന്യാസ സഹോദരനാണ്. പോരുക്കരയച്ചന്റെ സമപ്രായക്കാരനായിരുന്ന കണിയാന്തറയുടെ ജീവിതത്തിൽ വനവാസം അങ്ങനെ സന്യാസമായി പരിണമിച്ചു.



യാക്കോബ് കണിയാന്തറ

*ലുബ്ധന്റെ വസ്തുക്കൾ പുഴു തിന്നും.*
*ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും.*
**-ചാവറയച്ചൻ**

# 14

# മാന്നാനംകുന്നും ഉയർന്ന ഭവനവും

**കേ**രളത്തിൽ ഒരു സന്യാസഭവനം സ്ഥാപിക്കുന്നതിനായി പലവിധ ചർച്ചകൾ നടത്തിപ്പോന്നു. വരാപ്പുഴ സ്തബിലീനി മെത്രാന്റെ സെക്രട്ടറിയായിരുന്ന പോരൂക്കര തോമാച്ചനച്ചനും പള്ളിപ്പുറത്തു സെമിനാരി മൽപ്പാനായിരുന്ന പാലക്കൽ തോമ്മാച്ചനച്ചനും അദ്ദേഹത്തിന്റെ ശിഷ്യനായ ഞാനും ഒരു സന്യാസ ഭവനത്തിനായി അതിയായി ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി ശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഞങ്ങളെ വളരെ അടുത്തറിയാവുന്നതും ഞങ്ങളുടെ ഉദ്ദേശ്യശുദ്ധി മനസ്സിലാകുന്ന ആളുമായ സ്തബിലീനി മെത്രാൻ ഞങ്ങൾ സന്യാസഭവനത്തിനായി അനുമതി ചോദിച്ചപ്പോൾ തന്നെ അതിന് അനുവാദം തരുകയും ചെയ്തു. കൂടാതെ കൈനീട്ടമായി 200 രൂപയും തന്നു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി ഒരു നല്ല സ്ഥലം കണ്ടുപിടിക്കുക എന്നതായി ഞങ്ങളുടെ അടുത്ത ശ്രമം.

സന്യാസഭവനം ഒരു അർദ്ധ വനവാസമാതൃകയിൽ വിഭാവനം ചെയ്തതിനാൽ അതു സ്ഥാപിക്കുന്നിടത്ത് ജനവാസം കുറഞ്ഞിരിക്കണം, നല്ല കാറ്റുകിട്ടുന്ന ഉയർന്ന കുന്നോ മലയോ ആയിരിക്കണം, പക്ഷെ വഞ്ചി വന്നടുക്കാൻ കടവ് അടുത്തുണ്ടായിരിക്കുകയും കരവഴി ഗതാഗതസൗകര്യം ഉണ്ടായിരിക്കുകയും ചെയ്യണം. കിണറിന് സ്ഥാനമുണ്ടാകണമെന്നതും പ്രധാനമായിരുന്നു. പല സ്ഥലങ്ങൾ കണ്ടെങ്കിലും ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം ഒത്തുവന്നില്ലെങ്കിൽ സ്ഥലം തിരഞ്ഞെടുക്കാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് സ്ഥലം കിട്ടാതെ പലയിടങ്ങളിലും നിന്ന് മടങ്ങേണ്ടിവന്നു. ഉത്തര തിരുവിതാംകൂറിലും ദക്ഷിണ തിരുവിതാംകൂ

റിലും വളരെയധികം കുന്നുകൾ കയറി ഇറങ്ങി. മുളക്കുളം, ചെമ്മാണ്ടി ക്കുന്ന്, തെക്ക് അതിരമ്പുഴക്കടുത്തുള്ള പള്ളിക്കുന്ന്, വേദഗിരിക്കുന്ന്, കുടമാളൂർ പള്ളിക്കടുത്തുള്ള പുല്ലരിക്കുന്ന് ഇവിടങ്ങളിലെല്ലാം ഇണ ങ്ങിയ ഒരു സ്ഥലത്തിനായി തിരഞ്ഞു.

കണിയാന്തറ യാക്കോബും സ്ഥലം തിരച്ചിലിനായി വളരെയധികം സഹായിച്ചു. കല്ലുങ്കൽ ഇട്ടി ഐപ്പ്, അദ്ദേഹത്തിന്റെ പണിക്കാരൻ ഈഴവ സഹോദരനായ ഇട്ടൻ എന്നിവരും സ്ഥലം തിരയാനായി കൂടെയുണ്ടാ യിരുന്നു. ഒടുവിൽ പുല്ലരിക്കുന്ന് എല്ലാം കൊണ്ടും അനുയോജ്യമെന്ന് കണ്ട് കാര്യങ്ങൾ മുന്നോട്ടുനീക്കാൻതുടങ്ങി. സ്ഥലമുടമ അതു വിൽ ക്കാനും തയാറായി. രണ്ടുവർഷം നീണ്ട അന്വേഷണം ഫലപ്രാപ്തി യിലെത്തിയ സന്തോഷത്തോടെ മടങ്ങിയ സംഘം സ്ഥലം വാങ്ങി പള്ളി സ്ഥാപിക്കുന്നതിന് മെത്രാന്റെ അനുവാദം വാങ്ങി.

സർക്കാരിന്റെ അനുവാദത്തിനായി മെത്രാൻ എഴുതിക്കൊടുത്ത അപേ ക്ഷയുമായി പോരൂക്കരയച്ചൻ കൊല്ലത്തെ ആക്ടിംഗ് എക്സിക്യൂട്ടീവിനെ സമീപിച്ചു. തങ്കിപ്പള്ളിയിൽ താമസിച്ചുകൊണ്ട് അദ്ദേഹം എഴുത്തുകു ത്തുകൾ നടത്തി. അങ്ങനെ അനുമതി വാങ്ങി ഏറ്റുമാനൂർ തഹസിൽദാ രുടെ സമ്മതപത്രത്തിനായി അപേക്ഷിച്ചു.

പുല്ലരിക്കുന്നിൽ ക്രൈസ്തവ ദൈവാലയവും ആശ്രമവും പണിയു ന്നതിന് എതിർപ്പുകൾ എന്തെങ്കിലും ഉണ്ടോ എന്നറിയാൻ തഹസിൽ ദാർ വിജ്ഞാപനം പുറപ്പെടുവിച്ചു. അപ്പോൾ ഒരു ചെറിയ പ്രശ്നം. പുല്ല രിക്കുന്ന് കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാണെന്നും അതിനാൽ ക്ഷേ ത്രം പ്രമാണിമാർക്ക് എതിർപ്പുണ്ടെന്നും ഒരുവിഭാഗം ഹിന്ദുമതസ്ഥർ ത ഹസിൽദാരെ ധരിപ്പിച്ചു.

നീണ്ട രണ്ടുവർഷത്തെ പ്രയത്നമാണ് ഈ സ്ഥലം വാങ്ങുന്നില്ലെ ങ്കിൽ വൃഥാവിലാകുന്നത്. മുന്നിട്ടിറങ്ങിയവർക്കെല്ലാം നിരാശയായി. ഇതെല്ലാം പള്ളി വരാതിരിക്കാനുള്ള മുട്ടാപോക്ക് തടസ്സവാദങ്ങളാ ണെന്നും അവയെ ചെറുത്തുതോൽപ്പിക്കണമെന്നും ഒരു വിഭാഗം ശക്തി യായി വാദിച്ചു. ഏറ്റുമാനൂരിൽനിന്നുള്ള ഒജ്നാർ മേത്തർ എന്ന മുസ്ലീം വ്യാപാരപ്രമുഖൻ ഈ വിഷയത്തിൽ അച്ചന്മാർക്ക് പൂർണപിന്തുണ വാഗ്ദാനം ചെയ്തു.

എന്നാൽ വഴക്കുവേണ്ട എന്ന നിലപാടിൽ മുതിർന്ന അച്ചന്മാർ ഉറ ച്ചുനിന്നു. കൂട്ടത്തിൽ ചെറുപ്പമായിരുന്ന എന്നെ ആവേശം കൊള്ളിക്കാൻ സാധിക്കുമെന്നു കരുതി ചിലർ എന്നെ സമീപിച്ചു. മറ്റുള്ള മതസമൂഹ ങ്ങളെ വേദനിപ്പിച്ചിട്ട് നമുക്ക് ഇവിടെ ആശ്രമം പണിയേണ്ടതില്ല എന്ന എന്റെ ശക്തമായ നിലപാട് വിനയത്തോടെ ഞാൻ അവരെ അറിയിച്ചു. മനസ്സില്ലാമനസ്സോടെയാണെങ്കിലും അവർ തിരിച്ചുപോയി. ദൈവത്തിന്റെ

പദ്ധതി ആരു കണ്ടു?

രണ്ടുവർഷമായി വളരെയേറെ അന്വേഷണങ്ങൾക്കൊടുവിൽ കണ്ടു പിടിച്ച സ്ഥലമാണ് ഇപ്പോൾ വേണ്ടെന്നുവെക്കാൻ നിർബന്ധിക്കപ്പെട്ടത്. യാത്രകൾ ബുദ്ധിമുട്ടായിരുന്ന ആ കാലഘട്ടത്തിൽ ഏറെ സ്ഥലങ്ങൾ കാണുക, അവയെപ്പറ്റി പഠിക്കുക എന്നൊക്കെയുള്ളത് വളരെ ശ്രമ കരമായിരുന്നു.

ഞങ്ങൾ വള്ളത്തിൽ ദുഃഖിതരായി ഇരുന്നു. വഞ്ചി മെല്ലെ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. തുഴ വെള്ളത്തിൽ ഇട്ട് ആഞ്ഞുവലിക്കുമ്പോൾ കേൾക്കുന്ന ശബ്ദം മാത്രം. യാത്ര അതിരമ്പുഴയിലേക്ക്. ആരും ഒന്നും പരസ്പരം മിണ്ടുന്നില്ല. ഞാൻ ദൂരേയ്ക്കു നോക്കിയിരുന്നു. എന്തോ കണ്ടെന്നപോലെ എന്റെ മുഖം പ്രകാശമാനമാകുന്നതു കണ്ട് കണിയാന്തറയും പോരൂക്കരയച്ചനും ഞാൻ നോക്കുന്നിടത്തേക്ക് നോക്കി. നീലാകാശത്തേക്ക് തലയുയർത്തി നിൽക്കുന്ന പച്ച പിടിച്ച ഒരു കുന്ന്.

പച്ചപ്പ് കണ്ട് കർഷകനായ യാക്കോബ് പറഞ്ഞു.

"വെള്ളവും വളക്കൂറുമുള്ള മണ്ണ്. കണ്ടില്ലേ കാടിന്റെ കടും പച്ച നിറം."

ഇട്ടൻ പറഞ്ഞു.

"കണ്ടില്ലേ ചില്ലകൾ ആടി ഉലയുന്നത്. നല്ല കാറ്റു കിട്ടുന്ന സ്ഥലം."

ഒരു വഴിപോക്കനോട് ഞാൻ കുന്നിന്റെ പേരു ചോദിച്ചു. മാന്നാനം കുന്ന് എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന 'ഓലൻ കണ്ണാലമുകൾ' എന്നായിരുന്നു ആ മനോഹരമായ കുന്നിന്റെ പേര്.

കുന്നിന്റെ അടിവാരത്തു താമസിക്കുന്ന കുടുംബത്തിന്റെ സഹായത്തോടെ ഞങ്ങൾ കുന്നുകയറി. വഴി വെട്ടിത്തെളിച്ച് ഞങ്ങൾ മുമ്പോട്ടു നീങ്ങി. പകുതി വഴിയായപ്പോഴേക്കും ചുറ്റുപാടുകൾ കാണാമെന്നായി. ആൾക്കാരുടെ ആവേശം ഇരട്ടിച്ചു. ഞങ്ങൾ കുന്നിന്റെ മുകളറ്റത്ത് എത്തി. എല്ലാവരും നന്നായി കിതയ്ക്കുന്നുണ്ടായിരുന്നു. അൽപ്പം വിശ്രമത്തിനുശേഷം ഞങ്ങൾ കുറച്ചുനടന്നു മുന്നോട്ടുനോക്കി.

ദൈവമേ, ഞങ്ങൾ എന്താണ് ഈ കാണുന്നത്? ഞങ്ങളുടെ കണ്ണുകൾ അങ്ങു ദൂരേക്ക് പറന്നു. മനോഹരമായ വേമ്പനാട്ടു കായലും ആലപ്പുഴ തുറമുഖത്തെ വലിയ വിളക്കുമരവുംവരെ കാണാവുന്ന സ്ഥലം. നല്ല കാറ്റ് കിട്ടുന്ന സ്ഥലം.

ദൈവമേ! ഇത്രയും നാൾ ഞങ്ങളെ നീ നടത്തിയത് ഈ മനോഹര ഭൂമിയിലെത്താനായിരുന്നോ? വന്നവഴിയിൽ കൊടും കാടും പാറക്കെട്ടും മുള്ളുകളും മരുഭൂമിയും തന്നത് മനോഹരമായ നിന്റെ ഈ ഉദ്യാനത്തിലേക്ക് നയിക്കാനായിരുന്നോ? സ്ഥലം ഇഷ്ടപ്പെട്ടു. ആരുടെയാണ് ഈ സ്ഥലം? അവരുടെ കൈയിൽനിന്നും എങ്ങനെ വാങ്ങും? ഈ ചോദ്യങ്ങൾ ഞങ്ങളെ അലട്ടി. കാരണം ഇതാരും ഞങ്ങളെ കൊണ്ടുവന്നു കാ

ണിച്ച സ്ഥലമായിരുന്നില്ലല്ലോ.

ഞങ്ങളുടെ അന്വേഷണത്തിൽ തയ്യിൽ പെരുമാലിൽ കുര്യൻ തരകൻ, അദ്ദേഹത്തിന്റെ സഹോദരൻ കൊച്ചുപോത്തൻ മാപ്പിള എന്നീ പ്രമാണിമാരായ ഭൂവുടമകൾ വിചാരിച്ചാൽ ഈ സ്ഥലം ഞങ്ങൾക്ക് ലഭിക്കുമെന്നു മനസ്സിലാക്കാൻ സാധിച്ചു.

പിറ്റേന്ന് രാവിലെ തന്നെ പ്രഭാതഭക്ഷണം പോലും കഴിക്കാതെ ഞങ്ങളവരെ അവരുടെ ഭവനത്തിൽപോയി കണ്ടു.

"ഇനി അച്ചന്മാർ സ്ഥലമൊന്നും കാണേണ്ട. ഇതു നമുക്കു ശരിയാക്കാം" എന്നു പറഞ്ഞ് ഞങ്ങളെ അവർ സന്തോഷിപ്പിച്ചു. അവരിരുവരും കുടമാളൂർ തെക്കേടത്ത് കോരപ്പണിക്കരുടെ മകൻ ഇട്ടിയും ചേർന്ന് ഉത്സാഹപൂർവം ഞങ്ങളുടെ കൂടെവന്ന് ഈ സ്ഥലം വിശദമായി കാണിച്ചുതന്നു.

പിന്നീട് തഹസിൽദാരെക്കൊണ്ടു വിജ്ഞാപനം പുറപ്പെടുവിപ്പിച്ചു. പെരുമാലിൽക്കാരുടെ ആശ്രിതരായവർ ആ ചുറ്റുവട്ടത്ത് ധാരാളമുള്ളതു കാരണം എതിർപ്പുകളൊന്നും വരുന്നില്ലെന്ന് കുര്യൻ തരകൻ ഉറപ്പുവരുത്തി അദ്ദേഹത്തിന്റെ പേരിൽ ധാരണാപത്രം എഴുതിക്കുകയും ചെയ്തു. പിന്നീടത് ആശ്രമത്തിനു പണം കൊടുക്കൽവാങ്ങൽ ഒന്നും ഇല്ലാതെ തന്നെ നൽകുകയും ചെയ്തു. അതുകൂടാതെ നല്ലവരായ തരകന്മാർ ഞങ്ങൾക്ക് കുറേ കാലത്തേക്ക് താമസിക്കാനൊരിടവും ഭക്ഷണവും തന്നുപോന്നു.*

സന്യാസഭവനവും പള്ളിയും പണിയാൻ പോകുന്ന മാന്നാനം കുന്നിന് ഞങ്ങൾ സുറിയാനിയിൽ ഒരു പേരിട്ടു. 'ബേസ് റൗമ'– ഉയർന്ന ഭവനം, സ്വർഗീയഭവനം എന്നൊക്കെ അർത്ഥം.

ഒജ്നാർ മേത്തരുടെ ആശ്രിതരായ കാടുവെട്ടുകാർക്കുവേണ്ടി കുടിവെള്ളം താഴെനിന്നും കൊണ്ടുവരണമായിരുന്നു. ഇതിനു പരിഹാരമായി ദൈവം ഒരു വഴി ഞങ്ങൾക്കു കാണിച്ചുതരുമെന്ന് എന്റെ മനസ്സ് പറഞ്ഞു. ഇത്രയുമൊക്കെ തന്ന തമ്പുരാൻ അതും ഒരുക്കിത്തരും.

അത്ഭുതമെന്ന് പറയട്ടെ, ഒരു ഭാഗത്തെ കാടു വെട്ടിത്തെളിച്ചപ്പോൾ അക്ഷയ പാത്രം പോലെ നിറയെ ശുദ്ധജലവുമായി ആ കുന്നിന്റെ മുകളിലൊരു കിണർ!

---

**പിന്നീട് മാന്നാനത്തുള്ള 'കുളമ്പുകാട്ട്' എന്ന നായർ തറവാട്ടുകാരിയായ കോതയമ്മയോട് അവരുടെ മതപുരോഹിതന്മാരായിരുന്ന അതിരമ്പുഴ നടുവേലിൽ ഇല്ലക്കാരുടെ സമ്മതത്തോടെ ഇതിനോട് ചേർന്ന് കുറച്ചുസ്ഥലം വാങ്ങി. പിന്നീട് സംസ്കൃതസ്കൂൾ തുടങ്ങിയപ്പോൾ അവിടെ പഠിപ്പിക്കാൻവന്ന ഉന്നതകുലജാതർ ഇവരുടെ വീട്ടിലാണ് താമസിച്ചുപോന്നത്.*

1831 ഏപ്രിൽ 28-ാം തീയതി ഈ മലമുകളിൽ ഒരു മരക്കുരിശ് നാട്ടി. പോരൂക്കരയച്ചനാണ് തയ്യിൽ തരകൻ തന്ന തടിയിൽ തീർത്ത കുരിശ് വെഞ്ചരിച്ചത്. കൂട്ടത്തിലുണ്ടായിരുന്ന പാലായിൽനിന്നുമുള്ള ഉള്ളാട്ടുതറ ചെമ്മാച്ചന്റെ അനിയനെ പാമ്പുകടിക്കുകയും പോരൂക്കരയച്ചൻ ഹന്നാൻ വെള്ളം തളിച്ച് അത് സുഖപ്പെടുത്തിയ അത്ഭുതവും മാന്നാനം അന്നു കണ്ടു. അവന്റെ പേര് മാത്യു ഉള്ളാട്ടുതറയെന്നായിരുന്നു. അവൻ ഭാവിയിൽ വൈദികനാകുകയും കുറേയധികംനാൾ വല്ലാർപ്പാടത്ത് വികാരി ആയി സേവനം ചെയ്തു.

1831 മെയ് 11നു ആശ്രമത്തിന്റെ ശിലാസ്ഥാപനം[6] പോരൂക്കരയച്ചൻ സ്തബിലീനി മെത്രാനച്ചന്റെയും പാലക്കൽ അച്ചന്റെയും സാന്നിധ്യത്തിലും അവർ ആവശ്യപ്പെട്ടതനുസരിച്ചും നടത്തുകയും ആശ്രമത്തിന് യൗസേപ്പിതാവിന്റെ പേരിടുകയും ചെയ്തു. ആശ്രമത്തിനു കല്ലിട്ടു രണ്ടാഴ്ചകഴിഞ്ഞപ്പോൾ നേരത്തെ തുടങ്ങിയിരുന്ന കപ്പേള പണി പൂർത്തിയാകുകയും പെന്തക്കുസ്ത നാളിൽ കപ്പേള വെഞ്ചരിക്കുകയും ചെയ്തു. ചടങ്ങിലെത്തിയിരുന്ന എല്ലാ വൈദികരും ഓരോ രൂപ നേർച്ചയിട്ടതുവഴി ലഭിച്ച അമ്പതുരൂപയുടെ ബലത്തിൽ കണിയാന്തറ യാക്കോബിന്റെ മേൽനോട്ടത്തിൽ ആശ്രമത്തിന്റെ പണി ആരംഭിച്ചു.

ലത്തീൻ സഭയ്ക്കുള്ളിലെ ആന്തരികപ്രശ്നങ്ങളും ലത്തീൻകാരിൽ എഴുന്നൂറ്റിക്കാർക്ക് ഞങ്ങൾ വൈദിക മൂവർ സംഘത്തോടുള്ള എതിർപ്പും അർത്തുങ്കലിൽ താമസമാക്കിയിരുന്ന സ്തബിലീനി മെത്രാനെ വേദനിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ അനാരോഗ്യം ആയിരുന്നു മറ്റൊരു സങ്കടം. ഇങ്ങനെയെല്ലാമായതുകൊണ്ട് അദ്ദേഹം സ്ഥലംമാറ്റത്തിന് അപേക്ഷിക്കുകയും മേലധികാരികൾ അത് സമ്മതിക്കുകയും ചെയ്തു. ഞങ്ങൾ അദ്ദേഹത്തെ വളരെ വേദനയോടെ കപ്പലിൽ യാത്രയാക്കി. 1832-ൽ ആയിരുന്നു സങ്കടകരമായ ഈ വിടപറയൽ.

എനിക്ക് ഡീക്കൻപട്ടവും തിരുപ്പട്ടവും തന്നനുഗ്രഹിച്ച, ഞങ്ങളുടെ എല്ലാ നല്ല കാര്യങ്ങളെയും പ്രോത്സാഹിപ്പിച്ച ഞങ്ങളുടെ പ്രിയപ്പെട്ട സ്തബിലീനി മെത്രാന്റെ യാത്രപറച്ചിൽ ഞങ്ങളെ വളരെ നാളത്തേക്ക് സങ്കടത്തിലാക്കി. നമ്മെ പരിപൂർണമായി മനസ്സിലാക്കുന്നവരെയും നമ്മുടെ ഉദ്ദേശ്യശുദ്ധിയെ അംഗീകരിക്കുന്നവരും നമ്മിൽനിന്ന് അകന്നുപോകുമ്പോഴുള്ള ഒരു നീറ്റൽ. അത് എത്ര വേദനിപ്പിക്കുന്നതാണെന്ന് ഞങ്ങൾ അറിയുകയായിരുന്നു.

---

*6. ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയസന്യാസസഭ (സി.എം.ഐ)യുടെ സ്ഥാപനം. ഇപ്പോൾ 27 രാജ്യങ്ങളിലായി മൂവായിരത്തോളം അംഗങ്ങളുണ്ട് സി.എം.ഐ സഭയ്ക്ക്.*

*സാക്ഷാൽ സ്നേഹിതൻ ആയിരത്തിലൊന്നുമാത്രം.*
**- ചാവറയച്ചൻ**

# 15

# പരീക്ഷണങ്ങളുടെ ഘോഷയാത്ര

**മൗ**റേലിയൂസ് സ്തബിലീനി മെത്രാനച്ചന്റെ പിൻഗാമിയായി വന്നത് ഫ്രാൻസിസ് സേവ്യർ മെത്രാനായിരുന്നു. ആദ്യമൊക്കെ ഞങ്ങളെ അദ്ദേഹത്തിനു സമ്മതമായിരുന്നെങ്കിലും ഞങ്ങൾ വൈദിക ത്രിമൂർത്തികളെപ്പറ്റി ലത്തീൻകാരായ എഴുന്നൂറ്റിക്കാരും മറ്റ് അസൂയക്കാരും പറഞ്ഞു തെറ്റിദ്ധരിപ്പിച്ചതിനാൽ കുറച്ച് അകൽച്ചയുണ്ടായി. ഒരുദിവസം മാന്നാനത്തായിരുന്ന എന്നെയും പോരൂക്കരയച്ചനെയും പാലക്കൽ മൽപ്പാനെയും മെത്രാൻ അരമനയിലേയ്ക്കു വിളിപ്പിച്ചു.

മറ്റുള്ളവരിൽ നിന്നും കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഞങ്ങളെ ചോദ്യം ചെയ്തു. തുടർന്ന്, മുമ്പിരുന്ന മെത്രാപ്പോലീത്തയിൽനിന്നും ലഭിച്ച ആശ്രമം പണിയുന്നതിനുള്ള രേഖാമൂലമുള്ള അനുവാദം ഹാജരാക്കാൻ ആവശ്യപ്പെട്ടു. രേഖാമൂലമുള്ള അനുവാദം ഞങ്ങൾ കാണിച്ചെങ്കിലും അതു കണ്ടപ്പോൾ അദ്ദേഹം ഇഷ്ടപ്പെടാത്തതുപോലെ ഒന്നും മിണ്ടാതെയിരുന്നു.

ഒരാഴ്ചക്കകം മാന്നാനത്ത്, ഞങ്ങളെ വളരെ ദുഃഖത്തിലാഴ്ത്തി മെത്രാന്റെ ഒരു കത്തു കിട്ടി. ആശ്രമം പണിയുടെ കാര്യങ്ങൾ നോക്കി നടത്തിയിരുന്ന എന്നെ തെക്കൻ പള്ളിപ്പുറം പള്ളിയിൽ വികാരിയാക്കി നിയമിച്ചുകൊണ്ടുള്ള അറിയിപ്പായിരുന്നു അത്.

പോരൂക്കരയച്ചൻ ആശ്രമം പണിയാനുള്ള പിരിവിനായി കുട്ടനാട് ഭാഗങ്ങളിൽ അലയുന്ന സമയം ആയിരുന്നു അത്. കണിയാന്തറയ്ക്കുമാത്രം നോക്കി നടത്താൻപറ്റുന്ന ജോലിയായിരുന്നില്ല അവിടെ നടന്നുകൊണ്ടിരുന്നത്. ഞാൻ പോയാൽ അതു മുടങ്ങിപ്പോകാനുള്ളസാധ്യതയും

ഞങ്ങൾ കണ്ടു. ആകെ വിഷമമായി.

എന്തായാലും മെത്രാനോടു സങ്കടം പറയാൻ തീരുമാനിച്ചു. ഞാൻ അദ്ദേഹത്തെ കണ്ട് ഈ ആശ്രമം പണി തീരുന്നതുവരെ എന്നെ മാന്നാനത്തുനിന്നു മാറ്റരുതേ എന്നപേക്ഷിച്ചു. അദ്ദേഹം വളരെ ദേഷ്യത്തോടെയാണ് എന്നോടു പെരുമാറിയത്. ഞാൻ അപേക്ഷിക്കാൻ ചെന്നത് അദ്ദേഹത്തിന് തെല്ലും പിടിച്ചിരുന്നില്ല. ഞാൻ എല്ലാം ദൈവത്തിനു വിട്ടുകൊടുത്ത് മേലധികാരിയുടെ ആജ്ഞ അനുസരിക്കാൻ തീരുമാനിച്ചു. ഞാൻ പള്ളിപ്പുറത്തേക്കു പോയി. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ട ഏഷ്യയിലെ ആദ്യ ദൈവാലയമായ അവിടെ വികാരിയായി സ്ഥാനമേറ്റു.

ഉടനെ വന്നു അടുത്ത ആഘാതം. പോരൂക്കരയച്ചനെ പിതാവ് കൊല്ലം പ്രദേശത്തെ പള്ളികളുടെ ചുമതല ഏൽപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. അങ്ങനെ അദ്ദേഹവും അതനുസരിച്ച് കൊല്ലത്തേക്ക് പോയി.

തോമസ് പാലക്കൽ അച്ചൻ സുഖമില്ലാതെ പള്ളിപ്പുറത്തായിരുന്നു ഈ സമയം. ഞങ്ങളുടെ സ്വപ്നപദ്ധതി 'ബേസ് റൗമ' എന്ന മാന്നാനം ആശ്രമംപണി നിശ്ചലമായി. ഞങ്ങൾ നിരന്തരമായി തമ്പുരാനിൽ അഭയം പ്രാപിച്ചു.

ചാവറയച്ചന്റെ മനസ്സിലെ വിഷമം മുഴുവൻ ഞാൻ എന്റെ മനസ്സിലേക്ക് കൊണ്ടുവന്നതിനാൽ എന്റെ മുഖത്ത് അതു നിഴലിക്കുന്നതുകണ്ട് അച്ചൻ എന്റെ ചുമലിൽത്തട്ടിപ്പറഞ്ഞു.

പള്ളി പണിയുക, ആശ്രമങ്ങൾ പണിയുക എന്നിവ ചെയ്യുമ്പോൾ വളരെയധികം നാം പിശാചിന്റെ പരീക്ഷണങ്ങൾ വളരെയധികം നേരിടേണ്ടിവരും. കാരണം നാം ചെയ്യുന്നതു ദൈവത്തിനുവേണ്ടിയുള്ള പ്രവൃത്തികളാണല്ലോ. ഈശോ തമ്പുരാനുപോലും പിശാചിന്റെ പരീക്ഷണങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടല്ലോ.

അദ്ദേഹം എന്തോ ഓർത്തതുപോലെ മന്ദസ്മിതത്തോടെ തുടർന്നു...

ഇതു ഞാൻ നിന്നോട് പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ. നീ താമസിക്കുന്ന ദേശത്ത് വന്നിരിക്കുന്ന പുതിയ പള്ളി പണിയാൻ നേതൃത്വം കൊടുത്തപ്പോൾ നിങ്ങൾക്കും ഉണ്ടായിക്കാണുമല്ലോ ഇങ്ങനെയുള്ള അനുഭവങ്ങൾ.

ഇതൊക്കെ എങ്ങനെ ഇദ്ദേഹം അറിയുന്നു എന്ന അത്ഭുതത്തോടെ ഞാൻ തലയാട്ടി.

പക്ഷേ തളരാൻ പാടില്ല. നാം ഏറ്റെടുത്ത കർമം ആത്മാർത്ഥതയോടെ ചെയ്തു കൊണ്ടേയിരിക്കണം. വിജയം താനേ വന്നുകൊള്ളും. ഒരു മാ

നേജ്മെന്റ് വിദഗ്ധനെപ്പോലെ അച്ചൻ പറഞ്ഞുനിർത്തി.

ആദ്യമായും അവസാനമായും ഞാൻ വികാരിയായി സേവനംചെയ്ത പള്ളിപ്പുറം പള്ളി എനിക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു. പക്ഷെ, ആശ്രമംപണി തുടരണമല്ലോ.

വേറെ വഴിയില്ലാതിരുന്നതിനാൽ ഞാൻ പള്ളിപ്പുറത്തുനിന്നും ഇടയ്ക്കൊക്കെ മാന്നാനത്തു വന്ന് ആശ്രമംപണികൾ തുടർന്നു. പള്ളിപ്പുറത്തുനിന്നും മാറിനിൽക്കുന്ന സമയത്തെല്ലാം പാലക്കൽ മൽപ്പാനച്ചന്റെ അനന്തരവൻ വർക്കി കൊച്ചച്ചനെ പള്ളിപ്പുറം പള്ളിയുടെ ചുമതലകൾ ഏൽപ്പിക്കുമായിരുന്നു.

ഒരുതവണ മൂന്നാഴ്ചയോളം ഞാൻ മാന്നാനത്ത് തങ്ങേണ്ടിവന്നു. ഈ സമയം ഒരു ഇടവകക്കാരനും വർക്കി കൊച്ചച്ചനും തമ്മിൽ കലഹമുണ്ടായി. ഇത് രഹസ്യമായി അറിഞ്ഞ് ഞങ്ങളെ മൂവരെയും ഒരിക്കൽ കൂടി ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്ത വിളിപ്പിച്ച് ശക്തമായ താക്കീത് തന്നു. ഇടവകപ്പള്ളിയിൽനിന്നും ഞാൻ എട്ടു ദിവസത്തിൽ കൂടുതൽ മാറിനിൽക്കാൻ പാടില്ല എന്നും ധിക്കരിച്ചാൽ പട്ടം മുടക്കുമെന്നുള്ള ഉഗ്രശാസനവും തന്നു.

ഞാൻ വിറയലോടെ മെത്രാന്റെ കൈമുത്തി വളരെ വിഷമത്തോടെ പള്ളിപ്പുറത്തേക്ക് ഒരിക്കൽക്കൂടി യാത്രയായി.

*ഉള്ളതുകൊണ്ട് സംതൃപ്തനാകുക, അതു ന്യായമായ അദ്ധ്വാനംകൊണ്ട് വർദ്ധിപ്പിക്കുക. അന്യനെ വഞ്ചിച്ച് ധനികനാകുന്നവൻ ദുർഭഗനാണ്.*

**- ചാവറയച്ചൻ**

# 16

# മാന്നാനം സെമിനാരിയുടെ തുടക്കം

**കു**റച്ചുദിവസങ്ങൾക്കുശേഷം മെത്രാന്റെ തെറ്റിദ്ധാരണകൾ തമ്പുരാന്റെ ഇടപെടൽമൂലം മാറുകയും ഞാൻ നേരത്തേ അപേക്ഷിച്ചിരുന്നതുപോലെ വർക്കിയച്ചനെ പള്ളിപ്പുറം വികാരിയായി നിയമിക്കുകയും ചെയ്തു. എനിക്കു മുഴുവൻ സമയവും ആശ്രമനിർമാണത്തിനുവേണ്ടി ചെലവഴിക്കാമെന്നായി. അത് വലിയ ഒരു ആശ്വാസമായിരുന്നു.

പിന്നെയുള്ള ദിവസങ്ങൾ എനിക്കു വിശ്രമമില്ലാത്തതായിരുന്നു. ഈ മലമുകളിലെ എന്റെ എല്ലാ ദിനങ്ങളും പ്രവർത്തനനിരതമാകുകയും എല്ലാ സന്ധ്യകളും പ്രാർത്ഥനാമന്ത്രങ്ങളാൽ നിറയുകയും ചെയ്തു. എല്ലാ ദിവസവും വൈകിട്ട് ഞങ്ങൾ സകല പുണ്യാളന്മാരുടെയും ലുത്തിനിയ ചൊല്ലി.

ഞങ്ങളുടെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കിയ മെത്രാൻ, താമസിയാതെ പോരൂക്കരയച്ചനെയും കൊല്ലത്തെ ചുമതലകളിൽനിന്നും ഒഴിവാക്കി. അദ്ദേഹവും മാന്നാനത്തുവന്നു. ആശ്രമനിർമാണത്തിൽ താൽപ്പര്യം തോന്നി കല്ലൂത്തറ ഗീവർഗീസ് അച്ചനും ഞങ്ങളെ സഹായിക്കാനെത്തി. കല്ലുപണിയിലും മരപ്പണിയിലും വിദഗ്ധനായ ഒരാളെ പോരൂക്കരയച്ചൻ താനിരുന്ന കൊല്ലത്തുനിന്നും വരുത്തി.

പണികൾക്കായി നാനാജാതി മതസ്ഥർ ഞങ്ങളെ സഹായിച്ചു. കുര്യൻ തരകനെയും ഇട്ടിയെയും ഒജ്നാർ മേത്തരെയും കൂടാതെ കൊച്ചുപുരയ്ക്കൽ, പീടിയേക്കര, പോവേനി, തറയിൽ, മലയിൽ എന്നീ കുടുംബങ്ങളും പണികൾക്കായി എല്ലാ സഹായസഹകരണങ്ങളും നൽകി.

പെരുമാലിക്കാർ ഞങ്ങൾക്ക് കിടക്കാൻവേണ്ടിയും പണിയായുധങ്ങൾ സൂക്ഷിക്കാൻവേണ്ടിയും ചിറ്റേഴത്ത് ഈച്ചരച്ചാരുടെ കളപ്പുര വാങ്ങി വൃത്തിയാക്കിത്തന്നു.

പണി പുരോഗമിക്കുമ്പോൾ ഞങ്ങൾക്ക് ഒരു ആശയംതോന്നി. മാന്നാനത്ത് ആശ്രമത്തോടുകൂടി ഒരു സെമിനാരി തുടങ്ങിയാലോ എന്ന്. ദൈവശുശ്രൂഷയ്ക്കുവേണ്ടി കുറേപ്പേരെ ഒരുക്കാൻ സാധിക്കുമെങ്കിൽ, അതിന് ഈ മാന്നാനംകുന്ന് കാരണമാകുമെങ്കിൽ അതേറ്റവും വലിയ കാര്യമായിരിക്കും എന്നതായിരുന്നു എന്റെ അഭിപ്രായം.

അവസാനം സെമിനാരി തുടങ്ങാൻതന്നെ തീരുമാനമായി. അങ്ങനെ അതിരമ്പുഴക്കാരായ ആലഞ്ചേരി, വലിയപറമ്പിൽ എന്നീ കുടുംബങ്ങളിൽനിന്നുമുള്ള പാലക്കൽ മൽപ്പാനച്ചന്റെ രണ്ടു ശിഷ്യരുമായി 1833ൽ സെമിനാരി ലളിതമായി പ്രവർത്തനം ആരംഭിച്ചു.

*വഴക്കുകൾ തീർക്കുന്നതിന് നിവൃത്തിയുണ്ടെങ്കിൽ*
*സർക്കാരിൽ പോകാതിരിക്കുകയാണ് നന്ന്.*
**- ചാവറയച്ചൻ**

# 17

# മകംപിറന്ന മരത്തിൽപ്പണിത പ്രിയോർവള്ളം

**1834ൽ** മാന്നാനംകുന്നിൽ പള്ളിപണി ആരംഭിച്ചു. ഈ സമയത്തെല്ലാം എനിക്കു വളരെയധികം യാത്രകളുണ്ടായിരുന്നു. ഈ യാത്രകളിലെല്ലാം എന്നെ സഹായിച്ച എന്റെ സന്തതസഹചാരി 'എട്ടുതണ്ടു'വെച്ചു തുഴയാൻപറ്റുന്ന എന്റെ വള്ള(വഞ്ചി)മായിരുന്നു. ആ വള്ളം എന്റെ ജീവിതത്തിന്റെ ഒരുഭാഗം തന്നെയായിരുന്നു. പ്രത്യേകിച്ച്, എനിക്ക് നടക്കാൻ പ്രയാസമായ കാലത്തെല്ലാം ഇതെനിക്കൊരു വലിയ ആശ്രയമായിരുന്നു. മുത്തോലിക്കും ഏൽത്തുരുത്തിനും കൂനമ്മാവിനും പുളിങ്കുന്നിനും ആലപ്പുഴയ്ക്കും പള്ളിപ്പുറത്തിനും കല്ലൂർക്കാടിനും എല്ലാം എന്നെ പിന്നീട് ഈ വഞ്ചിയാണ് കൊണ്ടുപോയത്.

ഈ വള്ളത്തിൽ ശാന്തമായി ഇരുന്ന് ആലോചിച്ചാണ് ഞാൻ പല തീരുമാനങ്ങളും എടുത്തിരുന്നത്. എന്റെ യാത്രകളൊക്കെയും ശാന്തമായി ആലോചിക്കാനുള്ള അവസരമായി ഞാനുപയോഗപ്പെടുത്തി. നദിയിലൂടെ വള്ളത്തിൽ പോകുമ്പോൾ ഉള്ള ഒരു ശാന്തത ക്രിയാത്മകമായും സൃഷ്ടിപരമായും ഉള്ള ചിന്തകൾ നമ്മിലേക്ക് ഉരുത്തിരിയിക്കുന്നതാണ്. അങ്ങനെ ഈ വള്ളം പിന്നെ പല കാലഘട്ടങ്ങളെ കോർത്തിണക്കിയ 'പ്രിയോർവള്ള'മായി.

1837ൽ മാന്നാനം പള്ളിപണിക്ക് തടി എടുക്കുന്നതിനായി ഞാനും കണിയാന്തറ സഹോദരനുംകൂടി ആരക്കുഴ, വാഴക്കുളം, പ്രദേശങ്ങളിൽ പോയി. ആ പ്രദേശക്കാരുടെ സഹകരണത്തിൽ ആവുന്നത്ര തടി ശേഖ

രിച്ചാണ് മാന്നാനംപള്ളിയുടെ പണി പൂർത്തിയാക്കിയത്. അവിടെ സംസാരിച്ചിരിക്കുമ്പോൾ വാഴക്കുളത്തിനു സമീപം ആറ്റിൽ നല്ല വണ്ണത്തിലും നീളത്തിലും മണലിൽത്താണ് ഒരു കുറ്റിത്തടി കിടക്കുന്ന വിവരം ഒരാൾ ഓടി വന്നറിയിച്ചു.

ഞങ്ങൾ പോയി തടി ഉയർത്തി നോക്കി. വെള്ളത്തിൽക്കിടന്ന് നന്നായി പുളിപോയ നല്ല ഒരൊറ്റത്തടി. ഞങ്ങൾ അത് നാട്ടുകാരുടെ സഹായത്തോടെ മാന്നാനത്തെത്തിച്ച് കല്ലൂർക്കാട്ട് കോയിക്കര വർക്കിയെക്കൊണ്ട് എട്ടുതണ്ടുള്ള ഒരു വള്ളം പണിയിച്ചു. ചക്കനെ കൊണ്ട് ഒരു വളവരയും'. അതിനെപ്പിന്നെ മറ്റുള്ളവർ 'പ്രിയോർ വള്ളം' എന്നു സ്നേഹത്തോടെ വിളിക്കാൻതുടങ്ങി. എന്റെ പല ആശയങ്ങളുടെ രൂപീകരണത്തിനും ഈ വളവര വള്ളത്തിലുള്ള ശാന്തമായ യാത്രകൾ എന്നെ സഹായിച്ചിട്ടുള്ളതുകൊണ്ടുതന്നെ എനിക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു ഈ വള്ളം.

---

7 *വള്ളത്തിനുമേൽ വള്ളത്തിന്റെ പാതിഭാഗം മൂടുന്ന തരത്തിൽ പണികഴിപ്പിക്കുന്ന കൂടാരം. വള്ളത്തിൽ യാത്ര ചെയ്യുന്നവരെ മഴയിൽ നിന്നും വെയിലിൽനിന്നും ഇതു സംരക്ഷിക്കുന്നു.*

*സജ്ജനങ്ങളുമായി മാത്രം സംസർഗം ചെയ്യുക.*
*ദൈവഭക്തി ഇല്ലാത്തവരോട് ബന്ധുത്വം അരുത്.*
**- ചാവറയച്ചൻ**

# 18

# കുരിശിന്റെ വഴി

**മാ**ന്നാനം പള്ളിയുടെ പ്രധാന പണികൾക്കുശേഷം മലയുടെ അടിവാരത്തുനിന്നും മുകളിൽ വരെ 14 കുരിശുകൾ സ്ഥാപിച്ച് സ്ലീവാപ്പാത തുടങ്ങി. 1838-ൽ ആയിരുന്നു ഇത്. ഈ കുരിശിന്റെ വഴിയെക്കുറിച്ച് കേട്ടറിഞ്ഞ് അടുത്തുള്ള ഇടവകകളായ അതിരമ്പുഴ, പുന്നത്ര, കുടമാളൂർ, കൈപ്പുഴ എന്നിവിടങ്ങളിൽ നിന്നെല്ലാം ധാരാളമായി ആളുകൾ എത്താൻതുടങ്ങി. വെള്ളിയാഴ്ചകളിൽ വൈകിട്ട് മൂന്നു മണിക്ക് മലയടിവാരത്തിൽനിന്നുംതുടങ്ങി മുകളിൽ സന്ധ്യ മയങ്ങുന്നതോടെയായിരുന്നു കുരിശിന്റെ വഴി അവസാനിച്ചത്. മാന്നാനത്ത് ആദ്യം സ്ഥാപിച്ച കുരിശായിരുന്നു 14-ാം സ്ഥലം. വളരെ ഭക്തിപൂർവം ജനങ്ങൾ കൈയിൽ ചെറിയ മരക്കുരിശുകളും ചിലർ കത്തിച്ച മെഴുകുതിരികളും വഹിച്ച് നിരന്തരമായി ഈ ഭക്തശുശ്രൂഷയിൽ പങ്കുകൊണ്ട് അനുഗ്രഹം പ്രാപിച്ചുപോന്നു. ഇതോടെ മാന്നാനംകുന്നിന്റെ പ്രശസ്തിയും കൂടിവന്നു. അങ്ങനെ ഞങ്ങളുടെ മനസ്സിൽ ഉദിച്ച 'താപസഭവനം' പിന്നീട് വിശ്വാസികൾ ആരാധിക്കാൻ സ്ഥിരമായിവരുന്ന ഒരു വലിയ തീർത്ഥാടനകേന്ദ്രമായി മാറി.

# 19

# ഗുരുവിന് യാത്രാമൊഴി

സെമിനാരിയിൽ വളരെവേഗം വിദ്യാർത്ഥികളുടെ എണ്ണം കൂടി. പാലക്കൽ മൽപ്പാന്റെ ആരോഗ്യം മോശമായതിനാൽ മാന്നാനത്തു താമസിക്കാതെ അദ്ദേഹം പള്ളിപ്പുറത്തുതന്നെ സേവനംതുടർന്നു. സെമിനാരി ഭരണത്തിൽ തിരക്കുവർദ്ധിച്ചു. പോരൂക്കരയച്ചൻ പല ജോലികളും എന്നെ ഏൽപ്പിച്ചു. തോമാ മൽപ്പാനച്ചനു തീരെ വയ്യാതായപ്പോൾ മാന്നാനത്തിന്റെകൂടെ പള്ളിപ്പുറം സെമിനാരിയുടെ ചുമതലയും എനിക്ക് വഹിക്കേണ്ടിവന്നു. ഞാൻ അതെല്ലാം സന്തോഷത്തോടെ ചെയ്തു.



പാലക്കൽ തോമാ മൽപ്പാൻ

1841 ജനുവരി 16-നു വെള്ളിയാഴ്ച അവസാന കൂദാശകളെല്ലാം സ്വീകരിച്ച് എന്റെ പ്രിയപ്പെട്ട പാലക്കൽ തോമാ മൽപ്പാനച്ചൻ നൽമരണം പ്രാപിച്ചു.

എന്നെ ഞാനാക്കിയവൻ, എന്നിലെ നന്മകളെ പുറത്തെടുത്തവൻ, എന്നിലെ വായനാശീലത്തെ വളർത്തിയവൻ, കുട്ടനാട്ടിലെ കൈനകരി ഗ്രാമത്തിൽനിന്നും എന്നെ കണ്ടെടുത്തവൻ, എന്റെ പതിനൊന്നാം വയസ്സുമുതൽ എന്റെ എല്ലാമെല്ലാം. എന്റെ മാതാപിതാക്കളുടെയും ഏക സഹോദരന്റെയും മരണശേഷം ഗുരുവിനപ്പുറം മൽപ്പാനച്ചൻ എനിക്ക് അവരൊക്കെയായിരുന്നു. ജീവിതത്തിൽ ഒരിക്കലും അദ്ദേഹത്തിന് അപ്രീതിയുള്ളതൊന്നും ഞാൻ ചെയ്തിരുന്നില്ല.

പാലക്കൽ അച്ചനെ കണ്ടുമുട്ടിയില്ലായിരുന്നെങ്കിൽ ഞാനെന്തായേനെ? എന്റെ മാത്രം ജീവിതത്തെ സ്വാധീനിക്കുന്ന ഒരു കർഷകൻ ആകുമായിരുന്നിരിക്കാം. വിശാലമായ പ്രവർത്തനമേഖലകളിലേക്ക് എന്നെ കൈപിടിച്ചുയർത്താനായി തമ്പുരാൻ അയച്ച ദൈവദൂതനായിരുന്നില്ലേ മൽപ്പാനച്ചൻ. അദ്ദേഹം ഇളയമ്മയെ കാണാനായി അന്നെന്റെ നാട്ടിൽവന്നില്ലായിരുന്നെങ്കിൽ, അവിടെവെച്ച് എന്നെ കണ്ടില്ലായിരുന്നെങ്കിൽ എന്റെ ജീവിതം പൂർണമാകുമായിരുന്നോ?

ഇങ്ങനെയുള്ള ചിന്തകളുംപേറി എന്റെ മനസ്സ് ആ താപസന്റെ ഓർമകൾക്കുചുറ്റും പ്രദക്ഷിണംവെച്ചുകൊണ്ടിരുന്നു.

കുറേക്കാലംകൂടി പള്ളിപ്പുറം സെമിനാരി മാന്നാനത്തിന്റെ ഒരു ശാഖയായി പ്രവർത്തിച്ചുപോന്നു. അധികം താമസിയാതെ അതു നിർത്തേണ്ടതായും വന്നു.

തെറ്റിദ്ധാരണകളെല്ലാം മാറിയപ്പോൾ ഫ്രാൻസിസ് സേവ്യർ മെത്രാന്റെ സവിശേഷമായ ലാളനയ്ക്കും പ്രോത്സാഹനത്തിനും മാന്നാനം സെമിനാരിയും ആശ്രമവും പാത്രീഭവിച്ചു. 1844-ൽ അദ്ദേഹം എന്നെയും പോരുക്കരയച്ചനെയും പൊതു മൽപ്പാന്മാരായി നിയമിച്ചുകൊണ്ട് പസ്തോത്തി ഇറക്കി. അധികം താമസിയാതെ പിതാവ് കാലംചെയ്തു.



# 20

# അച്ചടിശാല

നല്ലതിനെയും നല്ല ചരിത്രത്തെയും വല്ലഭരുടെ ചിന്തകളെയും വരുംതലമുറകൾക്കുവേണ്ടി കരുതിവെക്കാൻ പുസ്തകങ്ങൾക്കല്ലാതെ വേറൊന്നിനുമാകില്ല എന്ന ചിന്ത എന്നെ കുറേ നാളായി അലട്ടുന്നുണ്ടായിരുന്നു. ഞാനും സഹപാഠികളും പാലക്കൽ അച്ചന്റെ നിർദേശപ്രകാരം വിവിധ പുസ്തകങ്ങൾക്കായി വളരെദൂരം യാത്രചെയ്യുകയും അവയുടെ പകർപ്പ് കിട്ടാത്തതിനാൽ അതു മുഴുവൻ പകർത്തി കൈയെഴുത്തുഗ്രന്ഥം ആയി സൂക്ഷിക്കുകയും ചെയ്തിരുന്നല്ലോ. അതുകൊണ്ടുതന്നെ പള്ളിപ്പുറം സെമിനാരിയിൽ ഉള്ളത്ര പുസ്തകശേഖരം വേറെങ്ങുമില്ലായിരുന്നു.

പുസ്തകങ്ങളെയും അതിലെ ജീവനുള്ള അക്ഷരങ്ങളെയും വളരെയധികം ഇഷ്ടപ്പെട്ടിരുന്ന എനിക്ക് അറിവിന്റെ ലോകത്തിലേക്ക് മാലോകരെയും വൈദികരെയും അടുപ്പിക്കണമെന്ന് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ അവരിലേക്ക് അറിവിന്റെ വെളിച്ചം നൽകാൻ അച്ചടിശാല എന്ന ആശയം എന്റെ സ്വപ്നങ്ങളിൽ എന്നും നിറ

ഞ്ഞുനിന്നിരുന്നു. അച്ചടിശാലകൾ ഭാരതത്തിൽ വളർന്നത് തികച്ചും മന്ദഗതിയിലായിരുന്നു. പോർച്ചുഗലിൽനിന്നു വിലാസം തെറ്റി വന്ന ഒരു അച്ചടിയന്ത്രം ഗോവയിൽ 1556-ൽ സ്ഥാപിക്കപ്പെട്ടു. ഇതാണ് ഭാരതത്തിലെ ആദ്യത്തെ അച്ചുകൂടമായി മാറുന്നത്. മൂന്നു പതിറ്റാണ്ടുകഴിഞ്ഞ് കൊല്ലത്തും തിരുവനന്തപുരത്തും സർക്കാർ അച്ചുകൂടവും കോട്ടയത്ത് സി.എം.എസ്. പ്രസും സ്ഥാപിതമായി. കോട്ടയത്തെ സി.എം.എസ്. അച്ചുകൂടം തികച്ചും പ്രൊട്ടസ്റ്റന്റ് മതപ്രചരണത്തിൽമാത്രം ശ്രദ്ധയൂന്നി.

ഈ അച്ചുകൂടം എന്നത് ഞാൻ കണ്ടിട്ടുകൂടിയില്ല. ഒന്നുകാണണം എന്നാഗ്രഹിച്ച് ഞാൻ ചിലർവഴി കോട്ടയത്തെ സി.എം.എസ്. അച്ചടിശാല അധികാരികളെ സമീപിച്ചു. പക്ഷെ കത്തോലിക്കനായ എന്റെ അഭ്യർത്ഥന അവർ പാടെ നിരസിച്ചു. എന്റെ കൂടെയുള്ള വിദ്യാസമ്പന്നർപോലും എന്നെ നിരുത്സാഹപ്പെടുത്തിക്കൊണ്ടിരുന്നു. അതുകൊണ്ടുതന്നെ സാധാരണക്കാരായ ജനങ്ങൾ എനിക്കു 'ബുദ്ധിഭ്രമം' ആണെന്നുവരെ പറഞ്ഞു നടന്നു. ഞാൻ പ്രതികരിക്കാതെ എന്റെ ലക്ഷ്യത്തിനുവേണ്ടി പ്രയത്നിച്ചും പ്രാർത്ഥിച്ചുമിരുന്നു. ഇതിനു തൊട്ടു മുമ്പ് 1843 സെപ്റ്റംബറിൽ തന്നെ അച്ചടിരംഗത്ത് ജോലി ചെയ്തിട്ടുള്ള ഇട്ടി കുരുവിള തോപ്പിൽ എന്നയാളുമായി ചില ചർച്ചകളും നടത്തിയിരുന്നു.

വിപരീതസാഹചര്യങ്ങൾക്കു കീഴടങ്ങാതെ ഞാൻ തിരുവനന്തപുരത്തേക്ക് പോയി. സർക്കാർ അച്ചുകൂടം ലക്ഷ്യമാക്കിയായിരുന്നു എന്റെ യാത്ര. അവിടെ സാധാരണ ജോലിക്കാരനായ ഒരു കത്തോലിക്കാ ജീവനക്കാരന്റെ സഹായത്തോടെ ഞാൻ അച്ചുകൂടവും അതിന്റെ പ്രവർത്തനവും വിശദമായും സൂക്ഷ്മമായും മനഃപാഠമാക്കി. തിരിച്ച് മാന്നാനത്തെത്തിയ ഉടൻ ഒരു വാഴപ്പിണ്ടിയിൽ ഞാൻ കണ്ട അച്ചുകൂടത്തിന്റെ ഒരു പ്രായോഗിക മാതൃക, എന്റെ മനസ്സിൽനിന്നും ആ ചിത്രം മായുന്നതിനു മുമ്പുതന്നെ ഉണ്ടാക്കിയെടുത്തു. നല്ല ഒരു മരപ്പണിക്കാരനെ ഉടനെതന്നെ മാന്നാനത്തു വരുത്തി തടിയിൽ ഒരു അച്ചുകൂടം[8] നിർമിച്ചു. അച്ചുകൾ (ടൈപ്പുകൾ) എന്നു പറയുന്ന അക്ഷരങ്ങൾ നിർമിക്കുകയായിരുന്നു അടുത്ത വെല്ലുവിളി. ടൈപ്പ് കൊത്തുന്നവരാരും എന്നെയും എന്റെ പരിശ്രമങ്ങളെയും സഹായിക്കാതിരിക്കാൻ സി.എം.എസ്. പ്രസ്സുകാർ ശക്തമായ ഉപരോധം ഏർപ്പെടുത്തി ജാഗരൂകരായി ഇരുന്നു.

ഒഴുക്കിനെതിരെ നീന്തുമ്പോൾ കൂടുതൽ ആനന്ദം ലഭിക്കുന്ന എന്നിലെ കുട്ടനാട്ടുകാരൻ കൂടുതൽ തീവ്രമായി പരിശ്രമങ്ങൾ തുടർന്നു.

---

*8 ഇങ്ങനെയുണ്ടാക്കിയ ആദ്യത്തെ അച്ചുകൂടം ഇപ്പോഴും മാന്നാനം മ്യൂസിയത്തിന്റെ ഭാഗമായ സംസ്കൃത സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ട്.*

ഒടുവിൽ ശിവരാമൻ എന്ന, സി.എം.എസ്. പ്രസ്സിൽ ജോലി ചെയ്തിരുന്ന ഒരു തമിഴ് തട്ടാനെ കണ്ടുപിടിച്ച് ഞാൻ ജോലി ഏൽപ്പിച്ചു. ഇയാൾ ചതുരവടിവിലാണ് മലയാള അക്ഷരങ്ങൾ നിർമിച്ചിരുന്നത്. ശിവരാമൻ ജോലി തുടങ്ങിയതറിഞ്ഞ് സഹിക്കവയ്യാതെ സി.എം.എസ്. പ്രസ്സുകാർ അയാളെ പിടിച്ചു കൊണ്ടുപോകാൻ ശ്രമിച്ചു. ഇതിനെയെല്ലാം ചെറുക്കാൻ എന്നെ സഹായിച്ചത് എന്റെ അമ്മവീടായ വെളിയനാട് തോപ്പിലെ അമ്മാവന്റെ മകൻ തോപ്പിൽ കുര്യൻ കുരുവിളയാണ്. അദ്ദേഹം തട്ടാനെ പുളിങ്കുന്നിൽ അവരുടെ വീട്ടിലും ബന്ധുക്കളായ വെളിയനാട് അത്തിക്കളത്തിൽ വീട്ടിലും താമസിപ്പിച്ച് സംരക്ഷിച്ചു. ആ വീടുകളുടെ സുരക്ഷിതത്വത്തിൽ ഇരുന്ന് തട്ടാൻ അക്ഷരങ്ങളെല്ലാം ഈയത്തിൽ കൊത്തിയെടുത്തു.

ഒടുവിൽ പ്രസ്സിന് അനുമതി കിട്ടേണ്ട സമയമായപ്പോൾ സർക്കാരിൽ നിന്നുതന്നെ എതിർപ്പുയർന്നു. വരാപ്പുഴ മെത്രാപ്പോലീത്ത ലുദ്‌വിക്കോസിനോട് ഞാൻ പരാതി പറഞ്ഞു. മെത്രാപ്പോലീത്തയുടെ സുഹൃത്തായിരുന്ന ബ്രിട്ടീഷ് റസിഡന്റ് കല്ലൻ സായ്പ്പിനെക്കൊണ്ട് നടത്തിയ ശുപാർശ അനുകൂലഫലമുണ്ടാക്കി. 1846 ജൂലൈയിൽ രാജാവിന്റെ അനുമതിപത്രം പ്രസ്സിന് കിട്ടി.

ഈ ഘട്ടത്തിലാണ് പ്രസ്സ് പ്രവർത്തിപ്പിക്കാൻ ഒരു പ്രിന്ററുടെ ആവശ്യം വന്നത്. തിരുവനന്തപുരം അച്ചുകൂടത്തിൽനിന്ന് കുര്യൻ എന്ന ഒരു വ്യക്തി ഈ ദൗത്യം ഏറ്റെടുത്തു. മാന്നാനത്തു താമസിച്ചുകൊണ്ട് കുര്യൻ ഒട്ടേറെ പേർക്ക് പരിശീലനം നൽകി.

ബോംബെയിൽ പോയി 'ബൈന്റിംഗ്' പഠിച്ചുവന്ന കൊച്ചിക്കാരനായ ഒരു യഹൂദനെ വിളിച്ചുവരുത്തി പ്രസ്സിലെ 'ബൈന്റർ' ആക്കി. ഇയാളുടെ കീഴിലും പലർ തൊഴിൽ പഠിച്ചു. മാന്നാനവും തുടർന്ന് അടുത്തുള്ള കോട്ടയവും അച്ചടികേന്ദ്രമായി ഉയർന്നതും കോട്ടയത്തിന് അക്ഷരനഗരിയെന്നു പേരുവീണതും പിൽക്കാലചരിത്രം. പിന്നെയും ഓരോ തടസ്സങ്ങളുണ്ടായി. കടലാസ്സിന്റെയും അച്ചടി മഷിയുടെയും ദൗർലഭ്യം ഒരു പ്രശ്നമായി മാറി. തുടർന്ന് അവ വിദേശത്തുനിന്നും വരുത്താൻ തീരുമാനിച്ചു. കൊച്ചിയിലെ ഒരു വ്യാപാരിവഴി നൂറു രൂപയുടെ സാധനങ്ങൾ ഓർഡർ ചെയ്തു. എന്നാൽ കപ്പലിൽ വന്നതാകട്ടെ നാനൂറു രൂപയുടെ സാധനങ്ങൾ. ചെന്നക്കാട്ടു തോമാച്ചൻ എന്നൊരാൾ അവിടെ സഹായത്തിനെത്തി. അദ്ദേഹം ഒരു ചിട്ടി തുടങ്ങിയും കപ്പൽ അധികാരികളുമായി ബന്ധപ്പെട്ട് ചില നിബന്ധനകളിൽ ഇളവുവരുത്തിയും ചരക്കിറക്കി.

എന്റെ സഹപ്രവർത്തകർക്കും സ്നേഹിതർക്കുമായി ഞാൻതന്നെയെഴുതിയ ഒരു ഉപദേശപത്രമാണ് മാന്നാനം അച്ചുകൂടത്തിൽനിന്നും ആദ്യ

മായി അച്ചടിച്ചത്.

ആദ്യം അച്ചടിച്ചുവന്ന പേപ്പർ നെഞ്ചോടു ചേർത്തുവെച്ച് ഞാൻ തമ്പുരാന് നന്ദി പറഞ്ഞു. ചോരക്കുഞ്ഞിനെ ചേർത്തുകിടത്തുമ്പോൾ പെറ്റമ്മ പ്രസവവേദന മറക്കുന്നതുപോലെ, കടലാസിലെ മഷിയും കടലാസും ഇടചേരുമ്പോൾ ഉണ്ടാകുന്ന ഒരു പ്രത്യേകമണം വലിച്ചെടുത്തപ്പോൾ ഈ പ്രസ്സിനുവേണ്ടി അനുഭവിച്ച വേദനകളെല്ലാം ഒരുനിമിഷംകൊണ്ടു ഞാൻ മറന്നു.

'ജ്ഞാനപീയൂഷം' എന്ന പ്രാർത്ഥനാപുസ്തകമാണ് പുസ്തകരൂപത്തിൽ ഇവിടെ ആദ്യം അടിച്ചത്.

പിന്നെ പുളിങ്കുന്നു തോപ്പിൽ കുര്യൻ തമിഴിൽനിന്നു വിവർത്തനം ചെയ്ത് പല പുസ്തകങ്ങളും ഇവിടെനിന്നു പ്രസിദ്ധീകരിച്ചു. അച്ചടിക്കടലാസിന്റെ ദൗർലഭ്യം വല്ലാതെ വിഷമിപ്പിച്ചപ്പോൾ ഫ്രാൻസിൽനിന്നും സ്പെയിനിൽനിന്നും നല്ല കടലാസ്സെത്തിക്കാൻ വരാപ്പുഴ മെത്രാപ്പോലീത്ത എന്നെ സഹായിച്ചു.

ഭാരതസഭയെ പ്രതിസന്ധിയിലാക്കിയ 'റോക്കോസ്' ശീശ്മക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കാനായി മാന്നാനം പ്രസ്സ് വളരെയധികം സഹായിച്ചു. അങ്ങനെ കേരള സഭാചരിത്രത്തിൽ മാന്നാനം അച്ചുകൂടത്തിന് ഒരു പ്രധാന പങ്കുവഹിക്കാൻ കഴിഞ്ഞു.

പിന്നീട്, എന്റെ മരണശേഷം മലയാളത്തിന്റെ ആദ്യ ദിനപത്രമായ 'നസ്രാണി ദീപിക' 1887-ൽ അച്ചടിച്ചതുവഴി കേരളചരിത്രത്തിന്റെ ഒരു ഭാഗമാകാനും മാന്നാനത്തെ ഈ അച്ചുകൂടത്തിന് സാധിച്ചു. കേരളത്തിലെ സാഹിത്യസാംസ്കാരിക നായകന്മാരായിരുന്ന മഹാകവി ഉള്ളൂർ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കുമ്മനം ഗോവിന്ദപിള്ള, ചക്കനാട്ട് ശങ്കരപ്പിള്ള, പി.ആർ. നാണു എന്നിവരെല്ലാം നസ്രാണി ദീപികയുമായി ബന്ധപ്പെട്ട് പിൽക്കാലത്ത് രചനകൾ നടത്തിയിട്ടുള്ളവരാണ്.

'ആളുകൾ വായിക്കട്ടെ'. വായന ഇഷ്ടമായാൽ അറിവു കൂടുകയും ചിന്താധാരകൾക്കു ലക്ഷ്യമുണ്ടാവുകയും ഏകാന്തതയിൽ സന്തോഷമുണ്ടാവുകയും ചെയ്യും- ഈ ചിന്തയുടെ ഒരു പ്രചാരകനായി പിൽക്കാലത്ത് ഞാൻ. പിന്നീട്, ഞാൻ കൂനമ്മാവിലേക്ക് മാറിയപ്പോൾ അവിടെ ഈ അച്ചുകൂടത്തിന്റെ ഒരു ശാഖ പ്രവർത്തനമാരംഭിക്കുകയും സുറിയാനിയിലുള്ള അച്ചുകൾ ഉപയോഗിച്ച് അച്ചടി നടത്തുകയും ചെയ്തു.

*ഇരിപ്പിലും നടപ്പിലും കിടപ്പിലും അടക്കം പാലിക്കുക.*
**- ചാവറയച്ചൻ**

# 21

# വിദ്യാഭ്യാസവിപ്ലവത്തിന്റെ തുടക്കം

**1846ൽ** പ്രസ്സ് സ്ഥാപിച്ചവർഷംതന്നെ മാന്നാനത്ത് ഒരു സംസ്കൃത സ്കൂൾ സ്ഥാപിക്കാൻ ദൈവം എന്നിലൂടെ തിരുമനസ്സായി. ഇതു കേരള ചരിത്രത്തെത്തന്നെ പിടിച്ചുലച്ച സംഭവമായി പിന്നീട് പലരും ചിത്രീകരിച്ചിട്ടുണ്ട്.

വേദം ശ്രവിച്ച ശൂദ്രന്റെ ചെവിയിൽ ഈയമുരുക്കിയൊഴിക്കാൻ മാത്രം ഇടുങ്ങിയ ചിന്താഗതിയുണ്ടായിരുന്ന ഒരു സവർണമേൽക്കോയ്മ നിലനിന്ന കാലഘട്ടത്തിലാണ് കർമങ്ങളിലൂടെ മാത്രമേ മനുഷ്യന് ഏറ്റക്കുറച്ചിൽ ഉണ്ടാവൂ എന്നു പൂർണമായും വിശ്വസിച്ചിരുന്ന ഞാൻ മാന്നാനം ആശ്രമത്തോടുചേർന്ന് ഒരു സംസ്കൃത സ്കൂൾ തുടങ്ങിയത്. ഇവിടെ സമീപസ്ഥലങ്ങളിലെ നാനാജാതി വിദ്യാർത്ഥികൾക്കൊപ്പം ആശ്രമത്തിലെ വൈദികരും ശെമ്മാശന്മാരും ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരും പഠിച്ചുപോന്നു.

പിന്നോക്ക ജാതിയിൽപ്പെട്ടവരും ദൈവത്തിന്റെ മക്കളാണ്. ദൈവത്തിന്റെ മുമ്പിൽ എല്ലാവരും സമന്മാരാണ് എന്നതായിരുന്നു എന്റെ വിശ്വാസം. ദളിതരെ സ്കൂളിലെത്തിക്കാനായി ആദ്യമൊക്കെ വളരെ ബുദ്ധിമുട്ടി. ഇതോടെ ദേവഭാഷയായി സവർണ ഹിന്ദുക്കൾ കരുതിപ്പോന്ന സംസ്കൃതം പഠിക്കാൻ അന്നാട്ടിലെ അധഃസ്ഥിതർക്കും ഒരു അവസരമുണ്ടായി.

ഈ സ്കൂളിൽ പഠിപ്പിക്കുന്നതിന് മലയാളത്തിലും സംസ്കൃതത്തിലും ഒരേപോലെ പ്രാവീണ്യം ഉണ്ടായിരുന്ന തൃശ്ശൂരുകാരനായ ഒരു വാര്യരെ

കിട്ടിയത് വഴിത്തിരിവായിരുന്നു. അദ്ദേഹത്തിൽനിന്ന് ഞാനും സംസ്കൃതം അഭ്യസിച്ചു. ഈ സംസ്കൃത സ്കൂളിന്റെ തുടക്കത്തെ പിന്നീട് ചരിത്ര കാരന്മാർ കത്തോലിക്കാസഭയുടെയും രാജ്യത്തിന്റെയും വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ ഒരു സംഭവമായി രേഖപ്പെടുത്തിയിട്ടുണ്ട്.

*നല്ല പുസ്തകങ്ങൾ ധാരാളം വായിക്കുക. ചീത്ത*
*പുസ്തകങ്ങൾ സൂക്ഷിക്കുന്നവൻ വൈക്കോലിൽ*
*തീ സൂക്ഷിക്കുകയാണ്.*
**- ചാവറയച്ചൻ**

# 22

# സി.എം.ഐ.സഭയുടെ സ്ഥാപനം

**1846** മകരം എട്ടിന് പോരൂക്കരയച്ചൻ ഈ ഭൂമിയിൽനിന്നും വിടപറഞ്ഞു. അവസാനനാളുകളിൽ കടുത്തപ്രമേഹത്തിന്റെ അസ്വസ്ഥതകളിലൂടെ അദ്ദേഹം കടന്നുപോയി. 46 വർഷങ്ങൾ മാത്രമാണ് ജീവിച്ചതെങ്കിലും നിശബ്ദനായിനിന്ന് മാറ്റത്തിന്റെ ശംഖൊലി തീർത്താണ് അദ്ദേഹം ഓർമയായത്. ഭാരതത്തിലെ ആദ്യത്തെ തദ്ദേശ സന്യാസസഭയുടെ പിറവിയുടെ കാരണക്കാരിലൊരാളായ അദ്ദേഹം ആ സഭയ്ക്ക് ഔദ്യോഗിക അംഗീകാരം ലഭിക്കുന്നത് കാണാനാകാതെ യാത്രയായി.

പാലക്കൽ അച്ചന്റെയും പോരൂക്കരയച്ചന്റെയും മരണത്തോടെ ഞാൻ രണ്ടു ചിറകുകളും ഒടിഞ്ഞ പക്ഷിയെപ്പോലെയായി.

ഇപ്പോൾ 41കാരനായ എനിക്കായി ദൈവം എണ്ണിവെച്ചിരിക്കുന്ന ശേഷിച്ച ദിവസങ്ങൾ എത്രയെന്ന് അറിയില്ല. അതിനുള്ളിൽ ആവുന്നത്ര ഈ ലോകത്തിനുവേണ്ടി ചെയ്യണം എന്ന ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ എനിക്ക്.

കൊവേന്ത തുടങ്ങി ഒന്നരപ്പതിറ്റാണ്ടു കഴിഞ്ഞിട്ടും തിരുസഭയുടെ ഔദ്യോഗിക അംഗീകാരം അതുവരെ ലഭിച്ചിരുന്നില്ല. ഞാൻ വരാപ്പുഴയെത്തി ബർണർദീനോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ചു.

ധ്യാനയോഗവും കർമയോഗവും സമന്വയിപ്പിച്ചുകൊണ്ടുള്ള ജീവിതക്രമമായിരുന്നു മാന്നാനത്തെ സന്യാസിമാരുടേത്. മാന്നാനത്തെ ധ്യാനങ്ങളിൽ സംബന്ധിക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ആളുകൾ എത്തിയിരുന്നു.

ഞങ്ങൾ ആദ്യം അമലോത്ഭവമാതാവിന്റെ ദാസസംഘം എന്നാണ് നാമകരണം ചെയ്യപ്പെട്ടിരുന്നത്. ഞങ്ങൾക്ക് സന്യാസസഭയായുള്ള ഔദ്യോഗിക അംഗീകാരം നൽകണമെന്ന് അപേക്ഷ ആവർത്തിച്ചു. മെത്രാൻ കുറച്ചു ദിവസങ്ങൾക്കുശേഷം യൂറോപ്പിൽനിന്നും വന്ന നിയമാവലി എന്നെ ഏൽപ്പിച്ചു. ഞാൻ കുറേ ഭേദഗതികൾ ഭാരതീയജീവിതത്തിനനുസരിച്ച് നിർദേശിച്ചു. വളരെ കുറച്ചു വ്യത്യാസങ്ങൾ മാത്രമെ അദ്ദേഹം അംഗീകരിച്ചുള്ളൂ.

ഞാൻ മുട്ടിപ്പായി തമ്പുരാനോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സന്യാസസഭയായി പ്രഖ്യാപിക്കുന്നതിനുമുമ്പ് അംഗങ്ങൾക്ക് ധ്യാനം നൽകാനായി മെത്രാൻ മർസലിനോസ് മിഷനറിയെ മാന്നാനത്തേക്ക് അയച്ചു.

ധ്യാനത്തോടെ പലരുടെയും മനസ്സിന് ഇളക്കംതട്ടി. മിഷനറി ഉള്ളതിലും കടുപ്പം കൂട്ടിയാണ് കാര്യങ്ങൾ അവതരിപ്പിച്ചത്. ഇത്രയും കഠിനമായ ജീവിതരീതിയാണ് തങ്ങൾ പിന്തുടരേണ്ടിവരുകയെന്നത് അവർ പ്രതീക്ഷിച്ചിരുന്നില്ല. സന്യാസസഭയിൽ ചേരുന്നതിൽനിന്ന് രണ്ടു വൈദികരും എട്ടു ശെമ്മാശന്മാരും ഒരു വൈദികവിദ്യാർത്ഥിയും പിന്മാറി. ഞാനും പത്തു വൈദികരും ശേഷിച്ചു. ഈ പിന്മാറ്റം വളരെ വേദനിപ്പിച്ചെങ്കിലും ദൈവതിരുമനസ്സെന്ന് കരുതി സ്വീകരിച്ചു.

ഞാൻ തന്നെ വേഷം നിശ്ചയിച്ചു. ളോഹയ്ക്കു പുറമേ തോൽ കൊണ്ടുള്ള അരക്കെട്ടും, കർമലീത്താ വെന്തിങ്ങയും. ശെമ്മാശന്മാർക്ക് ളോഹയ്ക്കു പുറത്ത് അരക്കെട്ടു വേണ്ട.

1855ൽ അമലോത്ഭവമാതാവിന്റെ തിരുനാൾദിനമായ ഡിസംബർ എട്ട്. ഞാൻ ധ്യാനത്തിലാണ്ടു. പാലക്കൽ മൽപ്പാനെയും പോരൂക്കര മൽപ്പാനെയും ഞാൻ ഓർത്തു. ഈ ഒരു ദിവസത്തിനുവേണ്ടി അവർ എത്ര ആശിച്ചവരാണ്. അവർ ഇതൊക്കെ മുകളിലിരുന്നു കാണുന്നുണ്ടാവും. ഞാനും മറ്റു പത്തുപേരും ഒരുങ്ങി സെമിനാരികവാടത്തിൽ എത്തി.

വരാപ്പുഴ മെത്രാന്റെ പ്രതിനിധി മാർസിലനോസ് മിഷനറി എന്നെ ഉത്തരീയം അണിയിക്കുകയും തോൽവാറ് ധരിപ്പിക്കുകയും ചെയ്തു. ഞാൻ അദ്ദേഹത്തിനുമുമ്പിൽ വ്രതവാഗ്ദാനം നടത്തി 'തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയ' എന്ന നാമം സ്വീകരിച്ചു.

മെത്രാൻ പറഞ്ഞേൽപ്പിച്ചതനുസരിച്ച് മിഷനറി എന്നെ സന്യാസസമൂഹത്തിന്റെ 'പ്രിയോർ' എന്ന അധികാരിയായി പ്രഖ്യാപിക്കുകയും ചെയ്തു. അന്നുമുതൽ എന്നെ പ്രിയോരച്ചൻ എന്ന് ആളുകൾ സ്നേഹത്തോടെ വിളിച്ചുതുടങ്ങി.

എന്നെക്കൂടാതെ അന്ന് വ്രതവാഗ്ദാനം നടത്തിയവർ എന്റെ അമ്മാവന്റെ മകൻ തോപ്പിൽ ഗീവർഗീസച്ചൻ, പോരൂക്കര കുര്യാക്കോസച്ചൻ,

കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, മുഞ്ഞനാട്ട് മത്തായി അച്ചൻ, കളപ്പുരയ്ക്കൽ മത്തായിയച്ചൻ, പാലയ്ക്കൽ കുര്യച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ, കളത്തിൽ സ്കറിയാച്ചൻ, വല്ല്യാറ യാക്കോബച്ചൻ, കണിയാരകത്ത് മാണിച്ചൻ എന്നിവരാണ്.

1831 മെയ് മാസം 11-ാം തീയതി സഭാ സ്ഥാപനം മുതൽ അമലോത്ഭവമാതാവിന്റെ ദാസസംഘം എന്ന പേരിൽ അറിയപ്പെട്ട ഞങ്ങളുടെ സമൂഹം 1860 ഒക്ടോബർ 1-ാം തീയതി ബർണർദീനോസ് മെത്രാൻ വഴി കർമലീത്ത നിഷ്പാദുകസഭയുടെ പൊതുസംഘത്തിന്റെ തീരുമാനമനുസരിച്ച് കർമലീത്ത നിഷ്പാദുക മൂന്നാം സഭ എന്ന പേര് വിളിക്കപ്പെട്ടു. ഇതിന്റെ ചുരുക്കമായി ക.നി.മൂ.സ (T.O.C.D) എന്നത് സഭാംഗങ്ങളുടെ പേരിനൊപ്പം ഉപയോഗിക്കാനും തുടങ്ങി.

ക.നി.മൂ.സ എന്നത് ഏതാണ്ട് 20-ാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടി (1959) 'കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്' എന്ന പേരായി മാറുകയും സി.എം.ഐ. എന്ന ചുരുക്കനാമത്തിൽ അറിയപ്പെടുകയും ചെയ്തു.

എന്റെ ഏതാണ്ട് പതിനഞ്ചുവർഷത്തെ പ്രിയോരച്ചൻ പദവിക്കാലത്ത് ഞങ്ങൾ മാന്നാനം കൂടാതെ കൂനമ്മാവ്, പ്ലാശനാൽ, വാഴക്കുളം, ഏൽത്തുരുത്ത്, പുളിങ്കുന്ന്, അമ്പഴക്കാട്, മുത്തോലി എന്നിങ്ങനെ മൊത്തം എട്ട് ആശ്രമങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിലായി സ്ഥാപിച്ചു. ഇവയിൽ കൂനമ്മാവ് ലത്തീൻകാർക്ക് കൊടുക്കേണ്ടതായി വന്നതിനാൽ നഷ്ടപ്പെടുകയുണ്ടായി. കുടക്കച്ചിറ അന്തോണിയാൽ സ്ഥാപിതമാകുകയും പിന്നീട് മെത്രാനാൽ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്ത പ്ലാശനാൽ ആശ്രമം മലമ്പനിയുടെ ആധിക്യം നിമിത്തം നിർത്തലാക്കുകയും ചെയ്തു. ബാക്കിയെല്ലാം ഇന്നും നിലനിന്നു പോകുന്നു. 1885ൽ തുടങ്ങിയ സെന്റ് എഫ്രേം സ്കൂൾ 1890-ൽ മാന്നാനം സെമിനാരിക്കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഇവിടെ പിൽക്കാലത്ത് വളരെ പ്രാധാന്യം ലഭിക്കുകയും പല മഹാരഥന്മാരും ഇവിടെനിന്ന് പഠിച്ചിറങ്ങുകയും ചെയ്തു. അങ്ങനെ ഈ സെമിനാരിക്കെട്ടിടം കേരളത്തിന്റെ സാമൂഹ്യമാറ്റത്തിൽ ഗണ്യമായ സംഭാവനകൾ നൽകി. അത് തുടരുകയും ചെയ്യുന്നു.



# 23

# കേരളസഭയ്ക്ക് ഒരു അഗ്നിപരീക്ഷ

**ആ**ദ്യനൂറ്റാണ്ടിൽ ഭാരതത്തിൽ വന്നിറങ്ങിയ തോമാശ്ലീഹ സ്ഥാപിച്ച കേരളസഭയിൽ, എ.ഡി. 345-ൽ ബാബിലോണിയയിൽ നിന്നുള്ള വിദേശ വ്യാപാരി ക്നായി തോമയും സംഘവും വന്നതുമുതൽ 1599ലെ ഉദയം പേരൂർ സൂനഹദോസ് വരെ കേരളത്തിലെ കത്തോലിക്കർ ബാബേൽ പാത്രിയാർക്കീസിനാൽ അയയ്ക്കപ്പെട്ടിരുന്ന സുറിയാനി മെത്രാന്മാരാലാണ് ഭരിക്കപ്പെട്ടിരുന്നത്. സൂനഹദോസിനുശേഷം ലത്തീൻ മെത്രാന്മാർ കേരളത്തിൽ കത്തോലിക്കാ സഭയുടെ നിയന്ത്രണം ഏറ്റെടുത്തു. 1861ൽ ബാബേലിൽ നിന്നു മാർ തോമസ് റോക്കോസ് എന്ന മെത്രാൻ കേരളസഭയുടെ നിരീക്ഷകനായി കേരളത്തിൽ എത്തി.

ഈ വരവിനു മാർപാപ്പായുടെ സമ്മതം ഇല്ലായിരുന്നു എന്ന അറിവ് എനിക്കു ലഭിച്ചു. ഔദ്യോഗികമായി ഈ വാർത്ത ജനങ്ങളെ അറിയിക്കാനായി ഈ വിവരം ഉൾക്കൊള്ളുന്ന ഒരു കത്ത് പാപ്പയിൽനിന്നും സുറിയാനി ഭാഷയിൽ കിട്ടാനായി ഞാൻ പലതവണ റോമിലേക്കു കത്തുകളയച്ചു.

ഈ കാലമത്രയും കൊണ്ട് സുറിയാനി മെത്രാൻ വരുന്നു എന്ന കള്ള പ്രചരണം കേരളമാകെ പരന്നതിനാൽ തങ്ങൾക്കു സ്വന്തമായി ഒരു മെത്രാനെ ആശിച്ചിരുന്നവർ ആവേശഭരിതരായി. അതുകൊണ്ടുതന്നെ റോക്കോസ് കൊച്ചിയിൽ കപ്പലിറങ്ങിയത് വലിയൊരാഘോഷമായി പരിണമിച്ചു. ആളുകൾ വലിയൊരു ചതിക്കുഴിയിൽപ്പെട്ടിരിക്കുന്നതിനെയോർത്തും കേരളസഭയ്ക്കു വന്നുചേർന്നിരിക്കുന്ന ആപത്തിനെയോർത്തും ഞാൻ വളരെ അസ്വസ്ഥനായി. വരാപ്പുഴ മെത്രാന്റെ മുന്നറിയിപ്പുകൾ ആവേശത്തിലായ ജനങ്ങൾ പാടെ അവഗണിക്കുന്നു. പാപ്പയുടെ അംഗീകാരമില്ലാത്ത ഒരു മെത്രാനെ ചെല്ലുന്ന പള്ളികളിലെല്ലാം ജനങ്ങൾ വളരെ ആഹ്ലാദത്തോടും ഭക്തിയോടുംകൂടി സ്വീകരിക്കുന്നു.

ഞാൻ കേരളസഭയ്ക്ക് സംഭവിച്ചിരിക്കുന്ന ഈ പരീക്ഷണഘട്ടത്തെ തരണം ചെയ്യാൻ എന്നാലാവുന്നതെല്ലാം ചെയ്യാൻ തീരുമാനിച്ചുറച്ച് പ്രാർത്ഥിച്ച് മുന്നോട്ടുനീങ്ങി.

പള്ളികൾതോറും ഞാൻ പ്രസംഗങ്ങൾ നടത്തി, റോക്കോസിനെതിരെയുള്ള എന്റെ വാദങ്ങൾ പറഞ്ഞ് ജനങ്ങളെ ബോധവാന്മാരാക്കാനായി ശ്രമിച്ചുകൊണ്ടിരുന്നു. കൂടാതെ വളരെയധികം ലഘുലേഖകൾ മാന്നാനം അച്ചുകൂടത്തിൽ അടിച്ച് പള്ളികളിൽ വിതരണംചെയ്തു.

മാർ തോമസ് റോക്കോസിനനുകൂലമായ തരംഗത്തിൽ ഇവയെല്ലാം നിഷ്പ്രഭമായി. ഞാൻ പ്രാർത്ഥനാപൂർവം തളരാതെ ന്യായത്തിന്റെ ഭാഗത്തുനിന്നു പോരാടിക്കൊണ്ടിരുന്നു.

റോക്കോസിന് പ്രമാണിയും സമ്പന്നനുമായ തൈക്കാട്ടുശ്ശേരിയിലെ പാറായി അവിര തുടങ്ങിയ കുറെ അനുചരന്മാരുണ്ടായിരുന്നു. ഇവരുടെയൊക്കെ സഹായത്തോടെ അന്നുണ്ടായിരുന്ന 154-ൽപ്പരം സുറിയാനി പള്ളികളിൽ വെറും 30 എണ്ണം ഒഴിച്ചു ബാക്കിയെല്ലാം റോക്കോസ് തരംഗത്തിൽ വീഴ്ത്തിയതു വളരെ വിഷമമുണ്ടാക്കി. എങ്കിലും അതിനെതിരെ ശക്തമായി ചെറുത്തുനിൽക്കേണ്ടതു കാലത്തിന്റെ ആവശ്യമാണെന്നു മനസ്സിലാക്കി.

ഞാൻ നാടിന്റെ പല ദേശങ്ങളിൽ സ്വാധീനമുള്ള പ്രമാണിമാരായ ഉണ്ണിച്ചെറിയ കാപ്പിൽ, പാല പള്ളിവാതുക്കൽ കാരണവർ, ചേർത്തലയിലുള്ള ആന്ത്രപ്പേർ എന്നിവരെ ആളുവിട്ട് വിളിച്ചുവരുത്തി, അവരുടെ ആശയങ്ങളും സഹായവും തേടി. വർക്കി ആന്ത്രപ്പേർ അന്നത്തെ തിരുവിതാംകൂർ പേഷ്ക്കാരായ ശങ്കുണ്ണിമേനോന്റെ സുഹൃത്തായിരുന്നു. ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് ആന്ത്രപ്പേർ പേഷ്ക്കാരെക്കണ്ട് കാര്യം ബോധിപ്പിച്ച് റോക്കോസിനെ അദ്ദേഹത്തെ അനുകൂലിക്കാത്ത പള്ളികളിൽ പോകുന്നതിനെ വിലക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിപ്പിച്ചു.

വടക്കുള്ളവർ ഈ ഉത്തരവ് ഉപയോഗിച്ച് കൊച്ചി ദിവാന്റെയും ഉത്തരവ് തരപ്പെടുത്തിയതിനാൽ റോക്കോസിന് ഒല്ലൂരും അരണാട്ടുകരയും മറ്റും പോകാനായില്ല. ഇതിനിടെ റോക്കോസിന്റെ ഒരു ദൂതൻ എന്നെ വന്നുകണ്ട് എന്നെ അനുനയിപ്പിക്കാനായി മെത്രാൻ സ്ഥാനം വാഗ്ദാനം ചെയ്തു. ഞാൻ അതു വിനയപൂർവം നിരസിച്ചത് അവർക്ക് എന്നോടുള്ള ദേഷ്യം വർദ്ധിപ്പിച്ചു.

നിരീക്ഷകനായി വന്ന റോക്കോസ് തന്റെ അധികാരപരിധികളെ മറികടന്നു പ്രവർത്തിക്കുന്നത് സഭയുടെ ഐക്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന് വരാപ്പുഴ അധികാരികൾ തിരിച്ചറിഞ്ഞു. തങ്ങളാൽ അതു തടയാൻ സാധിക്കില്ല എന്ന് ബോധ്യപ്പെട്ടതിനാൽ അവർ എന്നെ സർവ അധികാരങ്ങളോടും കൂടെ സുറിയാനി സഭയുടെ വികാരി ജനറാളായി നിയമിച്ചു. 1861 ജൂൺ 8-ന് പുറപ്പെടുവിച്ച ആ കൽപ്പനയിൽ വരാപ്പുഴ മെത്രാപ്പോലീത്തായും അതിരൂപത ചാൻസലർ പീറ്റർ തോമസച്ചനും ഒപ്പുവെച്ചിരുന്നു.

സന്യാസജീവിതം നയിച്ചിരുന്ന ഞാൻ ഈ പദവികൾ ഒന്നും ആഗ്രഹിച്ചിരുന്നില്ല. എന്നെ വികാരി ജനറാളായി നിയമിച്ച് ഒരാഴ്ച്ചക്കകം 1861 ജൂൺ 15ന് വരാപ്പുഴ മെത്രാപ്പോലീത്ത പ്രൊപ്പഗാണ്ട അധികാരികൾക്ക് ഇത് അറിയിച്ചുകൊണ്ട് എഴുതിയ കത്തിൽ എന്നെ സുറിയാനിക്കാരുടെ ബിഷപ്പായി ഉയർത്താനുള്ള നിർദ്ദേശം വച്ചിരുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞു. മലബാർ സഭയ്ക്ക് സ്വന്തമായി മെത്രാനുണ്ടാവുക എന്നത് ദീർഘകാലത്തെ സ്വപ്നം ആയിരുന്നെങ്കിലും സന്യാസജീവിതം നയിക്കുന്ന എനിക്ക് അത് ഉൾക്കൊള്ളാൻ പറ്റുമായിരുന്നില്ല.

എന്റെ എഴുത്തുകുത്തുകളിൽ ഒന്നുംതന്നെ ഞാൻ വികാരി ജനറാൾ എന്നു പോലും ഉപയോഗിക്കാതെ 'പ്രിയോരച്ചൻ' എന്നു മാത്രമാണ് എഴുതിപ്പോന്നത്. വികാരി ജനറാൾ എന്ന ഉത്തരവാദിത്തത്തിൽ എത്തിയിട്ട് ഞാൻ ആദ്യം ചെയ്തത് റോക്കോസിനെ കാണാനും അദ്ദേഹത്തിന്റെ കൈയിൽ ഉണ്ടെന്ന് അദ്ദേഹം അവകാശപ്പെടുന്ന രേഖകൾ കാണാനും ഒരു ശ്രമം നടത്തുകയായിരുന്നു.

ഞങ്ങൾ തൈക്കാട്ടുശ്ശേരിയിൽ എത്തി പാറായി അവിരയെ കണ്ടു. മെത്രാന്റെ അധികാരപത്രങ്ങൾ കാണാതെ അധികാരചിഹ്നമായ മോതിരം മുത്താൻ ബുദ്ധിമുട്ടാണെന്നും അത് റോക്കോസ് ഒരുതരം താഴ്ത്തലായിട്ടു കാണരുതെന്നും അറിയിച്ചു. അധികാരപത്രം ഇപ്പോൾതന്നെ കൊടുത്തുവിടുകയാണെങ്കിൽ, അതു ശരിയാണെന്നു ബോദ്ധ്യമായാൽ ഞങ്ങൾ റോക്കോസ് മെത്രാനെ അംഗീകരിക്കാമെന്നും അറിയിച്ചു.

പാറായി അവിര റോക്കോസിനെ ഈ വിവരം ധരിപ്പിച്ചു. തന്റെ കൈ

യിൽ നിയമാനുസൃതമായ അധികാരപത്രം ഇല്ലാത്തതിനാലും ഞാൻ അതിൽ കുറഞ്ഞതൊന്നും സ്വീകരിക്കാനിടയില്ല എന്നറിയുന്നതിനാലും എന്നെ കാണേണ്ട എന്നു തീരുമാനിച്ചു.

റോക്കോസിന്റെയും പാറായി അവിരയുടെയും കുതന്ത്രങ്ങൾ മുൻകൂട്ടി കണ്ടിരുന്നതിനാൽ ഉടനെ ഒരു വള്ളത്തിൽക്കയറി ഞങ്ങൾ അവിടെനിന്ന് സ്ഥലംവിട്ടു. ഈ കുറഞ്ഞ സമയത്തിനുള്ളിൽ അവരുടെ സ്വാധീനം ഉപയോഗിച്ച് എന്നെ പൊലീസിലേൽപ്പിക്കാനായി പൊലീസുകാരോടൊപ്പം അവരുടെ അനുയായികൾ കടവിലെത്തി. അതിനകം ഞങ്ങളവിടെനിന്നുപോയതിനാൽ അവർക്ക് നിരാശരായി മടങ്ങേണ്ടിവന്നു.

തിരിച്ചുവന്ന് ഞാൻ റോക്കോസിനെതിരെയുള്ള എന്റെ പ്രസംഗങ്ങളും ബോധവൽക്കരണ പരിപാടികളും തുടർന്നു. വികാരി ജനറാൾ എന്ന നിലയിൽ ഞാൻ വീണ്ടും വീണ്ടും റോമിലേക്ക്, മനസ്സ് നിറയെ സഭയെ രക്ഷിക്കണമേ എന്ന പ്രാർത്ഥനയോടെ, കത്തുകൾ അയച്ചു. പ്രാർത്ഥനയ്ക്കും കാത്തിരിപ്പിനും അവസാനം ഫലമുണ്ടായി. 1861 നവംബർ 7-ാം തീയതി റോമിൽനിന്നും കർദിനാൾ ബർണാബോയുടെ കത്ത്, വരാപ്പുഴ വികാർ അപ്പോസ്തലിക്കിനു ലഭിച്ചു. എന്റെ കത്തുകൾ കിട്ടിയെന്നും പരിശുദ്ധപിതാവ് ഉടൻ മറുപടി എഴുതുമെന്നും അതിൽ അറിയിച്ചിരുന്നു. റോക്കോസിന്റെ മെത്രാഭിഷേകം തന്നെ പോപ്പിന്റെ ആജ്ഞകൾക്കെതിരായിരുന്നു എന്ന് അതിൽ സൂചിപ്പിച്ചിരുന്നു.

ആ മാസം തന്നെ 22ന് വരാപ്പുഴ മെത്രാന് പരിശുദ്ധപിതാവ് ഒമ്പതാം പിയൂസ് പാപ്പയുടെ കൈയൊപ്പോടുകൂടി കത്തു കിട്ടി. ഞാൻ റോമിൽ ശരിയായ രീതിയിൽ കാര്യങ്ങളറിയിച്ചതിൽ സന്തോഷമുള്ളതായി കത്തിൽ സൂചിപ്പിച്ചിരുന്നു. റോക്കോസ് നിയമാനുസൃതം അവരോധിക്കപ്പെട്ട ആളല്ലെന്നും സുറിയാനിയിലുള്ള ആ കത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരുന്നു. റോക്കോസിനും ഒരു കത്ത് ലഭിച്ചു. പാപ്പയുടെ ആജ്ഞയനുസരിച്ച് റോക്കോസിനോട് തിരികെ ചെല്ലണമെന്നായിരുന്നു കത്തിൽ. റോക്കോസിനെ ഇങ്ങോട്ട് അയച്ചവർ തന്നെയായിരുന്നു അതെഴുതിയത്.

ഈ കത്തുപയോഗിച്ച് കാര്യങ്ങൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കാനും അവരെ വിശ്വാസത്തിലെടുക്കാനും ഞാൻ യത്നിച്ചു. ഒപ്പം റോക്കോസിനെ തിരിച്ചുവിടാനുള്ള ശ്രമങ്ങളും നടത്തി. അർഹതയില്ലാത്ത ജനപിന്തുണയും സാമ്പത്തികനേട്ടങ്ങളും അനുഭവിച്ച് ഉന്മത്തനായിരുന്ന റോക്കോസ് ചെറുത്തുനിൽക്കാൻ പരിശ്രമിച്ചു. തിരിച്ചുപോകാതിരിക്കാൻ അനുചരന്മാരും സമ്മർദം ചെലുത്തിയെങ്കിലും ഒടുവിൽ മടങ്ങാൻതന്നെ

റോക്കോസ് നിർബന്ധിതനായി. 1862 മാർച്ച് മാസത്തിൽ ബോംബെ വരെ പോകാനുള്ള യാത്രാചെലവും കൊടുത്ത് റോക്കോസിനെ ഞാൻ തന്നെ കപ്പലിൽ കയറ്റിവിട്ടു. ബോംബെയിൽ നിന്നും ബാഗ്ദാദിനുപോകാനുള്ള പണം ബോംബെയിൽനിന്ന് കൊടുക്കാനുള്ള ഏർപ്പാടും ചെയ്തു.

ഞാൻ ഹൃദയം നിറഞ്ഞു ദൈവത്തെ സ്തുതിച്ചു. സഭയിലുണ്ടായ കാറ്റും കോളും അടങ്ങിയെങ്കിലും അതു സൃഷ്ടിച്ച തിരകൾ അലയടിക്കുമെന്ന് അറിയാവുന്ന ഞാൻ അതിനെ തരണം ചെയ്യാനുള്ള ശക്തിക്കായി നിരന്തരം പ്രാർത്ഥിച്ചു.

റോക്കോസിനെതിരായി അന്നു ശക്തവും ധീരവുമായ നിലപാടെടുത്തില്ലായിരുന്നെങ്കിൽ മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ മലബാർസഭ എന്ന വ്യക്തിസഭയുടെ ചരിത്രം വേറൊന്നാകുമായിരുന്നു. അതോർക്കുമ്പോൾ, എന്നെ സഭാരക്ഷയ്ക്കുള്ള ഉപകരണമാക്കാൻ തിരുമനസ്സായതിൽ തമ്പുരാനെ സ്തുതിച്ചു.

*നിങ്ങളുടെ ദിനചര്യയിൽ നല്ല നിഷ്ഠയും ക്രമവും ഉണ്ടായിരിക്കണം. അത് കുത്തഴിഞ്ഞ ഒരു പുസ്തകം പോലെ ആകരുത്.*
**- ചാവറയച്ചൻ**

# 24

# മുന്നേറ്റം വിദ്യാഭ്യാസത്തിലൂടെ

**1861ൽ** എന്നെ സുറിയാനി കത്തോലിക്കരുടെ ആദ്യ വികാരി ജനറാളായി വരാപ്പുഴ ബർണ്ണർദീനോസ് മെത്രാപ്പോലീത്ത നിയമിച്ച കാര്യം ഞാൻ സൂചിപ്പിച്ചല്ലോ. സർവസമ്പത്തുകളേക്കാലും പ്രധാനമാണ് വിദ്യാഭ്യാസം എന്നു ഞാൻ വിശ്വസിച്ചിരുന്നു. അത് കള്ളന്മാർ അപഹരിക്കാത്തതും രാജാവിനാൽപ്പോലും എടുക്കപ്പെടാനാവാത്തതും കുടുംബാംഗങ്ങളാൽ വിഭജിക്കപ്പെടാനാവാത്തതുമാണ്.

കേവലം കർഷക-കച്ചവട മേഖലകളിൽമാത്രം അറിയപ്പെട്ടിരുന്ന കേരള കത്തോലിക്കരെ സാസ്കാരികവും സാമുദായികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ മുൻനിരയിലെത്തിക്കാൻ ശക്തമായി ശ്രമിക്കണമെന്ന് എനിക്കു തോന്നി. 'വിദ്യ'യ്ക്കുള്ള അനന്തസാധ്യതകൾ ആധുനിക കേരളത്തിന്റെ നിർമിതിയിൽ അതുല്യമായ പങ്കുവഹിക്കുമെന്ന് ഞാൻ ചിന്തിച്ചു.

സുറിയാനിക്കാർ അന്യമതസ്ഥരായ അദ്ധ്യാപകരുടെ അടുത്ത് വിദ്യ അഭ്യസിക്കുന്നതിനെ 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ് വിലക്കി. ആശാൻ കളരികൾ മാത്രമുണ്ടായിരുന്ന ആ കാലഘട്ടത്തിൽ അത്തരം വിലക്കുകളുടെ പരിണിതഫലം അതീവ ഗുരുതരമായിരുന്നു. വിദ്യാഭ്യാസത്തിനായി ഒരു സ്കൂളിന്റെ പടിവാതിൽപോലും കടക്കാൻ സാധിക്കാത്ത എനിക്കും എന്റെ പൂർവികർക്കും നഷ്ടമായത് പിൻഗാമികൾക്കു നേടിക്കൊടുക്കണമെന്ന് ഞാൻ അതിയായി ആഗ്രഹിച്ചു.

അതിന്റെ ഭാഗമായി 1846ൽ മാന്നാനത്ത് സ്ഥാപിച്ച സംസ്കൃതസ്കൂ

ളിൽ താഴ്ന്ന ജാതിക്കാരെയും പഠിപ്പിക്കാൻ സൗകര്യം ഒരുക്കിയ കാര്യം ഞാൻ നേരത്തേ പറഞ്ഞല്ലോ. സവർണരുടെ നെറ്റിചുളിപ്പിച്ച തീരുമാന മായിരുന്നു അതെങ്കിലും കേരളത്തിന്റെ സാമൂഹ്യവ്യവസ്ഥയിൽ വലിയ ചലനങ്ങളാണ് അതുണ്ടാക്കിയത്. ഭാരതത്തിലെങ്ങുംതന്നെ ഇതു പതി വുള്ളതായിരുന്നില്ല.

ഞാൻ വികാരി ജനറാളായശേഷം മാന്നാനം കുന്നിൽ ഒരു സ്കൂളിന്റെ നിർമാണം ആരംഭിച്ചു. അർപ്പൂക്കര തുരുത്തുമാലിയുടെ കുന്നേൽ മാർഗം കൂടുന്ന പുലയർക്കുവേണ്ടി കപ്പേളയും അതോടുചേർന്ന് സ്കൂളും സ്ഥാപിച്ചു.

ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കു മത പഠനം നടത്താൻ കേരളത്തിലാകെ വരാപ്പുഴ മാത്രമെ ഒരു സ്കൂൾ (Catechumenate) ഉണ്ടായിരുന്നുള്ളൂ. ഈ കുറവ് പരിഹരിക്കാനായാണ് മാന്നാനം ആശ്രമത്തോടനുബന്ധിച്ച് 1864ൽ ഒരു സ്കൂൾ സ്ഥാപിച്ചത്. പിന്നീട് എടത്വായിൽ രണ്ടുവർഷത്തിനുശേഷവും. ഇതിനെല്ലാം മുമ്പ് 1853ൽ തന്നെ ഒരു വിശ്വാസപരിശീലനകേന്ദ്രം[9] മാന്നാനത്ത് തുടങ്ങിയി രുന്നു.

ഇതൊന്നും ഇംഗ്ലീഷ് സ്കൂളുകൾ ആയിരുന്നില്ല. കാരണം പ്രൊട്ടസ്റ്റന്റു കളുടെ ഭാഷ എന്നു കരുതപ്പെട്ടിരുന്ന ഇംഗ്ലീഷ് പഠിക്കുന്നതിൽ കത്തോ ലിക്കരെ സഭ വിലക്കിയിരുന്നു. അത് എന്നെ മെത്രാൻ പ്രത്യേകം ഓർ മിപ്പിക്കുകയും ചെയ്തിരുന്നു.

1866ൽ ഇന്നത്തെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിന്റെ ഒരു ചെറുരൂപവും ആരംഭിച്ചു. ഏതാണ്ട് ആ കാലഘട്ടത്തിൽ കോട്ടയത്ത് സി.എം.എസ്. കോളജ് തുടങ്ങുകയും ചെയ്തു. ഇതിൽനിന്നും എനിക്കും മാന്നാനത്ത് ഒരു കേന്ദ്ര കോളജ് തുടങ്ങണമെന്ന് അഭിലാഷമുദിച്ചു. കൂന മ്മാവിലേക്ക് എന്റെ പ്രവർത്തനമേഖല മാറിയതുകൊണ്ടും റോക്കോസ് പ്രശ്നങ്ങൾ മൂലമുണ്ടായ തിരക്കുകൾ കാരണവും അതു നടന്നില്ല.

കേരളത്തിലിന്ന് നൂറു ശതമാനം സാക്ഷരതയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്ന സർക്കുലർ ഞാൻ ആ കാലത്താണ് (1864) തയാറാക്കിയത്. അന്നത്തെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി രുന്ന ബർണർദീനോസ് ബച്ചനെല്ലി മെത്രാപ്പോലീത്തായെ അറിയിച്ചതി നുശേഷമാണ് ആ ഉദ്യമത്തിന് ഞാൻ തുനിഞ്ഞത്. സർക്കുലറിനായി മനസ്സിൽ സൂക്ഷിച്ചിരുന്ന ആശയങ്ങൾ എന്റെ കൈപ്പടയിൽതന്നെ എഴു

---

*9 കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലനകേന്ദ്രം*

തി, വികാരി ജനറാൾ എന്ന അധികാരമുപയോഗിച്ച് കർശന നിർദേശോത്തരവായി എല്ലാ പള്ളികളിലേക്കും അയക്കുകയായിരുന്നു.

"ഓരോ പള്ളിയോടും ചേർന്ന് ഓരോ പള്ളിക്കൂടവും"[10] നിർബന്ധമായും സ്ഥാപിക്കണമെന്നുള്ളതായിരുന്നു അതിന്റെ ഉള്ളടക്കം. അല്ലാത്തപക്ഷം ശിക്ഷണനടപടികൾ ഉണ്ടാകുമെന്നും നിർദേശമനുസരിക്കാത്ത പള്ളികൾ അടച്ചിടേണ്ടിവരുമെന്നും ശക്തമായി താക്കീത് നൽകിയിരുന്നു. കൽപ്പന എല്ലാ സുറിയാനി കത്തോലിക്കാപള്ളികളിലും കർശനമായി നടപ്പിൽ വരുത്തുന്നതിനായി കൊവേന്തകളെ മേൽനോട്ടം ഏൽപ്പിച്ചു. ഇങ്ങനെയുള്ള പള്ളിക്കൂടങ്ങളിൽ എല്ലാ ജാതിമതസ്ഥർക്കും പ്രവേശനം നൽകണമെന്നും നിഷ്കർഷിച്ചു. അക്കാലത്ത് സർക്കാർ സ്കൂളുകളിൽപ്പോലും താഴ്ന്ന ജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു.

തിരിച്ചറിവായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയക്കണമെന്നും അവർ എങ്ങനെ പഠിക്കുന്നു എന്ന് പരിശോധിക്കണമെന്നും മാതാപിതാക്കൾക്ക് നിർദേശം നൽകി. ഈ തീരുമാനങ്ങൾ കുറച്ചൊക്കെ കോളിളക്കം ഉണ്ടാക്കിയെങ്കിലും ദൂരവ്യാപകമായ നല്ല ഫലങ്ങളാണ് അവ കേരളസമൂഹത്തിൽ സൃഷ്ടിച്ചത്. സാധാരണക്കാരനായ എന്നെ ഉപയോഗിച്ച് ദൈവം ചെയ്ത വലിയ കാര്യങ്ങളെ ഓർത്ത് നന്ദിയോടെ നിൽക്കാൻ മാത്രമേ എനിക്ക് കഴിയുകയുള്ളൂ.

കൽപ്പനയും അതു നടപ്പാക്കാനുള്ള നിരന്തരമായ ഓർമപ്പെടുത്തലുകളുമുണ്ടായപ്പോൾ ഒട്ടുമിക്ക സുറിയാനി കത്തോലിക്കാപള്ളികളോടും ചേർന്നു പള്ളിക്കൂടങ്ങൾ ഉണ്ടായി. ഈ പള്ളിക്കൂടങ്ങളിൽ ദളിത്കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

സ്കൂളിൽ വരവ് പ്രോത്സാഹിപ്പിക്കാനായി അവർക്ക് ഉച്ചഭക്ഷണവും[11] പുസ്തകങ്ങളും വസ്ത്രവും സൗജന്യമായി കൊടുത്തു. ഇടവകകളിൽ

---

10 *ഇതുമൂലം കേരളത്തിൽ സ്കൂളുകൾ ഇന്നും ജാതിമതഭേദമെന്യേ പള്ളിക്കൂടങ്ങൾ എന്ന് അറിയപ്പെടുന്നു.*

11 *ഇതാണ് പിന്നെ 'ഉച്ചക്കഞ്ഞി' എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങിയത്. 1940 മുതൽ തിരുവിതാംകൂറിൽ ഇത് സ്കൂളുകളിൽ പതിവായി. സർക്കാർ സ്കൂളുകളിൽ പാവപ്പെട്ടവർക്ക് ഉച്ചക്കഞ്ഞി ഏർപ്പെടുത്തണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ദിവാനായിരുന്ന ശ്രീ. സി.പി. രാമസ്വാമി അയ്യർ 1936 നവംബർ 26-ന് മഹാരാജാവിന് സമർപ്പിച്ച ശുപാർശയിൽ പള്ളിക്കൂടങ്ങളിലെ ഈ പതിവ് മാതൃകയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.*

പിടിയരി[12] പോലുള്ള പിരിവുകൾ നടത്തിയാണ് ഇതെല്ലാം സാധിച്ചെടുത്തത്.

ഓരോ കത്തോലിക്കാ കുടുംബത്തിലും ഓരോ പ്രാവശ്യം ചോറു വെക്കാൻ അരിയിടുമ്പോഴും ഒരുപിടി ഒരു പാത്രത്തിൽ മാറ്റിവെച്ച് അത് എല്ലാ ഞായറാഴ്ചയും പള്ളിയിൽ ഏൽപ്പിക്കുന്ന രീതിയാണ് 'പിടിയരി' എന്ന പിരിവു സംവിധാനം.

സുറിയാനി ക്രിസ്ത്യാനികളിലെ സമ്പന്നരിൽനിന്ന് സംഭാവനകൾ സ്വീകരിച്ച് ഞാൻ മാന്നാനത്തിനുസമീപം പതിനേഴു പറ പുഞ്ചനിലം വാങ്ങി. പള്ളിക്കൂടത്തിലെ ഉച്ചക്കഞ്ഞി വിതരണത്തിനും അദ്ധ്യാപകരുടെ ശമ്പളത്തിനുംവേണ്ടിയായിരുന്നു ഇത്.

---

*12 പിടിയരി, കെട്ടുതെങ്ങ് തുടങ്ങിയ സമ്പ്രദായങ്ങൾ പല സാമുദായിക സംഘടനകളും വിജയകരമായി പിന്നീട് അനുവർത്തിച്ചുപോന്നു.*

*നീ ആരോട് ഇടപെടുന്നുവെന്നു പറയുക,*
*നീ ആരാകുമെന്ന് ഞാൻ പറയാം.*
**- ചാവറയച്ചൻ**

# 25

# ആദ്ധ്യാത്മികനേതൃത്വം

**ഈ** തിരക്കുകൾക്കിടയിലും തമ്പുരാൻ എന്നെ ഭരമേൽപ്പിച്ചിരിക്കുന്ന വൈദികവൃത്തിയിൽ നിന്നോ അതിന്റെ ആദ്ധ്യാത്മികതയിൽ നിന്നോ ഒരിഞ്ചുപോലും പുറകോട്ടു പോകാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു.

എന്റെയും മറ്റു വൈദികരുടെയും ആദ്ധ്യാത്മിക ഉണർവിനായി ഇടവക വൈദികരുടെ വാർഷികധ്യാനം നിർബന്ധമാക്കി.

ജനങ്ങൾക്കായുള്ള ഇടവക വാർഷികധ്യാനവും നിർബന്ധമാക്കി. ഓരോ ഇടവകയിലും മൂന്നു ദിവസത്തിൽ കുറയാതെ അതു നടത്തണമെന്ന് കൽപ്പന പുറപ്പെടുവിച്ചു. ഈ ധ്യാനഗുരുക്കന്മാർതന്നെ കുടുംബങ്ങളിലെ വഴക്കുകളും പള്ളിയിലെ തർക്കങ്ങളും രമ്യതയിൽ എത്തിക്കുകയും ചെയ്തുവന്നു.

ഞായറാഴ്ച ദിവ്യബലിയോടു ചേർന്നുള്ള പ്രസംഗം നിർബന്ധമാക്കി. അധികാരവികേന്ദ്രീകരണത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് സുറിയാനി കത്തോലിക്കാസഭയെ ഞാൻ നാലു റീജിയനുകളായി വിഭജിക്കുകയും ഓരോ റീജിയനും ഒരു ഡെപ്യൂട്ടിയുടെ കീഴിൽ ആക്കുകയും ചെയ്തു. ഭക്തിമാർഗങ്ങളെ പ്രോത്സാഹിപ്പിക്കാനും ഈ നീക്കം വളരെ സഹായിച്ചു.

ആദ്യ വെള്ളിയാഴ്ചഭക്തിയും നാൽപ്പതുമണി ആരാധനയും (15-02-1866) സുറിയാനിയിൽ തയാറാക്കി പ്രചരിപ്പിച്ചു. ദിവ്യകാരുണ്യ ഭക്തിക്ക് വളരെ പ്രാധാന്യം കൊടുത്തു.

കൊവേന്തകളിലെ ദിനചര്യയായി ഇതിനകം മാറിയിരുന്ന ജപമാല

ഭക്തി കുടുംബങ്ങളിലേക്കും പ്രചരിപ്പിച്ചു. കൊന്തജപം ഈ കാലംമുതൽ കത്തോലിക്കാ കുടുംബങ്ങളിൽ സന്ധ്യാപുഷ്പങ്ങളായി. സുറിയാനി കത്തോലിക്കാപ്പള്ളികൾക്ക് 1862-ൽ ഏകീകൃതവും വിശദവുമായ ഒരു പൊതുകുർബാനക്രമപുസ്തകം (തുക്കാസ) ഉണ്ടാക്കിയെടുത്ത് അച്ചടിച്ച് എല്ലാ പള്ളികൾക്കും വിതരണംചെയ്തു.

ഓരോ പള്ളിയുടെയും വരുമാനത്തിൽ ചെലവുകഴിച്ചു മിച്ചംവരുന്ന തുകയുടെ അഞ്ചു ശതമാനം രൂപതയ്ക്കു നൽകുന്ന 'നൂറ്റിക്കഞ്ചു' പദ്ധതി രൂപത നടത്തിപ്പിനായി രൂപകൽപ്പന ചെയ്തു നടപ്പിലാക്കി. ഈ തുക രൂപതകളെ സാമ്പത്തിക സ്വയംപര്യാപ്തതയിലേക്ക് നയിച്ചു.

ധ്യാനമെന്നാൽ എന്റെ കാഴ്ചപ്പാടിൽ ദൈവത്തോടുള്ള സംസാരമാണ്. സ്നേഹിതരോട് ഒന്നിച്ചുള്ള സംഭാഷണം പോലെ ആത്മമണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്നു സംസാരിക്കുന്നതാണ് ധ്യാനം. ഇവിടെ സ്നേഹം ഉണ്ടെങ്കിൽ ഭാഷ ഒരു പ്രശ്നം അല്ല.

ആർഷഭാരതത്തിന്റെ ആദ്ധ്യാത്മികപൈതൃകമായ ധ്യാനം, സന്യാസം, ദൈവാനുഭവം മുതലായവയെ ഉൾക്കൊണ്ട് കേരള ക്രൈസ്തവസഭയെ നവോത്ഥാനത്തിലേക്ക് വഴിതെളിക്കാൻ തമ്പുരാൻ എന്നെ ഒരുപകരണമാക്കി എന്നാണ് ഞാൻ വിശ്വസിക്കുന്നത്. സാധാരണക്കാരനായ ഞാൻ വിശ്വസിച്ചിരുന്നത് പ്രാർത്ഥനയോടുകൂടിയ പ്രവർത്തനത്തിലാണ്. പ്രാർത്ഥനയോടെയുള്ള പ്രവർത്തനങ്ങൾക്ക് സാധാരണക്കാരെക്കൊണ്ട് അസാധാരണകാര്യങ്ങൾ ചെയ്യിക്കാൻ സാധിക്കുമെന്ന് ഞാൻ എന്നും വിശ്വസിച്ചിരുന്നു. എളിയ ജീവിതത്തിലൂടെ ഞാൻ മനസ്സിലാക്കിയ ഒരു വലിയ സത്യമായി അതു മാറുകയുംചെയ്തു.

*മടി സർവ ദുർഗുണങ്ങളുടെയും*
*മാതാവാകുന്നു.*
- ചാവറയച്ചൻ

# 26

# കൂനമ്മാവിലേക്ക്

**1864-ാം** ആണ്ടിന്റെ പാതിയോടെ ബർണർദീനോസ് മെത്രാപ്പോലീത്തയുടെ ഒരു സന്ദേശം എനിക്കു കിട്ടി. തനിക്കു പലപ്പോഴും എന്നോടു സംസാരിക്കേണ്ടതായി വരുമെന്നും അതിനുവേണ്ടിയും വികാരി ജനറാൾ എന്ന നിലയിലുള്ള ജോലികൾ നന്നായി തുടരുന്നതിനായും കൂനമ്മാവിലേക്ക് താമസം മാറ്റണമെന്നായിരുന്നു അത്.

മാന്നാനത്തുനിന്നുപോകാൻ മനസ്സിനു ബുദ്ധിമുട്ടുണ്ടെങ്കിലും മേലധികാരികളുടെ ആജ്ഞകൾക്കും ആവശ്യങ്ങൾക്കും എതിരായി ഒരിക്കലും നിൽക്കാൻ താൽപര്യമില്ലാത്ത ഞാൻ അതു സമ്മതിച്ചു. മേലധികാരികൾ പറയുന്നത് ദൈവം അവരിലൂടെ പ്രവർത്തിച്ച് അവിടുത്തെ പദ്ധതിപ്രകാരം പറയുന്നവയാണ് എന്ന് ഞാൻ എപ്പോഴും വിശ്വസിച്ചിരുന്നു.

പോരൂക്കര കുര്യാക്കോസച്ചനെ മാന്നാനം കുന്നിന്റെ കാര്യങ്ങളെല്ലാം ഓരോന്നായി പറഞ്ഞേൽപ്പിച്ചു. എന്നേക്കാൾ കഴിവുള്ളവരാണ് എനിക്കുശേഷം വരുന്നവർ എന്നാണ് എന്റെ തത്വം. ആ വിശ്വാസം എനിക്കു ധൈര്യംതന്നു.

നാളെ കൂനമ്മാവിലേക്ക് യാത്രയാകണം. ജീവിതത്തിലെ പുതിയ അദ്ധ്യായത്തിനു തുടക്കം കുറിക്കണം. ആകസ്മികവും പൊടുന്നനെയുമുള്ള മാറ്റങ്ങൾക്ക് ഒരു സന്യാസി എന്നും തയാറായിരിക്കണം. വയസ്സ് അറുപതിനോടടുക്കുന്നു. മനസ്സ് എത്തുന്നിടത്ത് ശരീരം എത്തുന്നില്ല.

രാത്രിയിൽ ഞാൻ ബേസ് റൗമയിലെ തോട്ടത്തിൽ ഇരുന്നു. എത്ര

മനോഹരമാണ് ഈ കുന്നിൻമുകളിൽനിന്നുമുള്ള ദൃശ്യങ്ങൾ. നിലാവുള്ള രാത്രിയിൽ എന്തൊരു ഭംഗിയാണ് ഈ മാന്നാനംകുന്ന് കാണാൻ. ഇവിടുത്തെ ഓരോ മരവും ചെടിയും എന്നെ തിരിച്ചറിയുന്നു, ഞാൻ അവയെയും. ഈ കുന്ന് ആദ്യം കണ്ടതുമുതൽ ഇന്നു വരെയുള്ള ഓരോ സംഭവങ്ങളും എന്റെ മനസ്സിലൂടെ വന്നുപോയി. ഇത്രയും വർഷങ്ങൾ കൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് ഈ കുന്നിനും മാന്നാനം പ്രദേശത്തിനും ഉണ്ടായിരിക്കുന്നത്? ഞാൻ ഓർത്തു. അതിലൊക്കെ ഈ എളിയവന്റെ ഒരു ചെറിയ കൈയൊപ്പ് പതിപ്പിക്കാൻ തമ്പുരാൻ എന്നെ പ്രാപ്തനാക്കിയല്ലോ.

കുട്ടനാട്ടിൽ വെള്ളപ്പൊക്കം ബാധിക്കാത്ത, യാത്രാസൗകര്യം ഉള്ള ഇതുപോലൊരു കുന്ന് ഉണ്ടായിരുന്നെങ്കിൽ ഈ ബേസ് റൗമ അവിടെയായേനെ, ഒരു സംശയവും ഇല്ല. എല്ലാം ദൈവനിശ്ചയം. പക്ഷെ, പിന്നെപ്പിന്നെ മാന്നാനവും എനിക്കെന്റെ ജന്മനാടുപോലെ പ്രിയപ്പെട്ടതായി. ഇപ്പോൾ ഇതാ ഞാനായി നട്ടുവളർത്തിയതിനെ എല്ലാം ഉപേക്ഷിച്ച് ദൈവം എനിക്കായി ഒരുക്കിവെച്ചിരിക്കുന്ന പുതിയ മേച്ചിൽപുറങ്ങൾ തേടി ഞാൻ പോകുകയായി.

കൂനമ്മാവിൽ എനിക്ക് ആത്മീയപിതാവും കുമ്പസാരക്കാരനുമായി മെത്രാപ്പോലീത്ത നൽകിയത് മിഷനറിയായ ലിയോപ്പോൾഡ് ബെക്കാറോയെയാണ്. അതും സഭാചരിത്രത്തിലെയും കേരള സാമൂഹ്യ ചരിത്രത്തിലെയും വഴിത്തിരിവിന് ഒരു നിമിത്തമായിയെന്നതു പിന്നീടു നാം മനസ്സിലാക്കുന്നു. ഡെലിഗേറ്റ് ആയിരുന്ന അദ്ദേഹം എന്നോടുചേർന്നു പ്രവർത്തിച്ചത് ദൈവം അയച്ചവനെപ്പോലെയായിരുന്നു. 1859ൽ ഈ മലയാളമണ്ണിൽ യൂറോപ്പിൽനിന്നു വന്നിറങ്ങിയ അദ്ദേഹം വെറും അഞ്ചു മാസം കൊണ്ടു മലയാളഭാഷ സ്വായത്തമാക്കി. അദ്ദേഹത്തിന്റെ പട്ടത്തിനുശേഷം കൂനമ്മാവ് ഇടവകക്കാരുടെ ആത്മീയ കാര്യങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. വളരെയധികം ആളുകളെ അദ്ദേഹം നല്ല വഴിയിലൂടെ നടത്തി. എനിക്ക് ഡെലിഗേറ്റ് അച്ചൻ വളരെ പ്രിയപ്പെട്ടവനായിരുന്നു. എന്റെ ഇംഗിതങ്ങൾ അദ്ദേഹത്തിനു നന്നായി അറിയാമായിരുന്നു. എന്റെ ആന്തരികചിന്തകൾ പോലും മനസ്സിലാക്കിയിരുന്ന ഒരു വ്യക്തിത്വമായിരുന്നു ലിയോപ്പോൾഡച്ചൻ.



# 27

# സ്ത്രീകൾക്കായുള്ള സന്യാസസഭാസ്ഥാപനം

**ലി**യോപ്പോൾഡച്ചന്റെ നാടായ യൂറോപ്പിലുള്ളതുപോലെ തന്നെ ഈ മലയാളക്കരയിലും സ്ത്രീകൾക്കായുള്ള ഒരു സന്യാസസഭ ഉണ്ടാകണമെന്നുള്ളത് എന്റെ വളരെക്കാലമായുള്ള ആഗ്രഹമായിരുന്നു. മാന്നാനത്ത് ഞാനും പോരൂക്കര, പാലക്കൽ മൽപ്പാന്മാരും ഇതിനെപ്പറ്റി പലതവണ സംസാരിച്ചിട്ടുള്ളതാണ്. പുരുഷന്മാർക്കായുള്ള സന്യാസ സഭയെപ്പറ്റി ആലോചിക്കുമ്പോൾത്തന്നെ ഇതും ആലോചിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ വളരെ പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ ശക്തീകരണത്തിന് ഇത് ഉതകുമെന്നുമുള്ള വിഷയം ഞങ്ങൾ സ്തബിലീനി മെത്രാപ്പോലീത്തായോടും ചർച്ചചെയ്തിരുന്നു.

സാമൂഹികമായ നിയമങ്ങളുടെയും ചിട്ടവട്ടങ്ങളുടെയും ഇടയിൽ കുരുങ്ങിക്കഴിയുകയായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ

സ്ത്രീകൾ. സമൂഹത്തിലോ പള്ളിയിലോ സ്വന്തം വീട്ടിൽപ്പോലും സ്ത്രീക്ക് സ്വാത ന്ത്ര്യം ഇല്ലായിരുന്നു. അവകാശങ്ങളുടെ കാര്യത്തിൽ സ്ത്രീകൾ പൂർണമായും പുരുഷന്മാർക്ക് കീഴിലായിരുന്നു. അവർ ക്കു വിദ്യാഭ്യാസം അധികമായി നൽകി യിരുന്നില്ല. സുറിയാനി ക്രിസ്ത്യാനിക ളുടെ ഇടയിലും സ്ഥിതി മറിച്ചായിരുന്നില്ല. വളരെ ചെറുപ്പത്തിലേ പെൺകുട്ടികളെ വിവാഹം കഴിച്ച് അയക്കുകയായിരുന്നു പതിവ്. അവൾക്ക് നൽകുന്ന സ്ത്രീധനം ഭർത്താവിന്റെ സ്വത്ത് ആയിത്തീരുകയും ചെയ്യും.



ഫാ. ലിയോപ്പോൾഡ്
ബെക്കാറോ OCD

ചുരുക്കത്തിൽ വീട്ടുജോലികൾ കൃത്യമായി ചെയ്യുന്ന, കുഞ്ഞുങ്ങ ളെ ഗർഭം ധരിച്ച് പ്രസവിച്ച് വളർത്തുന്ന ഒരു യന്ത്രമായിരുന്നു അക്കാല ത്ത് കേരളത്തിലെ സ്ത്രീകൾ. പക്ഷെ, സ്ത്രീകളുടെ കഴിവുകൾ അതിന്റെ എല്ലാ അർത്ഥത്തിലും കണ്ടുവളർന്ന ഒരു ബാല്യമായിരുന്നു എനിക്ക് എന്റെ കൈനകരി ഗ്രാമത്തിൽ ഉണ്ടായിരുന്നത്. എന്റെ കുട്ടനാ ട്ടുകാരിയായ അമ്മതന്നെയായിരുന്നു ഞാൻ ഏറ്റവും ആദരിച്ചിരുന്ന വ്യക്തി. അവരുടെ ക്കഴിവുകൾ ഏതൊരു പുരുഷനേക്കാളും അധികം ആണെന്നു ഞാനറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ എനിക്ക് സ്ത്രീക ളെക്കുറിച്ച് മഹത്വപൂർണമായ ഒരു കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാൻ എന്റെ ഗ്രാമത്തിലെ ബാല്യം സഹായിച്ചു.

ചെറിയചെറിയ കാര്യങ്ങൾപോലും വലിയ സ്നേഹത്തോടെ ചെയ്യാൻ സ്ത്രീകൾക്കേ കഴിയൂ എന്ന ബോധ്യം എന്നിലുണ്ടായിരുന്നു. അതിന്റെ വെളിച്ചത്തിൽ ചെറിയ കാര്യങ്ങളുടെ ആകെത്തുകയായ മനുഷ്യജീവി തത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായി, അവർക്ക് വിദ്യാഭ്യാസം കൊടുത്തു ശക്തീകരിക്കാനുള്ള എന്റെ ചിന്തകൾക്ക് ലിയോപ്പോൾ ഡച്ചൻ പരിപൂർണപിന്തുണ നൽകി.

പൂർണമായും മറ്റുള്ളവരെ ആശ്രയിച്ചുകഴിയുന്നവർക്ക് വിദ്യാഭ്യാസം ലഭ്യമാക്കുക, കൈത്തൊഴിലുകൾ പരിശീലിപ്പിക്കുക, സന്യാസജീവിതം ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരവും സാഹചര്യവും ഉണ്ടാ ക്കുക എന്നിവയ്ക്കായി സ്ത്രീകളിൽ നിന്നുതന്നെ ഒരു സംഘത്തെ രൂപ പ്പെടുത്തിയെടുക്കുകയായിരുന്നു ലക്ഷ്യം.

ആത്മീയകാര്യങ്ങളിൽ ഉണർവുനേടിയ സഹോദരിമാർക്കു സമൂ

ഹത്തെ സേവിക്കാനുള്ള സാമൂഹ്യസ്ഥിതി അക്കാലത്തില്ലായിരുന്നു. പക്ഷെ സ്ത്രീജീവിതത്തിന്റെ നിരവധിയായ പ്രശ്നങ്ങളെയും പ്രതിസ ന്ധികളെയും അറിഞ്ഞു സമീപിക്കാൻ സന്യാസിനിമാർക്ക് കൂടുതലായി കഴിവുണ്ടായിരിക്കും. കുടുംബത്തിലും ചുറ്റുപാടും ഉള്ള പല പ്രശ്ന ങ്ങൾക്കും ഇങ്ങനെയുള്ള സന്യാസിനിമാർക്ക് പരിഹാരം കാണാൻപറ്റും. ഇത്തരം സ്ത്രീകൾക്ക് ഒരുമിച്ച് താമസിച്ച് അവരുടെ മുഴുവൻ സമയവും ഇതുമായി ബന്ധപ്പെട്ടു ചെലവഴിക്കുന്ന് ഒരു സന്യാസിനിസഭ എന്നതാ യിരുന്നു ഞാൻ വിഭാവനം ചെയ്തത്. അതു കൂടാതെ വിധവകളായും മറ്റു രീതിയിൽ കുടുംബത്തിന്റെ ആശ്രയമറ്റും ബുദ്ധിമുട്ടുകൾ സഹിച്ചും ജീവിതം തള്ളിനീക്കുന്ന ഒട്ടനവധി സ്ത്രീകളുടെ സങ്കടകരമായ സ്ഥിതി വിശേഷത്തോടുള്ള മാനുഷിക പരിഗണനയും ഈ ചിന്തകളുടെ പിന്നിൽ ഉണ്ടായിരുന്നു. ഡെലിഗേറ്റച്ചനോട് ഞാൻ എപ്പോഴും സംസാരിക്കുകയും അങ്ങനെയുള്ള സംഭാഷണങ്ങളിൽ ഉരുത്തിരിയുന്നവ കുറിച്ചുവെക്കു കയും ചെയ്യുമായിരുന്നു.

ബർണർദീനോസ് മെത്രാപ്പോലീത്തയുടെ കാലത്ത് കൂനമ്മാവി ന്റെയും വരാപ്പുഴ ആസ്ഥാനത്തിന്റെയും മദ്ധ്യഭാഗത്തുള്ള സിറിയൻപള്ളി യായ മാനമ്പാടി പുത്തൻപള്ളിയുടെ സ്ഥലത്ത് കുരിശിന്റെ കിഴക്കേ ഭാ ഗത്ത് മഠം പണിയാനുള്ള ശില സ്ഥാപിച്ചു. 1861ൽ ആയിരുന്നിത്. സ്ത്രീ കൾ തനിച്ചുതാമസിക്കാൻ പോകുന്ന സ്ഥലമായതിനാൽ വളരെ പൊക്ക ത്തിൽ പതിമൂന്നര അടി ഉയരമുള്ള ചുറ്റുമതിലും നിർമിച്ചു. എന്നാൽ റോക്കോസ് ശീശ്മ ഉൽക്കണ്ഠ പരത്തിയ നാളുകളിൽ പരിശീലനവും വിദ്യാഭ്യാസവും ലഭിച്ച പുതിയ വൈദികരെയാണ് സഭയ്ക്ക് കന്യാസ് ത്രീകളേക്കാൾ ആവശ്യം എന്ന് വരാപ്പുഴ മെത്രാൻ അഭിപ്രായപ്പെട്ടതി നെ തുടർന്ന് സ്ഥലം സെമിനാരിക്ക്[13] വിട്ടു കൊടുത്തു.

വളരെയധികം സങ്കടം ഉണ്ടായെങ്കിലും ദൈവഹിതം പാടേ സ്വീകരി ച്ചുകൊണ്ട് ഞാൻ എന്റെ ഉദ്യമങ്ങളും പ്രാർത്ഥനയുമായി മുമ്പോട്ടുപോ യിക്കൊണ്ടിരുന്നു. സ്ത്രീവിദ്യാഭ്യാസവും സ്ത്രീസ്വാതന്ത്ര്യവും യൂറോ പ്പിൽപോലും മരീചികയായിരുന്ന വേളയിൽ ആദ്ധ്യാത്മിക-വിദ്യാഭ്യാസ -സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾക്കു പുരോഗതി കൈ വരുത്തുക എന്ന ലക്ഷ്യം എന്നെപ്പോലെ ലിയോപ്പോൾഡച്ചനും ഉണ്ടാ യിരുന്നു.

---

*13. 1933 ജനുവരി 28-ന് 274 വൈദിക വിദ്യാർത്ഥികളുമായി ഈ സെമിനാരി പിന്നെ ആലുവയ്ക്കു മാറ്റി. അതാണ് ഇപ്പോഴത്തെ പ്രശസ്തമായ മംഗലപ്പുഴ സെമിനാരി.*

1865ലെ ഒരു സായാഹ്നം. ലിയോപ്പോൾഡച്ചനും ഞാനുംകൂടി നടക്കാനിറങ്ങി. പലതും സംസാരിച്ചതിനിടയ്ക്ക് താൻ കുമ്പസാരിപ്പിക്കാറുള്ള ഒരു വിധവയുടെയും അവരുടെ മകളുടെയും കാര്യം അച്ചൻ പറഞ്ഞു. ഭർത്താവിന്റെ വിയോഗംമൂലം ഒറ്റപ്പെട്ട് വരാപ്പുഴ രൂപതയിലുള്ള ഓച്ചൻതുരുത്ത് വൈപ്പിശ്ശേരി കപ്പിത്താൻ കുടുംബത്തിൽ നിന്നുള്ള 34കാരി വാകയിൽ ഏലീശ്വയും അവരുടെ ഏക മകൾ 14 വയസ്സുള്ള അന്നയും കൂനമ്മാവ് കൊവേന്തയ്ക്കു സമീപം താമസിച്ചുപോന്നു. ഏലീശ്വയുടെ ഭർത്താവ് വാകയിൽ വറീത് അവർക്ക് വെറും 21 വയസ്സുള്ളപ്പോൾ മരണപ്പെട്ടു. അപ്പോൾ ഒന്നര വയസ്സ് മാത്രം പ്രായമുള്ള ഒരു കുഞ്ഞിന്റെ അമ്മയായി കഴിഞ്ഞിരുന്നു യുവതിയായ ഏലീശ്വ. ആ മകൾ വളർന്നു കഴിഞ്ഞപ്പോൾ അവർ രണ്ടുപേരും വിവാഹം ആഗ്രഹിക്കാതെ സന്യാസജീവിതം എന്ന ആശയത്തോട് താൽപ്പര്യമുള്ളവരായി മാറി. അവരുടെ സ്വഭാവശുദ്ധിയെപ്പറ്റിയും ലിയോപ്പോൾഡച്ചൻ പറഞ്ഞുകേട്ടപ്പോൾ അച്ചനെ ഞാൻ ഏലീശ്വയുടെ ആങ്ങളമാരായ തൊമ്മനോടും പൈലിയോടും പാപ്പുവിനോടും സംസാരിക്കാൻ ഏർപ്പാടാക്കി. ഏലീശ്വയുടെ ഭർത്താവ് ജീവിച്ചിരുന്നപ്പോൾ അവരുടെ വസ്തുവിന്മേൽ ഏറെ കടങ്ങൾ വരുത്തിവെച്ചിരുന്നെന്നും ഇപ്പോഴതു സ്ഥലത്തിന്റെ വിലയേക്കാൾ, പലിശ ചേർത്ത് അധികമായെന്നും തങ്ങൾക്കത് തീർക്കാൻ കഴിയില്ലെന്നും അവരറിയിച്ചു.

ആ കടം തീർത്തുകൊള്ളാമെന്ന് ഞാൻ ഏറ്റു. അതനുസരിച്ച് ആ സ്ഥലത്തു തന്നെ ഒരു മഠം പണിയാമെന്നും തീരുമാനിച്ചു. അവിടെ എത്തിച്ചേരാൻ ഒരു വഴി വേണ്ടിയിരുന്നതുകൊണ്ട് അടുത്ത സ്ഥലത്തിന്റെ ഉടമസ്ഥനായ ഹൈന്ദവവ്യക്തിയോട് വഴിക്കുള്ള സ്ഥലവും വാങ്ങി. 'കഷണ്ടിയാൻ പറമ്പ്' എന്നു വിളിച്ചിരുന്ന അവിടെ, പിരിച്ചുകിട്ടിയ 18 രൂപ കൊണ്ട് തെങ്ങും പനമ്പും കൊണ്ട് തീർത്ത ഒരു മഠം പണിതു. അതിന്റെ മുൻവശത്ത് ഒരു മണി കെട്ടിയിട്ടു.

ചുറ്റും വേലികെട്ടി ആ വേലിക്കപ്പുറം ഉള്ള ഒരു കൊച്ചുവീട് അവിര എന്ന അതിന്റെ ഉടമസ്ഥനിൽ നിന്നും ആറ് രൂപയ്ക്ക് വാങ്ങി അത് അടുക്കളയായിട്ട് ഉപയോഗിച്ചു. മറ്റൊരു വേലി അടുക്കളയും ചേർത്തുകെട്ടി ബന്ധവസാക്കി.

പനമ്പുമഠത്തിനു മൂന്നു കിടപ്പുമുറികളും ഒരു പ്രാർത്ഥനാമുറിയും ഊണുമുറിയും ഉണ്ടായിരുന്നു. പനമ്പുമഠത്തിന്റെ നിർമാണത്തിൽ ഏലീശ്വയുടെ ഇളയ സഹോദരി 18 വയസ്സുകാരി തെരേസയും സഹകരിച്ചു. കൂടാതെ അവരുടെ മരിച്ചുപോയ ഭർത്താവിന്റെ ബന്ധു ഏലീശ്വ എന്നു തന്നെ പേരുള്ള ഒരു സ്ത്രീയും ഇവരുടെ സഹായത്തിനെത്തി.

ആയിടയ്ക്കുതന്നെ എനിക്ക് വളരെ അടുത്തറിയാവുന്ന വൈക്കത്തെ പുത്തനങ്ങാടി എന്ന സുറിയാനി ക്രിസ്ത്യാനി കുടുംബത്തിലെ കൊച്ചു വർക്കി വൈദ്യന്റെ മകൾ, വിധവയായ 37 വയസ്സുള്ള മറ്റൊരു ഏലീശ്വയും മഠത്തിൽ ചേർന്നു. പേരുകൾ ഒന്നായതുകാരണം അവർ ക്ലാര എന്ന പുതിയ പേര് സ്വീകരിച്ചു.

അങ്ങനെ 1866 ഫെബ്രുവരി 13ന് ഞങ്ങളുടെ വളരെ നാളത്തെ സ്വപ്നമായിരുന്ന ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനി സഭ കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (Third Order of Discalced Carmelites T.O.C.D) എന്ന പേരിൽ ഏലീശ്വ, ക്ലാര, അന്ന, തെരേസ എന്നീ പേരുകളുള്ള നാലു സന്യാസിനികളും ഒരു സഹായിയുമായി സ്ഥാപിതമായി.

വിരലിലെണ്ണാവുന്ന ദിവസങ്ങളുടെ വ്യത്യാസം മാത്രമായിരുന്നു ഈ നാലുപേർ മഠത്തിൽ ചേർന്നതിനുണ്ടായിരുന്നതെങ്കിൽ കൂടി ആദ്യം ചേർന്ന സന്യാസിനിയായ ഏലീശ്വയെ മദർ സുപ്പീരിയർ ആയി നിയമിക്കുകയും ചെയ്തു.

ഓലയും പനമ്പുംകൊണ്ടുള്ള മഠത്തിന് അധികനാൾ തുടരാനാവാത്തുകൊണ്ട് അധികം താമസിയാതെ തന്നെ ഒരു പുതിയ മഠം നിർമിക്കാനുള്ള 'പിടിയരി' പിരിവ് കുട്ടനാട്ടിൽനിന്നു തുടങ്ങുന്നതിന്റെ ആദ്യ ചുവട് എന്ന നിലയിൽ പുളിങ്കുന്നിൽനിന്നും ആരംഭിച്ചു. 1866 ജൂൺ 13ന് ഞാൻ പുതിയ മഠത്തിന് തറക്കല്ലിട്ടു. ഇതിനായി അടുത്തുള്ള രണ്ട് സ്ഥലങ്ങൾ സൗജന്യവിലയ്ക്കു വാങ്ങിച്ചു. പണികൾക്കായി കേരളത്തിലെ സുറിയാനി സമൂഹത്തിലുള്ള ഉദാരമതികളായ വൈദികരിൽ നിന്നും അൽമായരിൽനിന്നും ഞാൻ സമാഹരിച്ച 8,000 രൂപ കൊണ്ട് കൂനമ്മാവ് മഠം രണ്ടുനിലയിൽ സുരക്ഷിതവും സൗകര്യപ്രദവുമായി പണി തീർക്കാനായി. 1867 മാർച്ച് 27നു രാവിലെ ആറു മണിക്ക് പുതിയ മഠം കൂദാശ ചെയ്യപ്പെട്ടു.

ഇതിനുശേഷം 1868 ജൂലായ് 16-നു ആദ്യ സന്യാസിനികളുടെ വ്രതവാഗ്ദാനം നടത്തപ്പെട്ടു. ഞാൻ കത്തുകൾമുഖേന നിരന്തരം സന്യാസിനി സമൂഹത്തിനു യഥാകാലം വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും പിതൃതുല്യമായ വാത്സല്യത്തോടെ കൊടുത്തുകൊണ്ടിരുന്നു. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് അവരുടെ സംഭാവനകൾ സമൂഹനിർമിതിക്കായി ഉപയോഗിക്കാൻ എന്നും ഞാൻ ആഗ്രഹിച്ചിരുന്നു. കുട്ടനാട്ടിലെ കുലീനകളും മിടുക്കികളുമായ സ്ത്രീകളെ കണ്ടു വളർന്ന എനിക്ക് പുരുഷന്മാരുടെ അത്രതന്നെ കഴിവുകളുള്ള അവരിൽ പരിപൂർണവിശ്വാസമായിരുന്നു.

പുരുഷനു കൊടുക്കുന്ന വിദ്യാഭ്യാസത്തേക്കാൾ ഫലം സ്ത്രീകൾക്കു

നൽകുന്ന വിദ്യാഭ്യാസത്തിനുണ്ടെന്ന് എന്റെ ചെറുപ്പത്തിൽ ഞാൻ തിരിച്ചറിഞ്ഞിരുന്നു. സ്ത്രീവിദ്യാഭ്യാസത്തിലൂടെ ഒരു കുടുംബവും അതിലൂടെ സമൂഹവും നവീകരിക്കപ്പെടുന്നു എന്നുള്ള സത്യം എന്നെ വളരെയധികം ഇരുത്തി ചിന്തിപ്പിച്ചിരുന്നു.



# 28

# പെൺകുട്ടികൾക്കായുള്ള സ്കൂളും ബോർഡിംഗും

**പ**ള്ളിയോടു ചേർന്നു പള്ളിക്കൂടങ്ങൾ തുടങ്ങിയതിന്റെ ഗുണഭോക്താക്കൾ അക്കാലത്ത് ആൺകുട്ടികൾ മാത്രമായിരുന്നു. അതുപോലെതന്നെ മഠങ്ങളോടുചേർന്ന് സ്കൂളുകളും ബോർഡിംഗും (എദുക്കന്താത്തുകൾ) വേണമെന്നുള്ളത് സ്ത്രീശാക്തീകരണത്തിന് ആവശ്യമാണെന്നുള്ള വസ്തുത ഞാൻ ലിയോപ്പോൾഡച്ചനുമായി പങ്കുവെച്ചു.

1868 ജനുവരി 2-ാം തീയതി കൂനമ്മാവ് മഠത്തിനോടു ചേർന്ന് പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് സ്കൂൾ തുടങ്ങി, അവരുടെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപീകരണത്തിലും ശ്രദ്ധയൂന്നി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പെൺകുട്ടികൾ ഈ സ്കൂളിലെത്തി പഠിച്ചു. മലയാളം, തമിഴ്, ഇംഗ്ലീഷ്, ലാറ്റിൻ തുടങ്ങിയ ഭാഷകളും തയ്യൽ, പാചകം,

സംഗീതം, പുഷ്പാലങ്കാരം, കണക്ക് തുടങ്ങിയവയും ഇവരുടെ പാഠ്യവിഷയങ്ങളായി. ഈ പെൺകുട്ടികളിൽ ചിലർ കന്യാസ്ത്രീകളായി സമൂഹസേവനം ചെയ്തു. മറ്റുള്ളവർ തൊഴിലും അത്യാവശ്യം വിദ്യാഭ്യാസവുംനേടി വിവാഹിതരായി നല്ല ഭാര്യമാരും അമ്മമാരുമായി അവരുടെ കുട്ടികളെ നല്ല മനുഷ്യരായി വളർത്തിയെടുത്തു.

തയ്യലിലും അലങ്കാരപ്പണികളിലും വിദഗ്ധയായ ഒരു വിദേശവനിതയെ കൊച്ചിയിൽ നിന്നും മഠത്തിലേക്ക് വരുത്തി ആ തൊഴിലുകളിൽ കന്യാസ്ത്രീകൾക്ക് പരിശീലനം കൊടുത്തു.

തൊഴിലുകളിൽ വൈദഗ്ധ്യം നേടിയതോടെ കന്യാസ്ത്രീകൾ പുറത്തുനിന്നുള്ള സ്ത്രീകളെ ഇവ പഠിപ്പിക്കാനും തുടങ്ങി. 1869-ൽ 'ലേഡി എലിസബത്ത് ക്ലാർക്ക്' എന്ന വ്യക്തി തന്ന സംഭാവന ഉപയോഗിച്ച് മഠത്തിനടുത്ത് ഒരു ചാപ്പൽപണി തീർത്തു.

പിന്നീട്, എന്റെ മരണശേഷം 1887 മെയ് മാസം 20ന് ലിയോ പതിമൂന്നാമൻ പാപ്പയുടെ ഡിക്രി അനുസരിച്ച് സുറിയാനി ക്രിസ്ത്യാനികൾ വരാപ്പുഴ മെത്രാന്റെ കീഴിൽനിന്ന് വേർപിരിഞ്ഞതിനുശേഷം T.O.C.D സന്യാസസമൂഹം രണ്ടായി പിരിഞ്ഞു. 'കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമൽ' (C.M.C)[14] എന്ന പേരിൽ സുറിയാനിക്കാരും 'കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ്സ്' (C.T.C)[15] എന്ന പേരിൽ ലത്തീൻകാരും വെവ്വേറെയായി 1889 ഏപ്രിൽ ഏഴു മുതൽ പ്രവർത്തിക്കാൻ തുടങ്ങി.

അങ്ങനെ വാകയിൽ ഏലീശ്വ സി.റ്റി.സി സന്യാസസമൂഹത്തിന്റെയും പുത്തനങ്ങാടി ക്ലാര സി.എം.സി. സന്യാസസമൂഹത്തിന്റെയും ആദ്യ സന്യാസിനിമാരായി പരിഗണിക്കപ്പെട്ടുപോന്നു. 1868ൽ ബർണദീനോസ് മെത്രാപ്പോലീത്ത കാലംചെയ്തു. ലെനോർഡ് മെത്രാനാണ് പിൻഗാമിയായി വന്നത്. അദ്ദേഹം എന്നോട് വളരെ ആദരവു പുലർത്തി.

---

*14. ഇന്ന് സി.എം.സി. സഭയ്ക്ക് 20 പ്രൊവിൻസിലും അഞ്ച് റീജിയനിലുമായി 7,000 അംഗങ്ങളോളമുണ്ട്.*

*15. ഇപ്പോൾ സി.റ്റി.സി. സഭയ്ക്ക് അഞ്ചു പ്രൊവിൻസിലും രണ്ടു റീജിയനിലുമായി 1,400 അംഗങ്ങളോളമുണ്ട്.*



# 29

# കൂനമ്മാവിലെ പ്രിയോർമാവ്

**കാ**ലം വളരെവേഗം കടന്നുപോകുന്നുവെന്ന് വളരുന്ന വൃക്ഷങ്ങളും അതു തരുന്ന തണലിന്റെ വിസ്താരവും നമ്മെ ഓർമിപ്പിക്കുന്നു. കൂനമ്മാവു കൊവേന്തയുടെ മുറ്റത്ത് നിൽക്കുന്ന മാവിന്റെ കൊമ്പുകളിൽ ഇരുന്ന് കലപില ശബ്ദം ഉണ്ടാക്കുന്ന പക്ഷികളെ നോക്കിയിരുന്നാൽ എനിക്കു കവിതയെഴുതുന്നതിനുള്ള പ്രചോദനമുണ്ടാകുമായിരുന്നു. ഇവിടെയിരുന്ന് ഞാൻ വളരെയധികം എഴുതിയിട്ടുണ്ട്. ഞാൻ കൂനമ്മാവിൽ താമസിക്കാൻ തുടങ്ങിയ കാലത്ത് എന്നെ എന്റെ ആലുവക്കാരൻ ഒരു സുഹൃത്ത് കാണാൻ വന്നു. അദ്ദേഹത്തിന്റെ കൈയിൽ ഒരു പൊതിനിറയെ നല്ല മാമ്പഴം ഉണ്ടായിരുന്നു. എനിക്കു സമ്മാനിച്ച ആ രുചിയേറിയ മാമ്പഴത്തിന്റെ വിത്തുകൾ ഞാൻ പാകുകയും കിളിർത്തതിൽ

ഏറ്റവും കരുത്തോടെ വളർന്ന തൈ കുനമ്മാവിൽ നട്ടു പിടിപ്പിക്കുകയും ചെയ്തു.

സ്നേഹത്തോടെ വെള്ളവും വളവും കൊടുത്തു ഞാനതിനെ വളർത്തി. കാലംചെന്നപ്പോൾ അതു പൂത്തു നിറയെ മാങ്ങയുണ്ടായി. മാങ്ങ മൂത്തു പാകമായപ്പോൾ എല്ലാ ആശ്രമത്തിലും അതെത്തിക്കാനുള്ള ഏർപ്പാടുണ്ടാക്കി. എന്റെ പ്രിയപ്പെട്ടവർ അതിന്റെ മധുരം ആസ്വദിച്ച് ആനന്ദിച്ചു. ഈ മാവിനെ എന്റെ ശിഷ്യർ സ്നേഹത്തോടെ 'പ്രിയോർ മാവ്' എന്നു വിളിക്കാൻ തുടങ്ങി. ഇന്നു വളരെ പ്രചാരത്തിലുള്ള പ്രിയോർ മാവ് ഈ നാട്ടിലെങ്ങും ഉണ്ടായതങ്ങനെയാണ്. നാം ചെയ്യുന്ന ഓരോ ചെറിയ കാര്യവും ശ്രദ്ധിച്ചും സ്നേഹത്തോടെയും ചെയ്താൽ പ്രവചനാതീതമായ ഫലങ്ങൾ ഉണ്ടാക്കും എന്നു നിന്നോടു പറയാനാണ് ഞാൻ ഇതിപ്പോൾ പറഞ്ഞത്.

ഞാൻ വീണ്ടും ഇടയ്ക്കുകയറി.

"ഞാൻ ചോദിച്ചതിന് അച്ചൻ ഉത്തരം പറഞ്ഞില്ല. പിന്നെ കൈനകരിക്കു വന്നില്ലേ?"

ഞാൻ അതിലേക്കുവരാം.


അച്ചൻ വീണ്ടും പറഞ്ഞുതുടങ്ങി...

ആ മാവിൻ കൊമ്പിന്റെ ഇളംപച്ച നിറത്തിലുള്ള ഇലകളെ നോക്കി നിന്നപ്പോൾ ഞാൻ എന്റെ നാടായ കൈനകരിയെ ഗൃഹാതുരത്വത്തോടെ ഓർത്തു. ഒത്തിരി നാളായിരിക്കുന്നു അങ്ങോട്ടൊക്കെ ഒന്നുപോയിട്ട്. ആരോഗ്യവും കുറഞ്ഞുവരുന്നു.

ഒന്നുപോയി എന്റെ നാട്ടുകാരെയൊക്കെ ഒന്നു കാണാനും അവരോടൊക്കെ സംസാരിക്കാനും എനിക്കു തിടുക്കമായി.

എന്റെ പ്രിയപ്പെട്ട നാട്ടുകാരോട്, അവരെനിക്കു തന്ന മൂല്യങ്ങൾക്കും സ്നേഹത്തിനും പകരമായി, ദൈവം എനിക്കീ ലോകത്തു തന്ന സമയം തീരുന്നതിനുമുമ്പായി, കുറെയേറെ കാര്യങ്ങൾ ധരിപ്പിക്കണം.

ഞാൻ അത്യാവശ്യ സാധനങ്ങൾ ഒരു തുകൽ സഞ്ചിയിൽ എടുത്തുവെച്ച് വളവര വള്ളത്തിൽ കയറി എന്റെ ഗ്രാമത്തിലേക്കു യാത്രയായി.



# 30

# ഉപവിശാലയും ഒരു നല്ല അപ്പന്റെ ചാവരുളും

**വ**ഞ്ചി കൈനകരി ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. വളവരയ്ക്കുള്ളിലായതുകൊണ്ട് പുറത്തു ശക്തമായ കാറ്റുണ്ടെങ്കിലും അകത്ത് അതിന്റെ ശല്യമില്ല. പുറത്തെ കൂരിരുട്ടിൽ പ്രകാശം ചൊരിഞ്ഞ് വളവരയുടെ മുമ്പിൽ റാന്തൽവിളക്കു കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. കാറ്റത്ത് അത് ആടിക്കൊണ്ടിരിന്നു. ആറ്റുതീരത്തുള്ള വീടുകളിൽനിന്ന് കൊന്ത ചൊല്ലുന്നതും ഹിന്ദു ഭവനങ്ങളിൽനിന്ന് ശ്രീരാമ കീർത്തനങ്ങളും കേൾക്കാം. ജപമാലയ്ക്കു നല്ല പ്രചാരംകിട്ടിയിരിക്കുന്നു. നദി ശാന്തമായതിനാൽ വളരെയടുത്തിരുന്നു പ്രാർത്ഥിക്കുന്നതുപോലെ എനിക്ക് ജപമാല ചൊല്ലുന്നത് കേൾക്കാം. എന്റെ മനസ്സൊന്നു കുളിർത്തു. ഇത്ര പെട്ടെന്നു ഞാൻ തെളിച്ച ജപമാലഭക്തി എന്ന തിരി പടർന്നുകത്തുന്നല്ലോ. രാത്രിയുടെ

ഏതോ യാമത്തിൽ ഞാൻ ഉറങ്ങിപ്പോയി.

ചെറുപ്പത്തിലേ പരിചിതമായ കൈനകരിയുടെ, ആ ഗന്ധം അനുഭവിച്ചാണ് ഞാൻ ഉണർന്നത്. നേരം വെളുത്തിരിക്കുന്നു. ഒരു സ്വപ്നം പോലെയുള്ള, പച്ചനിറമാർന്ന എന്റെ പ്രിയപ്പെട്ട നാട്. തെങ്ങോലകളുടെയും നെൽച്ചെടികളുടെയും തുമ്പുകളിൽ, പ്രഭാതരശ്മികളേറ്റ് മുത്തുമണികൾപോലെ മഞ്ഞുകണങ്ങൾ വെട്ടിത്തിളങ്ങുന്നു. ഞാൻ വന്നതറിഞ്ഞ് വളരെയധികം ആൾക്കാർ എന്റെ വീട്ടിൽ കൂടി. എന്റെ ജ്യേഷ്ഠന്റെ മകൾ മറിയവും അവളുടെ ചമ്പക്കുളത്തുകാരൻ ഭർത്താവ് അന്തോണിയുംകൂടി എല്ലാവർക്കും ചായ കൊടുത്തു സൽക്കരിച്ചു.

ഞാൻ അവരോട് ചോദിച്ചു: നമുക്ക് ഈ ഗ്രാമത്തിൽ സ്നേഹധർമശാലപോലെ ഒരു ഉപവിശാല തുടങ്ങിയാലോ? ആരുമില്ലാത്തവരും രോഗികളും വൃദ്ധരുമെല്ലാമായ പാവങ്ങളെ താമസിപ്പിച്ച് ശുശ്രൂഷിക്കുന്ന ഒരു വീട്.

പലരിൽനിന്നും സംശയങ്ങളുയർന്നു. അവരുടെ ന്യായമായ ചോദ്യങ്ങൾക്കെല്ലാം ക്ഷമയോടെ ഞാൻ ഉത്തരങ്ങൾ കൊടുത്തു. ഭാരതത്തിലെതന്നെ ഇത്തരത്തിലുള്ള ആദ്യത്തെ ഒരു സംരംഭത്തിൽ പങ്കാളികളാകാൻ അവർ സന്തോഷത്തോടെ താൽപ്പര്യം കാണിച്ചു. അന്നുതന്നെ കൈനകരിപ്പള്ളി വികാരിയച്ചനെക്കണ്ട് കാര്യങ്ങൾ പറഞ്ഞേൽപ്പിച്ചു. അതിന്റെ നടത്തിപ്പിന്റെ ചുമതല മുഴുവൻ അച്ചന്റെ സമ്മതത്തോടെ കൈനകരി നിവാസികളെ ഏൽപ്പിക്കുകയും ചെയ്തു. അങ്ങനെ ആദ്യ കത്തോലിക്ക അൽമായ ജീവകാരുണ്യ സംഘടനയായ 'യൗസേപ്പിതാവിന്റെ നൽമരണ സഭ' 1869-ൽ കൈനകരിയിൽ തുടക്കംകുറിച്ചു. ഉപവിശാലയും നൽമരണസഭയും കൈനകരിയിൽ തുടങ്ങിയത് 1869-ൽ ആയിരുന്നു. അത് പിന്നീട് നടന്ന ആതുര ശുശ്രൂഷാ സ്ഥാപനങ്ങളുടെയെല്ലാം ഒരു കൊച്ചുതുടക്കവും മാതൃകയുമായി. തുടക്കത്തിലെ ജോലികൾക്കായുള്ള പണവും ഞാൻ ഏർപ്പാടാക്കിക്കൊടുത്തു.

അവിടെ കൂടിയിരുന്ന എന്റെ പ്രിയപ്പെട്ട നാട്ടുകാരും കുടുംബക്കാരുമായ കൈനകരിക്കാർക്കുവേണ്ടി ഞാൻ വളരെ നാളുകളെടുത്ത് എഴുതിത്തയാറാക്കിയ 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ഉപദേശസമാഹാരം നൽകി.

ഒരു ക്രിസ്തീയകുടുംബം എങ്ങനെയാണ് ആകാശമോക്ഷത്തിന്റെ സദൃശ്യമാകുന്നത്, ഒരു കുടുംബം എപ്രകാരമാണ് മൂല്യാധിഷ്ഠിതമാകുന്നത് തുടങ്ങിയവയും കൂടുമ്പോൾ ഇമ്പമുള്ളതാകണം കുടുംബമെന്ന ഓർമപ്പെടുത്തലും അതിലുണ്ടായിരുന്നു.

കുടുംബരൂപീകരണത്തിന്റെ അടിസ്ഥാനശില സ്നേഹമാണെന്നും

ക്ഷമയുടെയും നീതിയുടെയും ആകെത്തുകയാണ് ഈ സ്നേഹമെന്നും ഞാൻ അവരെ പഠിപ്പിച്ചു. 'ചൊൽവിളിയിലൂടെ' തിരുക്കുടുംബം നമ്മിൽ അധികാരം നടത്തുന്നതിനായിനിന്നു കൊടുക്കണമെന്നും ഞാൻ എന്റെ സ്വന്തക്കാർക്കു ചൊല്ലിക്കൊടുത്തു.

ഞാൻ എന്നും ഓർമയുടെ മനുഷ്യനായിരുന്നു. ജന്മനാടിനെയും സ്വകുടുംബത്തെയും മാതാപിതാക്കളെയും ഞാൻ എന്നും നന്ദിയോടെ ഓർത്തിരുന്നു. ദർശന കുടുംബത്തിലെ (ബേസ് റൗമ) കൂടപ്പിറപ്പുകൾ പരസ്പരം ഓർക്കേണ്ടതിനെക്കുറിച്ച് ഞാൻ എപ്പോഴും അവരെ ഓർമിപ്പിക്കുമായിരുന്നു. നാളാഗമങ്ങളിൽ നന്ദി കുറിച്ചുവെക്കേണ്ടവരെപ്പറ്റി വിട്ടുപോയി എന്നു തോന്നിയാൽ പിന്നീട് ഓർക്കുമ്പോൾ എഴുതാനായി ഇടം ഇടുക പതിവായിരുന്നു. എന്റെ ശിഷ്യരോട്, നന്ദി ചൊല്ലേണ്ടതിന്റെയും ഓർമയുടെ മനുഷ്യരാകേണ്ടതിന്റെയും ആവശ്യകത എന്നും ഊന്നിപ്പറഞ്ഞിരുന്നു.

'ചാവരുൾ' അനുസരിച്ച് ജീവിച്ചുകൊള്ളാമെന്നുള്ള എന്റെ നാട്ടുകാരുടെ സ്നേഹപൂർവമായ ഉറപ്പുവാങ്ങിയിട്ടാണ് ഞാൻ തിരിച്ചു കൂനമ്മാവിലേക്കുള്ള വള്ളംകയറിയത്.

ഇങ്ങോട്ടുവന്നപ്പോൾ ഏറെ ക്ഷീണിതനായിരുന്ന എനിക്ക് എന്റെ നാടിന്റെ ചൂരു കിട്ടിയപ്പോൾ വളരെയധികം ഉന്മേഷംതോന്നി. കുറെ നല്ല കാര്യങ്ങൾ എന്റെ നാട്ടുകാരെ ഉൾപ്പെടുത്തി ചെയ്യാൻ കഴിഞ്ഞതിനെയോർത്ത് എനിക്കെന്തെന്നില്ലാത്ത ഒരു ആനന്ദം തോന്നി. പ്രിയപ്പെട്ട എന്റെ ജന്മഗ്രാമത്തോടു യാത്ര പറയുന്നതുപോലെ തോന്നി എനിക്ക്. ഇനി ഇങ്ങോട്ടുവരാൻ പറ്റില്ല എന്നുണ്ടോ ആവോ? ദൈവഹിതം നടക്കട്ടെ!

*കുട്ടികൾക്കു ശരീരത്തിനുള്ള ഭക്ഷണം*
*നൽകുന്നതുപോലെ ആത്മാവിനുള്ള*
*ഭക്ഷണവും നൽകണം.*
**- ചാവറയച്ചൻ**

# 31

# വിടപറയൽ

**കൂ**നമ്മാവിൽ വന്നശേഷം രോഗപീഡകൾ ഏറിവന്നു. ലെനോർഡ് ലൂയീസ് മെത്രാന്റെകൂടെ ഒന്നാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കാൻപോയ ലിയോപ്പോൾഡ് മിഷനറി തിരികെയെത്താൻ സമയമായി. അദ്ദേഹത്തെ ഒന്നു കാണണമെന്ന് അതിയായ മോഹംതോന്നി.

രോഗങ്ങളധികമായപ്പോൾ എന്നെ മാന്നാനത്തുകൊണ്ടുപോയി ചികിത്സിക്കാമെന്ന ചിന്തയോടെ നേത്രവൈദ്യം പഠിച്ച മുട്ടത്തുപാടത്തു വർക്കി ശെമ്മാശൻ അവിടെ നിന്നെത്തി. പക്ഷെ, ഞാൻ അപ്പോൾ മാന്നാനത്ത് പോകാൻ താൽപ്പര്യം കാണിച്ചില്ല. മെത്രാനും ഡെലിഗേറ്റും സ്ഥലത്തില്ലാത്തപ്പോൾ വികാരി ജനറാളും യാത്ര പോകുന്നതു നന്നല്ലല്ലോ.

വർക്കി ശെമ്മാശൻ തിരികെപ്പോവുകയും അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഈപ്പൻ വൈദ്യനെ ഇങ്ങോട്ടു പറഞ്ഞയക്കുകയും ചെയ്തു. കണ്ണിൽ അട്ടയിടുക എന്ന ചികിത്സാപ്രയോഗം നടത്തി. ആ പ്രയോഗം കൊണ്ട് രോഗത്തിന് അൽപ്പം ശമനം ലഭിച്ചെങ്കിലും അതുകൊണ്ടുണ്ടായ ക്ലേശങ്ങൾ വലുതായിരുന്നു. ജരാർദ് അച്ചനും മറ്റും വൈദ്യന്റെ മുന്നിൽവെച്ച് ഈ ചികിത്സയെ വിമർശിച്ചു. എന്നെ സഹായിക്കാൻവന്ന വൈദ്യനെ വിഷമിപ്പിക്കരുതെന്ന് ഞാൻ ആംഗ്യം കാണിച്ചു. വൈദ്യർ ചികിത്സ മതിയാക്കി മടങ്ങി.

കത്തോലിക്കാ സഭയുടെ പുനരൈക്യം എന്റെ ഒരു വലിയ സ്വപ്നം ആയിരുന്നു. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും നല്ല വൈദികരെ വാർത്തെടുക്കാനുള്ള ശ്രമങ്ങളിലും പൊതുസമൂഹനിർമിതിക്കായുള്ള പ്രയത്നങ്ങളിലും എന്നാലാവുന്നതുപോലെ ഞാൻ മുഴുകി. സുറിയാനി

സഭയ്ക്ക് മാത്രമായി ഒരു മെത്രാനുവേണ്ടി ഞാൻ റോമിലേക്കെഴുതി.

1869ഓടെ വാതപ്പനി കൂടുതലായി. വിശ്രമമെടുക്കുന്നില്ല എന്നു പറഞ്ഞ് സഹവൈദികർ എന്നെ സ്നേഹപൂർവം ശാസിച്ചു. വലംകൈയായിരുന്ന ലിയോപ്പോൾഡിന്റെ അസാന്നിധ്യം എന്നെ വേദനിപ്പിച്ചിരുന്നതുകൊണ്ടുകൂടിയാകാം ഞാൻ ഇറ്റാലിയൻഭാഷ പഠിക്കാനും ഇറ്റാലിയൻ പുണ്യവാളന്മാരുടെ ചരിത്രങ്ങൾ പഠിക്കാനും ആയിടയ്ക്കു തുടങ്ങിയത്.

'അട്ട'പ്രയോഗം കൊണ്ടു ചെറുതായി കുറഞ്ഞിരുന്ന നേത്രരോഗം ഇതോടെ നിയന്ത്രണാതീതമായി. പ്രസിദ്ധനായ ഡോക്ടർ ഗെസ്ഡ്റുവിനെ എറണാകുളത്തുനിന്നു വരുത്തിയാണ് പിന്നീട് ചികിത്സ ചെയ്തത്. അദ്ദേഹത്തിന്റെ ചില പ്രയോഗങ്ങൾ കൊണ്ട് കാഴ്ച തിരിച്ചുകിട്ടി.

വേദനകൾക്കും ചികിത്സകൾക്കുമിടയിലും ഞാൻ ധ്യാനങ്ങളും പ്രാർത്ഥനകളും ഉപവാസങ്ങളും തുടർന്നു. എന്റെ അവശത ഒന്നിനൊന്നു വർദ്ധിച്ചു. ഞാൻ ക്ഷീണിച്ചു മയക്കത്തിൽ വീഴുമ്പോൾ എനിക്കു കുട്ടനാട്ടിലെ ചേറിന്റെ മണവും നെല്ലു പുഴുങ്ങുന്ന മണവും പതിവായി കിട്ടുമായിരുന്നു. എന്നെ വളരെയധികം സ്നേഹിക്കുകയും പിന്നീട് മരണപ്പെടുകയും ചെയ്ത പലരും സ്വർഗത്തിൽനിന്നും എന്നെ കാണാൻ വരുന്നത് ഞാൻ അറിഞ്ഞു.

ഞാൻ മരണത്തിനു തയാറെടുത്തു കഴിഞ്ഞിരുന്നു. അതുകൊണ്ടു തന്നെ എന്നെ സന്ദർശിക്കാനെത്തിയവരോട് ഞാൻ അനുഭവിക്കുന്ന വേദന അവരെ അറിയിക്കാതെ വളരെ സ്നേഹത്തോടെ സംസാരിച്ചുപോന്നു. പലരും ഞാൻ ഉപദേശങ്ങൾ കൊടുക്കുമ്പോൾ മുറിയിൽ മുട്ടുകുത്തിനിന്ന് കേൾക്കുന്നതു ഞാൻ മനസ്സിലാക്കി. ആദ്ധ്യാത്മിക കാര്യങ്ങൾ ഒഴിച്ച് മറ്റൊന്നും സന്ദർശകർ സംസാരിക്കാതിരിക്കാൻ അങ്ങനെ എഴുതി മുറിയുടെ വാതിൽക്കൽ ഒട്ടിച്ചുവെക്കാൻ ഞാൻ നിർദേശംകൊടുത്തു.

തിരികെ എത്തിയ ലിയോപ്പോൾഡ് മൂപ്പച്ചൻ എന്റെ അടുത്ത് എപ്പോഴും ഉണ്ടായിരുന്നു. ചിലപ്പോൾ തന്റെ കണ്ണുകൾ നിറയുന്നത് ഞാൻ അറിയാതിരിക്കാനായി അദ്ദേഹം മുഖം തിരിക്കുന്നതും കാണാമായിരുന്നു.

ഞാൻ എന്റെ മരണം മുൻകൂട്ടി കണ്ടു. എന്നെ വരവേൽക്കാനായി മാലാഖമാർ അണിനിരക്കുന്നത് എനിക്ക് വളരെ കൃത്യമായി കാണാൻ കഴിഞ്ഞിരുന്നു. ആ സമയങ്ങളിൽ ഞാൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. കൂനമ്മാവ് കൊവേന്തയിലെ എല്ലാ അംഗങ്ങളും എന്റെ ചുറ്റും നിൽക്കുന്നത് ചെറുമയക്കത്തിലും ഞാൻ തിരിച്ചറിഞ്ഞു. എന്റെ ചാവരുൾ കേൾക്കാനും അനുഗ്രഹം സ്വീകരിക്കാനുമായി നിറകണ്ണുകളോടെ അവർ അക്ഷമരായിനിന്നു.

സന്ദർശകർ പോയിക്കഴിയുമ്പോൾ വീണ്ടും ഞാൻ കണ്ണുകൾ അട ച്ചുകിടന്ന് പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു. ഇടവേളകളിൽ ഓർമകൾ ഭൂതകാലത്തിലേക്ക് തെന്നിവീഴുന്നത് ഞാൻ അറിഞ്ഞിരുന്നു.

ഞാനെത്ര ഭാഗ്യവാനാണ്. നല്ല കുടുംബത്തിൽ ജനിക്കാനും നന്മക ളുടെ പാടത്തു ജീവിക്കാനും തമ്പുരാൻതന്ന വലിയ ഭാഗ്യം. നല്ലതും ചീത്തയും നെല്ലും പതിരുംപോലെ, വിളയും കളയുംപോലെ തിരിച്ചറി യാനുള്ള കഴിവ് എന്റെ നാട് എനിക്കു തന്നു.

ഒഴുക്കെതിരാണെങ്കിലും ലക്ഷ്യസ്ഥാനത്ത് നീന്തിയെത്താൻ ചെറു പ്പത്തിലേ എനിക്കു പരിശീലനം കിട്ടി. വെള്ളപ്പൊക്കങ്ങളോടും മടവീഴ ലുകളോടും വസൂരിയോടും കോളറയോടും പ്രകൃതിയോടും മല്ലടിച്ച് വിജയം വരിക്കുന്ന സഹോദരങ്ങളെക്കണ്ട് വളരാൻ എനിക്കവസരംകിട്ടി. അന്യമതസ്ഥരോട് ബഹുമാനത്തോടെയും സഹിഷ്ണുതയോടെയും പെരുമാറാനായി ആരും പറയാതെ തന്നെ ഞാൻ ബാല്യം ചെലവഴിച്ച എന്റെ നാട്ടിലെ ചുറ്റുപാടുകൾ പഠിപ്പിച്ചു. അങ്ങനെ ഓരോന്ന് ആലോ ചിച്ച് ആ വേദനകളുടെ ഇടയിലും എപ്പൊഴോ ഞാൻ മയങ്ങിപ്പോയി.

ഉണർന്നപ്പോൾ എല്ലാവരും എന്റെ ചുറ്റും കൂടിനിൽപ്പുണ്ടായിരുന്നു. ചിലരുടെയെല്ലാം കരച്ചിൽ എനിയ്ക്ക് കേൾക്കാമായിരുന്നു. തല അൽപ്പം ഉയർത്തിവെക്കാൻ ആരോ എന്നെ സഹായിച്ചു.

ഞാൻ അവരോടായി പറഞ്ഞു.

ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകാൻ ഇനി അധികം സമ യമില്ല. അത് അനിവാര്യവുമാണ്. അതിനാൽ, നിങ്ങൾ ദുഃഖിക്കുകയല്ല, മറിച്ച് സന്തോഷിക്കുകയാണ് ചെയ്യേണ്ടത്.

ചെറുപ്പംമുതൽ തിരുക്കുടുംബത്തിന്റെ സംരക്ഷണയിൽ ആയിരുന്ന തിനാൽ മാമ്മോദീസായിൽ നൽകപ്പെട്ട വരപ്രസാദം ഒരിക്കലും കൈ മോശംവരാതെ ജീവിക്കാൻ എനിക്കു സാധിച്ചു. അത് ഒരു വലിയ ദൈവാ നുഗ്രഹം ആയിരുന്നു. അതുകൊണ്ട് എന്റെ പ്രിയപ്പെട്ടവരേ, തിരുക്കു ടുംബത്തിന്റെ നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. ഞാൻ ഈ ലോകത്തുനിന്ന് പോകുന്നതിൽ നിങ്ങൾ ദുഃഖിക്കരുത്.

നിങ്ങൾ ഓരോരുത്തരും ഈ ഭൂമിയിൽ ദൈവഹിതം നിറവേറ്റുന്നവ രാകുവിൻ.

ന്യായപ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുവിൻ. പരസ്പരം ഉപവി ഉള്ളവരായിരിക്കുവിൻ. നിങ്ങൾക്കും സഭയ്ക്കും നല്ലതേ വരൂ.

പുലർച്ചെയായപ്പോൾ ഞാൻ കുമ്പസാരിച്ചു. പതിവിൽ കവിഞ്ഞ ഒരു ക്കത്തോടെ വിശുദ്ധകുർബാന കൈക്കൊണ്ടു. ഉച്ചകഴിഞ്ഞപ്പോൾ ശക്ത

മായി ഛർദ്ദി തുടങ്ങി. ജനുവരി രണ്ടായിരുന്നു അന്ന്.

അന്ന് നേരം ഇരുട്ടിയപ്പോൾ ഞാൻ മുതിർന്ന വൈദികരോടായി പറഞ്ഞു.

'ഉപ്രിശ്മാ'[16]

അതു കേട്ടതും പലരും ഏങ്ങലടിക്കാൻ തുടങ്ങി. ഒരു വൈദികൻ പുറത്തേക്കോടി ലിയോപ്പോൾഡ് അച്ചനോട് ഉടനെ അന്ത്യകൂദാശ നൽകാൻ അപേക്ഷിച്ചു. അദ്ദേഹം വിങ്ങിപ്പൊട്ടി. തനിക്ക് അതിന് സാധിക്കില്ല എന്നറിയിച്ചു. ഞാൻ അദ്ദേഹത്തിന്റെ സ്ഥിതിയും വിഷമവും മനസ്സിലാക്കി. കൂനമ്മാവ് കൊവേന്തയുടെ വികാരി ഔസേപ്പച്ചനെ വിളിക്കാൻ വ്യക്തമല്ലാത്ത വാക്കുകൾ പെറുക്കിയെടുത്ത് അവരോട് പറഞ്ഞു.

എന്റെ ശബ്ദം നേർത്തുനേർത്തുവന്നുകൊണ്ടിരുന്നു.

ഞാൻ വീണ്ടും അപേക്ഷിച്ചു.

'ഉപ്രിശ്മാ'

ഔസേപ്പച്ചൻ ഓടിയെത്തി. എന്റെ മുമ്പിൽ മുട്ടിന്മേൽനിന്ന് ആശീർവാദത്തിനായി തല കുനിച്ചു. എന്റെ വിറയാർന്ന കൈകൾ വായുവിൽ ഉയർത്തി ഞാൻ അദ്ദേഹത്തെയും അവിടെ നിന്നവരെയും ഒരിക്കൽകൂടി ആശീർവദിച്ചു. അതിനുശേഷം എനിക്കാവുന്ന രീതിയിൽ തല കുനിച്ച് വികാരിയച്ചൻ ചൊല്ലിത്തന്ന ഓരോ വാചകവും ഏറ്റുചൊല്ലി.

ശൂന്യതയിലേക്ക്... പ്രശാന്തമായ ശൂന്യതയിലേക്ക്, വഴുതിവീഴുന്നതു പോലെ.

ലിയോപ്പോൾഡച്ചൻ പള്ളിയിൽ ഓടിയെത്തി അൾത്താരയ്ക്കുമുന്നിൽ സാഷ്ടാംഗംവീണ് കണ്ണീരോടെ പ്രാർത്ഥിച്ചു. അച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് കന്യാസ്ത്രീകളും പള്ളിയിൽപോയി പ്രാർത്ഥിച്ചു.

'ഈശോ മറിയം യൗസേപ്പേ, എന്റെ ആത്മാവിനു തുണയായിരിക്കണമേ.'

ആരൊക്കെയോ എനിക്ക് ചൊല്ലിത്തന്നുകൊണ്ടിരുന്നു. ഞാൻ മൃദുവായി ഏറ്റുചൊല്ലി.

ചൊല്ലിത്തരുന്ന ശബ്ദം ഉയർന്നുവരികയും എന്റെ ഏറ്റുചൊല്ലൽ നേർത്തുവരുകയും ചെയ്തു.

ഒടുവിൽ നേർത്ത് നേർത്ത് അതു വായുവിൽ ഇല്ലാതായി.

ഏങ്ങലടികളുടെ മധ്യേ ഒരു പക്ഷിയുടെ ചിറകടി ശബ്ദവും നേർത്ത്

---

*16 അന്ത്യകൂദാശ*

അകന്നുപോകുന്നതുപോലെ...

1871 ജനുവരി മൂന്നിന്റെ ആദ്യനാഴികകളിൽ എപ്പൊഴോ ആയിരുന്നത്. ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു യാത്രയായി.

എന്നന്നേക്കുമായി ഈ ഭൂമിയിൽനിന്നുള്ള യാത്ര...

* * * * * *

ഞാൻ കണ്ണുതുടയ്ക്കുന്നതുകണ്ട് ചാവറയച്ചൻ എന്റെ ചുമലിൽ തട്ടി പ്പറഞ്ഞു.

എനിക്കീ ലോകത്ത് 66 വർഷം തന്നു തമ്പുരാൻ. അതായത് എന്റെ ഈ വീട്ടിലെ കാരണവന്മാരെക്കാൾ ഒക്കെ കൂടുതൽ ആയുസ്സ്. ഞാൻ ആ ആയുസ്സിനോടു നീതി പുലർത്തിയോ എന്നെനിക്കറിയില്ല. കുറെ യൊക്കെക്കൂടി ചെയ്യാമായിരുന്നു എന്ന് എനിക്കെപ്പോഴും തോന്നാറുണ്ട്.

ഞാൻ സ്വരം താഴ്ത്തിപ്പറഞ്ഞു.

"ചാവറപ്പിതാവേ, പരിമിതമായ സൗകര്യങ്ങളോടും ചുരുങ്ങിയ ജീവിതസാഹചര്യങ്ങളോടും മല്ലിട്ട് അങ്ങ് അന്ന് 19-ാം നൂറ്റാണ്ടിൽ ചെയ് തതിന്റെ ഒക്കെയും നല്ല ഫലങ്ങൾ അനുഭവിക്കുന്ന ഒരു തലമുറയാണ ല്ലോ എന്റേത്."

"ഇപ്പോൾ എനിക്കാണ് കുറ്റബോധം. എല്ലാ ജീവിതസൗകര്യങ്ങളും ഉള്ള എനിക്കും എന്റെ തലമുറയ്ക്കും എന്തേ അങ്ങു ചെയ്തതിന്റെ ഒരംശംപോലും ചെയ്യാൻ സാധിക്കാത്തത്?"

അച്ചൻ തുടർന്നു: "ഈ ലോകത്തിലുള്ളതൊന്നുംതന്നെ നമുക്കുമാ ത്രം ഉള്ളതല്ല എന്ന തിരിച്ചറിവുണ്ടാകുകയും തന്നാൽ ചെയ്യാവുന്ന സ ഹായങ്ങൾ അന്യർക്കു ചെയ്തുജീവിക്കുകയും ചെയ്താൽ മാത്രം മ തി. അതുതന്നെ വലിയ പുണ്യം."

ചാവറയച്ചൻ എഴുന്നേറ്റു. ബണ്ടിലൂടെ നടന്നു. ഞാനും പിന്തുടർന്നു. ഞങ്ങൾ വളരെനേരം ഒന്നും പറഞ്ഞില്ല.

പാടത്തുനിന്നും ചീവീടുകളുടെ ശബ്ദംമാത്രം. പൊടുന്നനെ ശക്ത മായ കാറ്റടിച്ച് തെങ്ങോലകൾ ആടുന്നതു ഞാൻ അറിഞ്ഞു. ആ കാറ്റിൽ ചേറിന്റെ മണം ഞാൻ തിരിച്ചറിഞ്ഞു. അതെന്റെ നാടിന്റെ നന്മയുടെ മണമാണെന്നു ഞാൻ ചിന്തിച്ചുപോയി. കണ്ണുകൾ ഇറുക്കി അടച്ച് ആ മണം എന്നിലേക്കാവാഹിച്ചു. കുറേ കഴിഞ്ഞ് കണ്ണുകൾ തുറന്ന് ഞാൻ ചോദിച്ചു.

"ഇതാണോ അങ്ങേക്കിഷ്ടമുള്ള കുട്ടനാടിന്റെ മണം"?

ഉത്തരം ലഭിച്ചില്ല.

ഞാൻ ചുറ്റും നോക്കി – ആരുമില്ല.

തെങ്ങോലകൾ മാത്രം കാറ്റത്ത് ആടിയുലഞ്ഞുകൊണ്ടേയിരുന്നു....



**ചാവറയച്ചന്റെ മാന്നാനത്തുള്ള കബറിടം**



സെന്റ് ജോസഫ്സ് പ്രസ്സ്, മാന്നാനം



പ്രിയോർ വള്ളം



ഓടുമേഞ്ഞ് സൂക്ഷിച്ചിരിക്കുന്ന ആദ്യത്തെ സംസ്കൃതസ്കൂൾ



ചാവറയച്ചൻ ഉപയോഗിച്ചിരുന്ന വില്ലുവണ്ടി

അനുബന്ധം 1

# ചാവറ - ഒരു നേരറിവ്

പ്രവർത്തനബഹുലമായ ചാവറയച്ചന്റെ ജീവിതത്തിലേക്ക് കണ്ണോടിക്കുന്ന ഏവർക്കും ബോദ്ധ്യമാകും; തീവ്രമായി അദ്ദേഹം സഭയെ സ്നേഹിച്ചിരുന്നെന്ന്; നാനാതരത്തിലുള്ള അപ്പസ്തോലിക പ്രവർത്തനങ്ങൾക്കിടയിലും പ്രാർത്ഥനയും ധ്യാനവുംവഴി ദൈവൈക്യം പൂർണമായി പാലിച്ചിരുന്നുവെന്ന്; സ്വർഗത്തിൽ നിത്യമായി ദൈവൈക്യത്തിൽ എത്തിച്ചേരുന്നതിന് തീവ്രമായി ആഗ്രഹിച്ച് ദൈവത്തിൽ പൂർണമായും പ്രത്യാശയർപ്പിച്ചുകൊണ്ട് നീങ്ങിയിരുന്നുവെന്ന്.

**വിശുദ്ധ ജോൺ പോൾ രണ്ടാമൻ**

ചാവറയച്ചന്റെ ധീരവും ശക്തവുമായ നിലപാടില്ലായിരുന്നെങ്കിൽ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ വ്യക്തിസഭ വഴി തെറ്റിപ്പോകുമായിരുന്നെന്ന ചരിത്രവസ്തുത പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു.

**കർദിനാൾ മാർ വർക്കി വിതയത്തിൽ**
മുൻ മേജർ ആർച്ച് ബിഷപ്പ്

വ്യക്തമായ ദിശാബോധവും യാഥാർത്ഥ്യബോധവും ചേർന്ന ഒരു നേതൃത്വമായിരുന്നു ചാവറയച്ചൻ സീറോ മലബാർസഭയ്ക്കു നൽകിയത്. സന്യാസജീവിതത്തിന്റെ വിശുദ്ധിയും വിവേകവും അദ്ദേഹത്തിന്റെ നേതൃത്വത്തിനുണ്ടായിരുന്നു.

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ**

മഹാപ്രതിഭാശാലിയായ ഒരു സാമൂഹ്യ നേതാവായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ചാവറയച്ചന്റെ സന്ദേശവും ജീവിതവും കത്തോലിക്കാ സമുദായത്തിനു മാത്രമല്ല, എല്ലാ സമുദായങ്ങൾക്കും എല്ലാ കാലത്തും പ്രസക്തമാണ്.

**പ്രൊഫ. എ. ശ്രീധരമേനോൻ**

ചാവറയച്ചൻ തുടങ്ങിവെച്ച ആശ്രമങ്ങളോടു ചേർന്നുള്ള ബോർഡിംഗിൽ താമസിച്ച് അവിടുത്തെ തന്നെ സ്കൂളിൽ പഠിച്ച് പുറത്തുവന്നിട്ടുള്ളവരിൽ പലരും പിൽക്കാലത്ത് സഭയിലും സമൂഹത്തിലും നേതൃസ്ഥാനത്ത് എത്തു കയുണ്ടായി. വിദ്യാലയ പ്രേഷിതത്വത്തെ സംബന്ധിച്ചിടത്തോളം ചാവറ യച്ചൻ സ്ഥാപിച്ച സഭ കേരളത്തിൽ വഴികാട്ടിയായിരുന്നു.

**പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ**

ദൈവാശ്രയബോധവും അഗാധമായ നന്ദിയും അനുതാപത്തിന്റെ ഭാവ ങ്ങളും ചാവറയച്ചനെ പൂർണമായി ഗ്രസിച്ചതിനാൽ സാധാരണ ബുദ്ധിക്ക് അസാധ്യമായവ അനായാസം സാധ്യമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

**ഫാ. തോമസ് ഐക്കര**

മരിയഭക്തിയാണ് ചാവറയച്ചനിൽ ഞാൻ ആദരിക്കുന്ന പ്രധാന ഭാവം.

**ഡോ. ഡി. ബാബു പോൾ**

സ്വന്തം സമുദായത്തെയും സഭയെയും മാത്രമല്ല, സമൂഹത്തെയാക മാനം ആശ്ലേഷിക്കുന്നതായിരുന്നു ചാവറയച്ചന്റെ സ്നേഹവായ്പ്. അത് ജാതിയുടെയോ മതത്തിന്റെയോ വേർതിരിവുകളെ അംഗീകരിക്കാത്ത തായിരുന്നു.

**പെരുമ്പടവം ശ്രീധരൻ**

അക്കാലത്ത് നാട്ടുരാജാക്കന്മാരുടെ സ്കൂളിൽ പ്രവേശനം നിഷേധി ക്കപ്പെട്ടിരുന്ന അധഃസ്ഥിത വിഭാഗത്തിലെ കുട്ടികളെ, അവരുടെ കുടിലു കളിൽ പോയി വിളിച്ചുകൊണ്ടുവന്ന് വസ്ത്രവും ഭക്ഷണവും പാഠപുസ് തകങ്ങളും നൽകി ചാവറയച്ചൻ കത്തോലിക്ക സ്കൂളുകളിൽ പഠിപ്പിച്ചു.

**ഡോ. ബി. ഇക്ബാൽ**

കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ കത്തോലിക്കാ സഭയുടെ ഇ ന്നത്തെ സ്ഥാനം എന്താണോ, അത് ചാവറയച്ചനെന്ന ഒരു വ്യക്തിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്.

**ഫാ. തോമസ് ചാത്തംപറമ്പിൽ**

മതപ്രചരണത്തിനു മാത്രമായി പ്രസ് നടത്തുന്നതായിരുന്നു വിദേശ മിഷനറിമാരുടെ രീതിയെങ്കിൽ നാടിന്റെയും സമൂഹത്തിന്റെയും വിശാല

താൽപ്പര്യങ്ങൾക്കാണ് ചാവറയച്ചൻ മുൻതൂക്കം നൽകിയത്.

**ഡോ. സെബാസ്റ്റ്യൻ പോൾ**

അധഃകൃതരെ ഉദ്ധരിക്കുന്നതിന് ഒന്നാന്തരമൊരു മാർഗമായിരുന്നു ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ പ്രവർത്തനം.

**മുൻ രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ**

ഇതൊക്കെയും നടക്കുന്നത് 1865 കാലത്താണെന്നോർമിക്കണം. മതമോ ജാതിയോ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽനിന്നും മോചിപ്പിക്കാൻ കഠിനമായും സാഹസികമായും പരിശ്രമിച്ച ചാവറയച്ചന് നമ്മുടെ നവോത്ഥാന നായകരിൽ സുപ്രധാനസ്ഥാനമുണ്ട്.

**പ്രൊഫ. കെ. എം. സാനു**

കേരള സഭാചരിത്രത്തിലെ നിർണായകവും ആവേശകരവും ക്രിയാത്മകവുമായ ഒരു കാലഘട്ടത്തിനു തുടക്കംകുറിച്ച ആശയ സംഘട്ടനങ്ങളും മാനസിക സംഘർഷങ്ങളും നിറഞ്ഞ കാലയളവിൽ, ആഴമുള്ള വിശ്വാസത്തിന്റെയും സുദൃഢമായ സഭാസ്നേഹത്തിന്റെയും ആത്മാർത്ഥവും നിഷ്പക്ഷവുമായ സത്യാന്വേഷണത്തിന്റെയും പാതയിലൂടെ സഭാനൗകയെ വിദഗ്ധമായി നയിച്ച വിനീതനായ സഭാ ശുശ്രൂഷകനാണ് ചാവറയച്ചൻ.

**ഫാ. തോമസ് മാമ്പ്ര**

സുകൃതാഭ്യാസനത്തിൽ, പ്രത്യേകിച്ച് ഹൃദയലാളിത്യം, സജീവവിശ്വാസം, ആർദ്രമായ അനുസരണം, ദിവ്യകാരുണ്യഭക്തി, മാതാവിനോടും വിശുദ്ധ യൗസേപ്പിതാവിനോടുമുള്ള ഭക്തി എന്നിവയിൽ ചാവറയച്ചൻ മുന്നിട്ടുനിന്നിരുന്നു. ഇത് മലബാറിലെ സുറിയാനിക്കാരുടെ ഇടയിൽ അദ്ദേഹത്തിന് വലിയ സ്വാധീനശക്തി നേടിക്കൊടുത്തു. മലബാറിലെ വികാരി അപ്പസ്തോലിക്കമാർ അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. എല്ലാവർക്കും അദ്ദേഹത്തോട് സ്നേഹാദരവുണ്ടായിരുന്നു.

**ലിയോപ്പോൾഡ് മിഷനറി**

ദിവ്യകാരുണ്യഭക്തി അതിന്റെ എല്ലാ പാരമ്യതയിലും പരിശുദ്ധ അമ്മയോടും തിരുക്കുടുംബത്തോടുമുള്ള സ്നേഹം അതിന്റെ എല്ലാ ആഴത്തിലും ചാവറയച്ചന്റെ ആദ്ധ്യാത്മികതയിൽ നമുക്ക് വ്യക്തമായി ദർശിക്കാനാകും.

**ഫാ. ചെറിയാൻ തുണ്ടുപറമ്പിൽ**

പോസ്റ്റുലേറ്റർ ജനറൽ

ഏറെക്കുറെ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യാന്തങ്ങളെ കൂട്ടിയോ

ജിപ്പിക്കുന്ന ജീവിതമാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേത്. ആ ജീവിതത്തിനിടയിൽ അദ്ദേഹം രണ്ടു നൂറ്റാണ്ടുകളെ മാത്രമല്ല, മറ്റു ചില തിനെയും കൂട്ടി യോജിപ്പിക്കുകയുണ്ടായി.

**സുകുമാർ അഴീക്കോട്**

വാഴ്ത്തപ്പെട്ടവനും മഹാനുമായ ഒരു വൈദികനും സാംസ്കാരിക സാമൂഹ്യ പ്രവർത്തകനും 19-ാം നൂറ്റാണ്ടിൽ ഈ കേരളത്തിന്റെ മണ്ണിൽ മഹനീയങ്ങളായ ഒരുപാടൊരുപാട് നന്മകളുടെ പൂക്കൾ വിടർത്തിയ പുണ്യാത്മാവുമായിരുന്നു ചാവറയച്ചൻ.

**ഒ.എൻ.വി. കുറുപ്പ്**

അനുബന്ധം 2

# ചാവറ കുര്യാക്കോസ് ഏലിയാസ് - ജീവിതരേഖ

1) 1805 ഫെബ്രുവരി 10 – ആലപ്പുഴയ്ക്കടുത്ത് കുട്ടനാട്ടിലെ കൈനകരിയിൽ ജനിച്ചു.
2) 1805 ഫെബ്രുവരി 17– ചേന്നങ്കരി വിശുദ്ധ യൗസേപ്പിതാവിന്റെ ദൈവാലയത്തിൽ മാമ്മോദീസ.
3) 1816 –ചേന്നങ്കരി ഇടവകപ്പള്ളിയിൽ വൈദികാർത്ഥി.
4) 1818 – പള്ളിപ്പുറം സെമിനാരിയിൽ വൈദികവിദ്യാർത്ഥി.
5) 1820 – വരാപ്പുഴ പീറ്റർ അൽക്രാന്തസ് മെത്രാനിൽനിന്നും അസ്തപ്പാടുപട്ടം സ്വീകരിച്ചു.
6) 1828 – മൗറേലിയൂസ് സ്തബിലീനി മെത്രാനിൽനിന്നും ഡീക്കൻപട്ടം സ്വീകരിച്ചു.
7) 1829 നവംബർ 29 – മൗറേലിയൂസ് സ്തബിലീനി മെത്രാനിൽനിന്നും അർത്തുങ്കൽ പള്ളിയിൽ പൗരോഹിത്യ സ്വീകരണം
8) 1830–31 – പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും അൽമായർക്കുള്ള ധ്യാനങ്ങളും പ്രചാരത്തിലാക്കി.
9) 1831 –തെക്കൻ പള്ളിപ്പുറം പള്ളിയിൽ വികാരിയായി നിയമനം.
10) 1831 മെയ് 11 – ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ) പാലയ്ക്കൽ തോമസ് മൽപ്പാനോടും പോരൂക്കര തോമസ് മൽപ്പാനോടുമൊപ്പം സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസവഴിയാണ് ഈ കോൺഗ്രിഗേഷനുവേണ്ടി രൂപപ്പെടുത്തിയത്.

11) 1833 – സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത് ആരംഭിക്കാൻ നേതൃത്വം നൽകി.

12) 1838 – കേരളസഭയിൽ ആദ്യമായി കുരിശിന്റെ വഴി മാന്നാനംകുന്നിൽ ആരംഭിച്ചു.

13) 1843 – കേരളസഭയിൽ ദിവ്യകാരുണ്യഭക്തിക്ക് പ്രചാരം നൽകി.

14) 1844 – പൊതു മൽപ്പാനായി നിയമിച്ചുകൊണ്ടുള്ള ഫ്രാൻസിസ് സേവ്യർ മെത്രാന്റെ പസ്തേന്തി

15) 1845 – വസൂരിരോഗത്തിന്റെ പിടിയിൽനിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു.

16) 1846 – മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണകേന്ദ്രവും സ്ഥാപിച്ചു. കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ അച്ചുകൂടമായിരുന്നു ഇത്. മലയാളത്തിലെ പ്രസാധകശൃംഖലയുടെ തുടക്കം ഇതിൽ നിന്നായിരുന്നു. ആ തുടർച്ചയിലാണ് പിന്നീട് നസ്രാണി ദീപിക എന്ന പേരിൽ പ്രതിവാരമായും ക്രമേണ ദീപിക എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധപ്പെടുത്തുന്നത്. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറപിതാവ് അറിയപ്പെടുന്നത്. പുസ്തകങ്ങൾ ശേഖരിച്ചു വെക്കുകയും അവിടെനിന്നും ആളുകൾ പുസ്തകങ്ങൾ കൊണ്ടുപോയി വായിച്ചശേഷം മടക്കി കൊണ്ടുവരികയും ചെയ്യുന്ന കേന്ദ്രങ്ങൾ ഇതിന്റെ തുടർച്ചയിൽ രൂപമെടുത്തു. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇതിൽ നിന്നായിരുന്നു. അച്ചടിശാലയോടനുബന്ധിച്ചു മുദ്രണവിദ്യയിലും ബയന്റിംഗിലും പരിശീലനം നൽകാൻ ആരംഭിച്ചു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖല എന്ന പേരിൽ പ്രസിദ്ധമായിത്തീർന്ന പഠനപദ്ധതിയുടെ ആദ്യ കാൽവെപ്പായിരുന്നു ഇത്.

17) 1846 – ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു. ജാതിവർണഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാദാനകേന്ദ്രം ആയിരുന്നു ഇത്.

18) 1853 – കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസപരിശീലനകേന്ദ്രം മാന്നാനത്ത് ആരംഭിച്ചു.

19) 1855 ഡിസംബർ 8 – ഭാരതത്തിൽ ആദ്യമായി ക്രൈസ്തവ സന്യാസവ്രതാർപ്പണം ചെയ്ത ആദ്യഭാരതീയനായി.

20) 1855–56 – പത്ത് ഇടയനാടകങ്ങൾ രചിച്ചു. Eclogueകളുടെ മാതൃകയിൽ എഴുതിയ ഈ ലഘുനാടകങ്ങൾ കൂനമ്മാവു നൊവിഷ്യേറ്റിൽ ആണ് ആദ്യമായവതരിപ്പിച്ചത്. ക്രിസ്മസ്ദിനംമുതൽ പൂജരാജാക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിനങ്ങളിൽ നൊവിഷ്യേറ്റുകളിലും സെമിനാരികളിലും അവതരിപ്പിച്ചുപോന്ന ഈ നാടകങ്ങൾ മലയാള

നാടകവഴിയിലെ ആദ്യരചനകളും രംഗാവിഷ്കാരങ്ങളുമായി. ഒരുപക്ഷെ, ഇന്ത്യൻ ഭാഷാനാടകങ്ങളിൽത്തന്നെ ആദ്യരചനകളായി.

21) 1861 – കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാളായി.

22) 1861 – റോക്കോസ് ശീശ്മാ തരംഗത്തിൽനിന്നും കേരള കത്തോലിക്കാസഭയെ രക്ഷിച്ചു.

23) 1862 – മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ 'അനസ്താസ്യയുടെ രക്തസാക്ഷ്യം' എഴുതി.

24) 1862 – കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമങ്ങളെ നവീകരിച്ചു. ഏകീകൃതവും വിശുദ്ധവുമായ പൊതു കുർബാനക്രമ പുസ്തകം (തുക്കാസ) അച്ചടിച്ച് വിതരണം ചെയ്തു. വൈദികർക്കും അൽമായർക്കും ധ്യാനക്രമങ്ങൾ നിഷ്ഠപ്പെടുത്തിക്കൊണ്ട് സഭാനവീകരണത്തിനു നേതൃത്വം നൽകി. പരിശുദ്ധാത്മാവിനോടും തിരുക്കുടുംബത്തോടും പരിശുദ്ധ മാതാവിനോടുമുള്ള പ്രത്യേക മദ്ധ്യസ്ഥ ആരാധനകൾ സാർവത്രികമാക്കി.

25) 1864 – മാന്നാനം ആശ്രമത്തോടനുബന്ധിച്ച് വേദപാഠശാല ആരംഭിച്ചു.

26) 1864 – 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന പേരിൽ ചരിത്രപ്രസിദ്ധമായ നിർദേശോത്തരവ് പുറപ്പെടുവിച്ചു. ജാതി, മത, വർണ, വംശ ഭേദം കൂടാതെ സർവർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകാൻ പള്ളികളോടനുബന്ധിച്ചു പാഠശാലകൾ ഉണ്ടാകുന്നത് ഇതോടെയാണ്. ഇപ്രകാരം പൊതുവിദ്യാഭ്യാസം യാഥാർത്ഥ്യമാവുകയും പൊതുസമൂഹസൃഷ്ടിക്ക് കേരളം തുടക്കംകുറിക്കുകയും ചെയ്തു.

27) 1865 – അർപ്പൂക്കരയ്ക്കടുത്തു തുരുത്തിമാലിൽകുന്നേൽ ദളിതർക്കായി ഒരു സ്കൂൾ തുടങ്ങാൻ നിർദേശം നൽകി. ഇതാദ്യമായിട്ടാകണം ഇങ്ങനെയൊരു ഒരു ശ്രമം.

28) 1866 ഫെബ്രുവരി 13 – നിഷ്പാദുക കർമലീത്ത മൂന്നാംസഭ എന്ന പേരിൽ ആദ്യത്തെ തദ്ദേശീയ സന്യാസിനീസമൂഹം ലിയോപ്പോൾഡ് മിഷനറിയുടെ സഹായത്തോടെ സ്ഥാപിച്ചു. ആദ്യ സന്യാസിനികളിൽ രണ്ടു പേർ വിധവകളായിരുന്നു. വൈധവ്യം പാപമായി കരുതിയിരുന്ന ഒരു സാമൂഹ്യസ്ഥിതിയോടു ചേർത്തുവേണം ഇതു കാണാൻ. കിരാതമെന്നു പിന്നീട് സംസ്കാരം വിശേഷിപ്പിച്ച സതി ഉത്തരേന്ത്യയിൽ നിർബന്ധപൂർവം അനുഷ്ഠിച്ചിരുന്ന നാളുകൾക്ക് വളരെ വിദൂരമല്ലായിരുന്നു ഈ കാലഘട്ടം. കേരള സമൂഹത്തിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസവും തൊഴിൽപരിശീലനവും നൽകി അവരെ പ്രബുദ്ധരാക്കിയും സ്വയംപര്യാപ്തരാക്കിയും ശാക്തീകരിച്ചു. നാലംഗങ്ങളു

മായി ആരംഭിച്ച ഈ സന്യാസിനിസഭ പിന്നീട് സി.എം.സി., സി.റ്റി.സി. എന്നീ രണ്ടു സമൂഹങ്ങളായി സജീവമായി പ്രേഷിതസേവനം തുടരുന്നു.

29) 1866 – കേരളസഭയിൽ നാൽപ്പതുമണി ആരാധന ആരംഭിച്ചു.

30) 1868 ജനുവരി 2 – കൂനമ്മാവിൽ കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്കു താമസിച്ചു പഠിക്കാനുള്ള ബോർഡിംഗ് സ്കൂൾ ആരംഭിക്കാൻ ലെയോപ്പോൾഡ് മിഷനറിയോടൊപ്പം നേതൃത്വം നൽകി.

31) 1869 – ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന പേരിൽ ക്രൈസ്തവകുടുംബങ്ങൾക്കായി 1868-ൽ എഴുതിത്തീർത്ത കുടുംബചട്ടം തന്റെ ഇടവകകാർക്ക് നൽകി.

32) 1869 – അനാഥർക്കും രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരമായ ഉപവിശാലയും വിശുദ്ധ യൗസേപ്പ് പിതാവിന്റെ നൽമരണസഖ്യവും കൈനകരിയിൽ ആരംഭിച്ചു. ഇവയുടെ സാമ്പത്തികവും ഭരണപരവുമായ പൂർണചുമതല തന്നാട്ടുകാരെ ഭരമേൽപ്പിച്ചു. സഹകരണാടിസ്ഥാനത്തിൽ അവർ ആ ചുമതല നിർവഹിച്ചു പോന്നു. സഹകരണപ്രസ്ഥാനത്തിലെ കേരളക്കരയിലെ തന്നെ ആദ്യ കാൽവെപ്പായിരുന്നു ഇപ്രകാരം കുട്ടനാട്ടിലെ കൈനകരിയിൽ നടന്നത്.

33) 1869– 19–ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യശ്രമങ്ങൾക്കു നേതൃത്വം നൽകി. കേരള സുറിയാനി സഭയിൽനിന്നും സഭയ്ക്കുമാത്രമായി ഒരു മെത്രാനുവേണ്ടി റോമിലേക്കെഴുതി.

34) 1870 ആഗസ്റ്റ് – എഴുതി തയാറാക്കിയ മരണപത്രിക, തന്റെ മരണശേഷം ലിയോപ്പോൾഡ് മൂപ്പച്ചനെ ഏൽപിക്കാനായി നവസന്യാസി ലെയോപ്പോൾഡ് സഹോദരനെ ഏൽപ്പിച്ചു.

35) 1870 ഒക്ടോബർ 15– വിശുദ്ധ അമ്മത്രേസ്യായുടെ തിരുനാൾ ദിവസം കൂനമ്മാവ് മഠത്തിൽ അവസാനമായി ദിവ്യബലി അർപ്പിച്ചു.

36) 1870 ഒക്ടോബർ 27 – കൂനമ്മാവ് ആശ്രമദൈവാലയത്തിൽ അവസാന ദിവ്യബലി

37) 1871 ജനുവരി 3 – ആത്മത്തിനുവേണ്ട കൂദാശകൾ കൈക്കൊണ്ട് നല്ല ഒരുക്കത്തോടെ പ്രാർത്ഥനാനിരതനായി കർത്താവിൽ നിദ്ര പ്രാപിച്ചു. കൂനമ്മാവിൽ വിശുദ്ധ ഫിലോമിനയുടെ ആശ്രമത്തിൽ സംസ്ക്കരിച്ചു.

38) 1889 മെയ് 24 – പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു.

39) 1984 ഏപ്രിൽ 7 – റോമിൽ ജോൺപോൾ രണ്ടാമൻ പാപ്പ ധന്യനായി പ്രഖ്യാപിച്ചു.

40) 1986 ഫെബ്രുവരി 8 – കോട്ടയത്തുവെച്ച് ജോൺപോൾ രണ്ടാമൻ പാപ്പ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു; പുരുഷന്മാരിൽ വാഴ്ത്തപ്പെട്ടവൻ എന്നു നാമകരണം ചെയ്യപ്പെടുന്ന ആദ്യഭാരതീയനായി.

41) 1987 ഡിസംബർ 20 – രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ ചാവറപ്പിതാവിന്റെ ആദരണാർത്ഥം തിരുവനന്തപുരത്തുവെച്ച് ചാവറ തപാൽ സ്റ്റാമ്പ് പുറത്തിറക്കി.

42) 2006 മെയ് 4 – സാഹിത്യസംഭാവനകളെ ആദരിച്ച് ചാവറപ്പിതാവിന്റെ ഛായാചിത്രം തൃശ്ശൂരിൽ കേരള സാഹിത്യ അക്കാദമിഹാളിൽ അനാച്ഛാദനം ചെയ്തു.

43) 2014 ജൂൺ 12 – ചാവറയച്ചനെ വിശുദ്ധനാക്കുന്ന ചടങ്ങ് നവംബർ 23ന് റോമിൽ നടക്കുമെന്ന് ഫ്രാൻസിസ് പാപ്പ അറിയിച്ചു.

44) 2014 നവംബർ 23 – റോമിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ ലക്ഷക്കണക്കിന് വിശ്വാസികളെ സാക്ഷിനിർത്തി ചാവറയച്ചൻ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയായി പ്രഖ്യാപിക്കപ്പെടുന്നു.

അനുബന്ധം 3

# ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

**നാളാഗമങ്ങൾ (Chronicles)**

1) സി.എം.ഐ., സി.എം.സി. സന്യാസിനി സഭകളുടെ സ്ഥാപനം, വളർച്ച
2) 19-ാം നൂറ്റാണ്ടിലെ പദ്രൊവാദോ, പ്രൊപ്പഗാന്ത സഭാ സംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും
3) 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം - മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം

ആത്മാനുതാപം - മരണവീട്ടിൽ പാടുന്നതിനുള്ള പാന (പർവം എന്നായിരുന്നു ആദ്യം. പുനഃപ്രകാശനവേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു)

അനസ്താസിയായുടെ രക്തസാക്ഷ്യം - (മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

ധ്യാനസല്ലാപങ്ങൾ - (ധ്യാനസംഭാഷണങ്ങളും ധ്യാനവിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

കത്തുകൾ

തൂക്കാസ (തിരുക്കർമാചാരാനുഷ്ഠാനങ്ങൾ)

ലിറ്റർജിക്കൽ കലണ്ടർ (ആരാധനാക്രമത്തിലെ കാലവ്യത്യാസങ്ങൾ)

മരിച്ചവർക്കുള്ള ഒപ്പീസ്

ഇടയ നാടകങ്ങൾ- (Ecologues: Shepherd plays): സെമിനാരികളിൽ ക്രിസ്മസ് വേളകളിൽ അവതരിപ്പിക്കാൻവേണ്ടി എഴുതിയിരുന്ന ലഘു നാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴി യിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്.

അനുബന്ധം 4

# ചാവറയച്ചൻ തുടക്കമിട്ടവ

1) പാപ്പയുടെ അംഗീകാരമുള്ള ഭാരതത്തിലെ ആദ്യ സന്യാസസഭയ്ക്ക് – സി.എം.ഐ. – പാലയ്ക്കലച്ചനോടും പോരൂക്കരയച്ചനോടും ചേർന്ന് തുടക്കമിട്ടു (1831).
2) ഞായറാഴ്ച പ്രസംഗങ്ങൾ പതിവാക്കി, കേരളത്തിലെ ദൈവാലയ ങ്ങളിൽ വൈദികർക്കും അൽമായർക്കുംവേണ്ടി ധ്യാനങ്ങൾ സംഘ ടിപ്പിച്ചു (1831 മുതൽ).
3) സീറോ മലബാർ സഭയുടെ ആദ്യ മേജർ സെമിനാരിക്ക് മാന്നാനത്തു തുടക്കമിട്ടു (1833).
4) കേരളസഭയിൽ മാന്നാനത്ത് 'കുരിശിന്റെ വഴി' ആരംഭിച്ചു (1838).
5) കേരളസഭയിൽ ദിവ്യകാരുണ്യഭക്തിക്കു പ്രചാരം നൽകി (1843).
6) സീറോ മലബാർ സഭയിൽ ആദ്യമായി പ്രസ്സും പ്രസിദ്ധീകരണ ശാലയും മാന്നാനത്ത് സ്ഥാപിച്ചു (1846).
7) കേരളത്തിൽ ആദ്യത്തെ കത്തോലിക്കാ സ്കൂൾ (സംസ്കൃതം) എല്ലാ മതസ്ഥർക്കുമായി മാന്നാനത്തു സ്ഥാപിച്ചു (1846).
8) സീറോ മലബാർ സഭയിലെ ആദ്യത്തെ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്താരംഭിച്ചു (1853).
9) ആർച്ച് ഡീക്കന്മാർക്കുശേഷം സീറോ മലബാർ സഭയിലെ ആദ്യത്തെ വികാരി ജനറാൾ ആയി (1861).
10) കേരളസഭയിൽ റോക്കോസ് ശീശ്മയ്ക്കെതിരെ പോരാട്ടത്തിനു നേതൃത്വം നൽകി (1861).
11) മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം 'അനസ്താസ്യയുടെ

രക്തസാക്ഷ്യം' രചിച്ചു (1862).

12) 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന ആശയം കേരളസഭയിൽ നടപ്പിലാക്കി (1864).
13) കേരളത്തിലെ ആദ്യ സന്യാസിനി സമൂഹത്തിന് (സി.എം.സി) ലിയോപ്പോൾഡ് അച്ചനോടു ചേർന്ന് തുടക്കമിട്ടു (1866).
14) നാൽപ്പതുമണി ആരാധന ആരംഭിച്ചു (1866.
15) ആദ്യ കത്തോലിക്കാ അൽമായ, ജീവകാരുണ്യ സംഘടനയായ നമ്മരണസഭ കൈനകരിയിൽ സ്ഥാപിച്ചു (1869).
16) രോഗികൾക്കും അഗതികൾക്കുംവേണ്ടി കേരളത്തിൽ ആദ്യമായി അഗതിഭവനം കൈനകരിയിൽ സ്ഥാപിച്ചു (1869).
17) കാനൻ നമസ്കാരം, ആരാധനാക്രമം, അനുഷ്ഠാനങ്ങൾ തുടങ്ങിയവയിൽ നവീകരണങ്ങൾ വരുത്തി (1865–1869).

അനുബന്ധം 5

# ചാവറയച്ചന്റെ അന്ത്യസന്ദേശങ്ങൾ

1) പരസ്പരം സ്നേഹിക്കുവിൻ.
2) വഴക്കുകൾ തീർക്കുന്നതിന് നിവൃത്തിയുണ്ടെങ്കിൽ സർക്കാരിൽ പോകാതിരിക്കുകയാണ് നന്ന്.
3) ഞായറാഴ്ചയും തിരുനാൾ ദിവസങ്ങളും സുഖാനുഭൂതിക്കായി നീക്കി വെക്കാതെ ആ ദിവസങ്ങളിൽ ദൈവത്തോടുകൂടെ ആശ്വസിക്കുക.
4) ഉത്തരിപ്പുകടം ഉണ്ടാകാതെ സൂക്ഷിക്കുക. ഉള്ളതുടനെ വീട്ടുക.
5) ദ്രവ്യമുള്ളവനെന്ന ഭാവം വർജിക്കുകയാണ് ബുദ്ധി.
6) സജ്ജനങ്ങളുമായി മാത്രം സംസർഗം ചെയ്യുക. ദൈവഭക്തി ഇല്ലാത്ത വരോട് ബന്ധുത്വം അരുത്.
7) നിന്റെ വീട്ടിൽ പരദൂഷണത്തിന്റെ ഒരു വാക്കുപോലും കേൾക്കാൻ ഇടയാക്കരുത്.
8) ഉള്ളതുകൊണ്ട് സംതൃപ്തനാകുക, അതു ന്യായമായ അദ്ധ്വാനം കൊണ്ട് വർദ്ധിപ്പിക്കുക. അന്യനെ വഞ്ചിച്ച് ധനികനാകുന്നവൻ ദുർഭഗ നാണ്.
9) അപരനു നന്മ ചെയ്യാത്ത ദിവസം നീ അത്താഴമുണ്ണരുത്.
10) ലുബ്ധന്റെ പണത്തിന് പുഴുക്കുത്ത് പിടിക്കും.
11) സാക്ഷാൽ സ്നേഹിതൻ ആയിരത്തിലൊന്നു മാത്രം.
12) മോഷ്ടിച്ച വസ്തു കത്തിപ്പോകും.
13) വേലക്കാർക്കു ന്യായമായ കൂലി നൽകുക.
14) ഇരിപ്പിലും നടപ്പിലും കിടപ്പിലും അടക്കം പാലിക്കുക.
15) ക്ഷമയ്ക്ക് അറുതി കൽപ്പിക്കരുത്. അതിന്റെ പ്രമാണം എന്നും എവി

ടെയും ഏവരോടും എന്നാണ്.

16) നല്ല പുസ്തകങ്ങൾ ധാരാളം വായിക്കുക. ചീത്ത പുസ്തകങ്ങൾ സൂക്ഷിക്കുന്നവൻ വൈക്കോലിൽ തീ സൂക്ഷിക്കുകയാണ്.

17) ദൈവഭയമുള്ളവരെ മാത്രമേ വീട്ടുജോലിക്കായി എടുക്കാവൂ. അവരുടെ എണ്ണം ചുരുങ്ങിയിരിക്കണം. അവരുടെ ആദ്ധ്യാത്മിക കാര്യങ്ങളിൽ പ്രത്യേകശ്രദ്ധ വേണം.

18) ദൈവം നൽകിയ മക്കളെ വിശുദ്ധരായി ദൈവത്തിന് ഏൽപ്പിക്കാത്ത മാതാപിതാക്കന്മാർക്കു വിധിദിവസം ഭയാനകമായിരിക്കും. അതിനാൽ മക്കൾ ദിവസംതോറും ദൈവപ്രമാണത്തിൽ വളർന്നുവരാൻ എല്ലാവിധ മുൻകരുതലും ചെയ്യുക.

19) ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രെ. നീരസങ്ങളെക്കുറിച്ച് പകരം വീഴ്ചചെയ്യാൻ മൃഗങ്ങൾക്കു കൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരം വെക്കാതെ പൊറുക്കുന്നത് മഹാശക്തിയും വിവേകവുമാണ്.

അനുബന്ധം 6

# ചാവരുൾ

1) ഒരു നല്ല ക്രിസ്ത്യാനികുടുംബം സ്വർഗരാജ്യത്തിന് സദൃശ്യമത്രെ. രക്തത്താലും സ്നേഹത്താലും ബന്ധപ്പെട്ടവർ കാരണവന്മാരോടും തമ്മിൽ തമ്മിലും, അനുസരണത്തിലും ആദരവിലും പരസ്പര ഐക്യത്തിലും വർത്തിക്കണം. ഓരോ വ്യക്തിയും തന്റെ ജീവിതാന്തസ്സിനോട് നീതി പുലർത്തണം. എല്ലാ പ്രവർത്തനരംഗങ്ങളിലും ആത്യന്തികമായി നിത്യരക്ഷയെ ലക്ഷ്യംവെച്ച് ജീവിക്കണം.
2) നല്ല വളർത്തലിനും സംരക്ഷണത്തിനുമായി നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവനിക്ഷേപങ്ങളാണ് നിങ്ങളുടെ മക്കൾ. തന്റെ തിരുരക്തത്താൽ വിശുദ്ധീകരിക്കുന്നതിനും ശുശ്രൂഷികളാക്കുന്നതിനും വിധി ദിവസങ്ങളിൽ തിരിച്ചേൽപ്പിക്കുന്നതിനുമായി, ഈശോ മിശിഹാ നിങ്ങളെ ഭരമേൽപിച്ചിരിക്കുന്ന ആത്മാക്കളാണ് അവർ.
3) കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധം അടിയുറച്ചതായിരിക്കണം. എങ്കിൽ അനുഭവഭേദ്യമാകുന്ന സ്നേഹവും ശാന്തിയും സൗഹൃദവുംവഴി ഈ ലോകജീവിതത്തിൽ നേരിടേണ്ടിവരുന്ന ദുഃഖങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കാൻ നിങ്ങൾക്കു കഴിയും.
4) കുടുംബാന്തരീക്ഷത്തിൽ നല്ല ക്രമവും സമാധാനവും നിത്യരക്ഷയെക്കുറിച്ചുള്ള ചിന്തയും നിലനിൽക്കണം. ഈ ചിന്തയുടെ അഭാവംമൂലം നല്ല സാമ്പത്തിക സ്ഥിതിയിലായിരുന്നിട്ടു പോലും പല കുടുംബങ്ങളും ക്ഷയിച്ചുപോയിട്ടുണ്ട്.
5) ഓരോ കുടുംബത്തിലും അംഗങ്ങളുടെ പരസ്പരബന്ധത്തിന്റെ അടിസ്ഥാനം സ്നേഹമായിരിക്കണം. രക്തബന്ധത്തിൽനിന്ന് ഉരുത്തി

രിയുന്ന ഈ സ്നേഹമാണ് അന്യോന്യം അംഗീകരിക്കാനും പരസ് പരം തെറ്റുകൾ ക്ഷമിക്കാനും നിങ്ങൾക്ക് പ്രചോദനമരുളേണ്ടത്. തറ വാടുകൾ തമ്മിൽ ഒരിക്കലും തർക്കങ്ങൾക്കും വഴക്കുകൾക്കും പോക രുത്.

6) നിങ്ങളുടെ കുഞ്ഞുമക്കളെ വിനയത്തിലും ആത്മനിയന്ത്രണത്തിലും വളർത്തണം. ശരീരസൗന്ദര്യത്തിന്റെ അമിതമായ പ്രകടനവും അട ക്കമൊതുക്കമില്ലാത്ത വസ്ത്രധാരണവും ആപത്തിലേക്കു നയിക്കും.
7) മൂല്യങ്ങളും പ്രചോദനങ്ങളുമടങ്ങിയ നല്ല പുസ്തകങ്ങൾ കുട്ടികൾ ക്കു വായിക്കാൻ നൽകണം. അവർ ചീത്ത പുസ്തകങ്ങൾ വായിക്കു ന്നുണ്ടോ എന്ന് അന്വേഷിക്കണം. ചീത്ത പുസ്തകങ്ങൾ കൈവശം വെക്കുന്നത് വൈക്കോലിൽ തീ സൂക്ഷിക്കുന്നതിന് തുല്യമത്രേ.
8) മക്കളുടെ നല്ലവളർത്തലിൽ നിങ്ങൾക്കു ശ്രദ്ധയുണ്ടായിരിക്കണം. ദൈവസന്നിധിയിൽ അവരെ ഓർത്ത് അനുദിനം പ്രാർത്ഥിക്കണം.
9) മക്കളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കൾ നല്ല ശ്രദ്ധ വെക്കണം. അവരുടെ കൂട്ടുകെട്ടുകൾ തെറ്റായ വഴിക്ക് തിരിയുന്നുണ്ടോ എന്നും കൂടെക്കൂടെ അന്വേഷിക്കണം.
10) മക്കളെ കുറ്റപ്പെടുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ മാതാപിതാക്കൾ വളരെ വിവേകവും മിതത്വവും കാണിക്കണം.
11) ചെറുപ്പത്തിൽ തന്നെ മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണം. അടി യുറച്ച ദൈവവിശ്വാസത്തോടെ അവർ വളർന്നുവരട്ടെ.
12) നിങ്ങളുടെ ദിനചര്യയിൽ നല്ല നിഷ്ഠയും ക്രമവും ഉണ്ടായിരിക്കണം. അത് കുത്തഴിഞ്ഞ പുസ്തകംപോലെ ആകരുത്.

അനുബന്ധം 7

# സഹായഗ്രന്ഥങ്ങളും ലേഖനങ്ങളും

1) Blessed Kuriakose Elias Chavara - A. Mathias Mundadan

2) വാഴ്ത്തപ്പെട്ട ചാവറയച്ചൻ. മാന്നാനത്തും കൂനമ്മാവിലും
   - വർഗീസ് കാഞ്ഞിരത്തുങ്കൽ

3) വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
   - ഫാ. വല്ലേരിയൻ സി.ഡി.

4) ചാവറയച്ചൻ; ജീവചരിത്രം - എം.പി. ബീന

5) ചാവറയച്ചൻ - ദീപിക പബ്ലിക്കേഷൻസ്

6) Kuriakose Elias Chavara : Great Soul of India
   - Fr. Thomas Panthaplackal

7) ചാവറയച്ചൻ: വിശ്വാസസംരക്ഷകൻ (ദീപിക സ്പെഷൽ)
   - ഫാ. തോമസ് മാത്ര

8) Blessed Kuriakose Elias Chavara
   - Fr. Thomas Kochumuttom


9) സി.എം.ഐ. സഭയുടെ ആഭിമുഖ്യം ഒരവലോകനം
   (കർമല കുസുമം-നവതി സ്പെഷൽ)
   - പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ

10) ആത്മാനുതാപത്തിന്റെ അനുധ്യാനശ്രുതികൾ
   - സിസ്റ്റർ ലെയോനില

11) ചാവറയച്ചനും വിദ്യാഭ്യാസരംഗവും
- ഡോ. തോമസ് ചാത്തംപറമ്പിൽ (ദീപിക സ്പെഷൽ)
12) Founder of the Women T.O.C.D. (C.M.C. & C.T.C) in Kerala: Mother Eliswa or Blessed Kuriakose Elias Chavara?
- Fr. Saju Chackalackal
13) മാന്നാനവും വാഴ്ത്തപ്പെട്ട ചാവറയച്ചനും സീറോമലബാർ സഭയും
- ഫാ. പന്തപ്ലാക്കൽ
14) കേരള ക്രൈസ്തവസഭകളും നവോത്ഥാനനായകരും
www.manovaonline.com
15) St. Kuriakose Elias Chavara
- Fr. Cherian Thunduparampil
16) അരൂപിയുടെ സംഗീതം - ഫാ. തോമസ് ഐക്കര
17) വചനപാലകൻ ചാവറയച്ചൻ - ഫ്രാൻസിസ് വള്ളപ്പുര
18) ചാവറയച്ചൻ കടന്നുപോയ വഴികൾ - ഫാ. ജെ. എസ്. തേക്കുങ്കൽ
19) ചാവറ കുടുംബചരിത്രം
20) ചോതിരക്കുന്നേൽ കുടുംബചരിത്രം
21) മാമ്പ്ര കുടുംബചരിത്രം
22) ചാവറ ആദ്ധ്യാത്മികത - ഫാ. കുര്യാക്കോസ് ഏലിയ വടക്കേത്ത്
23) അരൂപിയുടെ മേലാപ്പുള്ള മനുഷ്യൻ - ഫാ. സെഡ് എം. മൂഴൂർ
24) The Church of St. Thomas Christians - A marginalised Church
- Bishop Gregory Karotemprel.

# സോഫിയാ ബുക്സ്

## അവന്റെ പേര്
## യോഹന്നാൻ എന്നാണ്




ജോൺ ഇരുപത്തിമൂന്നാമൻ
പാപ്പയെക്കുറിച്ചുള്ള
മലയാളത്തിലെ
ആദ്യത്തെ ആധികാരിക
ജീവചരിത്രഗ്രന്ഥം

₹150

സമഗ്രമായ ജീവിതചിത്രം, സഭാത്മകമായ വീക്ഷണങ്ങൾ, ചരിത്രമായി മാറിയ ഇടപെടലുകൾ, ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ രചിച്ച പ്രാർത്ഥനകൾ, ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ എഴുതിയ കത്തുകൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ, ജോൺ ഒന്നുമുതൽ ജോൺ ഇരുപത്തിരണ്ടു വരെയുള്ള പാപ്പമാരുടെ ലഘുജീവിതക്കുറിപ്പുകൾ.

---

പുസ്തകങ്ങളുടെ വില മണിഓർഡറായോ കോഴിക്കോട് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

(പുസ്തകങ്ങൾ രജിസ്ട്രേഡായി ലഭിക്കണമെന്നുള്ളവർ 17 രൂപ അധികമായി നൽകണം. വിദേശത്തുനിന്നുള്ള ഓർഡറുകളോടൊപ്പം വിദേശ തപാൽചാർജുകൂടി ഉൾപ്പെടുത്തേണ്ടതാണ്)

സോഫിയാ ബുക്സ്
മലാപ്പറമ്പ് പി.ഒ., കോഴിക്കോട്, കേരള 673 009
ഫോൺ: (0495) 2373077, 9995574308

ലോഗിൻ ചെയ്യൂ...
വായനയുടെ e-ലോകത്തേക്ക്
www.sophiabuy.com




മുപ്പതിൽപ്പരം പ്രസാധകർ,
50ൽപ്പരം കാറ്റഗറികൾ,
മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി
ഭാഷകളിലുള്ള
ആയിരക്കണക്കിന്
പുസ്തകങ്ങൾ

സന്ദർശിക്കുക:
www.sophiabuy.com

# ഞാൻ ചാവറ

ഡോ. മാത്യു മാമ്പ്ര



ചാവറയച്ചന്റെ സഞ്ചാരവഴികൾ പിന്തുടരാനും പുതുതലമുറയ്ക്ക് പരിചയപ്പെടുത്താനുമുള്ള തീർത്തും ശ്ലാഘനീയമായ ഒരു ഉദ്യമമാണിത്. ചാവറയച്ചന്റെ കുടുംബ തായ്‌വഴിയിൽപ്പെട്ട ശ്രീ മാത്യു മാമ്പ്ര ഇവിടെ കേവലം ഒരു പുസ്തകം രചിക്കുകയല്ല, ശരിക്കും 'ചാവറ മാർഗ'ത്തിലൂടെ വിനയാന്വിതനായി സഞ്ചരിക്കുകയാണ്. ചാവറയച്ചന്റെ ആകർഷകവ്യക്തിത്വത്തിലേക്ക് വായനക്കാരെ അണച്ചുചേർക്കാൻ വശ്യശൈലിയിലാണ് ആ ജീവിതകഥ ആവിഷ്കരിക്കുന്നത്.

**ഡോ. ജോർജ് ഓണക്കൂർ**

ചാവറപ്പിതാവിന്റെ ജീവിതത്തെ സാധാരണക്കാർക്കു മനസ്സിലാകത്തക്ക രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം ആദ്ധ്യാത്മിക ജീവിതവഴിയിൽ ഒരു മുതൽക്കൂട്ടാണ്.

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

ചാവറയച്ചൻ സ്വന്തം കഥ ഒരാളോട് പങ്കുവെക്കുന്നതുപോലെയാണിതിന്റെ അവതരണം. ഭാഷ ലളിതമാണ്. അതുകൊണ്ടു തന്നെ വായന സുഗമമാകുന്നു.

**ഫാ. ജോസഫ് വയലിൽ സി.എം.ഐ**

